
265
MARCH 2018

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association

UPHOLD SECULARISM: RESIST NEOLIBERAL INTOLERANCE
60 YEARS
AKPCTA



മത നിരപേക്ഷത
ഉയർത്തിപ്പിടിക്കുക
നവലിബറൽ അസഹിഷ്ണുതയെ
പ്രതിരോധിക്കുക

വനിതാ പതിപ്പ്

**EDITORIAL BOARD**

Chief Editor
**Dr. Sunny N. M**

Managing Editor
**Dr. P.N. Harikumar**

Assistant Editors
**Dr. A.S. Sumesh**
**Dr. K.P. Jayakumar**

**Members**
Prof. A G Oleena
Dr. K. L Vivekanandan
Dr. C. Padmanabhan
Dr. P.K. Kusalakumari
Prof. Pramod Vellachal
Dr. Beena.S
Dr. N. Lakshmi Priya
Dr. Jayasree V.
Dr. C. Unnikrishnan
Prof. N.K. Sunilkumar
Dr. N. Renuka
Dr. Soni John
Prof. Biji Abraham
Dr. Premkumar
Dr. Myna Umaiban
Dr. Vidhu Narayan
Prof. Sona P.
Dr. Shanoj M.P.
Dr. Sreeja P.

Design
**Jwala Creatives**
Ph: 9447853005

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
V.N. Murali, AKPCTA State Committee Office,
Vanchiyoor, TVPM-35.

# MARCH 2018


- *എഡിറ്റോറിയൽ* 3
- *ഗസ്റ്റ് എഡിറ്റോറിയൽ* 4
- *ജനറൽസെക്രട്ടറിയുടെ പേജ്*
  **ഡോ. കെ.എൽ വിവേകാനന്ദൻ** 6
- *പ്രണയം ലൈംഗികത സ്ത്രീവിമോചനം*
  **ഡോ. ഖദീജ മുംതാസ്** 11
- *Nationalism and the Making of the New Indian Woman*
  **Dr. J Maya Devi** 19
- *ആമി: പ്രണയത്തിന്റെ പുനഃസൃഷ്ടി*
  **അജി സി. പണിക്കർ** 28
- *പടച്ചവളുടെ ചരിത്രപുസ്തകത്തിൽ ബാക്കിയായത്*
  **ആതിരാ നന്ദൻ** 31
- *ഗോർക്കിയൻ ദർശനം 'ചരിത്രഗാഥയിൽ'*
  **ഡോ. രേഖ ആർ.** 34
- *അനുശാസനങ്ങളാൽ പുറത്താക്കപ്പെട്ട ചരിത്രമുള്ള ചിലർ*
  **ഷൈല ഹമീദ്** 38
- *Femvertising: Agendas and Identities*
  **Dr. Swapna Gopinath** 43
- *Gender and the Culture of Celeberation...*
  **Shyma P.** 46
- *കാവ്യാനുഭവങ്ങളുടെ മൂന്നാംകര*
  **ഡോ. മിനി ആലീസ്** 51
- *കടത്തനാടൻ കളരിവിളക്കിന്റെ പെൺപ്രഭ*
  **ഡോ. അനില ഒ.** 53
- *വിശ്വാസത്തിന്റെ ഉടൽഭാഷ്യങ്ങൾ*
  **മ്യൂസ് മേരി ജോർജ്ജ്** 56
- *കായിക ചരിത്രത്തിലെ വീരാംഗനകൾ*
  **ഡോ. സോണി ജോൺ** 61
- *Sports-A Catalyst in Women Empowerment*
  **Preethi K.N.** 65
- *ഇരുപത്തിനാലാമത്തെ വീട്!*
  **മൈന ഉമൈബാൻ** 69
- *കളരിപ്പാടത്തുനിന്ന് പാണ്ഡവപുരത്തേക്ക്; തിരിച്ചും*
  **സോന പി.** 71
- *ചില്ലു ജാലകം*
  **ഡോ. റീനമോൾ റെയ്സൺ** 75
- *തവെയ്ഫുകളുടെ ജീവിതം - കുറ്റബോധങ്ങളില്ലാതെ*
  **ഡോ. എൻ. രേണുക** 77
- *ആയിരത്തൊന്ന് രാവുകൾ*
  **ഡോ. വന്ദന ബി.** 80
- *സാംസ്കാരിക പ്രതിരോധം സമകാല പെണ്ണിടങ്ങളിൽ*
  **ജെസ്സി അലക്സാണ്ടർ** 84
- *പെൺകരുത്തിന്റെ അക്ഷരദേവത കൃഷ്ണ സോബ്തി*
  **ഡോ. അന്നാസാലി ഇ.എം.** 87
- *ലിംഗനീതി ആർക്ക്?*
  **അർച്ചന കെ. എം.** 91
- *The Kitchen School*
  **Dr. Maya T. Nair** 95
- *പെണ്ണെഴുത്ത്*
  **ആര്യാഗോപി** 96

എഡിറ്റോറിയൽ



# ലിംഗ സമത്വത്തിലേക്കുള്ള കുറഞ്ഞ ദൂരം അഴകളവുകളിൽ നിന്നുള്ള മോചനം....

പുരുഷ-അധികാര കേന്ദ്രിതമായ ഒരു സാമൂഹ്യ വ്യവസ്ഥയിൽ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകൾ തങ്ങളെ ജനാധിപത്യപരമായി അടയാളപ്പെടുത്തുന്നതിനു വേണ്ടിയുള്ള നിരന്തരമായ പോരാട്ടത്തിലാണ്. നാളിതുവരെ മതങ്ങളും, ഭാഷയും സംസ്കാരവും, ബഹുഭൂരിപക്ഷം രാഷ്ട്രീയ പ്രസ്ഥാനങ്ങളുമടക്കമുള്ള സ്ഥാപനങ്ങൾ സ്ത്രീകൾ കർതൃത്വത്തിലേക്കുയരുന്നതിൽ നിന്നു അകറ്റി നിർത്തുകയായിരുന്നു എന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ലിംഗസമത്വത്തിനും പൗരാവകാശങ്ങൾക്കും പുകൾപെറ്റ പല പടിഞ്ഞാറൻ രാജ്യങ്ങളടക്കം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മാത്രമാണ് സ്ത്രീകൾക്ക് പ്രായപൂർത്തി വോട്ടവകാശം അനുവദിച്ച് നൽകിയത് എന്നു കൂടി തിരിച്ചറിയുമ്പോഴാണു നൂറ്റാണ്ടുകളായി സ്ത്രീ സമൂഹം അനുഭവിച്ചു പോന്ന ലിംഗവിവേചനത്തിന്റെ ആഴം ഉൾക്കൊള്ളാനാവുകയുള്ളൂ. യു.എസ്.എ 1920 തിലും, ബ്രിട്ടൻ 1928ലും, ഫ്രാൻസ് 1944ലും, ഇറ്റലി 1945ലും മാത്രമാണ് സ്ത്രീകൾക്ക് വോട്ടവകാശം നൽകുന്നത്. റഷ്യൻ വിപ്ലവത്തെ തുടർന്നു സ്ഥാപിതമായ റഷ്യയിലെ സോഷ്യലിസ്റ്റ് ഭരണകൂടം 1917ൽ തന്നെ സ്ത്രീകൾക്ക് വോട്ടവകാശം നൽകുകയുയുണ്ടായി. സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചിട്ടു നൂറു വർഷം പിന്നിടുമ്പോഴും ലിംഗ സമത്വം എന്ന ആശയം വേണ്ട രീതിയിൽ മുന്നോട്ട് പോയില്ല എന്നതാണു യാഥാർത്ഥ്യം.

ജെ.എസ്.മിൽ, സിമവോൻ ദ ബുവാർ, ബെറ്റി ഫ്രൈഡൻ തുടങ്ങിയ ലിബറൽ ഫെമിനിസ്റ്റുകളുടെ സംഭാവനകൾ ലിംഗ സമത്വത്തിനു വേണ്ടിയുള്ള പോരാട്ട വഴികളിൽ ഊർജ്ജം പകർന്നു നൽകി. ജെ.എസ്.മില്ലിന്റെ 'യൂട്ടാലിറ്റേറിയനിസവും', സിമവോൻ ദ ബുവാറിന്റെ 'ദ സെക്കന്റ് സെക്സും', ബെറ്റി ഫ്രൈഡന്റെ 'ദ ഫെമിനിൻ മിസ്റ്റിക്കും', ഫെമിനിസ്റ്റ് ആശയ രൂപീകരണത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ രചനകളാണ്. ജോൺ സ്റ്റുവർട്ട് മിൽ ബ്രിട്ടീഷ് പാർലമെന്റിൽ 1867 ൽ അവതരിപ്പിച്ച പ്രമേയമാണു പിന്നീട് സ്ത്രീകളുടെ ജനാധിപത്യ അവകാശങ്ങളിലേക്കു നയിച്ചത്. റാഡിക്കൽ ഫെമിനിസ്റ്റുകളായ ജെയ്മെൻ ഗ്രീയറിന്റെ ' സെക്സ് ആന്റ് ഡെസ്റ്റിനിയും', ഷുലമിത് ഫയർസ്റ്റോണിന്റെ 'ദ ഡയലിക്റ്റിക ഓഫ് സെക്സും', തീവ്ര നിലപാടുകളുമായി ഫെമിനിസത്തെ മുന്നോട്ട് നയിക്കുകയുണ്ടായി.

ആഗോള ലിംഗ സമത്വ സൂചികയിൽ 159 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 125 ആണ്. സ്ത്രീകൾ അരക്ഷിതത്വം നേരിടുന്ന രാജ്യങ്ങളുടെ പട്ടികയിലാകട്ടെ ഇന്ത്യ നാലാം സ്ഥാനത്തും. ശുദ്ധതാവാദികളുടെ നിരീക്ഷണത്തിൽ സ്ത്രീയുടെ ഏറ്റവും വലിയ അശുദ്ധി ആർത്തവമാണ്. അതാകട്ടെ അവൾ ബോധപൂർവ്വം സൃഷ്ടിക്കുന്ന ഒന്നല്ല എന്ന സത്യം അക്കൂട്ടർ അറിവില്ലായ്മ കൊണ്ടോ, അമിതാവേശം കൊണ്ടോ വിസ്മരിക്കുകയും ചെയ്യുന്നു. സ്ത്രീയുടെ സ്വത്വം അഴകളവുകൾക്കനുസരിച്ച് അംഗീകരിക്കപ്പെടേണ്ടതല്ല, മറിച്ച് ലിംഗ സമത്വത്തിലധിഷ്ഠിതമായ പൗരബോധ നിർമ്മിതിയിലൂടെ സ്ഥാപിച്ചെടുക്കേണ്ടതാണ്. നവ ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി ശക്തി പ്രാപിക്കുന്ന കമ്പോളം അതിന്റെ കരുത്ത് വർദ്ധിപ്പിക്കുന്നതിനു വേണ്ടി സ്ത്രീയുടെ സാധ്യത പരമാവധി ഉപയോഗിക്കുന്നതിനുള്ള കിടമത്സരത്തിലാണ്. അടുക്കളയിൽ നിന്നു ഇനിയും അരങ്ങിലെത്താതെ സന്താനോൽപാദന ഉപകരണങ്ങളായി അകത്തളങ്ങളിൽ എരിഞ്ഞമരുന്ന ജീവിതങ്ങളെ കേവലം വർണ്ണ്യ വസ്തുവിൽ നിന്നു കർത്തൃത്വത്തിലേക്കു ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള ഉറച്ച കാൽവെയ്പുകൾ ഉണ്ടാവേണ്ടതുണ്ട്. ലിംഗ സമത്വം ആരുടെയും ഔദാര്യമല്ല, മറിച്ച് തങ്ങളുടെ അവകാശമാണെന്നുള്ള മുദ്രാവാക്യം ഉയർത്തി കൊണ്ടു വരേണ്ടതുണ്ട്. വിർജീനിയ വുൾഫിന്റെ 'എ റൂം ഓഫ് വൺസ് ഔൺ' എന്ന പുസ്തകത്തിലെ , ഷെക്സ്പിയറിന് ഒരു സഹോദരി ഉണ്ടായിരുന്നു എങ്കിൽ എന്ന നിരീക്ഷണം ഇപ്പോഴും കാലികമായി തന്നെ നില നിൽക്കുകയാണ്.

വജ്ര ജൂബിലി വർഷം നിരവധി പ്രവർത്തനങ്ങളാണ് സംഘടന ഏറ്റെടുത്ത് നടത്തിയത്. അർഹരായ വിദ്യർത്ഥികൾക്ക് പഠന സഹായം, അറുപത് സെമിനാറുകൾ, വനിതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ റിസോഴ്സ് സർവ്വേ, വിദ്യാർത്ഥിനികൾക്ക് വേണ്ടി കൊല്ലത്ത് സംഘടിപ്പിച്ച ഷോർട്ട് ഫിലിം ഫെസ്റ്റ്, കോഴിക്കോട് വെച്ച് നടത്തിയ അന്താരാഷ്ട്ര വനിതാ സെമിനാർ മേഖലാ നേതൃത്വ പരിശീലന ക്യാമ്പുകൾ എന്നിവ ശ്രദ്ധ പിടിച്ചു പറ്റിയ പ്രവർത്തനങ്ങളാണ്. സ്ത്രീ ശാക്തീകരണത്തിലൂടെയാണ് സമൂഹം ശക്തിപ്പെടുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ അധ്യാപികമാരാണ് ഏറ്റവും കൂടുതൽ തൊഴിലെടുക്കുന്നത്. അവരെ ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്. പാർശ്വവൽകൃത സമൂഹങ്ങളെ കൂടി ഉൾക്കൊള്ളുന്നതാവണം ഉത്തമവും ഉദാത്തവുമായ ഒരു ജനാധിപത്യ വ്യവസ്ഥ. ലിംഗസമത്വത്തിനും തുല്യനീതിക്കും വേണ്ടിയുള്ള പോരാട്ടത്തിൽ എകെപിസിടിഎക്കൊപ്പം നിന്നു മുന്നേറാം. അഭിവാദ്യങ്ങളോടെ വനിതാപ്പതിപ്പ് സമർപ്പിക്കുന്നു.

**ഡോ. എൻ. എം. സണ്ണി**
sunnynm51@gmail.com
9447418715, 8921385389

## ഗസ്റ്റ് എഡിറ്റോറിയൽ



# സാമൂഹികമാറ്റത്തിന് ചാലകശക്തിയാവുക

ഇരുപതാംനൂറ്റാണ്ട് സ്ത്രീയെ സംബന്ധിച്ച് മൗലികമായ മാറ്റങ്ങളുടേതായിരുന്നു. സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളോടൊപ്പം സ്ത്രീ വിമോചന പ്രസ്ഥാനങ്ങളും രാജ്യത്ത് വളർച്ച പ്രാപിച്ചു, സരോജിനി നായിഡു, ക്യാപ്റ്റൻലക്ഷ്മി, ഝാൻസി റാണി തുടങ്ങിയവരെപ്പോലുള്ള ധീരവനിതകൾ അക്കാലത്ത് ഉണരുന്ന സ്ത്രീ ശക്തിയുടെ പ്രതീകങ്ങൾ ആയി മാറി. കഴിഞ്ഞ നൂറ്റാണ്ടിന്റെ ചരിത്രം പരിശോധിച്ചാൽ സ്ത്രീകളുടെ ജീവിത സാഹചര്യത്തിൽ ഗുണകരമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്നത് സത്യം. എന്നാൽ ജനാധിപത്യം വളർന്ന് യൗവ്വനത്തിലെത്തിയെങ്കിലും നമ്മുടെ രാജ്യത്തെ സ്ത്രീ പുരുഷ ബന്ധങ്ങൾ ഫ്യൂഡൽ അവസ്ഥയിൽ തന്നെ തുടരുകയാണ്. വസ്ത്രധാരണത്തിലും സംസാരത്തിലും ഇടപെടലിലും എല്ലാം ലിംഗവ്യത്യാസം സ്പഷ്ടമാക്കണമെന്ന ശാഠ്യം ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. സ്ത്രീ ഇപ്രകാരമായിരിക്കണം എന്ന പരമ്പരാഗത ചിന്ത ഇന്നും വലിയ മാറ്റമില്ലാതെ തുടരുന്നു. സ്ത്രീയെ കുടുംബങ്ങൾക്കും സമൂഹത്തിനും ബാധ്യതയായി കാണുന്ന ഇന്ത്യൻ പുരുഷാധിപത്യ സമീപനം മാറിയേ തീരൂ.

കേരളത്തിലെ വനിതകളുടെ മുന്നേറ്റത്തിന്റെ ചരിത്രം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ മുന്നിലാണ്. താൻ പറയുന്ന ഭാഷ സമൂഹത്തിന് മനസ്സിലായി വരാൻ നൂറ്റാണ്ടുകൾ വേണ്ടി വന്നേക്കുമെന്ന തിരിച്ചറിവോടെ കേരള സ്ത്രീ സംസാരിച്ച് കൊണ്ടേ ഇരിക്കുന്നു. ഓരോ സ്ത്രീയും തന്റെ ഉള്ളിൽ അവനവന്റേതായ സ്ത്രീവാദ വിശ്വാസങ്ങൾ നിലനിർത്തുന്നുണ്ട്. വിവിധതരം ആവിഷ്കാരങ്ങളിലൂടെ അവൾ അതിനെ പുറം ലോകത്തെ അറിയിക്കുകയും ചെയ്യുന്നു. മാറുമറയ്ക്കൽ സമരവും ഘോഷബഹിഷ്കരണവും വിധവാ വിവാഹവും കല്ലുമാല സമരവും മൂക്കുത്തി സമരവും തോൽ വിറക് സമരവും ആദ്യരാത്രി അവകാശവും തമ്പ്രാൻ കട്ടിലവകാശവും സ്ത്രീ വിമോചനത്തിനായി നടന്ന ആദ്യകാല സമരങ്ങളിൽ ചിലത് മാത്രം. രാജാക്കന്മാരും ജന്മികളും ദിവാന്മാരും ചവിട്ടിമെതിച്ച സ്ത്രീകളുടെ കണ്ണീരു വീണ് കുതിർന്നതാണ് കേരളത്തിന്റെ മണ്ണ്. ചരിത്രത്തിലുടനീളം അധീശശക്തികൾ സ്ത്രീകൾക്ക് കൽപ്പിച്ചു നൽകിയ നിശബ്ദതയെ അട്ടിമറിക്കുന്നതിന് ഓരോസ്ത്രീയും ചരിത്രത്തിലും കാലത്തിലും ഇടപെട്ടുകൊണ്ട് നടത്തിയ ബോധപൂർവ്വമായ പരിശ്രമങ്ങൾ നമുക്ക് കാണാൻ കഴിയും.

സ്ത്രീ എന്താണ്? ആരാണ്? വ്യവസ്ഥിതിപരമായ അടിച്ചമർത്തലുകൾ, മാനസികമായ അടിച്ചമർത്തലുകൾ, മതപരമായ അടിച്ചമർത്തലുകൾ, ലൈംഗിക അടിച്ചമർത്തലുകൾ....സ്ത്രീയുടെനേരെയുള്ള കയ്യേറ്റങ്ങൾ തുടർന്നു കൊണ്ടേയിരിക്കുന്നു. മേൽക്കോയ്മയുടേയും, ആധിപത്യത്തിന്റേയും അടിച്ചമർത്തലിന്റെയും അവഗണനയുടേയും ശബ്ദം കുറയേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സ്വാതന്ത്ര്യത്തിന് മേലുള്ള കടന്നുകയറ്റമാണ് അടുത്തകാലത്തുണ്ടായ ചില സംഭവങ്ങൾ കാണിക്കുന്നത്. സ്വതന്ത്രമായി ഇണയെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശത്തിന് മേൽ കരിനിഴൽ വീഴുന്ന ഒന്നായിരുന്നു അത്. എന്നാൽ സുപ്രീം കോടതി സുവ്യക്തമായി ആ സ്വാതന്ത്ര്യം അരക്കിട്ട് ഉറപ്പിക്കുന്ന തരത്തിലുള്ള വിധിയാണ് പുറപ്പെടുവിച്ചത്. ഒരു വിവാഹത്തെ ക്രിമിനൽ കുറ്റമായോ ഗൂഢാലോചനയായോ ചിത്രീകരിക്കുന്നത് ശരിയല്ല എന്നാണ് കോടതി പറഞ്ഞത്. യുവതലമുറ ലിംഗനീതിയെ ഗൗരവത്തിൽ എടുത്തിരിക്കുന്നതിന്റെ ഉദാഹരണമാണ് ചലച്ചിത്ര ലോകത്തെ കൂട്ടായ്മ. വിമൻ ഇൻ സിനിമ കളക്ടീവ് കുറഞ്ഞ കാലം കൊണ്ട് അവരുടെ കരുത്ത് തെളിയിച്ചു. ഞെട്ടിക്കുന്ന വിവരങ്ങൾ പലതും ജനത്തിന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇത് പലരേയും അസ്വസ്ഥരാക്കിയെങ്കിലും കേരളത്തിൽ സ്ത്രീപക്ഷ സംസ്കാരം രചിക്കാൻ യുവതലമുറ മുന്നോട്ട് വരാൻ തയ്യാറായി എന്നത് അഭിമാ

നകരമാണ്. സംഘടിച്ച് ശക്തരാകുക എന്ന ഉജ്ജ്വല ചരിത്രം ഒരിക്കൽ കൂടി തെളിയിക്കപ്പെട്ടു. സ്ത്രീവിരുദ്ധമായ പ്രസ്താവനകളോ പ്രസംഗങ്ങളോ കേൾക്കുമ്പോൾ ഉറക്കെക്കൂകി വിളിക്കുവാനും ചുട്ടമറുപടി കൊടുക്കുവാനും ഇന്ന് പെൺകുട്ടികൾ മടി കാണിക്കാറില്ല. നവമാധ്യമങ്ങളിൽ സ്വതന്ത്രാശയങ്ങൾ പറയുന്ന ഏതൊരു സ്ത്രീക്കു നേരെയും ആക്ഷേപങ്ങൾ ഉയർന്നുവരാറുണ്ട്. സോഷ്യൽ മീഡിയയുടെ വലിയ ലോകം ആന്തരികമായും ബാഹ്യമായും സ്ത്രീകളെ ശാക്തീകരിക്കുകയാണ്. താൻ ഒറ്റയ്ക്കല്ല തന്നെപ്പോലെ ഒരായിരം സ്ത്രീകൾ ഉണ്ട് എന്ന തിരിച്ചറിവിൽ സ്ത്രീ സൗഹൃദത്തിന്റേതായ ഒരു വിശാല ഐക്യം രൂപപ്പെടുന്നു. അദ്ധ്യാപികമാർ ആരോഗ്യകരമായ ഈ സൗഹൃദ മേഖലയെ പ്രയോജനകരമായ വഴികളിലേക്ക് തിരിച്ച് വിടണം.

സ്ത്രീകളുടെ ഇച്ഛാശക്തിയെ പരിഹസിക്കുന്ന പ്രവണതയാണ് പ്രമുഖ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വർഷങ്ങളായി സ്വീകരിച്ച് വരുന്നത്. വനിതാ സംവരണ ബിൽ ഇന്നു വരും നാളെ വരും എന്നു പറഞ്ഞ് വർഷങ്ങളായി ഈ രാജ്യത്തെ സ്ത്രീകളെ കളിപ്പിക്കുകയാണ്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിലും വികാസത്തിലും സ്ത്രീകൾക്കു നിർണായകമായ പങ്കുണ്ടെന്ന വസ്തുത ഇന്ത്യയിലെ പുരുഷാധിപത്യ സമൂഹം ഇനിയും അർഹിക്കുംവിധം അംഗീകരിച്ചിട്ടില്ല. സ്ത്രീ കൂട്ടായ്മകളുടെ വിജയ ചരിത്രം മുന്നോട്ടു വയ്ക്കുന്ന സന്ദേശം മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ ഓർമ്മിക്കുന്നത് നന്നായിരിക്കും. വിദ്യാഭ്യാസ രംഗത്തും രാഷ്ട്രീയത്തിലും ജനപ്രാതിനിധ്യത്തിലും സ്ത്രീകളുടെ അർഹമായ പങ്ക് ഉറപ്പു വരുത്താതെ സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്താനും ലിംഗാനുപാതത്തിൽ സ്വാഭാവിക വളർച്ചയും നീതിയും ഉറപ്പു വരുത്താനും കഴിയില്ല.

ഫാസിസത്തിനെതിരെ തൂലികപടവാളാക്കി പോരാടി രക്തസാക്ഷിത്വം വരിച്ച ധീരവനിത ഗൗരി ലങ്കേഷിനെ സ്മരിക്കാതെ നമുക്ക് മുന്നോട്ട് പോകാൻ കഴിയില്ല. നവ ഉദാരവൽക്കരണ നയങ്ങൾ പറയുന്നത് താൻ തന്റെ സമൂഹത്തിന്റെ കാര്യം ശ്രദ്ധിക്കേണ്ടതില്ല പകരം സ്വന്തം കാര്യങ്ങൾ മാത്രം ശ്രദ്ധിച്ചാൽ മതിയെന്നാണ്. സാമൂഹ്യബോധമില്ലാത്ത ഒരു തലമുറയെയും സമൂഹത്തെയും വാർത്തെടുക്കുക എന്നത് തന്നെയാണിതിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായിട്ടാണ് വിദ്യാഭ്യാസ രംഗത്തും ഈ മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മൾട്ടിനാഷണൽ കമ്പനികൾക്കും കോർപ്പറേറ്റുകൾക്കും കുത്തക മുതലാളിമാർക്കും ആവശ്യമുള്ള ജോലിക്കാരെ മാത്രം ഉണ്ടാക്കി കൊടുക്കുന്ന ഒരു വിഭാഗമായി വിദ്യാഭ്യാസ മേഖല മാറിക്കൊണ്ടിരിക്കുകയാണ്. അതുകൂടാതെ കേന്ദ്ര സർക്കാരിന്റെ വർഗീയ താൽപര്യം ലക്ഷ്യം വച്ചുകൊണ്ടുള്ള മാറ്റവും നടക്കുന്നു. ഇവയെയെല്ലാം എതിർക്കണം. സമൂഹത്തിന്റെ നേതൃത്വ പദവിയിലേക്ക് സ്ത്രീ ഉയർത്തപ്പെടുന്ന അവസ്ഥ ഉണ്ടാവണം. സമൂഹത്തിൽ അദ്ധ്യാപക - വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങൾ ഇതിനെയെല്ലാം കോർത്തിണക്കി ആരോഗ്യപരമായ സംവാദങ്ങളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ അദ്ധ്യാപികമാരുണ്ടെന്ന വസ്തുത മനസ്സിലാക്കി സാമൂഹ്യമാറ്റത്തിനുള്ള ചാലക ശക്തിയായി പ്രവർത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം നാം ഓരോരുത്തരും ഏറ്റെടുക്കാൻ തയ്യാറാവണം.

**ഡോ. ബീന എസ്.**
കൺവീനർ,
സംസ്ഥാന വനിത കമ്മിറ്റി





ഡോ. കെ.എൽ വിവേകാനന്ദൻ

# വിശിഷ്ടരാജ്യത്തിലേക്കുള്ള അപകടകരമായ പരിണാമം

"ആൾക്കുരങ്ങ് മനുഷ്യനായി പരിണമിച്ചതായി നമ്മുടെ പൂർവികർ ഒരിടത്തും രേഖപ്പെടുത്തുകയോ വാമൊഴിയായി പറയുകയോ ചെയ്തിട്ടില്ല.?ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തത്തിന് തെളിവില്ല. അത് പാഠ്യപുസ്തകങ്ങളിൽനിന്ന് ഒഴിവാക്കണം'. ബി.ജെ.പിക്കാരനായ കേന്ദ്രമാനവവിഭവശേഷി സഹമന്ത്രിയും മുൻ ഐ.പി.എസ് ഉദ്യോഗസ്ഥനുമായ സത്യപാൽ സിംഗിന്റെ ഈ 'കണ്ടുപിടിത്തം' ചിരിച്ചുതള്ളാവുന്ന ഒന്നല്ല. മിത്തുകളും യുക്തിയില്ലായ്മയും അസഹിഷ്ണുതയും കൊണ്ട് 'വിശിഷ്ട'മായ ആധുനിക ഇന്ത്യയുണ്ടാക്കാൻ ശ്രമിക്കുന്ന ആർ.എസ്.എസിന്റെ അജണ്ടയാണ് സത്യപാൽ സിംഗും പറഞ്ഞുവയ്ക്കുന്നത്.

ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്തം ശാസ്ത്രീയമായി തെറ്റാണെന്നു പറയുന്ന മന്ത്രി മനുഷ്യൻ ഭൂമിയിലുണ്ടായ കാലം മുതൽ അവൻ മനുഷ്യൻ തന്നെയായിരുന്നുവെന്നാണ് ഉറപ്പിച്ചുപറയുന്നത്. എങ്കിൽ അതിന് തെളിവുണ്ടോ? പുരാണങ്ങളെ കൂട്ടുപിടിച്ച് ശാസ്ത്രത്തെ തള്ളിപ്പറയുന്ന ആദ്യ ബി.ജെ.പിക്കാരനൊന്നുമല്ല സത്യപാൽ സിംഗ്. പ്രധാനമന്ത്രി മോദി മുതൽ നീണ്ട നിരതന്നെയുണ്ട് കൂട്ടിന്.

കർണന്റെ ജനനം ചൂണ്ടിക്കാട്ടി പുരാണകാലത്തുതന്നെ ജെനിറ്റിക് സയൻസ് വികാസം പ്രാപിച്ചതായി മോദി കണ്ടെത്തിയിരുന്നു. ആനയുടെ തലയും മനുഷ്യന്റെ ഉടലുമുള്ള ഗണപതിയെ ചൂണ്ടി അതൊരു വിദഗ്ധൻനടത്തിയ പ്ലാസ്റ്റിക് സർജറിയാണെന്നും മോദി പറഞ്ഞിട്ടുണ്ട്.

ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവയും കർഷകരുടെ പ്രശ്നങ്ങളും പരിഹരിക്കാൻ രാജയോഗം നടത്തിയാൽ മതിയെന്ന് കേന്ദ്രകൃഷിമന്ത്രി രാധാമോഹൻ സിംഗ് പറഞ്ഞിട്ടുണ്ട്. രാജയോഗത്തിലൂടെ കർഷകരുടെ ആത്മവിശ്വാസം വർധിപ്പിക്കാം. പരമാത്മ ശക്തി ഉപയോഗിച്ച് വിത്തിന്റെ ശേഷി കൂട്ടാം. കർഷകർ യോഗിക് ഫാമിങ് ഉപയോഗപ്പെടുത്തണമെന്നും മൂപ്പർ ആവശ്യപ്പെട്ടിരുന്നു.

ഉത്തരാഖണ്ഡ് മുൻമുഖ്യമന്ത്രിയും എം.പിയുമായ രമേഷ് പൊഖ്രിയാൽ വർഷങ്ങൾക്കുമുൻപ് കണാദ മുനി ആണവ പരീക്ഷണം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഓക്സിജൻ ശ്വസിച്ച് പുറത്തുവിടുന്ന ഒരേയൊരു മൃഗം പശുവാണെന്നായിരുന്നു രാജസ്ഥാൻവിദ്യാഭ്യാസ മന്ത്രി വാസുദേവ് ദേവ്നാനിയുടെ കണ്ടുപിടിത്തം. ആഭ്യന്തരമന്ത്രി രാജ്നാഥ് സിങ്, ഗോവ മുഖ്യമന്ത്രി മനോഹർ പരീക്കർ, ബി.ജെ.പി നേതാവ് രാംമാധവ് ഇങ്ങനെ ഈ പട്ടിക നീളുന്നു. ശാസ്ത്രീയ ചിന്തകളെയും നിഗമനങ്ങളെയും നിരാകരിക്കുകയും വേദങ്ങളിലും പുരാണങ്ങളിലുമില്ലാത്തത് ലോകത്തിലില്ലെന്നുമുള്ള വാദങ്ങൾ ഉയർത്തുന്ന സംഘപരിവാർ നേതാക്കൾ ഇന്ത്യയെ നാണം കെടുത്തുകയാണ്.

പി.എച്ച്.ഡിക്കാരനായ സത്യപാൽ ഇപ്പോഴും സ്വയംഅവകാശപ്പെടുന്നത് താനൊരു ശാസ്ത്രകാരനാണെന്നാണ്. ആദ്യമായി വിമാനം കണ്ടുപിടിച്ചത് ഇന്ത്യക്കാരാണ്. 1895ൽ തന്നെ ഇന്ത്യക്കാരനായ ശിവാകർ ബാബുജി തൽപാഡെ വിമാനമുണ്ടാക്കിയിരുന്നുവെന്നും നേരത്തെ ഈ 'ശാസ്ത്രകാരൻ'അവകാശപ്പെട്ടിരുന്നു.

ശാസ്ത്രീയ സത്യങ്ങളെ തള്ളിപ്പറയുകയും ഇന്ത്യൻ പുരാണങ്ങളെ ഉയർത്തിക്കാട്ടുകയും ചെയ്യുക വഴി ബി.ജെ.പി,,ആർ.എസ്.എസ് നേതാക്കൾ ഈ രാജ്യത്തെ എങ്ങോട്ടാണ് നയിക്കുന്നത്. ശാസ്ത്രീയ ചിന്തകളെ ഭയക്കുകയാണ് ഇവർ. ലൈഫ് സയൻസിന്റെ ഹൃദയം എന്ന് വിളിക്കപ്പെടുന്ന പരിണാമസിദ്ധാന്തത്തെ തള്ളിപ്പറയുന്നതു വരയെത്തി കാര്യങ്ങൾ.നൂറ്റിനാല് ഉപഗ്രഹങ്ങൾ ഒറ്റ വിക്ഷേപണ വാഹനത്തിൽ ഭ്രമണപഥത്തിലെത്തിച്ച് ചരിത്രം കുറിച്ച രാജ്യത്തെ മന്ത്രിമാരാണ് പുരാണങ്ങളിൽ തപ്പിതടയുന്നത്.ആധുനികതയെ കാവിവത്കരിക്കുകയാണ് ഇവരുടെ ലക്ഷ്യം.

സത്യപാൽസിംഗിന്റെ പ്രസ്താവനയെ ഇന്ത്യയിലെ മൂന്ന് പ്രധാന സയൻസ് അക്കാഡമികൾ സംയുക്തമായി എതിർത്ത് രംഗത്തുവന്നിരുന്നു.

ഇന്ത്യൻ അക്കാഡമി ഒഫ് സയൻസസ്, ഇന്ത്യൻ നാഷണൽ സയൻസ് അക്കാഡമി, നാഷണൽ അക്കാഡമി ഓഫ് സയൻസസ് എന്നിവ മന്ത്രിയുടെ പ്രസ്താവനയ്ക്ക് ശാസ്ത്രീയ അടിത്ത



റയില്ലെന്ന് വ്യക്തമാക്കി. ഭൂമിയിലെ ജീവജാലങ്ങളെല്ലാം പൊതുപൂർവികരിൽ നിന്ന് കാലക്രമേണ ഉരിത്തിരിഞ്ഞതാണെന്നതിനെക്കുറിച്ച് ശാസ്ത്രലോകത്ത് യാതൊരു തർക്കവുമില്ലെന്ന് അവർ ചൂണ്ടിക്കാട്ടുന്നു.

ആർ.എസ്.എസുകാർ പറയുന്നത് ശാസ്ത്രമല്ല, രാഷ്ട്രീയമാണെന്ന് ഇന്ത്യൻ നാഷണൽ സയൻസ് അക്കാഡമി മുൻ പ്രസിഡന്റ് രാഘവേന്ദ്ര ഗഡാകർ പറയുന്നു. ശാസ്ത്രത്തെയും ശാസ്ത്രകാരന്മാരെയും രാഷ്ട്രീയമായി ധ്രുവീകരണം നടത്തുകയാണ്. ഇതാണ് ഏറ്റവും അപകടകരം. അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

അമേരിക്കയിലെ ക്രിസ്ത്യൻ വലതുപക്ഷക്കാരുടെയും മുസ്ലിം രാജ്യങ്ങളിലെ മതമൗലികവാദികളുടെയും സ്വരം തന്നെയാണ് ഇന്ത്യയിലെ ആർ.എസ്.എസിനും.സൗദി അറേബ്യയിൽ പരിണാമ സിദ്ധാന്തം പഠിപ്പിക്കുന്നത് ദൈവനിന്ദയാണെന്ന് ചൂണ്ടിക്കാട്ടി നിരോധിച്ചിട്ടുണ്ട്. പരിണാമസിദ്ധാന്തം അശാസ്ത്രീയമാണെന്ന് പറഞ്ഞ് പാഠപുസ്തകങ്ങളിൽ നിന്ന് നീക്കം ചെയ്യണമെന്ന് പറയുന്ന സത്യപാൽസിംഗും രാംമാധവുമൊക്കെ ഈ കൂട്ടത്തിൽതന്നെ.

ആർ.എസ്.എസ് ആചാര്യനായ ഗോൾവാക്കർ വീ, ഓർ അവർ നേഷൻഹുഡ് ഡിഫൈൻഡ് എന്ന പുസ്തകത്തിൽ അദ്ദേഹത്തിന്റെ ആധുനിക രാജ്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ സുവ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. സംസ്കാരം (ഹിന്ദു), ഭാഷ (സംസ്കൃതം), വംശം ( ആര്യൻ) ആണ് ഗോൾവാക്കറുടെ ആധുനിക രാഷ്ട്രത്തിന്റെ പ്രധാന സവിശേഷതകൾ. ഹിറ്റ്ലറുടെയും മുസ്സോളിനിയുടെയും പാത പിന്തുടർന്ന് സങ്കുചിതമായ , ദേശീയതയിലധിഷ്ഠിതമായ രാഷ്ട്രം തന്നെയാണ് ആർ.എസ്.എസ് ആചാര്യനും വിഭാവനം ചെയ്യുന്നത്. ആ 'വിശിഷ്ട' രാജ്യത്ത് മുസ്ലിംകളും ക്രിസ്ത്യാനികളും ദ്രാവിഡരുമൊക്കെ രണ്ടാംകിട പൗരന്മാരാണ്.

1966ലെ കുംഭമേള സമയത്ത് വിശ്വഹിന്ദു പരിഷദ് യോഗത്തിൽ ഗോൾവാക്കർ പ്രസംഗിച്ചതിനെക്കുറിച്ച് റാവു സഹേബ് കസബ് തന്റെ പുസ്കത്തിൽ ചൂണ്ടിക്കാട്ടുന്നത് നോക്കുക."

ആളുകൾ പറയുന്നു ഇത് ശാസ്ത്രത്തിന്റെ കാലഘട്ടമാണ്. അതുകൊണ്ട് കാലഘട്ടത്തിനനുസരിച്ച് മതത്തിലും മാറ്റം വരണമെന്ന് അവർ ആവശ്യപ്പെടുന്നു. എന്നാൽ ഞാൻ ഇതിന് എതിരാണ്. ശാസ്ത്രീയ ഗവേഷണങ്ങൾക്ക് അനുസരിച്ച് മതത്തിൽ മാറ്റം വരുത്തിയാൽ മതം മതമായി നിലനിൽക്കില്ല. മാനവവംശം മതത്തിൽ നിന്ന് മുക്തരാവും.'.

എല്ലാവരെയും ഉൾക്കൊള്ളുന്ന, നാനാത്വത്തിൽ അധിഷ്ഠിതമായ, സഹിഷ്ണുതയുടെ പരസ്പര ബഹുമാനത്തിന്റെ സംസ്കാരമല്ല ആർ.എഎസ്.എസ് വിഭാവനം ചെയ്യുന്ന ഹിന്ദു രാഷ്ട്രമെന്ന് ചുരുക്കം. ഗോൾവാക്കറുടെ ഈ നിലപാട് തന്നെയാണ് ആർ.എസ്.എസ് , ബി.ജെ.പി നേതാക്കളുടെ പ്രസ്താവനകളിലുമുള്ളത്. ആധുനികതയെ മതത്തിന്റെ കാവിപുതപ്പിക്കുക. അധികാരം കൈപിടിയിലൊതുക്കുക. അതിന് ഒളിഞ്ഞും തെളിഞ്ഞുമുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. അത് പൊതുസമൂഹം കാണാതെ പോകരുത്. ജാഗരൂകരായിരിക്കണം. ഓരോ നിമിഷവും.

# വനിത കമ്മിറ്റി പ്രവർത്തന റിപ്പോർട്ട്

ആഗോള ഉദാരവത്കരണ നയങ്ങൾ ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രതികൂല മായി ബാധിച്ച് അതിന്റെ അനന്ത രഫലങ്ങൾ സ്ത്രീകളുൾപ്പെടെയുള്ള സമൂഹത്തിൽ അർബുദം പോലെ വളരുകയാണ്. ലിംഗനീതിയും സമ ത്വാധിഷ്ഠിത കാഴ്ചപ്പാടുകളും ഏറ്റവും പ്രതിബദ്ധതയോടെ ഏറ്റെടുക്കേണ്ട കാമ്പസ് സമൂഹത്തിന്റെ അവകാശ പോരാട്ടങ്ങൾക്കും അവബോധം സൃഷ്ടിക്കും മുൻകൈ എടുക്കാൻ അദ്ധ്യാപികമാർ പ്രതിജ്ഞാബ ദ്ധ രാവണം. സ്ത്രീ പ്രശ്നങ്ങളെ അർത്ഥ പൂർണ്ണമായി അഭിസംബോധന ചെ യ്യാൻ തക്കവണ്ണം അദ്ധ്യാപികമാരെ നേതൃത്വഗുണവും സംഘടനാ പാടവ മുള്ള പ്രവർത്തകരാക്കുന്ന തിനുള്ള തീവ്രശ്രമത്തിലായിരുന്നു വനിത കമ്മറ്റി ഈ ഒരു വർഷക്കാലം.

എ.കെ.പി.സി.ടി.എ സംസ്ഥാന വനിതകമ്മറ്റിയുടെ ആദ്യയോഗം 2017 ജൂൺ മൂന്നാം തീയതി സം സ്ഥാന കമ്മറ്റി ഓഫീസിൽ വച്ച് ഡോ.പി.കെ കുശലകമാരിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ 2017-18 അക്കാദമിക വർഷം വനിതകമ്മറ്റി ഏറ്റെടുത്ത് ചെയ്യേണ്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകി. ഓരോ ബ്രാഞ്ചും ശക്തിപ്പെടുത്തി ബ്രാഞ്ച് തലത്തിൽ വനിത കമ്മറ്റിയുടെ പ്രവർത്തനം ഊർജ്ജിതമാക്കണമെന്നും വനിത കമ്മറ്റി ഇല്ലാത്ത ബ്രാഞ്ചുകളിൽ അടിയന്തിരമായി രൂപീകരിക്കണ മെന്നും യോഗം നിർദ്ദേശിച്ചു.

ഒരു പുത്തൻ ചരിത്രത്തിന് തുടക്കം കുറിച്ചുകൊണ്ടാണ് വ്രജജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കേരള വനിതാ കമ്മീഷന്റെ സഹ കരണത്തോടെ ഒരു അന്തർദേശീയ വനിത സെമിനാർ 2018 ജനവരി നാലിന് കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ വച്ച് സം ഘടിപ്പിച്ചത്. കഴിഞ്ഞകാല പാര മ്പര്യവും സമകാലിക പ്രശ്നങ്ങളും ചേർത്ത് സ്ത്രീ വിഷയങ്ങൾ ചർച്ച ചെയ്യുന്ന വിധത്തിൽ വിഷയം തിരഞ്ഞെടുത്തുകൊണ്ടാണ് സെ മിനാർ നടത്തിയത്. സ്ത്രീ- സ്വകാ ര്യത- തൊഴിൽ- പദവി എന്ന മുഖ്യവിഷയവുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യേണ്ട 12 വിഷയങ്ങൾ തെരഞ്ഞെടുത്ത് വീണ്ടും ഈ 12 വി ഷയങ്ങളെ സയൻസ്, ലിറ്ററേച്ചർ, ഹിസ്റ്ററി എന്ന് മൂന്നായി തിരിച്ചാ ണ് പ്രസന്റേഷൻ നടത്തിയത്

സെമിനാർ ബഹുമാനപ്പെട്ട ആരോ ഗ്യമന്ത്രി കെ.കെ ശൈലജ ഉദ്ഘാ ടനം ചെയ്തു. അഭ്യസ്ത വിദ്യരായ 60% സ്ത്രീകളും ഇപ്പോഴും തൊഴിലെ ടുക്കുന്നില്ലെന്നും രാഷ്ട്രീയ മേഖല, സാമൂഹ്യപ്രവർത്തനം എന്നിവയി ലേക്കൊന്നും ഇവർ എത്തിപ്പെടുന്നി ല്ലെന്നും ഇ ന്ത്യൻ ഫ്യൂഡൽ വ്യവസ്ഥ യുടെ ശേഷിപ്പുകൾ ഇന്നുമുണ്ടെന്നും അവർ അഭിപ്രായപ്പെട്ടു.

ഇടത് ആഭിമുഖ്യമുള്ള രാജ്യങ്ങളിൽ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് അനുകൂലമായ അന്തരീക്ഷമുണ്ടെ ന്നും ഇവിടങ്ങളിൽ സ്ത്രീ-പുരുഷന്മാർ ക്ക് തൊഴിലിടങ്ങളിൽ തുല്യ അവ കാശമാണുള്ളതെന്നും വ്യവസായ സംരംഭകത്വ രംഗങ്ങളിലടക്കം സ്ത്രീകൾ കടന്ന് വരുന്നു എന്നും മലേഷ്യയിലെ ലിന്റൺ യൂണിവേ ഴ്സിറ്റിയിൽ നിന്നുള്ള പ്രൊഫസർ ഡോ.കവിത ഹൽദോറാ മുഖ്യ പ്രഭാ ഷണത്തിൽ പറഞ്ഞു.

തൊഴിലിടങ്ങളിലെ ചൂഷണവും പീഡനവും കൃത്യമായി രേഖപ്പെടു ത്തുന്നില്ലെന്ന് ജെൻഡർ അഡ്വൈ സർ.ഡോ.ടി.കെ.ആനന്ദി അഭി പ്രായപ്പെട്ടു. 55 ഓളം പേപ്പർ അവതരണത്തി നായി എത്തി. IIT, Delhi University തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് പ്രബന്ധ ങ്ങൾ എത്തി എന്നത് അഭിമാനാർ ഹമാണ്. പേപ്പറുകളുടെ സ്ക്രീനിംഗ് നടക്കുകയാണ്. ISBN നമ്പറോടു കൂടി UGC അംഗീകൃതമായി അവ പ്രസിദ്ധീകരിക്കുന്നതിനുള്ള ദൗത്യ ത്തിലാണ് വനിതകമ്മറ്റി. യു.എൻ സമ്മേളനത്തിൽ പ്രബന്ധം അവ തരിപ്പിച്ച സെന്റ് സേവിയേഴ്സ് കോളേജ് തുമ്പയിലെ ഡോ.ലി സ്ബ യേശുദാസിനെ ആദരിച്ച ചടങ്ങിൽ ടി.പി - കഞ്ഞിക്കണ്ണൻ, അനിർവർമ്മ, ടി.കെ ദേവരാജൻ എന്നിവർ ചേർന്നെഴുതിയ "നോട്ടു നിരോധനം മുതൽ ജി.എസ്.ടി വരെ" എന്ന പുസ്തക പ്രകാശനവും നടന്നു. മാവൂർ വിജ യൻ സംവിധാ നം ചെയ്ത L.L.C വനിത ജീവനക്കാർ അവതരിപ്പിച്ച കാളകളി എന്ന നാട കവും ഹൃദ്യമായി. വനിത കമ്മീഷൻ അംഗം അഡ്വ.ഷിജി ശിവജി, സംഘടനാ ഭാരവാ ഹികൾ, വി ദ്യാഭ്യാസ വിചക്ഷണന്മാർ, സിൻ ഡിക്കേറ്റ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്ത യോഗത്തിൽ മുന്നൂറ് പേരോളം സന്നിഹിതരായിരുന്നു.

ഇന്ത്യൻ ജനാധിപത്യ സമൂഹത്തിൽ പൗരാവകാശങ്ങൾ പണ്ടെങ്ങുമില്ലാ ത്തവിധം - ചവിട്ടി മെതിക്കപ്പെടുക യാണ്. നിയമവിധേയമായി നടത്തു ന്ന ആവിഷ്കാരങ്ങളിൽ ഇട

പെടാൻ മറ്റാർക്കുമാവില്ലെന്നും ആവിഷ്ക്കരിക്കപ്പെടേണ്ടത് എന്താണെന്ന് നിർദേശിക്കാ നുള്ള അവകാശം ഭരണകൂടത്തിനോ മറ്റാർക്കെങ്കിലുമോ ഇല്ലെന്നുമുള്ള ഓർമ്മപ്പെടുത്ത ലുകളും ഇടപെടലും അദ്ധ്യാപക സമൂഹത്തിന്റെ അടിയ ന്തിര കടമയായി കണ്ടുകൊണ്ടാണ് കൊല്ലത്ത് ദക്ഷിണ മേഖലാടി സ്ഥാനത്തിൽ സെമിനാർ സംഘ ടിപ്പിച്ചത്. സ്ത്രീ- ആ വിഷ്കാരം - സ്വാതന്ത്ര്യം - ജനാധിപത്യം എന്ന വിഷയം പൊതു ചർച്ചക്കായി തിര ഞ്ഞെടുത്തു കൊണ്ട് കേരള എം.ജി. യൂണിവേഴ്സിറ്റി ഏരിയയിലെ അദ്ധ്യാപികമാർക്കായി ഫെബ്രുവരി മൂന്നാം തീയതി കൊല്ലം ടി.കെ. എം ആർട്സ് & സയൻസ് കോളേ ജിൽ സംഘടി പ്പിച്ച സംവാദം മുൻ എം.പി.യും ജനാധിപത്യ മഹിളാ അസോസിയേഷൻ കേന്ദ്ര കമ്മറ്റി അംഗവുമായ അഡ്വ. സി.എസ്. സുജാത ഉദ്ഘാടനം ചെയ്തു. ഒരു ജെൻഡർ ബജറ്റ് അവ തരിപ്പിക്ക പ്പെട്ടതിന്റെ ആഹ്ലാദത്തിൽ നിന്നു കൊണ്ട് രാജ്യത്തെ സ്ത്രീകളുടെ മു ന്നേറ്റത്തി ന് നേതൃത്വം കൊടുക്കാൻ കേരളത്തിലെ കോളേജ് അദ്ധ്യാപി കമാർ തയ്യാറാവണമെന്ന് അവർ

നിർദ്ദേശിച്ചു. പ്രശസ്ത ചലച്ചിത്ര സംവിധായിക ശ്രീമതി. വിധുവിൻസന്റ് വിഷയാ വതരണം നടത്തി. എം.ജി. കോളേജ് സൈക്കോളജി വിഭാഗം അദ്ധ്യാപകനായ ഡോ. ബി. ജയരാജ്, പ്രശസ്ത കവി ശ്രീമതി റിജില ചിറപ്പാട് എന്നിവർ അവരുടേതായ പ്രവർത്തന മേ - ഖലയിൽ നിന്ന് കൊണ്ട് സംവാദത്തിനായി വിഷയം അവതരിപ്പിച്ചു. കോളേജ് വിദ്യാർത്ഥി - കൾക്കായി നടത്തിയ 'തെമിസ്" ഹ്രസ്വ ചിത്രമൽസര വിജയി കൾക്ക് ക്യാഷ് അവാർഡും നൽകി. സമ്മാനർഹമായ ഹ്രസ്വചിത്രങ്ങൾ വേദിയിൽ അവതരിപ്പിച്ചു. 152 പേർ പങ്കെ ടുത്ത യോഗത്തിൽ ഉച്ചക്ക ശേഷം ചർച്ച നടന്നു. സംഘടനാബോധം ഉണർത്തുന്നതിനും നേതൃത്വപാടവം വളർത്തുന്നതിനുമായി ഉത്തരമേഖലാടിസ്ഥാനത്തിൽ തൃശ്ശൂർ കേരള വർമ്മ കോളേജിൽ ഫെബ്രുവരി 10 ന് വനിതാ നേതൃപരിശീലന ശില്പശാല സംഘടിപ്പിച്ചു. കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റി ഏരിയയിൽ നിന്നുള്ള അദ്ധ്യാപികമാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ശിൽപശാല ഉന്നത വിദ്യാഭ്യാസ കൗൺസിൽ എക്സി ക്യൂട്ടിവ് അംഗം ഡോ. ഫാത്തിമത്ത് സുഹറ ഉദ്ഘാടനം ചെയ്തു. മുൻ സംസ്ഥാന വൈസ് പ്രസി ഡന്റ് പ്രൊഫ. ടി.എ) ഉഷാകുമാരി മുഖ്യപ്രഭാഷണം നടത്തി. വനിത അംഗങ്ങൾ വീറോടെ ചർച്ചയിൽ പങ്കെടുത്തു. സീനിയർ അദ്ധ്യാപകർക്ക് സംഘടന ഒരു വികാരം ആണെന്നു ബോദ്ധ്യപ്പെടുന്ന തരത്തിലായിരുന്നു ചർച്ച മുന്നേറിയത്. സംഘടനയിൽ മെമ്പർഷിപ്പ് എ ടുക്കുമ്പോൾ തന്നെ സംഘടനയോടു പ്രതിബദ്ധതകാട്ടേണ്ട ഉത്തരവാദിത്വം അംഗങ്ങളിൽ നിഷ്പമാണെന്ന് കൂടി പുതുതായി വന്ന അദ്ധ്യാപികമാർ മനസ്സിലാക്കി സംഘടന ആ ഹ്വാനം ചെയ്യുന്ന പരിപാടിയിൽ പങ്കെടുത്തു വിജയിപ്പിക്കേണ്ട ധാർമ്മികത ഉണ്ടാവേണ്ടതുണ്ടെന്നും ചർച്ചയിലൂടെ നിർ ദ്ദേശം ഉരുത്തിരിഞ്ഞു.








വാഴൂർ എസ്.വി.ആർ.എൻ.എസ്.എസ് കോളേജ് വനിതാ വിഭാഗം സംഘടിപ്പിച്ച ഏകദിന സെമിനാർ വാഴൂർ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. എസ്. പുഷ്ക ലാദേവി ഉദ്ഘാടനം ചെയ്തു. ദീർഘകാലം സംഘടനാ പ്രവർത്തന രംഗത്ത് മികവ് പ്രകടിപ്പിച്ച പുഷ് കല ടീച്ചർ പഞ്ചായത്ത് പ്രസിഡന്റായി ചുമതലയേറ്റ ശേഷം ഏറ്റെടുക്കേണ്ടി വന്ന ഉത്തരവാദിത്വത്തെപ്പറ്റിയും അവ ഭംഗിയായി നിർവ്വഹിക്കാൻ സംഘടനാ രംഗത്തെ പരി ചയം സ ഹായിച്ചതിനെപ്പറ്റിയും വിശദീകരിച്ചു. അവസ രങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ അദ്ധ്യാപിക മാർ ശ്രദ്ധിക്കണമെന്നും ടീച്ചർ ഓർമ്മിപ്പിച്ചു.



തലയോലപ്പറമ്പ് ഡി.ബി കോളേജിൽ "ശാസ്ത്രവും സ്ത്രീക ളും" എന്ന വിഷയ ത്തെ ആസ്പദമാക്കി 2017 ഡിസംബർ 12-ാം തീയതി നടന്ന സെമിനാറിൽ ശാസ്ത്ര സാ ഹിത്യ പരിഷത്ത് ജനറൽ സെക്രട്ടറി ശ്രീമതി. ടി. കെ മീരാഭാ യ് വിഷയം അവതരിപ്പിച്ചു. ശാസ്ത്രസാഹിത്യ പരിഷത്ത് കോട്ടയം ജില്ലാ സെക്രട്ടറി കെ.എസ് സരോജ്, ശാസ്ത്ര അവബോധം ഉപസമിതി കൺവീനർ കെ.എൻ വിജു, എന്നിവരും സംഘടന ജില്ലാഭാരവാഹികളും ആശംസ യർപ്പിച്ചു.



"ആരോഗ്യവും ശുചിത്വവും" എന്ന വിഷയത്തെ ആസ്പദ മാക്കി 2017 ആഗസ്റ്റ് 11-ാം തീയതി തളിപ്പറമ്പ് സർ.സ യിദ് കോളേജിൽ ഡോ.ലത ബോധവൽക്കണ ക്ലാസ് നടത്തി.

വനിത അദ്ധ്യാപകർക്ക് നിലവിലുള്ള സർവ്വീസ് വിഷ



യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള ഒരു ഓറിയന്റേഷൻ കോഴ്സ് കണ്ണൂർ എസ്.എൻ കോളേജിൽ ആഗസ്റ്റ് 19-ാം തീയതി നടത്തുകയുണ്ടായി. ഡോ.സി.ഗീത യുടെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ ഡോ.കെ.പി. വിനോദ്കുമാർ ക്ലാസ് എടുത്തു.



എ.കെ.പി.സി.ടി.എ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി എറണാകുളം ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ "ലിംഗപദവിയുടെ രാഷ്ട്രീയം" എന്ന വിഷയത്തിൽ വനിതാ സെമിനാർ ജനുവരി 12-ാം തീയതി നടത്തി. സെന്റ് പീറ്റേഴ്സ് കോളേജ് സെമിനാർഹാളിൽ സംഘടനാ പ്രസിഡന്റ് പ്രൊഫ. എ.ജി. ഒലീന ഉദ്ഘാടനം ചെയ്തു. സിനിമാനാടക പ്രവർത്തക സജിത മഠത്തിൽ, ട്രാൻസ്ജെൻഡർ കവി വിജയരാജമല്ലിക എന്നിവർ - മുഖ്യപ്രഭാഷണം നടത്തി. എ.കെ.പി.സി.ടി.എ ജില്ലാ ഭാരവാഹികളും ഏരിയ സെക്രട്ടറിയും അഭിവാദ്യമർപ്പിച്ച് സംസാരിച്ചു.



കണ്ണൂർ, കാസർകോട് ജില്ലാ വനിതാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ജനുവരി 13-ാം തീയതി കണ്ണൂർ കെ.എസ്.ടി.എ ഹാളിൽ വച്ച് "സാമൂഹ്യ പ്രതിബദ്ധതയും സ് ത്രീപക്ഷ ചിന്തകളും" എന്ന വിഷയത്തിൽ നടന്ന സെമിനാർ സംസ്ഥാന വനിത കൺ വീനർ ഡോ.എസ്. ബീന ഉദ് ഘാടനം ചെയ്തു. ഏരിയ വനിത കൺവീനർ ഡോ.നഫീസ, ജില്ലാ വനിത കൺവീനർ ഡോ. സി.ഗീത, വനിത കമ്മറ്റി ചെയർപേഴ്സൺ ഡോ. രാഖി രാഘവൻ, ജില്ല സെക്രട്ടറി ഡോ. കെ. അജയകുമാർ സിൻഡി ക്കേറ്റ് അംഗം പ്രൊഫ.എ. നിഷാന്ത്, സംസ്ഥാന സെക്രട്ടറി ഡോ.പ്രമോദ് വെള്ളച്ചാൽ എന്നിവർ അഭിവാദ്യമർപ്പിച്ച് സംസാരിച്ച യോഗത്തിൽ ഗൗരവമേറിയ ചർച്ചയും നടന്നു.



നവമാധ്യമങ്ങൾ പ്രയോജനപ്പെടുത്തി ആശയവിനിമയം കൃത്യതയോടെയും വേഗത്തിലും നടപ്പാക്കാൻ വനിതകമ്മറ്റിക്ക് കഴിഞ്ഞു. സ്ത്രീകളുടേതു മാത്രമായ ഒരു ലോകത്തെയല്ല, സ്ത്രീക്ക് തുല്യ ശബ്ദവും പദവിയും ആദരവും അവകാശങ്ങളു - മുള്ള സമത്വസുന്ദരമായ ഒരു ലോകത്തെയാണ് നമ്മൾ അദ്ധ്യാപകസമൂഹം കെട്ടിയുയർത്തേണ്ടത്. ഒരോ പെൺകുട്ടിയേയും ഈ ലക്ഷ്യത്തിലേക്ക് കൊണ്ടുപോകേണ്ട ഉത്തരവാദിത്വം അദ്ധ്യാപികമാർക്കുമുണ്ട്. ബ്രാഞ്ചുകളെ ഇപ്പോഴും വേണ്ടത് ചലിപ്പി ക്കാനായിട്ടില്ല എന്ന ദുഃഖസത്യം നിലനിൽക്കുന്നു. പൊങ്കാല, കുടുബസംഗമം, ധ്യാനം തുടങ്ങിയ കാര്യങ്ങൾക്കുള്ള സ്ത്രീകളുടെ ഉത്സാഹം സംഘടനാപ്രവർത്തനത്തിലും ഉണ്ടായില്ലെങ്കിൽ തങ്ങളുടെ കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ചുപോകും എന്ന യാഥാർത്ഥ്യം - അവരെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. സമകാലിക പ്രശ്നങ്ങളിൽ സംവാദങ്ങളും ശിൽ പശാലകളും സെമിനാറുകളും വർക്ക്ഷോപ്പുകളും നടപ്പാക്കി സാമൂഹ്യ പ്രതിബദ്ധതയുള്ള സംഘടനാപ്രവർത്തകരായി വളരാനും രാഷ്ട്രീയശക്തിയും പ്രതികരണ ശേഷിയുമുള്ള പ്രതിരോധ നിരയായി മാറാനും കൂടുതൽ കരുത്തോടെ ഒത്തൊരുമയോടെ നമുക്ക് പ്രവർത്തിച്ച് മുന്നേറാം.



# പ്രണയം
# ലൈംഗികത
# സ്ത്രീവിമോചനം




ഡോ. ഖദീജ മുംതാസ്





ഗംഗാധരൻ മാഷിൽ നിന്നു തന്നെ തുടങ്ങിയാലോ? ഡോ.എം.ഗംഗാധരൻ? ആരുടെ നെറ്റിയാണിപ്പോൾ ചുളിയുന്നത്? ഫെമിനിസ്റ്റ് പ്രസ്ഥാനക്കാരുടെ? സ്ത്രീപക്ഷ എഴുത്തുകാരുടെ? ലൈംഗിക ഉദാരീകരണത്തിന്റെ വക്താവല്ലേ അദ്ദേഹം? സോനാഗച്ചി പോലെ, റെഡ്സ്ട്രീറ്റ് പോലെ വേശ്യാഗൃഹങ്ങൾ കേരളത്തിലും ഉണ്ടാകണമെന്നുവാദിക്കുന്ന ആൾ? മലയാളിയുടെ ലൈംഗികദാരിദ്ര്യത്തിനും സ്ത്രീകളുടെ നേർക്കുള്ള അതിക്രമങ്ങൾക്കും പരിഹാരം അങ്ങനെയല്ലേ അദ്ദേഹം നിർദ്ദേശിച്ചത്? നളിനി ജമീല അദ്ദേഹത്തിന്റെ അടുത്ത സുഹൃത്ത്. 'കേരളത്തിലെ സ്ത്രീ അവസ്ഥകൾ' എന്ന തന്റെ പുസ്തകം അദ്ദേഹമവർക്ക് സമർപ്പിക്കുകയും ചെയ്തു. അത് 2007 ൽ ആയിരുന്നു.

എന്നെ സംബന്ധിച്ച് ഗംഗാധരൻ മാഷ് സ്നേഹധനനാണ്. എഴുത്തിൽ ഗുരുതുല്യൻ. സൂക്ഷ്മ നിരൂപകൻ. എന്റെ ആദ്യ നോവലിനെ അവതരിപ്പിച്ചുകൊണ്ട് അദ്ദേഹമെഴുതി സ്ത്രീയുടെ എഴുത്ത് പുരുഷൻ അവളിലാരോപിക്കുന്ന നിഗൂഢത നീക്കി അവളിലെ ശക്തിയും ചൈതന്യവും വെളിവാക്കുന്നു. ഏതു സ്ത്രീവിമോചന പ്രസ്ഥാനങ്ങളേക്കാൾ അവളുടെ എഴുത്ത് സ്ത്രീവിമോചനത്തിനുതകുന്നു. ഇത് എന്റെ എഴുത്തിനെപ്പറ്റി മാത്രം പറഞ്ഞതല്ലെന്നുമറിയാം. പുരുഷനാൽ, സമൂഹത്താൽ, പോലീസിനാൽ, ഫെമിനിസ്റ്റുകളാൽ (!) നിരന്തരം പീഡിപ്പിക്കപ്പെടുന്ന ലൈംഗിക തൊഴിലാളികളോട് തീവ്രമായ അനുതാപമാണ് അദ്ദേഹത്തിന്. ആ വാക്കുകൾ ഇങ്ങനെ: സാമ്പത്തികാധിപത്യം മാത്രമല്ല, ലൈംഗികമായ ആധിപത്യം കൂടി തകർക്കപ്പെട്ടാലേ സ്ത്രീ സ്വതന്ത്രയാകൂ.

തൊണ്ണൂറുകൾക്കു ശേഷം ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ കേരളത്തിൽ ഒരു മുന്നേറ്റവും നടത്തിയിട്ടില്ല. സ്ത്രീസംരക്ഷണ വാദങ്ങൾക്കറം സ്ത്രീസ്വാതന്ത്ര്യത്തെപ്പറ്റി, ലൈംഗിക സ്വാതന്ത്ര്യത്തെപ്പറ്റി സർഗ്ഗാത്മകമായി ചിന്തിക്കാനോ മുന്നേറ്റം നടത്താനോ അവർക്ക് കഴിഞ്ഞിട്ടില്ല. വർത്തമാനകാല കുടുംബവ്യവസ്ഥയ്ക്കകത്തു നിന്നുകൊണ്ടുള്ള സ്ത്രീ സംരക്ഷണവാദം മാത്രമാണവരുടേത്. വേശ്യാവൃത്തി സ്ത്രീയെ ഇരയാക്കുന്നു, ഭോഗവസ്തുവാക്കുന്നു എന്നു പറയുമ്പോൾ കുടുംബവ്യവസ്ഥകൾക്കകത്തുള്ള സ്ത്രീയവസ്ഥകളെ അവർ അവഗണിക്കുകയാണ്. ശരികൾ ഇല്ലാതില്ലല്ലോ ഇപ്പറഞ്ഞതിലൊക്കെ. മനുഷ്യരെപ്പറ്റി, മനുഷ്യപ്രകൃതിയെപ്പറ്റി, ചുറ്റുപാടുകളെപ്പറ്റി ഏറെ തിരിച്ചറിവുള്ളവളാണ് നളിനി ജമീല എന്നദ്ദേഹം പറയുമ്പോൾ അതിൽ ഏറെ ശരിയുണ്ടാകണം.

ജീവിതത്തിന്റെ, മനുഷ്യന്റെ ഏറെ ഇരുണ്ട വശങ്ങൾ കണ്ടവരാണല്ലോ അവർ. സ്വവർഗ്ഗാനുരാഗികളുടെ സ്വാഭിമാനപ്രഖ്യാപന കൂട്ടായ്മയിൽ സന്ദർഭവശാൽ പങ്കെടുക്കാനായപ്പോൾ എനിക്കുമുണ്ടായി സമാനമായൊരു വെളിച്ചം. ജീവിതത്തിന്റെ നിരത്തോരങ്ങളിലേക്ക് ദീർഘകാലമായി മാറ്റി നിർത്തപ്പെട്ടുകഴിഞ്ഞിരുന്ന അവരിൽ കാണുന്ന തിരിച്ചറിവും സൗഹൃദഭാവങ്ങളും, സാമൂഹ്യബോധവും കുടുംബ വ്യവസ്ഥയ്ക്കുള്ളിലെ 'തികഞ്ഞപെണ്ണുങ്ങളി'ൽ അപൂർവ്വമാണല്ലോ എന്ന തോന്നൽ. അപ്പോൾ അത്യന്തം കപടമായ മലയാളി കുടുംബജീവിതത്തോടും സദാചാരബോധത്തോടുമുള്ള സ്ഫോടനാത്മകമായ പ്രതികരണങ്ങളായിരുന്നാവോ. 2007 ൽ ഡോ.ഗംഗാധരൻ നളിനിജമീലയോട് ഹൃദയൈക്യം പ്രഖ്യാപിച്ചുകൊണ്ടു നടത്തിയത്? ഊക്കിലൊരടി ഇപ്പോഴെങ്കിലും ആവശ്യമാണ് എന്ന തോന്നൽ! 2015 ൽ 'ചിന്തയിൽ ക്ഷോഭം' എന്ന കൃതിയിലൂടെ അദ്ദേഹം മുമ്പേ പറഞ്ഞവയെ തിരുത്തുന്നുമുണ്ട്. ലൈംഗികത്തൊഴിൽ നിലനിർത്തണമെന്നെനിക്കില്ല.

പ്രണയമില്ലാത്ത ലൈംഗികതയ്ക്ക് നിലനില്പില്ല. വിശപ്പുപോലെ, ദാഹം പോലെ ഒരു വേശ്യാലയത്തിലോ മറ്റെവിടെയെങ്കിലും തീർക്കാനാവുന്ന ശാരീരികാവശ്യം മാത്രമാണെങ്കിൽ ആ നിലനില്പിനെപ്പറ്റി വേവലാതിപ്പെടേണ്ടതുമില്ലല്ലോ. ഡോ.ഗംഗാധരൻ സ്വയം നിരന്തരം തിരുത്തിക്കൊണ്ടിരിക്കുന്നവനാണ്!

കപടവും സ്ത്രീവിരുദ്ധവുമായ കുടുംബ സംവിധാനം തന്നെയല്ലേ, സമൂഹത്തിന്റെ, ഭരണകൂടത്തിന്റെ സ്ത്രീവിരുദ്ധതയുടെ അടിസ്ഥാനം? ഭരണകൂടമെന്നാൽ നിയമനിർമ്മാതാക്കളായ ഭരണകർത്താക്കളും, പോലീസും, പട്ടാളവും ജുഡീഷ്യറിയും ഒക്കെ കൂടിയ ഒരു സംവിധാനം മാത്രമല്ല, അവയിലുൾപ്പെട്ടവരെയൊക്കെ ഭരിക്കുന്ന ആശയങ്ങൾ കൂടിയാണ്. ആ ആശയങ്ങൾ ഉല്പാദിപ്പിക്കുന്നതോ? ആണത്വത്തെ ആഘോഷിക്കുന്ന, പെണ്ണത്വത്തെ ഇകഴ്ത്തുന്ന കുടുംബവ്യവസ്ഥയും. 'അവനൊരാണാണെ'ന്ന് പുകഴ്ത്തുകയും 'അയ്യേ, നീയൊരാണല്ലേ' എന്ന് അവനിലെ ആർദ്രതയെ ഇകഴ്ത്തുകയും, 'നീയൊരു പെണ്ണാണ്'എന്ന് അവളുടെ നേരെ എപ്പോഴും കണ്ണുരുട്ടുകയും ചെയ്യുന്ന സംവിധാനം. അങ്ങനെ സ്വാഭാവികമായി 'ആണത്വ'വും 'പെണ്ണത്വ'വും സമ്മേളിച്ച് വ്യക്തിവൈവിധ്യങ്ങളാവേണ്ടിയിരുന്നവരിൽ നിന്ന് ഒന്നിനെ പാടെ ഊരിയെറിഞ്ഞു കളഞ്ഞ് പെരുമാറ്റത്തിലും ജീവിത സമീപനങ്ങളിലും തികഞ്ഞ 'ത' കളെയും 'ഥ' കളെയും ഉണ്ടാക്കിയെടുക്കുന്ന വ്യവസ്ഥ. സൗമ്യമാർ, ജിഷമാർ, കതിരൂർ, കിളിരൂർ പേരില്ലാപെൺകുട്ടികൾ ഈ വ്യവസ്ഥയിൽ എന്നും അരക്ഷിതർ, പീഡിപ്പിക്കപ്പെടുന്നവർ. ഭരണകൂടവ്യവസ്ഥകളിൽ നിന്ന് അവർക്കൊരിക്കലും നീതി കിട്ടാതെയുമിരിക്കുന്നു...

സ്ത്രീവിദ്യാഭ്യാസത്തിൽ ഏറെ മുന്നിലെത്തിയ കേരളക്കരയിലെ സ്ത്രീകളാണോ തമിഴരേക്കാൾ, ഉത്തരേന്ത്യക്കാരികളേക്കാൾ പീഡിതർ? ശബ്ദമില്ലാത്തവർ? എങ്കിൽ എന്തേ അങ്ങനെ? വിദ്യാഭ്യാസം അവർക്കെന്തേ ആത്മശക്തിയും ധൈര്യവും കൊണ്ടുവന്നില്ല? വലിയ പഠിപ്പൊന്നുമില്ലെങ്കിലും ഊക്കിൽ കാലുറച്ചു നിന്ന് ഉച്ചത്തിൽ തൻകാര്യം പറയാനാവുന്ന തമിഴത്തികളെ ചിലപ്പോൾ നമ്മൾ അപരിഷ്കൃതരെന്നു വിളിച്ചേക്കാം. എങ്കിൽ എന്താണു സംസ്കാരം?

ബൂർഷ്വാസിയുടെ ജുഗുപ്സയുണ്ടാക്കുന്ന ചീഞ്ഞു നാറിയ വിവാഹകുടുംബസമ്പ്രദായമെന്ന് പണ്ടൊരിക്കൽ യൂറോപ്പിലിരുന്ന് ഒരു മാർക്സിസ്റ്റാചാര്യൻ വിശേഷിപ്പിച്ച വ്യവസ്ഥകളിൽ സ്വയം തളച്ചിട്ട് ശ്വാസം മുട്ടുകയാണോ മലയാളി മധ്യവർഗ്ഗമിന്നും? എങ്കിൽ അതെങ്ങനെ മലയാളക്കരയുടെ സംസ്കാരമായി? ഏറെ ലൈംഗികസ്വാതന്ത്ര്യമുണ്ടായിരുന്ന, ഹിപ്പോക്രസിയില്ലാത്ത ഒരു ഭൂതകാലത്തെറ്റി നാം വാചാലരാകാറുണ്ട്. സമ്പത്തും അധികാരവുമുണ്ടായിരുന്ന സവർണ്ണന്റെ അയഞ്ഞ ലൈംഗിക സംസ്കാരം പക്ഷേ, സാധാരണ പ്രസ്താവിക്കുടെ പോലെ അത്രയ്ക്കും സ്ത്രീ സൗഹൃദപരമായിരുന്നോ? ആവാൻ വഴിയില്ല. പുരുഷനെ രമിപ്പിച്ച, അതിൽ അഭിരമിച്ച സ്ത്രീകൾ ഏറെയുണ്ടായിരുന്നുവെങ്കിലും. നമ്പൂതിരിമാർ ചരിത്രത്തിലെ ഏറ്റവും വലിയ സ്ത്രീ പീഡകർ ആയിരുന്നു എന്നു പറയുന്നു. ഡോ.ഗംഗാധരൻ. കുടുംബസ്വത്തു പുറത്തു പോകാതിരിക്കാനായി ആദ്യപുരുഷപ്രജയ്ക്ക് മാത്രം വേളിയും ബാക്കി ആൺ സഹോദരങ്ങൾക്ക് വെറും സംബന്ധവും വിധിച്ചപ്പോൾ ഭൂരിപക്ഷം നമ്പൂതിരിസ്ത്രീകൾക്കും വയസ്സൻ അപ്പൻ നമ്പൂതിരിമാരുടെ രണ്ടാംവേളിയോ മൂന്നാംവേളിയോ ഒക്കെയായി ഒതുങ്ങേണ്ടി വന്നുവല്ലോ. കച്ചവടക്കാരായെത്തിയ തമിഴ് ചെട്ട്യാന്മാർക്ക് വിറ്റുകളയേണ്ടിവരെ വന്നിട്ടുണ്ടത്രെ മുടക്കാച്ചരക്കുകളായി മാറിയ ദരിദ്രഅന്തർജ്ജനങ്ങളെ. സംബന്ധക്കാരികളാകേണ്ടി വന്ന നായർസ്ത്രീകളും മറ്റൊരു തരത്തിൽ പീഡിതർ. അടിയാത്തികളേക്കാൾ മെച്ചമായിരുന്നില്ലല്ലോ തത്വത്തിലെങ്കിലും അവരുടെ ജീവിതം. അധഃസ്ഥിത സ്ത്രീകളോടുണ്ടായിരുന്ന സവർണ്ണാതിക്രമങ്ങളും ചരിത്രമാണല്ലോ.

ഇനി ബ്രാഹ്മണനെയും സ്വജാതിക്കാരനെയും സംബന്ധക്കാരായി



ലഭിക്കുമായിരുന്ന നായർ സ്ത്രീകൾ ലൈംഗികസ്വാതന്ത്ര്യമനുഭവിച്ചിരുന്നു എന്നു വാദിച്ചാലോ? ഇഷ്ടം നഷ്ടപ്പെട്ട പുരുഷൻ അറയിലെത്തും മുമ്പ് പായയും തലയിണയും വാതിലിനു പുറത്തെടുത്തു വെച്ച് സൂചന കൊടുക്കാനാകുമായിരുന്നത്രയും സ്വതന്ത്രരായിരുന്നോ അവരെല്ലാം? മടുക്കുമ്പോൾ മടക്കുവാനും വേറെയൊരാളെ മടി കൂടാതെ സ്വീകരിക്കുവാനും കഴിയുമായിരുന്നത്രയും സ്വതന്ത്രകൾ? അവർക്ക് പലരിലായി ഉണ്ടായ കുഞ്ഞുങ്ങളൊക്കെ 'തറവാട്ടു കുട്ടികൾ' തന്നെ ആയിരുന്നുവല്ലോ. ബ്രാഹ്മണന്റെയും നായരുടെയും സന്തതികൾ ഒരേ തറവാട്ടുകൂരയ്ക്കു കീഴെ കളിച്ചും കഥ പറഞ്ഞും, സ്നേഹിച്ചും ബന്ധസമൃദ്ധിയുടെ നിറവറിഞ്ഞുമങ്ങനെ കഴിഞ്ഞുകൂടിയെന്നോ? അപ്പോൾ എം.ടി. കഥകളിലും ചെറുകാടിന്റെ 'ജീവിതാത' യിലും കണ്ട അരക്ഷിതരായ സ്ത്രീകളും കുട്ടികളുമോ? സ്വേച്ഛാധിപതികളായ തറവാട്ടുകാരണവന്മാർ, ഇരുണ്ട മുറികളിൽ ഞെരിഞ്ഞമർന്ന സ്ത്രീശബ്ദങ്ങൾ, അവഗണിയ്ക്കപ്പെട്ട ബാല്യങ്ങൾ... അവയോ? മാറാൻ മടിച്ച ഞരങ്ങി നീങ്ങിയ മരുമക്കത്തായ വ്യവസ്ഥയുടെ ഉരുളുകൾക്കടിയിൽ ഞെരിഞ്ഞമർന്ന ഹതഭാഗ്യരായിരുന്നിരിക്കണം അക്കാലത്തെ സ്ത്രീകൾ. സുമിത്ര, തങ്കമണി, അമ്മിണിയേടത്തി... അങ്ങനെ എത്രയെത്ര സ്ത്രീ കഥാപാത്രങ്ങൾ!


വ്യവസ്ഥ മാറി പഠിച്ച സ്വതന്ത്രരായ നായർ ചെറുപ്പക്കാർ തിരുത്തൽവാദികളായിരുന്നു. അവർ സ്വന്തം സ്ത്രീകളെ തറവാടുകളിലെ ഇരുളുകളിൽ നിന്നു മോചിപ്പിച്ച് ഏകകകുടുംബങ്ങളുണ്ടാക്കാൻ തുടങ്ങി. ഞാൻ, എന്റെ ഭാര്യ, മക്കൾ... അവർ പരിഷ്കാരികളായിരുന്നു. ബ്രിട്ടീഷ് ഇന്ത്യയിൽ, പോസ്റ്റ് കൊളോണിയൽ ഇന്ത്യയിൽ പോലും അവർ ആരെയാണ് അനുകരിക്കുക! തീർച്ചയായും വിക്ടോറിയൻസദാചാരബന്ധിതമായ ഇംഗ്ലീഷ് കുടുംങ്ങൾ തന്നെയായിരുന്നിരിക്കണം അവരുടെ മാതൃക. സർക്കാർ ഉദ്യോഗസ്ഥനായഭർത്താവ്, ആഢ്യയും സുന്ദരിയുമായ ഭാര്യ, സുഖസൗകര്യങ്ങൾ, ആചാരോപചാരങ്ങൾ, വലിയവരുമായി ചങ്ങാത്തങ്ങൾ, വിരുന്നുകൾ, ചുറുചുറുക്കുള്ള ഇംഗ്ലീഷ് സ്കൂളുകളിൽ പഠിക്കുന്ന കുഞ്ഞുങ്ങൾ... പിന്നെ ലൈംഗിക അസംതൃപ്തികളുണ്ടെങ്കിൽത്തന്നെ അവയൊക്കെ മൂടിവെച്ച പ്രേമത്തിന്റെയും സംതൃപ്തിയുടെയും മുഖംമൂടികൾ...

പുറത്തു നിന്നവർക്ക് ഈ പകിട്ടിന്റെ കുടുംബങ്ങൾ ആകർഷണങ്ങളായി. ആ ദമ്പതികൾ അവരുടെ മാതൃകകളായി. അവരെപ്പോലെയാകാൻ കിണയുന്നവരായി പിന്നെപ്പിന്നെ വിദ്യാഭ്യാസവും തൊഴിലുകളും നേടി വന്ന മറു സമുദായക്കാരും. ബ്രാഹ്മണ സ്ത്രീകളെ മാത്രം വധുക്കളാക്കാൻ തുടങ്ങിയ നമ്പൂതിരിയും, ഈഴവനും, കാലമേറെപ്പോകെ വിദ്യാസമ്പന്നനാകാൻ കഴിഞ്ഞ ദളിതനുമുൾപ്പെടെ. ലൈംഗികതയെ പാപത്തോളമെത്തുന്ന അനിവാര്യതയായി ഒതുക്കിയ ക്രൈസ്തവനും പെണ്ണിനെ അറകളിലൊതുക്കിയ പാരമ്പര്യത്തിൽ വളർന്ന മുസ്ലിംപുരുഷനും വളരെ സഹവർത്തിത്വത്തോടെ സമാന കുടുംസംവിധാനങ്ങൾ തന്നെയുണ്ടാക്കി. അവിടെ സ്ത്രീയ്ക്ക് മത ജാതി ഭേദമെന്യെ പെരുമാറ്റച്ചട്ടങ്ങളുണ്ടായിരുന്നു. കന്യകാത്വം, പാതിവ്രത്യം, മാനഭംഗം മുതലായ വാക്കുകൾക്ക് കനമേറി വന്നു. ഭർത്താക്കാരാലും പിതാക്കളാലും സ്വപുത്രാരാലും സഹോദരരാലും സംരക്ഷിക്കപ്പെടേണ്ട മൃദുല ജീവികളായിത്തീർന്നു സ്ത്രീകൾ.

തൊണ്ണൂറുകൾക്കു ശേഷം ശക്തിപ്പെട്ട മതമൗലികവാദങ്ങളും, പിന്നാലെയുണ്ടായ മത ജാതി വിഭാഗീയതകളും സ്ത്രീയെ കൂടുതൽ കൂടുതൽ ശരീരം കൊണ്ടല്ലെങ്കിൽ മനസ്സു കൊണ്ട് വീട്ടകജീവികളാക്കി. വിദ്യാഭ്യാസവും ഉയർന്ന ജോലികളും നേടിയവരായിട്ടും പിന്നാലെ വന്ന തലമുറയിലെ പെൺമനസ്സുകളും സ്വതന്ത്രമായില്ല. അപ്പോഴേയ്ക്കും സമൂഹവും, വിദ്യാഭ്യാസസമ്പ്രദായങ്ങളും വ്യവസ്ഥ മൊത്തത്തിലും മാറിക്കഴിഞ്ഞിരുന്നുവല്ലോ. ഇന്നിപ്പോൾ ആ വ്യവസ്ഥയുടെ മുഷ്ക് തെരുവുകളിലേക്ക് കൂടി അന്യായമായി നീണ്ടിരിക്കുന്നു. സദാചാര പോലീസിംഗ് എന്ന വക്രീകരിച്ച പേരിൽ.

തൊണ്ണൂറുകളിൽത്തന്നെ ശക്തി പ്രാപിച്ച കമ്പോള സംസ്കാരത്തിനും പ്രിയം ഈ ആണധികാരകുടുംബങ്ങൾ തന്നെ. 'കുടുംബിനി'യായ സ്ത്രീ അവരുടെ നല്ല ഉപഭോക്താവാണ്. അവളങ്ങനെ വീട്ടകങ്ങളിൽ സുഖസൗകര്യങ്ങൾ കുന്നുകൂട്ടുന്നവളായി. ഹെൽത്ത് ഡ്രിങ്കുകളും ആന്റി സെപ്റ്റിക് ലോഷനുകളും, സോപ്പുകളും, പേസ്റ്റും ബുദ്ധിപരമായി സെലക്ടു






ചെയ്യുന്ന കുടുംബത്തിന്റെ ആരോഗ്യ സംരക്ഷകയായി. 'പെണ്ണായാൽ പൊന്നു വേണ'മെന്ന് പെൺമക്കൾക്കുവേണ്ടി ചിന്തിക്കുന്നവളായി. എല്ലാമുണ്ടായിട്ടും സ്വന്തം മനസ്സിന്റെ അജ്ഞാതമായ അസംതൃപ്തികളുടെയും സർഗ്ഗപരമായ കലവാല്യകളുടെയും വ്യഥകൾ അവൾ അറിയുന്നുണ്ടായിരുന്നു. വൈകാതെ മൊബൈലിന്റെയും ഇൻറർനെറ്റിന്റെയും രൂപത്തിൽ അവരുടെ മുന്നിൽ രക്ഷകർ അവതരിച്ചു തുടങ്ങി. ഏകാന്തതയകറ്റാൻ മൊബൈൽ എസ്.എം.എസുകളിലൂടെ ഇൻറർനെറ്റ് സൗകര്യങ്ങളിലൂടെ ചിലപ്പോഴൊക്കെ അപരവ്യക്തിത്വങ്ങൾ തന്നെ സ്വീകരിച്ച് അവൾ ഊർന്നിറങ്ങി. സമാനമായി സമാന്തര ജീവിതം നയിക്കുന്നവരിൽ ചെന്നു കൊളുത്തി. അജ്ഞാതമായിരുന്ന വലിയൊരു ലോകത്തെയറിഞ്ഞു. ചിലപ്പോഴെങ്കിലും വഞ്ചിതരായി...

താഴ്ന്ന വരുമാനക്കാരും പതുക്കെക്കെ മധ്യവർഗ്ഗകുടുംബവ്യവസ്ഥകൾക്കകത്തേക്ക് സ്വമേധയാ വന്നുചേർന്നു കൊണ്ടിരുന്നു. പരമ്പരാഗത തൊഴിലുകളുടെ തകർച്ച നൽകിയ അരക്ഷിതാവസ്ഥയും, സാമ്പത്തിക സുരക്ഷിതത്വമുള്ള വീട് എന്ന കാല്പനിക സ്വപ്നവും, കമ്പോള സുഖങ്ങളുടെ നേർക്കുള്ള ആകർഷണങ്ങളും ഇതിനുവേഗം കൂട്ടി. നഗരങ്ങളിലെ തുണിശാലകളിലും, മറ്റനേകം വില്പനശാലകളിലും ചെറുവ്യവസായ യൂണിറ്റുകളിലും അങ്ങനെ സ്ത്രീത്തൊഴിലാളികളുടെ സാന്നിധ്യമായി. വൃത്തിയുള്ള വസ്ത്രം ധരിക്കുകയും നഗരം കാണുകയും ചെയ്യാനാവുന്നതിനുമപ്പുറം യാതൊരാഹ്ലാദങ്ങളും ഇത്തരം ജീവിതത്തിനുതരാനില്ലെന്നു അവൾ വേഗമറിഞ്ഞു. അധ്വാനഭാരവും, ലൈംഗിക ചൂഷണഭീതികളും, കൂലിവെട്ടിച്ചുരുക്കലിന്റെ ഭീതികളും ഇരിക്കാനോ മൂത്രമൊഴിക്കാനോ അനുവദിക്കാത്ത നിരീക്ഷണക്കണ്ണുകൾ നൽകുന്ന അരക്ഷിതാവസ്ഥയും അവരെ വേട്ടയാടി. നല്ല സുഹൃദ്ബന്ധങ്ങളോ, നല്ല വാക്കുകളുടെ സാന്ത്വനമോ അപൂർവ്വമായ ആ ജീവിതം അവരിൽപ്പലരെയും വൈകാരികതകർച്ചകളുടെ വക്കുകളിലെത്തിച്ചു.

വി.എച്ച്. നിഷാദിന്റെ 'ശൈലജയും ഷൈലജയും' എന്ന ചെറുകഥ പറയുന്നത് അത്തരമൊരു ദരിദ്രപെൺകിടാവിന്റെ മാനസികഭാവങ്ങളുടെ പരിണാമഗതിയാണ്. ഏതോ തു

ണിക്കടയിലെ സെയിൽസ് ഗേളായിരിക്കണം ശൈലജ. 'ഒരുങ്ങിക്കെട്ടി ഇറങ്ങിയല്ലോ, ഉർവ്വശി' എന്നോ മറ്റോ പരിഹസിക്കുന്നുണ്ട് രാവിലെ ജോലിക്കിറങ്ങുന്ന അവളെ നോക്കി ഇളയമ്മ. ഒറ്റപ്പെടലിലും സ്നേഹരാഹിത്യത്തിലും വലഞ്ഞ അവൾ, ആരും ഓർക്കാനോ ആശംസിക്കാനോ ഇല്ലാത്ത സ്വന്തം പിറന്നാൾ ദിനത്തിൽ സ്വയമൊരു സമ്മാനം വാങ്ങി നൽകുകയാണ്. വർഷം മുഴുവൻ പിശുക്കി സമ്പാദിച്ച പണം കൊണ്ട് ഒരു പുതിയ മൊബൈൽ ഫോൺ.

കയ്യിലുണ്ടായിരുന്ന പഴയ സെക്കൻറ് ' ഹാൻറ് ' മൊബൈലിലും പുതിയതിലുമായി അവൾ പിന്നെ സ്വയം പകുക്കുന്നു. ശൈലജയും ഷൈലജയുമായി! സ്വന്തം ആധികളും സങ്കടങ്ങളും പ്രതിഷേധങ്ങളും ശൈലജ എസ്.എം.എസ് വഴി അറിയിക്കുമ്പോൾ ഷൈലജ സാന്ത്വനവും ഊർജ്ജവും പകർന്ന് മറുകറി വിടുകയായി. ഒരുനാൾ ഹാൻഡ്ബാഗിൽ നിന്ന് 'ഷൈലജ'യെ നഷ്ടമായി എന്നത് അവൾക്ക് വല്ലാത്ത ആഘാതമായിത്തീരുന്നു. തുടർച്ചയായി 'സ്വിച്ച്ഡ് ഓഫ്' കാണിച്ച 'ഷൈലജ' അവളുടെ മനസ്സിൽ മരിച്ചവളായി. ഏക ആശ്രയവും നഷ്ടപ്പെട്ട ശൈലജ ആത്മഹത്യയ്ക്കൊരുങ്ങുകയാണ്. കഴുത്തിൽ കുടുക്കിടാൻ തുടങ്ങിയ നിമിഷം കട്ടിലിലിരിക്കുന്ന മൊബൈൽസ്ക്രീൻ തെളിയുകയാണ്. 'ഷൈലജ കാളിംഗ്!' ജീവിതം തിരിച്ചു കിട്ടിയ പോലെ ശൈലജ ചാടിയിറങ്ങി മൊബൈൽ ഫോൺ പൊക്കിയെടുക്കുന്നു! അവൾ തന്റെ ജീവിതം തന്നെയാണ് അപ്പോൾ പൊക്കിയെടുക്കുന്നത്. മൊബൈൽ ഫോൺ എന്ന നവകാല യന്ത്രത്തിന് ചുറ്റുമുള്ള മജ്ജയും മാംസവുമുള്ള മനുഷ്യരെ അപ്രസക്തരാക്കുന്ന വ്യക്തിപ്രാധാന്യം കൈവന്നതു



നമ്മെയെല്ലാം അസ്വസ്ഥരാക്കാറില്ലേ? സ്ത്രീപീഡനത്തിനു ഹേതുവാകുന്ന 'മിസ്ഡ്കോൾ' ചതികളുടെ പരിവേഷവുമുണ്ടതിന് ചിലപ്പോൾ. ഇവിടെയിതാ, സുഹൃദ്ബന്ധങ്ങളും സ്നേഹബന്ധങ്ങളും അന്യമായ ഒരു മനുഷ്യാത്മാവിന് അവളുടെ സ്വത്വപാതി തന്നെയായി മാറിയ മൊബൈൽഫോൺ! കണ്ണു നനയിപ്പിക്കാൻ പോന്ന പെൺമനസ്സിൻറെ ദയനീയാവസ്ഥ! നിഷാദിന്റെ തന്നെ 'ആതിരാസൈക്കിളി'ലെ മറ്റൊരു നല്ല കഥയായ 'ഞാൻ സ്ത്രീയായ ദിവസം' തികച്ചും വ്യത്യസ്ഥമായ സംസ്കാരത്തിലെ പെൺകുട്ടിയുടെ കഥയാണ്. അവൾ ആബിദാ പർവീൺ. ഉണ്ണാനും ഉടുക്കാനും മുട്ടില്ലാത്തവൾ. അവളുടെ ഉപ്പ ഗൾഫിലാണല്ലോ. (ഹൂർലിൻ) പർദ്ദ ധരിച്ച മാത്രം പുറത്തു പോകാനനുവാദമുള്ള പ്ലസ്ടുക്കാരി. അവൾ ഒരു സിനിമയെടുക്കാൻ തീരുമാനമെടുത്തിരിക്കുന്നു. മൊബൈൽ ക്യാമറയുണ്ടല്ലോ കയ്യിൽ. ഇക്കാലത്തെല്ലാം വളരെയെളുപ്പം. ആയിടെ കണ്ട ഇറാനിയൻ സിനിമയുടെ ധൈര്യശാലിനിയായ സംവിധായികയാണ് അവളുടെ മാതൃക. വീടുകങ്ങളിൽ, അടുക്കളകളിൽ തളച്ചിടപ്പെട്ട മുസ്ലിം സ്ത്രീകളെപ്പറ്റിയാണ് അവൾ സിനിമയെടുക്കാൻ പോകുന്നത്. സ്ത്രീയുടെ അസ്വതന്ത്ര ജീവിതം! അതെ, അതല്ലാതെ വേറെയെന്ത്! എപ്പോഴും മുഷിഞ്ഞ ഹൗസ്കോട്ടിട്ട് മുഖത്തു ദൈന്യതയും ആധികളും പ്രദർശിപ്പിച്ച നടക്കുന്ന ഉമ്മയെത്തന്നെ അവളാദ്യം ചിത്രീകരിക്കുന്നു. പിന്നെ വൃദ്ധയായ ഉമ്മാമ്മച്ചിയെ, വിവാഹിതയായ ഇത്താത്തയെ. ഇത്താത്തയുടെ കുഞ്ഞിവാവയെ വരെ അവൾ ചിത്രീകരിക്കുന്നത് അടുക്കളക്കരിയുടെ പശ്ചാത്തലത്തിൽ ഒരു സ്റ്റൂളിൽക്കിടത്തിയാണ്. സ്ത്രീയുടെ സഹനമല്ലേ അവളുടെ വിഷയം! സിനിമ അവസാനഘട്ടത്തിലായപ്പോഴാണ് താനിതുവരെ അറിയാതിരുന്ന സ്ത്രീയുടെ അപരജീവിതാഹ്ലാദങ്ങളെപ്പറ്റി അവൾ ഞെട്ടലോടെ അറിഞ്ഞു തുടങ്ങുന്നത്. പാതിരാവിൽ മോഡേൺ വസ്ത്രങ്ങളണിഞ്ഞ് എ.ആർ. റഹിമാന്റെ സംഗീതത്തിനൊത്ത് ഉസ്താൻ എളാപ്പയുടെ മുമ്പിൽ ക്യാറ്റ്‌വാക്ക് നടത്തുന്ന ഉമ്മ! ഞെട്ടലകന്നപ്പോൾ അവൾ ക്യാമറ ജനൽവിടവിലേക്ക് ചേർത്തു വെയ്ക്കുന്നു. അവസാനസീനിൽ സ്വയമൊരു രഹസ്യഅപരവല്ക്കരണം നടത്തിയാണ് ആബിദാ

പർവീൺ സിനിമയ്ക്കൊരു 'ശുഭം' എഴുതിച്ചേർക്കുന്നത്. വിഖ്യാത മുസ്ലിംഫെമിനിസ്റ്റ് എഴുത്തുകാരി ഫാത്തിമ മെർനിസ്സിയുടെ 'വേലി ചാടുന്ന പെൺകിനാവുകളെ'ന്ന ബാല്യകാലാനുഭവകഥനത്തിലെ പെൺപ്രതിനിധാനങ്ങളെ ഓർമ്മിപ്പിച്ചു നിഷാദിന്റെ കഥ. മൊറോക്കോയിലെ ആഢ്യമുസ്ലിം തറവാടിന്റെ മതിൽക്കെട്ടിനുള്ളിൽ അന്യായമായി തടവിലാക്കപ്പെട്ട അതീവ സർഗ്ഗധനരായ പെൺകിടാങ്ങളും മുതിർന്ന സ്ത്രീകളും, സ്വയം അലങ്കരിച്ചും, പുരുഷാരുടെ അഭാവത്തിൽ റേഡിയോപ്പാട്ടിനൊത്ത് ഉന്മാദനൃത്തം ചെയ്തും, ടെറസ്സിൽ നാടകഅരങ്ങുകൾ തീർത്ത് താരാനുകരണങ്ങൾ നടത്തിയും സിഗരറ്റ് പുകച്ചും എപ്പോഴെങ്കിലും പറ്റമായി പുറത്തേക്കിറങ്ങാൻ അനുവാദം കിട്ടിയാൽ പാതിമറഞ്ഞ മുഖത്തെ സുന്ദരനയനകടാക്ഷങ്ങളാൽ പുരുഷനോട്ടങ്ങളെ വെട്ടി വീഴ്ത്തിയും വേലിചാടുകയാണ് ആ പെൺ മനസ്സുകൾ. കൂട്ടത്തിലൊരമ്മായി ഒരിക്കൽ കുട്ടിയായ ഫാത്തിമയോടു പറയുന്ന 'നീ എഴുതുക. വാക്കുകൾ കൊണ്ട് മനോഹരമായ മാലകൾ കോർക്കാനാകുന്നവർക്ക് രക്ഷപ്പെടാം...' ഫാത്തിമയും മനസ്സിലുറപ്പിക്കുന്നു 'ഞാൻ വാക്കുകൾ കൊത്തിയെടുക്കും. അന്യരുടെ സ്വപ്നങ്ങൾ പങ്കിടാൻ. അതിർത്തികൾ നിഷ്ഫലമാക്കാൻ...' അതിർത്തികൾ അധികാരമുള്ളവരുടെ മനസ്സുകളിലാണെന്ന് മെർനിസ്സി. അതിർത്തികൾ ഭേദിക്കാൻ വെമ്പുന്ന സ്ത്രീയുടെ സർഗമനസ്സിനെപ്പറ്റി പുരുഷനെന്തറിയുന്നു! പർദ്ദയും മറകളും ആൺപെൺപള്ളിക്കൂടങ്ങളും പ്രേരണയാവുക വേലി ചാടലുകൾക്കു തന്നെയാണ്. ആണിൽ മാത്രമല്ല പെണ്ണിലുമുണ്ട് സാഹസികത!

അതിർത്തികൾ ഭേദിക്കാനായ 'തെറിച്ചുനിൽക്കുന്ന' സ്ത്രീകളെപ്പറ്റിയും ഡോ. ഗംഗാധരൻ ഓർക്കുന്നുണ്ട്. 'അവർ ചീത്ത സ്ത്രീകളൊന്നുമല്ല,' ടോൾസ്റ്റോയിയുടെ അന്നകരനിനയെ ചൂണ്ടിക്കാട്ടുന്ന അദ്ദേഹം.

സർഗ്ഗാത്മകമായി ഏറെ മികച്ചു നിൽക്കുന്നവരാണ് അവരിലേറെയും എന്നും. മലയാളത്തിലെ നവ എഴുത്തുകാരി ലിസിയുടെ 'വിലാപ്പുറങ്ങളിലെ 'മരങ്കേറി മറിയയെ' പരിചയപ്പെട്ടോ? എത്രയോ പുരുഷന്മാർ അവളുടെ ജീവിതത്തിലൂടെ കടന്നുപോയി! ലൈംഗിക സ്വാതന്ത്ര്യവും സാമ്പത്തിക സ്വാതന്ത്ര്യവും വെട്ടിപ്പിടിച്ചെടുത്ത അവർ. അച്ഛനാരെന്നറില്ലാത്ത പന്ത്രണ്ടു കുട്ടികളെ പ്രസവിച്ചവൾ. അവളോളം ചങ്കുറ്റവും ആജ്ഞാശക്തിയും ഒപ്പം ആർദ്രതയും സാമൂഹ്യബോധവുമുള്ള എത്ര സ്ത്രീകളെ സാഹിത്യത്തിൽ മാത്രമല്ലജീവിതത്തിലും ചൂണ്ടിക്കാണിക്കാനുണ്ടാവും? എഴുത്തുകാരികൾക്കിടയിലുള്ള *'ഭ്രാന്തിപ്പാറുമാരു'ടെ ദൗത്യവും ആണധികാര വ്യവസ്ഥയ്ക്കിട്ടുള്ള കൊട്ടു തന്നെ. 'മരങ്കേറിമറിയ' ദശകങ്ങൾക്കു മുമ്പ് തൃശ്ശൂരിന്റെ തെരുവുകളെ ഭരിച്ചിരുന്നവളെന്നു കഥ. തെരുവിന്റെ രോമാഞ്ചമായിരുന്നവൾ. ഇക്കഴിഞ്ഞ അഞ്ചാമോണത്തിന് പതിവുപോലെ തൃശ്ശൂർ തെരുവുകൾ പുലിക്കളികളാൽ വിജൃംഭിച്ചു നിന്നപ്പോൾ അസാധാരണമായ ഒന്ന് ഒരു തെരുവിൽ സംഭവിച്ചു. തെരുവു പിടിച്ചടക്കി കുറേ പെൺപുലികൾ! വിനയയും കൂട്ടാളികളും. ആൺകരുത്തും ലഹരിയും കെട്ടു പൊട്ടിക്കുന്ന ആഘോഷത്തിമർപ്പുകളും മാത്രം കണ്ട നാട്ടാചാരത്തിന് ഒരു പെൺതിരുത്ത്.



വിനയയെ അറിയില്ലേ? കേരളാ പോലീസിലെ പെൺപുലി? സ്വന്തം കർമ്മ മണ്ഡലത്തിലെ ആണധികാര വ്യവസ്ഥകളെ വെല്ലുവിളിച്ച് ഒരിക്കൽ സസ്പെൻഷൻ വരെ വാങ്ങിവെച്ചവൾ. ജംഗിൾ ട്രെയിനിംഗിനും മണൽമാഫിയ റെയ്ഡിനുമൊക്കെ വനിതാപോലീസുകാരെ ഒഴിവാക്കുന്നതിനെതിരെ പ്രതിഷേധമുയർത്തിയവൾ. 'സാന്നിധ്യം തന്നെ സമരം' എന്നവർ. അവർക്കു ചുറ്റുമിന്നൊരു വൃത്തം കൂടി വരുന്ന പെൺകൂട്ടായ്മയുണ്ട്. പൊതുഗ്രൗണ്ടുകൾ, കളിസ്ഥലങ്ങൾ, പൊതുനീന്തൽക്കുളങ്ങൾ തുടങ്ങിയിടങ്ങളിലൊക്കെ അവരിന്ന് സാന്നിധ്യമറിയിക്കുന്നു. 'പെണ്ണുങ്ങളുടെ ഫീൽഡ്,' എന്നു പറഞ്ഞു പുരുഷൻ സൗകര്യപൂർവ്വം ഇടപെടാതെ മാറി നിൽക്കുന്ന പണികളിൽ അവരെ കൂടി പങ്കെടുക്കാതെയും വിടില്ല വിനയ. മകൻ പഠിച്ച സ്കൂളിലെ പി.ടി.എ പ്രസിഡണ്ട് ആയിരിക്കേ, അവിടെ നടന്ന ശാസ്ത്രമേളയിൽ പാചകക്കാരാവേണ്ട അംഗങ്ങളിലടക്കം എല്ലായിടത്തും ആൺപെൺ പ്രാതിനിധ്യം തുല്യമായിരിക്കണമെന്നവർ നി



ഷ്കർഷിച്ചു. പാചകവും, പാത്രം കഴുകലും അടിച്ചുവാരലും ആണും പെണ്ണും ഒന്നിച്ചു തന്നെ ആയിരുന്നവത്രെ അന്ന്. അതൊരു വൻ വിജയമായിരുന്നു. ആൺപെൺ സാന്നിധ്യവും സൗഹാർദ്ദവും കൊണ്ട് ജോലികൾ കൂടുതൽ ലളിതവും ആവേശഭരിതവുമായി ഏവർക്കും എന്നവർ. അവർ പറയുന്നു, 'കൃത്യമായ ഇടപെടലുകളിലൂടെയും ചോദ്യം ചെയ്യലിലൂടെയും തീർച്ചയായും മാറ്റിയെടുക്കാവുന്ന, ഉത്തരിയാവുന്ന ഒന്നു മാത്രമാണ് നിലവിലുള്ള പുരുഷാധിപത്യ വ്യവസ്ഥിതി. പ്രകൃതിയിൽ മനുഷ്യനൊഴികെ എല്ലാ ജീവജാലങ്ങളും ആൺപെൺ സൗഹൃദത്തിന്റെ മാധുര്യവും ആനന്ദവും അനുഭവിക്കുന്നു. മാനസികാരോഗ്യത്തിന് ഏറെ അനിവാര്യമായതും സമൃദ്ധമായതുമായ ഈ ആനന്ദം മനുഷ്യനുണ്ടാക്കിത്തീർത്ത ചങ്ങലക്കെട്ടിനാൽ മനുഷ്യർക്ക് നഷ്ടമാവുന്നു. ഇതു തീർത്തും മനുഷ്യവിരുദ്ധമാണ്.'

വിനയയിൽ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന (ഒരു പക്ഷേ, ഞാൻ തെറ്റായി മനസ്സിലാക്കിയ) പുരുഷവിരോധം ഈ വരികളിൽ ആവിയായിപ്പോയിരിക്കുന്നു. മനോഹരമായ ഒരു തിരിച്ചറിവാണിത്. സ്ത്രീയില്ലാതെ പുരുഷനും പുരുഷനില്ലാതെ സ്ത്രീയും പൂർണ്ണരല്ല എന്ന തിരിച്ചറിവ്. വ്യക്തിതലത്തിൽ മാത്രമല്ല, സാമൂഹ്യതലത്തിലും അതേറെ ശരി. കേരളത്തിൽ തന്നെ കഴിയുന്ന മലയാളിയുടെ സർഗ്ഗാവിഷ്കാരങ്ങളും ശാസ്ത്രാവിഷ്കാരങ്ങളും എന്നും 'മീഡിയോകർ' മാത്രമായി ചുരുങ്ങിപ്പോകുന്നത് ഈ സ്വതന്ത്ര ആൺപെൺ ഇടപെടലുകളുടെ അഭാവം മൂലമാണെന്ന് ഡോ.ഗംഗാധരനും നിരീക്ഷിക്കുന്നുണ്ട്.


വിനയയുടെ ബ്ലോഗെഴുത്തു സമാഹാരമായ 'സാന്നിധ്യം തന്നെ സമരം' വായിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ നഷ്ടമാണ്. എന്തൊരു ചൈതന്യമാണാ കുറിപ്പുകൾക്ക്! സ്ത്രീ ശാക്തീകരണത്തിന് ആ കുറിപ്പുകൾ നൽകുന്ന ഊർജ്ജം മാത്രം മതി. അവർ ഏറെ മുമ്പേ നടക്കുന്നവരാണ്. വ്യവസ്ഥിതിക്കുള്ളിൽ കുടുങ്ങിയ ആണും പെണ്ണും അവരുടെ സർഗ്ഗപരചിന്തകൾക്ക് ഏറെ പിമ്പേ ഗമിക്കുന്നവർ!

പുതിയ കുട്ടികൾ ഇന്നു മുമ്പേ നടക്കുന്നുണ്ട്. ചില കുട്ടികളെങ്കിലും ചിന്തകളിലും പ്രവർത്തനങ്ങളിലുമുള്ള

ആർജ്ജവം കൊണ്ട് അമ്പരിക്കുന്നു. ലിംഗഭേദമില്ലാതെ അവർ സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കുന്നു. പഴയ തലമുറയുടെ കാപട്യങ്ങൾക്കു നേരെ ചോദ്യങ്ങളുയർത്തുന്നു. മയക്കു മരുന്നുപയോഗങ്ങളുടെയും ലൈംഗിക അരാജകത്വത്തിന്റെയും പുതിയ ഭൂമികകളിലും അവർക്ക് വല്ലാതെ കാലിടറുന്നുമില്ല. അറേഞ്ച്ഡ് മാര്യേജുകൾ ഒന്നൊന്നായി തകരുന്നതിന്റെ അന്ധാളിപ്പിലാണ് പഴയ തലമുറ. നമുക്കു നിർത്തിക്കളഞ്ഞാലോ ഇനിയെങ്കിലും ഈ പ്രകടനാഭാസങ്ങൾ? നമ്മുടെ മക്കൾ സ്വയം ഇണകളെ കണ്ടെത്തട്ടെ. പ്രണയത്തിലേക്കെത്താനുള്ള സ്വാതന്ത്ര്യം നാമവർക്ക് കൊടുത്താൽ മാത്രം മതിയാകും. പ്രണയ വിവാഹങ്ങളല്ല, പരിചയവിവാഹങ്ങളാണ് ഇനി വേണ്ടതെന്ന് ഗംഗാധരൻ മാഷ് പറയുന്നുണ്ട്. പ്രണയത്തെ നമ്മൾ അപനിർമ്മിച്ചതിനാലായിരിക്കണം അദ്ദേഹത്തിനങ്ങനെ പറയേണ്ടി വന്നത്. പ്രണയമെന്നാൽ വെറും ലൈംഗികാകർഷണമോ, കണ്ണും മൂക്കുമില്ലാതെ മയങ്ങിവീഴുന്ന പ്രഥമദർശനാനുരാഗമോ അല്ലല്ലോ. പരിചയവിവാഹം തന്നെയാണ് പ്രണയവിവാഹം. ആദ്യമുണ്ടാകേണ്ടത് പരിചയം. സൗഹൃദം, അതിനുള്ള സ്വാതന്ത്ര്യം. ഏറെനാൾ ഒന്നിച്ചിടപഴകുമ്പോൾ കണ്ടെത്തുന്ന ആശയപ്പൊരുത്തം പിന്നീട്. പതുക്കെപ്പതുക്കെ മന്ദതാളത്തിൽ സംഗീതം പോലെയെത്തുന്ന പ്രണയം. ഒന്നിച്ചു കഴിയാനാകുമോ എന്ന ആലോചന, തീരുമാനം. ലൈംഗികതയെ നമ്മളിതിൽ എവിടെ പ്രതിഷ്ഠിക്കും? വിവാഹത്തിനു മുമ്പോ, ശേഷം മാത്രമോ? എങ്ങനെയായാലും വ്യത്യാസമുണ്ടാകില്ല. കാരണം അവരിൽ ലൈംഗികത പ്രണയത്തിന്റെ മാത്രം പ്രതിഫലനമാണ്. വഞ്ചനയോ പീഡനമോ ഉണ്ടാകുന്നത് ആണധികാരവ്യവസ്ഥയിൽ മാത്രമാണ്. ഏംഗൽസിന്റെ ലൈംഗികതയെപ്പറ്റിയുള്ള പ്രതീക്ഷാനിർഭരമായ ആ വീക്ഷണമുണ്ടല്ലോ 'പുതിയൊരു തലമുറ വളർന്നുവരും. പണം കൊടുത്തോ മറ്റേതെങ്കിലും പ്രതാപത്തിനുള്ള ഉപാധികൾ മോഹിപ്പിച്ചോ വശപ്പെടുത്താൻ ഒരിക്കലും ശ്രമിക്കാത്ത പുരുഷനും പ്രേമമൊഴിച്ചുള്ള മറ്റൊരു പരിഗണനയുടെയും പേരിലല്ലാതെ പുരുഷനു വഴങ്ങേണ്ടി വരാത്ത, ദാമ്പത്യത്തിൽ സാമ്പത്തികഭവിഷ്യത്തുകൾ പോലെയുള്ളവയെ ഭയപ്പെട്ടു പുരുഷന് സ്വയം കാഴ്ചവെയ്ക്കേണ്ടിവരാത്ത സ്ത്രീയും ഉള്ള തലമുറ. അപ്പോൾ അവരുടെ ജീവിതം എങ്ങനെയായിരിക്കും എന്നതിനെറ്റി നമ്മളിപ്പോൾ തല പുകയ്ക്കേണ്ടതില്ല. അവർ തന്നെ ആ ചോദ്യത്തിനു പരിഹാരം കാണും.'

ഇൻഡ്യനവസ്ഥയിൽ ഈ സ്വപ്നത്തിലേയ്ക്കെത്താൻ പ്രതിബന്ധങ്ങൾ ഏറെയാണ്. ജാതി, മതം, ജാതകം, കുടുംബപ്പെരുമ, സാമ്പത്തിക അസമത്വങ്ങൾ, ദുരഭിമാനക്കൊലകൾക്കുള്ള സാധ്യത, സാമുദായികകലാപസാധ്യത അങ്ങനെയങ്ങനെ. എങ്കിലും സാമ്പത്തികസാതന്ത്ര്യമനുഭവിക്കുന്ന ധീരരായ ആണും പെണ്ണും പതുക്കെപ്പതുക്കെ ഇതു പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നുണ്ട്. പിന്നാലെ വരേണ്ടവർക്ക് മാതൃകകളായി.

വിവാഹത്തെയോ കുടുംബജീവിതത്തെയോ, അതിന്റെ ഇന്നിന്റെ അവസ്ഥ ചൂണ്ടിക്കാട്ടി തള്ളിക്കളയേണ്ടതില്ല. മനുഷ്യൻ കണ്ടുപിടിച്ച ഏറ്റവും സർഗ്ഗാത്മകമായ കൂട്ടായ്മ തന്നെയാണത്. അതിലേക്ക് പ്രണയത്തെ തിരിച്ചുകൊണ്ടുവരിക എന്നതുതന്നെയാണ് നവീകരണത്തിനുള്ള വഴി. പരമമായ സ്ത്രീ പുരുഷസമത്വത്തിലേ പ്രണയമുണ്ടാവൂ. രണ്ടുപേർ പരസ്പരം പ്രണയിച്ച് കുടുംബജീവിതം നയിക്കുമ്പോൾ അധികാര വ്യവസ്ഥയ്ക്കെതിരായുള്ള ഒരു കലാപം കൂടിയാകുന്നുണ്ട് അത്.



# Nationalism and the Making of the New Indian Woman

Indian woman is not a single entity with one common identity. For the sake of the hypothesis and argument I have used this term.

This is a presentation of the few interesting formulations I found in some of the theorists on nationalism and the making of the new woman. While anti-colonial freedom struggle led to the formation of the nation India, which was made possible by the many patrikas of the time, the new woman who has a pivotal role to play in the nascent nation was also being made by various patrikas or pamphlets that guide women to make themselves suitable for the new nation as well as the new kind of family system. Of course, these are debatable questions, and therefore these observations are open for discussion. No deep study has been made yet. The paper is the result of a preliminary

**Dr. J Maya Devi**
SNG College, Chelannur





reading of some of the seminal texts on nationalism. The woman making process still continues and as Althusser says the ideological state apparatus is devising ways to make, demake and remake woman and also feigning to counter anti -woman movements from various corners. I know I am being vague here. Simultaneously, this making has to take into account movements like feminism and womanism. While theorizing on feminism and its most modern version, a term coined by Alice Walker, womanism, in my humble opinion forget the myriad groups of women still living sidelined by the mainstream canonical feminists/womanists. Who are misfits in these groups )

Nationalism has been viewed differently by different thinkers. In the Indian context nationalism was important for a reason. As Chatterjee says:

Nationalism denied the alleged inferiority of the colonized people; it also asserted that a backward nation could 'modernize' itself while retaining its cultural identity. It thus produced a discourse in which, even as it challenged the colonial claim to political domination, it also accepted the very intellectual premises of 'modernity' on which colonial domination was based. ("Nationalism as a Problem in the History of Political Ideas" 30)

Nationalism has contributed to the fashioning of the attitudes of the people of India. Nationalism engaged in transforming the spiritual domain had to deal with multiple areas within the domain beginning with language. Print capitalism could play a crucial role in the development of a national language within the context encompassing all the places of the colony. "Language . . . became a zone over which the nation first had to declare its sovereignty and then had to transform in order to make it adequate for the modern world" ("Whose Imagined Community?" 6). Language was part of the spiritual domain, a marker of cultural identity from which the colonizer had to be sufficiently distanced. This was the reason why many domestic manuals with instructions blending both orthodox Hindu customs and the modern liberal European customs with regard to housekeeping and women's education got printed in Bengali, Malayalam and other Indian languages during the time of the freedom struggle. Many women came under the influence of such instructional materials. As Partha Chatterjee says:

The contradictory implications of these two movements in the hegemonic domain of nationalism have been active right through its career and continue to affect the course of postcolonial politics. The process could be described, in Gramscian terms, as 'passive revolution' and contains . . . a demonstration of both relevance and the insurmountable limits of a Foucauldian notion of the modern regime of disciplinary power. The search for a postcolonial modernity has been tied, from its very birth, with its struggle against modernity. ("The National Elite" 75)

To a great extent, the precarious position of being an insider and outsider simultaneously in a nation or locality can be synecdochically explained in terms of the much smaller 'home' which encapsulates most of the power relations, existential dilemmas and identity crisis that one encounters in the world outside it. (Woman was an insider , but the new woman being made was an outsider, or seemed an outsider, who has to be so shaped fit within the context of nationalism and independent India.)


'Home', like 'homeland, is a term that both includes and excludes, since home is not an open space, but constricted within boundaries. In language, a word acquires signification only in relation to other words that either include or exclude a particular meaning to emphasize similarity or difference. Some of the ideas in the works listed below have been useful during the course of the study. Wa Thiong'o's Homecoming, Gaston Bachelard's The Poetics of Space, J. Douglas Porteous' "Home: The Terrritorial Core", Chandra Mohanti's "Feminist Politics: What's Home Got to Do with It?" Masao Miyoshi's "A Borderless World? From Colonialism to Transnationalism and the Decline of the Nation-State", Anthony Vidler's The Architectural Uncanny: Essays on the Modern Unhomely andYi-Fu Tuan's Topophilia: A Study of Environment, Perception, Attitude and Values have provided many useful ideas. Bachelard's work makes a parallel between

geographic space and psychic space, both of which can be divided into two—home and non-home, and self and other. Porteous' idea of home is somewhat similar to that of Bachelard in that home is seen as a comfort zone whereas the non -home is not. The home possesses certain qualities by virtue of which it is able to provide a certain degree of stability and comfort. What home caters to, are certain basic emotional needs which normally go unaddressed at non-homes. But this has been questioned by Rosemary M. George in the book The Politics of Home, where she argues that such confidence in the assumptions is the result of oversight (21). (Could nationalism accommodate woman comfortably within the boundaries, is another debatable question)

George has rightfully pointed out that home has transcended its meaning from the restricted domestic space that is enclosed within borders to a much wider variety of topics related to it. "There have been several successful attempts to theorize homes and domesticity as more than the place and pursuit of private individuals" (3). The study intends to approach the novels that problematize the question of homeland bearing in mind the assumption that "the search for the location in which the self is "at home' is one of the primary projects of twentieth century fiction in English" (3).

'Coming home' and 'going home' are two phrases that perplex thinkers on account of the contradictory relations the two acts maintain with home. How, why and when do people imagine places as homes are crucial questions to be answered before proceeding to analyze the issues related to 'coming home' and 'going away from home'. People imagine a place as their home by virtue of being born in that particular place and entering into a congenial relation with those around who are related to them in one way or the other. Blood relationship or membership in a community or any group presupposes the existence of a place designated home. The familiar surroundings to which they get accustomed exert a gravitational pull, which refuses to withdraw its clutches despite strained relationship among family members and members of the community. For this reason, the 'prodigal son' returns home after enjoying all the pleasures and freedom offered by the world outside home. This is not to simplify the idea of homecoming. Leaving home for survival cannot be equated with the displacement that is the result of forceful evacuation from one's home. "Home-country and home resonate differently from different locations for different subjects and often even for the same subject at different locations" (George 17). (The coming home and going home of woman is much more complex acts as the woman herself will have to demake and remake her self in order to be accepted.)

Home is not necessarily the beautiful, comfortable and secure place that one usually imagines it to be and therefore, longs to return to, after the stressful 'affiliatory' transactions with people outside. Given the rising number of incidents of domestic violence and child abuse reported from the private world of home, home no longer enjoys (in fact, it has never enjoyed) the status of a comfort zone (George 21). From the above argument and the reports of increasing cases of violence in the domestic circle, it must be concluded that home and' by extension, homeland do not provide peace and joy to all their inhabitants. Such incidents demystify the aura surrounding home and homeland. The following formulation of George also seems relevant in this context. Her point



is that the self at home is distinct from the self in public places and that these selves do not manifest in an identical way as they are gender -specific and role-specific. The home is home for the women and the public space for the men whose return to the comforts of the home is momentary. She argues that "The association of home and the female has served to present them as mutual handicaps, mutually disempowering. Hence, the woman is incapacitated because she is "tied" to the home, and home is shelter for the incapacitated (19).

Within the territory of postcolonial writings that make the question of home problematic, there is another area that demands a more thorough exploration. This area concerns the cord that binds women and home. The nature and composition of the cord itself is a contentious issue as it confines and liberates. Home can be seen as a site of perpetual enslavement and also a site of freedom from those restrictions imposed by the society outside. The refreshing atmosphere of the home, in the case of a few lucky ones, helps to overcome the hurdles imposed by the society. A progressive mentality is essential in all the residents of the home for the women to overcome the restrictions. But feminists would argue that it enslaves more than it liberates. They are of the opinion that it is not only the home, but the community and the nation too that conspire to debilitate women and deform their 'self'. Home is not to be distinguished from one's workplace. Home is the place where one is constantly and continuously working. If the woman cannot feel at home even in her home, how can she at the workplace outside home?

The society is to be held responsible for this pitiable condition. How could this be changed is the question. According to Gellner nationalism and high culture have a symbiotic relationship. He stresses,

> nationalism is, essentially, the general imposition of a high culture on society, whose previously low cultures had taken up the lives of the majority, and in some cases, of the totality of the population. . . . It is the establishment of an anonymous, impersonal society, with mutually substitutable atomized individuals, held together above all by a shared culture . . . in place of a previous complex structure of local groups, sustained by folk cultures reproduced locally and idiosyncratically by the micro -groups themselves. (57)

It is a kind of eco-system where each one has to depend on another for survival in a symbiotic or parasitic relationship. But the kind of dependency shows a pattern that covertly reproduces the existing power structure.

A child is supposed to move along the road constructed by the state apparatus. It is guided to follow that route by teachers and parents, the custodians of discipline and agents of the state for the reproduction of the power structure already in place. The child is not allowed to go astray or explore the possibilities that lie beyond the set pattern. If it dares to cross the boundaries, it will be labelled a rebel or lunatic and then ostracized from the society or exiled from the locale. A return to what is accepted as the norm will be possible only if it is willing to give up its 'original' ideas and 'erratic' behaviour, and conform to the patterns set by the state. This phenomenon is observable in many other areas of life too, especially in the parent-child and husband-wife relationship. It is by regulating the deportment of the individuals—husband and wife—that the acceptable behavioural pattern is maintained. Even when the same rules apply to both man and woman, there is no gender equality when it comes to the implementation and violation of certain rules. Violation of the same rule by the male and the female, invites different kinds of responses from the society. The discursive practices reiterate this differential treatment as the night club episode in SL shows. The formation of the very identity and subjectivity of male and female, in India and abroad, takes entirely different routes.


The self does not evolve naturally



The challenge before them "at this particular time is to develop a discourse that responds to the power relations of the world system to examine the location in the dynamics of centre and margins" (Kaplan, "Deterritorializations" 189). Thereby, they try to counter the master narratives of exclusion.

Writing fiction, writing family history and writing cultural history, in the contemporary Indian context, are all different forms of resistance intended to counter the cultural invasion by the Eurocentric forces. Dissent is articulated by the very process of writing from the margins which empowers the writer by being located at a more convenient and comfortable zone to operate from, than the area which is set aside or allotted to them by the hegemonic forces. Writing in opposition to the forces operating at the centre involves a confrontation with the centre and also a movement towards the centre—a centripetal movement—from the site of operation located at the margins. To counter this, the dominant forces will be forced to adopt a centrifugal movement to adapt and contain the opposition. These transgressive movements made by oppositional political ideologies entail diverse pleasures, and "these can be experienced, enjoyed even, because, one transgresses, moves 'out of one's place'. For many . . . movement requires the pushing against oppressive boundaries set by race, sex and class domination. Initially then it is a defiant political gesture. Moving [helps to] confront the reality of choice and location" (bell hooks [sic] 15).

The construction of the subject was achieved by material practices like the production and propagation of discourses like conduct books. The colonial officials, both British and Indian, by virtue of being a part of the colonial government had shouldered the responsibility to fashion the women in their colonial homes. The resistance to such forced fashioning is also clearly visible in the sub-narratives of contemporary texts.




The hypothesis is that it was the same books that created a class of middle class women in India radically different from their predecessors, yet conforming to the conventions set by tradition, thus allaying the fears and anxieties of the patriarchal society with regard to the project of modernizing the Indian women and at the same time keeping them under control.

The creation was most prudently accomplished by educating women and also by making accessible to them the kind of literature that would transform them without letting them compromise their role, duty and identity as homemaker. Women were imparted education under the pretext of uplifting them from a state of illiteracy and ignorance, thereby cleverly infusing the dominant patriarchal ideology to obtain their consent to effect this transformation. This peripheral change, however, did not effect any radical revamping in the domain of the existing power relations between men and women and also among women, and their operations within the domestic sphere. It means, their position within home and in the homeland continued to remain unchanged despite this making of the new woman. Thus, the period of transition appropriated a new wave of modernity in the name of progress by skilfully managing to keep the sacred boundaries of home intact for the traditional customs and conventions to be followed strictly within its four walls.

The home and the world dichotomy re-configured interpersonal relations between the colonizer and the native and also between men and women at that time. The fixed hierarchy of gender roles and the roles of the colonizer and the colonized began to undergo a deconstruction for

the reconstruction of new roles and power equations. These and many other factors contributed to the formation of individuals with "double consciousness," to borrow a term from W. E. B. Dubois. The nineteenth and twentieth century India, especially Bengal, as it happened to be the capital of British India, witnessed and participated in the production of ideologies to fight the invaders and keep the Indian tradition intact. Patriarchy, the supreme ideology of the time, with its effective discursive practices, confined women within the four walls of the home, restricted their mobility and denied them education. Therefore, Codes of law—the smritis and the srutis—came to be questioned and reworked upon by reformists in order to improve the status of women in the family and in the world outside. The ancient Hindu scriptures that governed the lives of the unfortunate women came to be replaced by some more liberal codes constructed out of a combination of the Hindu and the Christian codes of family, carefully formulated with a view to make women more acceptable and useful in the nationalist movement which was gaining momentum at the time. A study made by Judith E. Walsh on the instructional materials or rather domestic manuals written and published by men as well as women in the late nineteenth and early twentieth centuries shows how this process of mixing up of the Oriental and the Western instructions for women shaped the 'new' woman with changed sensibilities and tastes and who, in her capacity, produced literature to shape her kindred spirits. About the same time, instructional materials also got published to instruct and enlighten women of their duties, their 'dharma'. Walsh's How to be the Goddess of Your Home features translations of a number of such domestic manuals in Bengali. These manuals, some written by men in the form of dialogues between husband and wife in the roles of teacher and disciple, and others written by women, all validate patriarchy in one form or



another. In Conversations with the Wife (Strirsahit Katho-pakathan) by Dhirendranath Pal (1883) there is a section that details four kinds of relationships—partner, wife, confidant and spiritual—a wife has with her husband (Walsh 47).

The Duties of Women (Ramanir Kartavya) by Giribala Mitra and Jayakrishna Mitra is all about home and home-making (Walsh 39). The law codes of Manusmriti and the Vedic Srutis have undergone a timely transformation in these manuals in conformity to the modernizing agenda of the English educated, religious reformists of the Brahmo Samaj and other similar organizations. They are traditional, well-intended to keep the cultural identity, at the same time marching ahead against the current of a totally humiliating kind of existence women were having, to a more progressive and modern life inspired by nationalist feelings. In 1886, Keraleeya Suguna Bodhini, the first women's magazine in Malayalam was published from Trivandrum. It was not by women, but by men like Kerala Varma, K Chidambara Vadhyar and NV Narayana Pillai. Magazines like Sarada, Mahila, Sreemati, Vanitakusumam also discussed the question of education of women, their position in society, family etc. It was Sarada published from Thrissur in 1905 that fielded a woman as editor and publisher of a women's magazine. All these magazines also conformed to the agenda of modernizing women while at the same time upholding and validating patriarchal values.

In this context one particular article by J Kunjulakshmiamma, written in Sudharma in 1903 needs to be given special mention. Unlike, the other writers who were only exhorting women to get educated, this article argued for a separate room for women, a room of one's own, Much before Virginia Woolf wrote the essay in 1929.

In the view of the feminist critic




like the blooming of a tree; but the self-formation is the result of a conscious engineering work executed with great care not disrupting the normal social relations of power that energize and sustain the existing power structure. Given the human mind's inherent frailties, it is likely that the rules get adulterated or diluted to cater to the diverse aspirations and desires of individuals, from which there is no escape for any 'normal' human being. There might be excesses, usurpations and trespassings into prohibited territories, and even abnormal, aberrant, deviant behaviour. The state apparatus has rules framed in advance to deal with such excesses, violations and aberrations. But discriminatory practices based on gender seem to be the norm when dealing with such cases. Even individual members of the society—both male and female—follow such discriminatory practices, which they manifest in their various domestic roles of father, mother, brother, grandmother, grandfather, husband, and professional roles of teacher, administrator, religious head etc. Some of these practices are specific to particular classes, castes, and religions. Within the homeland is another sub-homeland exclusively for the bhadralok whose members are required to follow certain rules more strictly than those from other locales.

There is not just one cause or a series of causes for the kind of behaviour espoused by her or by any other character in the novel. But it can be traced to the discursive practices circulating within a given society that directly or indirectly instruct and train its members to produce the desired effect. Spatial and temporal elements also contribute to behavioural contingencies. As pointed out earlier, Martin and Talpade, and many others who have theorized on homeland have stressed the close relation between home and the constitution of the subject. But, in fact, as Foucault demonstrates, home is not the sole constitutive agent in the formation of the subject position. The process of this constitution takes place in two stages. First, the individuals are interpellated/ hailed. This interpellation assigns them specific subject positions which are later used to subject them. The sole player in both the acts is power. He observes in "The Subject and Power":

This form of power applies itself to immediate everyday life which categorizes the individual, marks him by his own individuality, attaches him to his own identity, attaches him to his own individuality, imposes a law of truth on him which he must recognize and which others have to recognize in him. It is a form of power which makes individual subjects. There are two meanings of the word 'subject': subject to someone else by control and dependence, and tied to his own identity by a conscience or self -knowledge. Both meanings suggest a form of power which subjugates and makes subject to. (212)

The formulations made by Martin and Talpade on subject and home, and Foucault reiterate the subtle ways in which power operates to give subject positions and then by the use of which to subject them to discipline and control.

It is an oft repeated statement that 'the home is where the heart is'. It reveals the inextricable link between the self, its location i.e. the body, and the location of the body. It is the self that is designed and re-designed while being located, dislocated and relocated. These related, yet, oppositional movements continuously form, de-form, re-form and reform the self, constructing identities and subjectivities that either constrict or liberate/transcend the self. The contemporary writers are apparently engaged in a quest for a form of discourse in tune with the moorings of a 'self' constructed by contingencies, a self that opposes the hegemonic practices, that resists dominant ideologies and challenges the established cannon. Despite their joint venture, they often end up reproducing the very same power structure they tried to dismantle.



Ellen DuBois, there was not just one category of English middle class women constructed during colonialism, but two. The first category actively participated in the colonial enterprise and the second, a more demanding 'new woman' instead took another route and proceeded to emancipate women from the debilitating clutches of the patriarchal society which even refused to acknowledge their need for suffrage (24). Just like the distinction maintained by the nationalist Indians between the public and private spheres for their so called 'new women'/ 'modern women', their European counterparts too followed a tradition of demarcating the public and the private. One major task of the home-management books was to 'help' women maintain this distinction even in adverse living conditions when they were forced to live in camps in remote areas. The British women generally benefited from such books, as they could produce "a semblance of domestic order out of the most meagre resources" and separate "the public, masculine sphere of work and the private, domestic, female sphere" (George 41). But this privilege was denied to the wife of the Indian Civil Servant who was moulded as "Indian in blood and colour, but English in taste, in opinions, in morals and intellect" as Macaulay states in his 1835 Minute on Indian Education. Though the husbands emulated the British, the wives failed because they had not been imparted the standard education to mould them as British as their husbands. Therefore, the home of the Indian civil servant was a fertile ground for conflicting ideologies. The dominant ideology which was being imposed on the women faced resistance of various kinds from them. So lack of 'proper' education coupled with the non or under availability of domestic guidebooks for Indian women in English and Indian languages together backtracked or sometimes retracted this modernizing project in the case of a few Indian families at least.

The creation of this particular character gives ample scope to interrogate and make problematic the strategies used by the different bodies of state apparatus to circulate the dominant ideology with regard to man-woman relationship. The violence of the male and the resistance, though often mute, against it by the female are made use of to subvert the dominant ideology of domination and subordination. Domination and subordination exist in different forms and at different levels in the post-colonial post-independence era too. The Judge and his wife represent the colonizer-colonized or the empire-colony relation of repression and resistance. Subjugation of women was the norm in the patriarchal system in the pre-colonial and colonial period. Nonetheless, bourgeoning resistance shows that ideologies opposing and subverting the dominant ones have also been in circulation all along.

Thus it could be seen that the postcolonial subjectivity has parallels in the colonial national and diasporic subjectivities as also departures from them, and these are conjured up and represented by different postcolonial writers located at different places in

different ways. The same writer very often reveals his/her ambivalent attitudes and self contradictions implicitly or explicitly through his/her characters who position themselves as potent mouthpieces of the writer. This is not an exception, but the general truth. Therefore, the postcolonial politics of the homeland, the postcolonial subjectivity and nationality defy monolithic definitions. What is possible is only differential analysis that yields different versions of these concepts.

**Works Cited**

Althusser, Louis. Lenin and Philosophy and Other Essays. Trans. Ben Brewster. Delhi: Aakar, 2006. Print.

Anderson, Benedict. Imagined Communities. 1983. London: Verso, 1996. Print.

Chatterjee, Partha. "Nationalism as a Problem in the History of Political Ideas."

Nationalist Thought and the Colonial World. Partha Chatterjee Omnibus.

New Delhi: OUP, 1999. 1-35. Print.

---. "The Nation and Its Women." The Nation and Its Fragments. Partha Chatterjee Omnibus. New Delhi: OUP, 1999. 116-134. Print.

---. "Whose Imagined Community?" The Nation and Its Fragments. Partha Chatterjee Omnibus. New Delhi: OUP, 1999. 3-13. Print.

Foucault, Michel. Archaeology of Knowledge. 1969. Trans. A. M. Sheridan Smith. London: Routledge, 1989. Print.

---. "The Subject and Power." Michel Foucault: Beyond Structuralism and Hermeneutics. Ed. Hubert L. Dreyfus and Paul Rabinow. Illinois: U of Chicago P, 1982. Print.

DuBois, Ellen Carol. "Woman Suffrage and the Left: An International Socialist -Feminist Perspective." New Left Review 186 (March/April 1991): 21-38.

Gellner, Ernest. Nations and Nationalism. Oxford: Basil, 1983.

George, Rosemary Marangoli. The Politics of Home. Cambridge: Cambridge UP, 1996. Print.

hooks, bell (sic). "Choosing the Margin as a Space of Radical Openness." Framework 36. Special Issue, "Third Scenario: Theory and the Politic of Location" (1989): 15-24. Print.

Kaplan, Caren. "Deterritorializations: The Rewriting of Home and Exile in Western Feminist Discourse". Cultural Critique 6 (Spring 1987): 187-98. Print.

Macaulay, Thomas Babington. "Minute by the Hon'ble T. B. Macaulay, dated the 2nd February 1835." Project South Asia. n. d. Web. 27 March 2011.

Martin, Biddy and Chandra Talpade Mohanti . "Feminist Politics: What's Home Got to Do With It?" Feminist Studies/Critical Studies. Ed. Theresa de Lauretis Bloomington: Indiana UP, 1986. 191-212. Print.

Mohanti, Chandra Talpade. "Feminist Encounters: Locating the Politics of Experience." Destabilizing Theory: Contemporary Feminist Debates. Ed. Michele Barrett and Anne Phillips. California: Stanford UP, 1992. Print.

Ngugi, wa Thiong'o. Homecoming. London: Heinemann, 1972. Print.

Walsh, Judith E. How to be the Goddess of Your Home. New Delhi: Yoda, 2005. Print.

Paper Presented in the International Seminar on Women: Privacy, Profession, and Position at

Malabar Christian College, Kozhikode on 4 January 2018, by AKPCTA On the occasion of the diamond Jubilee of the Organization.

Sub Theme: Women and Literature

**TIFR, IIT Bombay And Mar Thoma College, Tiruvalla**

Jointly organizes

**TEACHERS ENRICHMENT WORKSHOP (MATHEMATICS)**

**On**

***Advanced Linear Algebra And Multivariate Calculus***

**From 2nd April to 6th April 2018-02-16**
**At Mar Thoma College, Tiruvalla**

To Apply visit: www.atmschools.org



# ആമി

## പ്രണയത്തിന്റെ പുന:സൃഷ്ടി

**അജി സി. പണിക്കർ**
എം.എ. കോളേജ് കോതമംഗലം



ഈ അടുത്ത സമയത്ത് കമൽ സംവിധാനം ചെയ്ത ആമി എന്ന ചലച്ചിത്രം വീണ്ടും മാധവികുട്ടിയുടെ ഓർമ്മകളിലേക്ക് എന്നെ കൂട്ടി കൊണ്ടുപോയി. അതുകൊണ്ടുതന്നെ ഒരുപാട് പരിമിതികളും പരിധികളുമുള്ള ആ ചലച്ചിത്രത്തിനെ ആധാരമാക്കി മാധവിക്കുട്ടിയിലൂടെ ഒരു യാത്ര അനിവാര്യമാണ് എന്ന് തോന്നി.

1934-ൽ ജനിച്ച 2009-ൽ നമ്മെ വിട്ടു പിരിഞ്ഞുപോയ മാധവിക്കുട്ടിയുടെ വ്യക്തിത്വം രൂപപ്പെട്ടത് ഇന്ത്യയുടെ സ്വാതന്ത്ര്യ സമര ചരിത്രത്തിലൂടെ കൂടിയാണ്. അത് വ്യക്തമായി പ്രതിഫലിപ്പിക്കുവാൻ സംവിധായകന് കഴിഞ്ഞു എന്നു തന്നെയാണ് ചിത്രം കണ്ടപ്പോൾ അനുഭവപ്പെട്ടത്. മലയാളിയെ സംബന്ധിച്ച് മാധവിക്കുട്ടി സ്നേഹാതുരമായ ഒരു പ്രണയസ്മരണയാണ്. അതിന് ചേരുന്ന രൂപഭാവാദികളും, കടുംനിറത്തിലെ പട്ടുസാരികളും, നെറ്റിയിലെ ചുവന്ന വലിയപൊട്ടും, വൈരമൂക്കുത്തിയും, നിറഞ്ഞ ചിരിയും ഒക്കെയുമായി മലയാളിയുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്ന പ്രണയത്തിന്റെ രാജകുമാരിയാണ് മാധവിക്കുട്ടി എന്ന കമലാദാസ്.

മാധവിക്കുട്ടിയുടെ നെയ്പായസവും, പക്ഷിയുടെ മണവും, നഷ്ടപ്പെട്ട നീലാംബരിയും, നീർമാതളം പൂത്തകാലവും എന്റെ കഥയും ഒക്കെ പലവട്ടം നമ്മൾ വായിച്ച തീർത്ത പുസ്തകങ്ങളാണ്. തന്റെ കൃതികളിൽ ലൈംഗീകത ആൺകോയ്മയുടെ അധികാര പ്രയോഗവും ചൂഷണോന്മുഖവുമാണെന്നാണ് അവരുടെ ദർശനം.

'ഞാൻ ഇതാണെന്ന് പറയുവാൻ ഞാൻ ആരെ ഭയക്കണം' എന്ന് ചോദിക്കുന്ന മാധവിക്കുട്ടി എന്റെ കഥയിൽ നടത്തിയ ഒരു തുറ

ന്നെഴുത്ത് ഏതൊരു എഴുത്തുകാരിയും മടിക്കുന്നതാണ്. പ്രണയത്തെ വളരെ തീവ്രമായ ഒരു വികാരമായി പരസ്യപ്പെടുത്തുന്നതിൽ അവർക്ക് ഒരു മടിയും ഉണ്ടായിരുന്നില്ല എന്നതാണ്. 'നീ എന്റെ കണ്ണിലെ കണ്ണുനീർത്തുള്ളി ആയിരുന്നു എങ്കിൽ നിന്നെ നഷ്ടപ്പെടുമോഎന്നോർത്ത് ഞാൻ ഒരിക്കലും കരയാതിരുന്നേനെ' എന്നെഴുതിയ മാധവിക്കുട്ടി ജീവിച്ചിരിക്കുന്നവരെ സ്നേഹിക്കുന്നപോലെ മരിച്ചവരേയും സ്നേഹിക്കുവാൻ കഴിയുമെന്നും ശരീരമില്ലാത്തവരെ സ്നേഹിക്കുന്നതിൽ ഒരു ലഹരിയുണ്ടെന്നും ശരീരം സ്നേഹത്തിന് പരിമിതി നൽകുന്നുവെന്നും പറയുമ്പോൾ മാർക്വേസിന്റെ മാജിക്കൽ റിയലിസത്തിൽ ജീവിച്ച വ്യക്തിയാണ് മാധവിക്കുട്ടി എന്ന നിരൂപകരുടെ വാദഗതിയിൽ കഴമ്പുണ്ട് എന്ന് തോന്നി പോകും. നീലാംബരിയിലെ സുഭദ്രയുടെ നഷ്ടങ്ങളെ വിലയിരുത്തുമ്പോൾ സുഭദ്രയ്ക്ക് നഷ്ടമായത് മുല്ലയുടേയും, പിച്ചിയുടേയും, ജമന്തിയുടേയും, കാട്ടു തുളസിയുടേയും ഗന്ധം തങ്ങിനിൽക്കുന്ന മധുരയുടെ തെരുവീഥികളാണോ മീനാക്ഷി ക്ഷേത്രത്തിന്റെ തണുത്തുമിനുത്ത അകത്തളങ്ങളോ അതോ തിലകഹോമത്തിന്റെ തിരികൾ തെളിഞ്ഞ സന്ധ്യയിൽ അദ്ദേഹം അവൾക്കായി ആലപിച്ച നീലാംബരി രാഗമാണോ എന്ന ചോദ്യത്തിൽ മാധവിക്കുട്ടിയുടെ മനസ്സ് വ്യക്തമാകുന്നുണ്ട്.

അധികാര രാഷ്ട്രീയത്തിന്റെ അഴുകൽ പ്രക്രിയയിൽ നൈതികതയോടെ സമരസപ്പെടേണ്ടതിന്റെ ആവശ്യം മാധവിക്കുട്ടിയുടെ നോവലുകളിൽ (മനസ്സ്) ഉണ്ട്. ഒരു പക്ഷെ അതാവാം പ്രത്യേകിച്ച് എന്തെങ്കിലും രാഷ്ട്രീയ അടിത്തറയില്ലാതെ തന്നെ സമീപിച്ചവരോടും ഒരു ജീനിയസ് പരിവേഷത്തിൽ നിൽക്കുന്ന മാധവിക്കുട്ടി സമരസപ്പെട്ട് കെട്ടിവെച്ച കാശുപോലും കിട്ടാതെ തിരഞ്ഞെടുപ്പിൽ പരാജയപ്പെടുന്നതും. അതിനേയും വളരെ നിസാരമായി തന്നെ കാണുന്ന അവരുടെ മനസ്സും ഒരു വട്ടം നോബൽ പ്രൈസിന്റെ നോമിനേഷൻ വരെയെത്തിയ മാധവിക്കുട്ടിയുടെ കഥ ഒരു ചലച്ചിത്രത്തിൽ ഒതുക്കുക എന്നത് വളരെ ദുർഘടം പിടിച്ച പണിയാണെന്നിരുന്നിട്ടും കമലിന്റെ ശ്രമം ശ്ലാഘനീയം തന്നെ.

ഒരുപാട് വിവാദങ്ങൾക്ക് ഒടുവിലാണ് ചിത്രത്തിന് പ്രദർശനാനുമതി ലഭിച്ചത്. മലയാളിയുടെ മനസ്സിൽ വാനോളം വളർന്നു നിൽക്കുന്ന എന്നും പച്ചയ്ക്ക് തുറന്നെഴുതുന്ന ഒരു എഴുത്തുകാരിയാണ് മാധവിക്കുട്ടി. രൂപം കൊണ്ടോ ഭാവം കൊണ്ടോ ശൈലികൊണ്ടോ മറ്റാരേയും അവർക്ക് പകരം വയ്ക്കുവാൻ മലയാളി അനുവദിക്കില്ല എന്ന വാദഗതിയുടെ മേലാണ് കമലിന്റെ വെളിപ്പെടുത്തൽ വരുന്നത്, 'എന്റെ കഥ'യിലെ മാധവിക്കുട്ടിയല്ല 'എന്റെ കഥ' എഴുതിയ മാധവിക്കുട്ടിയുടെ ജീവിതമാണ് ആമി' എന്ന്. 'എന്റെ കഥ' എന്ന മാധവിക്കുട്ടിയുടെ ആത്മകഥയെ ആധാരമാക്കിയാണ് കഥയുടെ വളർച്ച. മാധവിക്കുട്ടിയായി മാറുവാൻ ഒരു പരിധി വരെ മഞ്ജു വാര്യർക്ക് കഴിഞ്ഞിട്ടുണ്ട്.

വ്യക്തികളേക്കാൾ ഉപരിയായി സ്ഥലങ്ങളും കാലവുമാണ് സിനിമയെ നിയന്ത്രിച്ചത് എന്ന് പറയാം. ഗാന്ധിജിയിൽ ഇന്ത്യൻ ഗ്രാമങ്ങളിലെ ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസവും സ്വാതന്ത്ര്യാനന്തരം ഉണ്ടായ വിഭജനത്തിന്റെ കാലഘട്ടവും സംഘർഷങ്ങളും അതുവരെ ശാന്തമായിരുന്ന ബംഗാളിലെജന ജീവിതം സംഘർഷഭരിതമാകുന്ന അവസ്ഥയും ഒക്കെ നന്നായി ചിത്രീകരിച്ചിരിക്കുന്നു. എന്നും അമ്മമ്മയേയും നാലപ്പാട്ട് തറവാടിനേയും നീർമാതളത്തേയും പുന്നയൂർക്കുളത്തേയും ഒക്കെ സ്നേഹിച്ചിരുന്ന കമല കൽക്കട്ടയിൽ അച്ഛന്റെ ചിട്ടയുടേയും അമ്മയുടെ എഴുത്തിന്റെയും ലോകത്ത് സ്നേഹത്തിനു വേണ്ടി അലയുന്ന ബാല്യമായി മാറി. പിന്നീടും 15-ാം വയസ്സിൽ വിവാഹിതയാവുന്ന കമല ആദ്യരാത്രിയിൽ തന്നെ താൻ ഒരു ഭോഗവസ്തുവായി മാറിയെന്ന് തിരിച്ചറിയുന്നു. പ്രായത്തിൽ ഒരുപാട് മുതിർന്ന ഒരു പുരുഷനെ ഭർത്താവായി കിട്ടിയപ്പോഴും





തന്റെ ആദ്യ കാമുകനും അവസാന കാമുകനും കൃഷ്ണനാണെന്ന് തിരിച്ചറിഞ്ഞ് കണ്ണനെ പ്രണയിക്കുന്ന രാധയായി മാറി സ്വന്തം മനസ്സിനുള്ളിൽ ജീവിക്കുന്നു. ഒരു പരിധിവരെ തനിക്ക് നഷ്ടപ്പെട്ടതിനെ തേടുന്ന അവസ്ഥയാവാം ഇത്രയധികം പ്രണയാതുരയാകുവാൻ മാധവിക്കുട്ടിക്ക് സാധിച്ചത്.

സ്നേഹത്തിനു വേണ്ടി ഇത്രയധികം ആഗ്രഹിച്ച ഒരാളേയും നമുക്ക് കണ്ടെത്താനാവില്ല. വാക്കുകൾ കൊണ്ട് പൂർത്തിയാക്കാവുന്നതല്ല ഇന്ദ്രിയങ്ങൾക്ക് അതീതമായ മാധവിക്കുട്ടിയുടെ പ്രണയം. തനിക്ക് നിഷേധിച്ചതൊക്കെ അവർ മറ്റുള്ളവർക്ക് വാരിക്കോരി കൊടുത്തു. ഭർത്താവിനൊത്ത് ജീവിക്കുമ്പോഴും സുഹൃത്തുക്കളൊത്ത് ചിലവഴിക്കുമ്പോഴും ഒക്കെ മനസ്സുകൊണ്ട് മറ്റൊരു സ്വത്വത്തിലേക്ക് മാറുവാൻ മാധവിക്കുട്ടിക്ക് കഴിഞ്ഞിരുന്നു. ' പ്രഭാവർമ്മയുടെ ശ്യാമ മാധവത്തിൽ' ഇതുപോലൊരു രാധാകൃഷ്ണപ്രണയ സങ്കല്പം ഇതൾ വിരിയുന്നുണ്ട്.

മാധവിക്കുട്ടിക്ക് തന്റെ പ്രണയയാത്രയുടെ പൂർത്തീകരണത്തിന്റെ ഇടത്താവളങ്ങൾ മാത്രമാണ് മതങ്ങൾ. നിസഹായയായ ഒരു സ്ത്രീയായി മാധവിക്കുട്ടിയും ചിലപ്പോഴെങ്കിലും ഒക്കെ മാറി പോകുന്നുണ്ട്.

ഭർത്താവിനോട് എങ്ങനെ പെരുമാറണം എന്ന് പഠിപ്പിക്കുവാൻ മാധവദാസ് ഒരു വേശ്യയുടെ സഹായം തേടുമ്പോഴും കൈയ്യിലെ സ്വർണ്ണവള ആരാധികയ്ക്ക് കൊടുത്ത് മാധവദാസ് തിരികെ വാങ്ങുമ്പോഴും, സ്വവർഗ്ഗരതിക്കാരനായ ഭർത്താവിനെ തിരിച്ചറിയുമ്പോഴും, ഏറ്റവുമൊടുവിൽ തന്റെ ഇമേജിന് കോട്ടം വരുത്താതെ അക്ബർ അലി യാത്ര പറഞ്ഞു പോകുമ്പോഴും കമല നിസഹായയാവുന്നത് പ്രേക്ഷകർ തിരിച്ചറിയുന്നു. ഒറ്റയ്ക്ക് ജീവിക്കുന്ന സ്ത്രീ ഓളഭാവമില്ലാത്ത തടാകം പോലെയാണ്. ഒരു ചെറിയ കാറ്റുമതി ആ തടാകത്തിൽ ഓളങ്ങൾ നിറയ്ക്കാൻ. അക്ബർ ആരുപോലൊരു കാറ്റായിരുന്നിരിക്കും. കാറ്റിനെ തിരികെ വിളിക്കുവാൻ തടാകത്തിനാവില്ലല്ലോ എന്ന കമലയുടെ വാക്കുകൾ അതിന് തെളിവാണ്. സ്നേഹരാഹിത്യം, വരയും എഴുത്തും ഒരുപോലെ വഴങ്ങുന്ന മാധവിക്കുട്ടിയുടെ മനോനില തന്നെ തകരാറിലാക്കുന്നുണ്ട്.

ആത്മഹത്യയ്ക്ക് ഒരുങ്ങുമ്പോഴും കണ്ണന്റെ പ്രണയം അവരെ തിരിച്ചു വിളിക്കുന്നു. ഒരു പരിധി വരെ മാധവിക്കുട്ടി ഉൾപ്പെടെ ഏതൊരു സ്ത്രീയുടെയും ജീവിതം സഹനമാണെന്നും സ്ത്രീത്വത്തിന് തയ്ച്ചുകൂട്ടുന്ന പല കുപ്പായങ്ങളാണ് ഭാര്യക്കുപ്പായവും അമ്മക്കുപ്പായവും കാമുകിക്കുപ്പായവും എന്ന തിരിച്ചറിവ് നമുക്ക് പകർന്നു തരുന്നു. മതം മാറുവാൻ മാധവിക്കുട്ടി എന്ന പ്രതിഭയ്ക്ക് ശകുനപ്പിഴയുടെ കൂട്ട് വേണ്ടായിരുന്നു. ഇനി അക്ബർ അലിയെ പ്രണയിക്കുവാനും കമലയിൽ നിന്നും സുരയ്യയിലേക്ക് ഒരു മാറ്റം വേണമോ എന്ന ചോദ്യം സ്വന്തം ജീവിതത്തിൽ തന്നെ ഉയർത്തുവാൻ മറന്നുപോയ എഴുത്തുകാരിയാണ് മാധവിക്കുട്ടി എന്നിരിക്കെ പ്രഭാതത്തിലെ നക്ഷത്രമാക്കി കമലയെ മാറ്റിയതിൽ അക്ബറിന്റെ പങ്കും തുടർന്ന് അവർ അഭിമുഖീകരിക്കേണ്ടിവന്ന ആത്മസംഘർഷങ്ങളും അതിന്റെയെല്ലാം മുന്നിൽ പാറപോലെ ഉറച്ചു നിന്ന അവരുടെ മനസ്സും ഒരസാധാരണ സ്ത്രീത്വമായി മാധവിക്കുട്ടിയെ മാറ്റി തീർക്കുവാൻ സാധിച്ചു. കൃഷ്ണനെ പ്രവാചകനെന്നു വിളിച്ചോട്ടെ എന്ന ചോദ്യവും പ്രണയമാണ് (സ്നേഹം) എന്റെ മതം എന്നു പറയുന്ന കൃഷ്ണനും ഭഗവത്ഗീതയിൽ കാണുന്നത് തന്നെയാണ് ഖുറാനിലും കാണുന്നത് എന്ന ദർശനവും വർത്തമാനകാലത്തിന് അനിവാര്യമാണ്. വിമർശനങ്ങൾക്കും വർഗ്ഗീയവൽക്കരണത്തിനും ഒക്കെ വിധേയമാകാമായിരുന്ന ഒരു വിഷയത്തെ പ്രത്യേകിച്ച് കമലയിൽ നിന്നും സുരയ്യയിലേക്കുള്ള രൂപാന്തരണത്തെ വളരെ ശ്രദ്ധയോടെയും പക്വതയോടെയുമാണ് കമൽ കൈകാര്യം ചെയ്തത്. നീർമാതളംപൂത്തകാലം ഒരിക്കൽ കൂടി ആവർത്തിച്ചിരുന്നു എങ്കിൽ എന്ന് തോന്നിപ്പോകും. നാലപ്പാടിന്റെ രതിശാസ്ത്രവും ബാലാമണിയമ്മയുടെ അമ്മകഥകളും, ചങ്ങമ്പുഴയുടെ രമണനും വള്ളത്തോളിന്റെയും മാരാരുടെയും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും വിജയലക്ഷ്മിയുടേയും സാന്നിദ്ധ്യവും ഒക്കെ മലയാള സാഹിത്യലോകത്തെ പുനഃസൃഷ്ടിക്കുവാൻ കമൽ ഉപയുക്തമാക്കി.

# വ്യഥകളുടെ ചരിത്രപുസ്തകത്തിൽ ബാക്കിയായത്

ഇപ്പോൾ താനൊരു ശരീരം മാത്രമായി മാറിയിരിക്കുന്നു. വേദന... സൂക്ഷ്മത്തിൽ നിന്ന് സ്ഥൂലത്തിലേയ്ക്കും തിരിച്ചും ശരീരം എടുത്തെറിയപ്പെടുകയാണ്. നാനാതരം ദ്രാവകങ്ങൾ ഓരോ കണികകളിൽ നിന്നും വേദനയുടെ നീതറവകളായി പുറത്തേക്കൊഴുകി. അതിൽ തപ്പിത്തടഞ്ഞ്.. വിയർപ്പ്..... കണ്ണുനീർ .... അമ്നിയോട്ടിക് ഫ്ളൂയിഡ്.....

പ്രസവവാർഡ് മുഴുവൻ ഞരക്കങ്ങളും നിലവിളികളുമാണ്. പരസ്പരം കാണാതെ കർട്ടനുകളാൽ വേർതിരിക്കപ്പെട്ട് ആറു സ്ത്രീകൾ കാണാത്ത ശക്തികളോട് പൊരുതി തോറ്റും പിന്മാറിയും ചിലപ്പോൾ മാത്രം ജയിച്ചും സെക്കന്റുകൾ മിനിറ്റുകളാക്കിയും, മിനിറ്റുകൾ മണിക്കൂറുകളാക്കിയും പലപ്പോഴും സമയത്തെക്കുറിച്ചുള്ള ബോധമറ്റ്

'അയ്യപ്പാ........'

ചെവി തുളച്ചുകയറുന്ന നിലവിളി . വാർഡിന്റെ അങ്ങേ അറ്റത്തു നിന്നാണ്. ബ്രഹ്മചാരിയായ അയ്യപ്പനും പ്രസവവും തമ്മിലെന്താ ബന്ധം? കല്ലും മുള്ളും ചവിട്ടി കാടും മലയും താണ്ടി അയ്യപ്പനെ കാണാൻ അലയുന്ന തീർത്ഥാടനം പോലെ തോന്നിയോ ആ ഭക്തയ്ക്ക് ? കണ്ടതും കേട്ടതുമായ ബിംബങ്ങളും പേരുകളും ഒന്നും മനസ്സിൽ തോന്നുന്നില്ല.... നേർ ബന്ധങ്ങൾ എല്ലാം അറ്റിരിയ്ക്കുന്നു.............മുറിഞ്ഞ ചിന്തകൾ ചുറ്റിലും നൃത്തം ചെയ്തു.....ഇടയ്ക്കിടെ ഒൻപതാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ കണ്ട ഗാലക്സിയുടെ ചിത്രം മനസ്സിൽ തെളിഞ്ഞു... വേദനയ്ക്ക് ക്രമം വന്നിരിയ്ക്കുന്നു അടുത്തതെപ്പോൾ വരുമെന്ന് നിമിഷങ്ങൾ എണ്ണി തിട്ടപ്പെടുത്തി.

വെള്ള കോട്ടിട്ട് സ്നേഹമയിയായി തോന്നിയ ഒരു സ്ത്രീ അടുത്തു വന്നു. അവർ പതുക്കെ ശിരസിൽ തലോടി . എനിമ കഴിഞ്ഞ് ശൂന്യമായ ശരീരം ഒന്നുകൂടി ശൂന്യമായ പോലെ തോന്നി. അവരെ നോക്കി ചിരിക്കാൻ തോന്നി.

"ഡോക്ടർ ലത വന്നല്ലോ. ഇനി കുഴപ്പമില്ല". കുറച്ചു തടിച്ച ഒരു നഴ്സ് ചെവിയിൽ പറഞ്ഞു.

"കുട്ടിയ്ക്ക് ഇവിടുന്ന് പോകണമെന്നില്ലേ? വേഗം നോക്കു".

എന്തു നോക്കാൻ ?

ആതിരാ നന്ദൻ
എൻ.എസ്.എസ്. കോളേജ്, മഞ്ചേരി

"അതിന് വേദനയൊന്നുമില്ല ഡോക്ടർ".

ആ തടിച്ച നേഴ്സാണ്. ഇവിടെ ശരീരം നുറുങ്ങിയില്ലാതെയാവുമ്പോൾ .....എണീറ്റൊരെണ്ണം കൊടുക്കാനാണ് തോന്നിയത്. ഇഷ്ടദൈവത്തെ സങ്കല്പിച്ച് ഒന്ന് നിലവിളിച്ചാലോ. വേദനയുണ്ടെന്നറിയിക്കാൻ ....അംഗീകരിക്കപ്പെടാൻ . നന്നായി പ്രസവിച്ചു എന്ന സാക്ഷ്യപത്രത്തിൽ ഒപ്പിട്ടു കിട്ടാൻ.

ഒന്നു കൂടി ശിരസ്സിൽ തലോടി ഡോക്ടർ മെല്ലെ അടുത്ത സമര കിടക്കയുടെ അരികിലേയ്ക്ക് നീങ്ങി.

കണ്ണുകളടച്ചു. വീണ്ടും ആ ഗ്യാലക്സി ചിത്രം. ഇപ്പോൾ അതിനു ചുറ്റും ചുവന്ന പൊട്ടുകൾ കൂടിയുണ്ട്. ഡോക്ടർ ലതയുടെ നെറ്റിയിൽ കണ്ട ആ തിളങ്ങുന്ന ചുവന്ന പൊട്ട്. വേദന വരുന്നതനുസരിച്ച് പൊട്ടിന്റെ നിറം ഗ്യാലക്സിയുടെ മുകളിലാകെ പരക്കാൻ തുടങ്ങി.

ഡോക്ടർ അതാ വീണ്ടും കിടക്കയുടെ അരികിൽ. ഇത്തവണ കയ്യിൽ ചെറിയ ഉളിപോലെ ഒരു സാധനമുണ്ട്. ഗർഭസ്ഥ ശിശു ഞെട്ടിയോ? ശരീരം ഞാൻ പറയാതെ തന്നെ ഒരു യുദ്ധത്തിന് തയ്യാറെടുത്തു കിടന്നു....

"ബലം പിടിക്കല്ലെ കുട്ടീ, വേദനിക്കും"

വേദന വരാനുള്ള ഗുളിക തന്നപ്പോൾ പറഞ്ഞ അതേ വാചകം. ഇവരുടെയെല്ലാം സ്ക്രിപ്റ്റ് ഒന്നാണോ. വേദന വരാൻ ഗുളിക കഴിക്കുന്നത് ആദ്യമായാണ്. മുഖത്തറിയാതെ ചിരി പരന്നു. പേശികളുടെ നിയന്ത്രണമെല്ലാം മറ്റാരോ ഏറ്റെടുത്തിരിക്കുന്നു.

"ഡോക്ടർ ഗ്യാലക്സിക്കു ചുറ്റും ഡോക്ടറുടെ പൊട്ടുകൾ ചിതറിയിരിക്കുന്നു..."



"ഈ കുട്ടി ഇടയ്ക്കിടെ ചിരിക്കുകയും കരയുകയും ഓരോന്നു പുലമ്പുകയും ചെയ്യുന്നുണ്ട്"

"രാവിലെ കയറ്റിയതല്ലേ. ചുറ്റിലും ആൾക്കാരുണ്ടായാലും ഈ വഴി ഏകാന്തമാണ്. നാം തന്നെ രണ്ടോ മൂന്നോ ആയി പരസ്പരം മത്സരിക്കുകയും കൂട്ടുകൂടുകയും ചെയ്യും. നമുക്കിവളെ രാത്രിമഴ എന്നു വിളിക്കാം" വീണ്ടും ചെറുതായി ചിരിച്ച് തലയാട്ടി ഡോക്ടർ ആ ചെറിയ ഉളിയിൽ നോക്കി പറഞ്ഞു.

"കുട്ടി ഇറങ്ങാൻ തുടങ്ങിയിട്ടുണ്ട്"


ഡോക്ടർ പോയ ശേഷം വേദന അടിക്കടി വരാൻ തുടങ്ങി. എന്തെങ്കിലും എടുത്തു കടിക്കണം. കയ്യിൽ തടഞ്ഞതെടുത്ത് കടിച്ചു.

"അയ്യോ എന്റെ കയ്യ്"

ദഹിപ്പിക്കുന്ന നോട്ടത്തോടെ നേഴ്സ് അവിടുന്നെണീറ്റ് പോയി. വിശപ്പ്.....കഠിനമായ വിശപ്പ്.... നല്ല തൈരും ചോറും കഴിക്കുന്നതായി സങ്കല്പിച്ചു. വിശപ്പൊന്നടങ്ങി. വല്ലാത്ത മൂത്രശങ്ക. ആ നേഴ്സ് ഇനി വരുമെന്ന് തോന്നുന്നില്ല. കയ്യിലെ മുറി വെച്ചു കെട്ടുകയാവും പാവം. പക്ഷെ അവരെപ്പോഴാണ് അടുത്തു വന്നിരുന്നത്. താനറിഞ്ഞില്ലല്ലോ. ഇനി ഇടയിൽ പ്രസവിച്ചു പോയാലും താനറിയുകയില്ലേ ?

ജാഗ്രത വേണം കുട്ടിയെ എങ്ങാനും ഇവർ എടുത്തു കൊണ്ടു പോയാലോ. താനും വീട്ടുകാരും ആരും അറിയുകയുമില്ല. സഹിക്കാൻ വയ്യ മൂത്രമൊഴിച്ചേ തീരൂ. അതാ വീണ്ടും ഡോക്ടർ ചെറിയൊരു ആകാംക്ഷയുണ്ടോ മുഖത്ത്. ഒന്നും പറയാതെ ഗ്ലൗസുകളിട്ടു. കൈകൾ പരിശോധനയ്ക്കു ശേഷം തിരിച്ചെടുത്ത് നോക്കുമ്പോൾ നേരിയ പച്ച നിറത്തിലുള്ള പൊട്ടുകൾ ഗ്ലൗസിനു ചുറ്റും. ഡോക്ടറുടെ കയ്യിൽ ഗ്യാലക്സിയാണോ. മെല്ലെ തല പൊക്കി നോക്കാൻ ശ്രമിച്ചു. അതി കഠിനമായ വേദനയിൽ തല താണുപോയി. വീഴാൻ പോകുന്ന തോന്നൽ, വയറ്റിലൂടെ ഒരു ഇടിമിന്നൽ കടന്നുപോയി.

കണ്ണു തുറന്നു നോക്കുമ്പോൾ ഡോക്ടറും നേഴ്സും മറ്റു ചില നേഴ്സുമാരും ധൃതി പിടിച്ച് സംസാരിക്കുകയും ചുറ്റും നോക്കുകയും ചെയ്യുന്നു. അനേക നേരത്തെ കാത്തിരി



പ്പിന ശേഷം അവസാനം എന്തോ സംഭവിക്കാൻ പോവുകയാണെന്ന് തോന്നി. ദൂരെ ഒരു നഴ്സ് ആരെയോ ഫോൺ ചെയ്യുന്നുണ്ട്. റെയിൽവെസ്റ്റേഷനിലെ അനൗൺസ്മെന്റ് പോലെ

“പേഷ്യന്റ് ഏതാനും നിമിഷങ്ങൾക്കകം എത്തിച്ചേരും........ തിയ്യേറ്റർ സജ്ജമാക്കിക്കോളൂ.......”

“പേഷ്യന്റ് എന്നാൽ രോഗി താൻ രോഗിയാണോ അയ്യോ എന്താണാ അസുഖം” പറഞ്ഞതല്പം ഉറക്കെയായോ ?

“അസുഖം തലയ്ക്കാണ്. മിണ്ടാതെ കിടന്നോ”

താൻ നേരാവണ്ണം പ്രസവിക്കാത്തതിന്റെ ദേഷ്യമാണോ അതോ നേരത്തെ കിട്ടിയ കടിയുടെയോ. ഏതായാലും മൂത്രമൊഴിക്കാൻ ട്യൂബിട്ടതും സ്ട്രെച്ചറിലേയ്ക്കെടുത്തു കിടത്തിയതും വേറെ രണ്ടു നഴ്സുമാരാണ്.

“എങ്ങോട്ടാണ് കൊണ്ടു പോകുന്നത്?”

“ഡോക്ടർ പറഞ്ഞത് കേട്ടില്ലേ. മഷിയിളകിയിരിക്കുന്നു കുട്ടിക്ക് ദോഷമാണ്. വേഗം സിസേറിയൻ ചെയ്യാൻ പറഞ്ഞു”

“ഡോക്ടർ എപ്പോൾ പറഞ്ഞു.? എന്താണിങ്ങനെയൊക്കെ രഹസ്യമാക്കി വയ്ക്കുന്നത് ?”

അവരത് കേട്ടില്ല. അവർക്ക് എത്രയും പെട്ടെന്ന് ‘രോഗിയെ’ തിയ്യേറ്ററിലെത്തിക്കണം. കിന്നാരത്തിന് സമയമില്ല. ഒരു ദീർഘനിശ്വാസത്തോടെ സ്ട്രെച്ചറിൽ കിടന്ന് ആശുപത്രി വരാന്തയിലൂടെ ഉരുണ്ടു. വീണ്ടും അതേ വേദനയും വയറ്റിലൂടെ കാളിച്ചയും ഒരു നൂറു പൂമ്പാറ്റകളാണ് വയറിനകത്ത് പാറികളിക്കുന്നത്. കണ്ണുകൾക്കുള്ളിൽ ഗ്യാലക്സി. ഇത്തവണ ചുവന്ന പൊട്ടുകൾക്ക് ഇടയിലായി പച്ച പൊട്ടുകളും ഉണ്ട്. ഗ്യാലക്സികളിലൂടെയാണ് അവരുടെയെല്ലാം മുഖങ്ങൾ കണ്ടത്....ഭർത്താവിന്റെ.... അമ്മയുടെ.........പിന്നെ ആരൊക്കെയോ......

തിയ്യറ്ററിനുള്ളിൽ ശ്വാസം മുട്ടിക്കുന്ന പച്ചപൊട്ടുകൾ “ചുരുണ്ടു കിടക്കൂ ബലം പിടിക്കരുത്”

ശേഷിയില്ലായിരുന്നു ഇനി ഒരു യുദ്ധത്തിന് ശരീരം കീഴടങ്ങിയിരിക്കുന്നു. നട്ടെല്ല് മാർദ്ദവമുള്ള റബ്ബർ കഷ്ണംപോലെ ആ സൂചി സ്വീകരിച്ചു. ശരീരത്തിന്റെ ഭാരം നഷ്ടമായി ചിന്തകൾക്കും. കണ്ണുകൾ ശക്തിയായ പ്രകാശത്തിനെതിരെ മറച്ചതോടെ ഗ്യാലക്സിയിൽ തികച്ചും ഒറ്റയ്ക്കായി.......ശരീരത്തിന്റെയും ചിന്തകളുടെയും വേദനയുടെയും കൂട്ടില്ലാതെ ......ഡോക്ടർ എന്തൊക്കെയോ ചോദിക്കുന്നുണ്ട് പറയാൻ നാവ് വിസമ്മതിക്കുന്നു.... കീറുന്നതും, പുറത്തെടുക്കുന്നതും, മാറ്റുന്നതും, തുന്നികെട്ടുന്നതും അറിഞ്ഞോ... ബോധത്തിന്റെ ഏതു തലമാണത് ഭാരമില്ലാതെ ഗ്യാലക്സിയിൽ പൊങ്ങികിടക്കുന്ന ശരീരത്തിന്റെ ബോധം.

ഡോക്ടറോ, നഴ്സോ, വീട്ടുകാരോ, കുട്ടിയോ ഇല്ലാതെ ശരീരത്തിന്റെ തന്നെ അപ്പുറത്തെവിടെയോ നിന്നു ആ നില്പ് മതിയാക്കി മെല്ലെ തിരിച്ചു വന്നു.


മറ്റൊരു റൂമിലാണ് കിടക്കയിലാണ്.........പ്രസവ വാർഡിനേക്കാൾ ഏകാന്തം. അപ്പുറത്തെ കട്ടിലിൽ കിടക്കുന്നതാണോ കുട്ടി ? ... കണ്ണുകൾ പിന്നെയും അടഞ്ഞു അപ്പുറത്തെ കിടക്ക ശൂന്യം. കുട്ടിയെവിടെ? ഏതു കുട്ടിയാണ് ? വീണ്ടും രഹസ്യങ്ങൾ. ശരീരമാകെ തണുത്തു വിറയ്ക്കുകയാണ്. ആരെങ്കിലും ഒന്നു പുതപ്പിച്ചിരുന്നെങ്കിൽ. അടിവയറിനു മേലെ തുന്നി കെട്ടുകൾക്കു മുകളിലായി കൈ കൊണ്ട് തൊട്ടറിയാവുന്ന ഭാഗത്ത് ഒരു ഗ്യാലക്സി രൂപപ്പെട്ടിരിക്കുന്നു. വയറു വലിഞ്ഞുണ്ടായ പാടുകൾ....മടിക്സ് ?

പക്ഷെ ഞാനിപ്പോൾ കിടക്കുന്നത് ആയുസ്സിന്റെ ഇപ്പുറത്തല്ലെ? ഗർഭസ്ഥശിശു എന്നോ പുറത്തു വന്നു വലുതായി മകനായി, മരുമകനായി, അമ്മാവനായി, അച്ഛനായി, മരുമകനായി, മുത്തശ്ശനായി....ഈ വാർഡിനു പുറത്തെവിടെയോ നിൽക്കുന്നു....ആ ശിശുവിനെ ഉൾകൊണ്ട ഗർഭപാത്രവും ഇന്നലെ പുറത്തെടുത്തു. എന്നാൽ ഈ ഗ്യാലക്സി മാത്രം ഒരു മാറ്റവുമില്ലാതെ വയറ്റിൽ പറ്റികിടക്കുന്നു........കാണുന്നവരുടെ മനസ്സിൽ സഹതാപത്തിന്റെയും ചിലപ്പോൾ പരിഹാസത്തിന്റെയും ചുഴികൾ തീർത്തുകൊണ്ട് ...... മോഹത്തിന്റെയും കാമത്തിന്റെയും കറകൾ ഉരുകി തെളിയുമ്പോൾ കാണപ്പെടുന്ന രൂപമില്ലാ രേഖകൾ തീർത്ത ചുഴികൾ ഞാൻ മുമ്പെവിടെയോ കണ്ടിരുന്നല്ലോ? ഡോക്ടർ ലത കോട്ടിനു മുകളിൽ കയ്യിട്ട് സ്റ്റെതസ്കോപ്പ് കഴുത്തിലിട്ട് ഇളം പച്ച കോട്ടൺസാരിയും നെറ്റിയിൽ വലിയ ചുവന്ന പൊട്ടുമായി സ്വന്തം വയറിനു നേരെ ചൂണ്ടി അതാ കിടക്കയ്ക്കു ചുറ്റും പതിയെ നടക്കുന്നു.....

അവർ എന്തോ പറയുന്നുണ്ടല്ലോ..

“കുട്ടിക്ക് ഇവിടന്ന് പോകണമെന്നില്ലേ? വേഗം നോക്കൂ, പുറത്തതാ മഴ പെയ്യുന്നു”

ശരിയാണ് ഡോക്ടർ. ഈ ഗ്യാലക്സിക്കു ചുറ്റും മഴ പെയ്യുന്നുണ്ട്. രാത്രിമഴ. പക്ഷെ അതിനും ഈ പാടുകൾ മായ്ക്കാൻ ആവുകയില്ല....വേദന കൊടുത്തു വാങ്ങിയ പാടുകൾ.




# ഗോർക്കിയൻ ദർശനം 'ചരിത്രഗാഥയിൽ'

**ഡോ. രേഖ ആർ.**
കാത്തലിക്കേറ്റ് കോളേജ്,
പത്തനംതിട്ട




വൈരുധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം മനുഷ്യസമുദായത്തിന്റെ ക്രിയാത്മക ശക്തികളെ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ഉപാധിയായി കലാദർശനത്തെ കണ്ടു. മനുഷ്യസമൂഹത്തെയും മനുഷ്യന്റെ വ്യക്തിപ്രഭാവത്തെയും അഭൂതപൂർവ്വമായ വികാസത്തിലേക്ക് ഉയർത്തുന്നതിനും നിദാനമായി അവ വർത്തിച്ചു. സാമൂഹ്യചരിത്രത്തിന്റെ ആവേശം കലയിൽ തീക്ഷ്ണതയോടെ ഉൾച്ചേർന്നു. കലാത്മകതയ്ക്കു പുതിയ ഭാവുകത്വം പകർന്നേകിയ മാർക്സിയൻ സൗന്ദര്യദർശനത്തെ എം. സുകുമാരൻ തന്റെ ചരിത്രഗാഥയിലൂടെ ആഴത്തിൽ അവതരിപ്പിക്കുന്നു. യാഥാർത്ഥ്യങ്ങളുടെ ധ്വന്യാത്മകത കഥയെ സോഷ്യലിസ്റ്റ് റിയലിസത്തിന്റെ തലത്തിലേക്ക് എത്തിക്കുന്നു. സോഷ്യലിസ്റ്റ് റിയലിസത്തിന്റെ  കല മോചനം നേടിയ ജനങ്ങളുടെ കലയാണ്. അവ ജീവിച്ചിരിക്കുന്ന ജനങ്ങൾക്കിടയിൽ നിന്ന് റിയലിസ്റ്റ് കഥാനായകന്മാരെ തിരഞ്ഞെടുക്കുന്നു. സോഷ്യലിസ്റ്റ് റിയലിസം എന്ന സിദ്ധാന്തം മാക്സീം ഗോർക്കി മുന്നോട്ടു വെച്ചത് തൊഴിലാളി വർഗബോധം വളർത്തുകയും അങ്ങനെ സോഷ്യലിസ്റ്റ് വ്യക്തിത്വം വളർത്തിയെടുക്കാൻ പര്യാപ്തമായ ഒരു റിയലിസ്റ്റ് പ്രസ്ഥാനത്തിന് രൂപം നൽകുക എന്ന ലക്ഷ്യത്താലാണ്. ജീവിതമെന്നാൽ പ്രവർത്തിയാണ്, സൃഷ്ടിപരതയാണ് എന്ന് സിദ്ധാന്തം ഉദ്ഘോഷിക്കുന്നു. അതിന്റെ ലക്ഷ്യമാകട്ടെ മനുഷ്യന്റെ ഏറ്റവും വിലയേറിയ വൈയക്തിക കഴിവുകളുടെ സ്വതന്ത്രമായ വികസനത്തിലൂടെ പ്രകൃതിശക്തികളുടെ മേൽ വിജയം കരസ്ഥമാക്കുകയും ആരോഗ്യവും ദീർഘായുസ്സും നേടിയെടുക്കുകയും, ഭൂമിയിലെ ജീവിതം സന്തോഷനിർഭരമാക്കിത്തീർക്കുകയുമാണ്. അങ്ങനെ നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന മനുഷ്യന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഈ ലോകത്തെ ഒരൊറ്റ കുടുംബമെന്ന നിലയിൽ മാനവരാശിക്കാകമാനം ജീവിക്കുവാൻ കഴിയുന്ന മഹത്തായ ഒരു പാർപ്പിടസ്ഥലമായി രൂപപ്പെടുത്തുവാനുള്ള മനുഷ്യന്റെ ആഗ്രഹം സാധ്യമാകുന്നു. ഈ നിർവ്വചനത്തെ അടിസ്ഥാനപ്പെടുത്തിയാണ് പോസിറ്റീവ് ഹീറോ, ശുഭാപ്തിവിശ്വാസദർശനം ഇവയൊക്കെ  നിലനിൽക്കുന്നത്. ഇത്തരത്തിൽ സിദ്ധാന്തമുദ്ഘോഷി

ക്കുന്ന തുറന്ന ഇടങ്ങളിലേക്ക് കഥ എത്തുന്നതായി കാണുന്നു.



മണ്ണെന്ന അടിസ്ഥാനപ്രകൃതിയിൽ അദ്ധ്വാനത്തിന്റെ, പുതിയ ബോധത്തിലേക്കുള്ള ഉണർവ്വിന്റെ ജൈവികതാളം നിലനിൽക്കുന്നു. ഈ ജൈവികതയുടെ കണ്ണിയിൽ നിന്നും അടർത്തിമാറ്റപ്പെട്ട പ്രിയഗുപ്തന്റെ കഥയാണ് ചരിത്രഗാഥ. സ്വതന്ത്ര്യവും ക്രിയാത്മകവുമായ അധ്വാനത്തിന്റെ സൗന്ദര്യാത്മക ജീവിതത്തോടിഴചേർന്നു ജീവിക്കുന്നവനാണ് പ്രിയഗുപ്തൻ. അദ്ധ്വാനത്തിന്റെ ശക്തിയെ മനസ്സിലാക്കുവാൻ ജന്മനാ കഴിവില്ലാത്തതും നൂറ്റാണ്ടുകളായി മറ്റുള്ളവരുടെ അദ്ധ്വാനംകൊണ്ട് കഴിഞ്ഞുകൂടുന്ന ചൂഷകപ്രതിനിധിയായ വിശ്വരൂപന്റെ വാക്കുകളെ പിൻതുടർന്ന് തന്റെ സ്വത്വപ്രകൃതിയിൽനിന്ന് പ്രിയഗുപ്തൻ തിരിഞ്ഞുനടക്കുന്നു. അതുവഴി അവൻ അടിമ വ്യവസ്ഥയിലേക്കും ഉപഭോഗവ്യവസ്ഥയുടെ കൂലികളായും മാറുന്നു. ഏതോ താഴ്‌വരയിൽ തന്റെ അധീശത്വം നഷ്ടപ്പെട്ട വിശ്വരൂപൻ പുതിയ ഭൂമികൾ തേടുന്നു. ആ അന്വേഷണം പ്രിയഗുപ്നിൽ ചെന്നെത്തുന്നു. അവനാകട്ടെ നീണ്ടുകൂർത്ത ചെറിയ കല്ലുകൊണ്ട് ഭീമാകൃതിയിലുള്ള ഒരു പാറയെ കുത്തിയിളക്കാനുള്ള ശ്രമത്തിലായിരുന്നു. നിതാന്തശ്രദ്ധയിൽ ജോലിയിലേർപ്പെട്ടിരുന്ന പ്രിയഗുപ്തനിൽ പുരോഗതിയുടെ പടവുകൾ കയറാൻ ശേഷിയുള്ള വ്യക്തിയെ വിശ്വരൂപനു കാണാൻ കഴിഞ്ഞു. തന്റെ നിലനിൽപ്പിനായി മറ്റൊരുവന്റെ യുക്തിയും അദ്ധ്വാനവും കാത്തുനിന്നിരുന്ന വിശ്വരൂപൻ പ്രിയഗുപ്തനെ തന്നോടൊപ്പം കൂട്ടി. വിശ്വരൂപന്റെ വാക്കുകളിൽ വിശ്വാസം കണ്ട പ്രിയഗുപ്തൻ തന്റെ ഇടം ഉപേക്ഷിച്ച് യാത്രയ്ക്കൊരുങ്ങി കായ്കനികളും, വേട്ടയാടിപ്പിടിച്ച മൃഗത്തിന്റെ മാംസവും ക്രമേണ ജീവിതരീതിയുടെ ഭാഗമായി. നഗ്നതയെ തിരിച്ചറിഞ്ഞ് മാംസത്തിന്റെ തോൽ വസ്ത്രമായുപയോഗിക്കുന്നു. യാത്രയിൽ വിശ്വരൂപൻ പ്രിയഗുപ്തനോട് സ്ഥിരമായ ആവാസവ്യവസ്ഥിതിയ്ക്ക് അനുയോജ്യ ഇടമായി നദീതീരത്തെ തിരഞ്ഞെടുത്ത് സുഖമായി ജീവിക്കുന്നതിനെപ്പറ്റി ഓർമ്മപ്പെടുത്തുന്നു. കായ്കനികൾ ഭക്ഷിച്ചിരുന്ന അവർ ക്രമേണ മൃഗങ്ങളെ വേട്ടയാടിപ്പിടിക്കുന്നു, മൃഗത്തോൽകൊണ്ട് നഗ്നത മറയ്ക്കുന്നു, നദിക്കരയിൽ ധാന്യവിളകൾ നട്ട് സ്ഥിരമായ ആവാസവ്യവസ്ഥിതിയിലേക്ക് മാറുന്നു. കാടത്തം, അപരിഷ്കൃതാവസ്ഥ, നാഗരികത എന്നിങ്ങനെ അമേരിക്കൻ നരവംശശാസ്ത്രജ്ഞ ഹെൻട്രി മോർഗേൻ പരാമർശിച്ച മനുഷ്യകുലത്തിന്റെ പരിണാമങ്ങളെ കഥ സൂചിപ്പിച്ചുപോകുന്നു. വിശ്വരൂപന്റെ ബോധത്തിൽ മിന്നലാടുന്ന ഓരോ പുതിയ വെളിപാടുകൾ ഓരോ കാലത്തിലേക്കുള്ള ചുവടുവയ്പ്പാണ്.

ഫലഭൂയിഷ്ഠമായ നദിക്കരയിൽ ധാന്യവിത്തുകൾ പാകി കൊയ്തെടുക്കുന്ന ധാന്യത്തെ വിശ്വരൂപൻ നേർപ്പകുതിയായി പങ്കിട്ട് പൊതുസ്വത്തായി പ്രഖ്യാപിക്കുകയും ചെയ്തു. തുല്യാവകാശത്തിലധിഷ്ഠിതമായ മുതലിന്റെ വിഭജനം. കാലവർഷം കൊട്ടുമിരികൊണ്ട് ഇടിമുഴക്കവും മിന്നലാട്ടവും ഭയപ്പെടുത്തിയ ഒരു യാത്രയിൽ പ്രകൃതിയുടെ കനത്ത ആഘാതത്താൽ താൻ മുൻപ് മാറ്റിവെയ്ക്കാൻ ശ്രമിച്ച ആ വലിയപാറ ഇളകിമാറിയിട്ടുണ്ടാവുമോ എന്ന ഉത്കണ്ഠ പ്രിയഗുപ്തൻ വിശ്വരൂപനോട് പങ്കുവെച്ചു. പ്രിയഗുപ്തനിൽ അണയാതെ തെളിയുന്ന ഒരു ദീപത്തിന്റെ സൂചന കഥയിലങ്ങോളമിങ്ങോളം ഇത്തരം ചോദ്യങ്ങളിലൂടെ സൂചിപ്പിക്കപ്പെടുന്നു. മനുഷ്യതൃഷ്ണയുടെ പരിണാമഘട്ടങ്ങളെന്നോണം തന്റെ ഭൗതികതലത്തെ വിസ്തൃതമാക്കുവാനുള്ള ഒരുക്കങ്ങളിൽ ഏർപ്പെട്ടു. അതിനായി ഏഴുപേരെക്കൂടി അവരോട് ചേർത്തു. അദ്ധ്വാനത്തിന്റെ പങ്ക് സമമായി പങ്കിട്ടെടുത്ത ഗോത്രവ്യവസ്ഥ ഇവിടെ രൂപംകൊണ്ടു. അദ്ധ്വാനമൂല്യം പങ്കിട്ടെടുക്കുന്നതിൽ അസ്വസ്ഥനായിരുന്ന വിശ്വരൂപൻ എല്ലാവരുടെയും നന്മയ്ക്ക് അദ്ധ്വനഭാരം കുറയ്ക്കുന്നതിന് എന്ന് ധരിപ്പിച്ച് തൊഴിൽ വിഭജനത്തിന് നേതൃത്വം നല്കി. താന്താങ്ങളുടെ ഉപകരണക്കൈമാററത്തിലൂടെ കൊയ്ത്ത് നടത്തി ധാന്യങ്ങൾ കൈ



പ്പറ്റുന്ന വ്യവസ്ഥയെ എല്ലാവരും അംഗീകരിക്കുന്നു. എന്നാൽ പ്രിയഗുപ്തന്റെ യുക്തിക്ക് ഈ വ്യവസ്ഥ അപകടമാകുമെന്ന ശങ്കയുണ്ടാക്കി. എങ്കിലും എല്ലാവരുമായി ചേർന്ന് വിശ്വരൂപന്റെ ആശയത്തെ അംഗീകരിച്ചു. പൊതുസ്വത്തിൽ നിന്ന് പുതിയവ്യവസ്ഥിതിയിലേക്കുള്ള മാറ്റത്തിന് തുടക്കമായിരുന്നു ഈ കൈമാറ്റവ്യവസ്ഥ. കൊയ്ത്തുകഴിഞ്ഞ് വിശ്വരൂപന്റെ കലവറയിലെ ധാന്യപ്പെരുപ്പം എങ്ങനെയുണ്ടായി എന്ന ശങ്ക മറ്റുള്ളവരിൽ ഉണ്ടായി. തൊഴിലാളികളുടെ അധ്വാനമാണ് വസ്തുവിനെ മൂല്യമുള്ളതാക്കുന്നത്. എന്നാൽ അർഹതപ്പെട്ടത് തൊഴിലാളിക്ക് കൈമാറാതെ അധികാരി തട്ടിയെടുക്കുന്ന വിഭവമാണ് മിച്ചമൂല്യം. ഈ ലാഭമാണ് മൂലധനത്തെ പെരുപ്പിക്കുന്നതെന്ന് മാർക്സ് നിരീക്ഷിച്ചിട്ടുണ്ട്. ചരിത്രഗാഥയിലും അധ്വാനത്തിന്റെ അപഹരണമാണ് സൂചിപ്പിക്കുന്നത്. പിന്നീട് പ്രകൃതി പ്രളയത്തിലാവുകയും എല്ലാ അർത്ഥത്തിലും പിന്നീടുള്ള ദിവസങ്ങൾ പ്രിയഗുപ്തനും കൂട്ടർക്കും വെല്ലുവിളിയായിത്തീരുകയും ചെയ്യുന്നു. അങ്ങനെ അതിജീവനപ്രശ്നം രൂക്ഷമാകുന്നു. പ്രിയഗുപ്തന്റെ നേതൃത്വത്തിൽ വിശ്വരൂപന്റെ പക്കലുള്ള ധാന്യം പങ്കിട്ടെടുക്കുന്നതിനായി അവർ ഒത്തുകൂടുന്നു. വിശ്വരൂപന്റെ ഉള്ളിൽ നിലനിന്നിരുന്ന ജന്മിഭാവം ഭീതിയുണർത്തിക്കൊണ്ട് അവരെ പ്രതിരോധിച്ചു. പങ്കിട്ടെടുക്കാവുന്ന യാതൊരു ബന്ധവും തമ്മിൽ നിലനില്ക്കുന്നില്ലെന്നും സ്വയം പണയപ്പെടുത്തി തന്നോടൊപ്പം നിന്ന് ഉപജീവനമാർഗ്ഗം കണ്ടെത്താൻ അവരെ നിർബന്ധിതരാക്കുകയും ചെയ്യുന്നു. അധ്വാനത്തിന്റെ മൂല്യവും അഭിമാനവും ഒരുപോലെ വിശ്വരൂപന് അടിമപ്പെടുകയായിരുന്നു. പ്രതിരോധത്തിന്റെ എല്ലാ വശങ്ങളും അടഞ്ഞുപോയ അവർക്ക് ആ ജന്മിത്വത്തെ അനുസരിക്കുക മാത്രമേ നിവർത്തിയുണ്ടായിരുന്നുള്ളു. അടിമത്വത്തിന്റെയും വഞ്ചനയുടേയും ആഴങ്ങളിൽ അമർന്നുപോയ അവർ തങ്ങൾക്ക് സംഭവിച്ച മാറ്റത്തിൽ പകച്ചുനിന്നു. പ്രതിരോധിക്കേണ്ട ദിനങ്ങൾക്കായി കാത്തുനിൽക്കാൻ പ്രിയഗുപ്തൻ മറ്റുള്ളവരോട് നിർദ്ദേശിച്ചു. ഈ വ്യവസ്ഥിതിയുടെ ഒഴുക്കിൽ പ്രിയഗുപ്തൻ തന്റെ സ്വത്വാന്വേഷണത്തെപ്പറ്റി തന്നോടൊപ്പമുള്ളവരോട് സൂചിപ്പിച്ചെങ്കിലും അവരൊന്നും തന്നെ അതിനെക്കുറിച്ച് ചിന്തിച്ചിരുന്നില്ല. അദ്ധ്വാനത്തിന്റ ക്ഷീണം മൂലം കേവലം വസ്തുതകളെ കൂടി മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ഊർജ്ജദായകമായ അദ്ധ്വാനം ജനത്തെ സൃഷ്ടിപരതയിലേക്ക് നയിക്കും. ഇതു തടയുന്നതിന് വിശ്വരൂപൻ സദാ ശ്രമിച്ചുകൊണ്ടിരുന്നു.

പരിവർത്തനത്തിന്റെ അടുത്ത ഘട്ടങ്ങളെന്നോണം വിശ്വരൂപൻ തന്റെ സാമ്രാജ്യം നാട്ടിൻപുറങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ആഗ്രഹിച്ചു. ഇത് നാഗരികതയിലേക്കുള്ള മനുഷ്യപരിണാമത്തെ സൂചിപ്പിക്കുന്നു. തന്നെപ്പോലെ നാഗരികതയെ സ്വപ്നം കാണുന്നതിൽ നിന്നും അടിയാളരെ അകറ്റി നിർത്തുന്നതിന് അന്ധവിശ്വാസങ്ങളെയും ദൈവസങ്കല്പത്തേയും കൂട്ടു പിടിച്ചു. തനിക്കു വന്നുചേർന്നിരിക്കുന്ന സൗഭാഗ്യങ്ങളെല്ലാം ഈശ്വരകൃപയാണെന്നും അതുകൊണ്ട് ഈശ്വരപ്രീതിക്കാ

യി പ്രാർത്ഥിക്കാൻ പ്രേരണയും നൽകി. ഇത്തരം അബദ്ധധാരണകൾ മനുഷ്യന്റെ ചിന്ത-ഭാവന തുടങ്ങിയ സർഗ്ഗാത്മകതലങ്ങളെ മുരടിപ്പിക്കുന്നതാണെന്ന് വിശ്വരൂപൻ മനസ്സിലാക്കി. പ്രതിഷേധത്തിന്റെ സ്വരം ഉയരാതിരിക്കുന്നതിന് ഈശ്വരദർശനത്തിൽ താൻ അയോഗ്യനാണെന്നുള്ള മിഥ്യാബോധം അവരിൽ ജനിപ്പിച്ചു. നാഗരികതയുടെ പരിവർത്തനത്തിൽ പ്രിയഗുപ്തനും സംഘവും അടിമവ്യവസ്ഥിതിയിൽ നിന്ന് കീഴാളവ്യവസ്ഥിതിയിലേക്ക് മാറ്റപ്പെട്ടു. നാലുകെട്ട്, പത്തായപ്പുര, പൂജാമുറി, പാട്ടവ്യവസ്ഥിതി, ഈരേഴത്തോർത്ത് എന്നീ ബിംബങ്ങളിലൂടെ സമ്പത്തിന്റെ അന്തരം പ്രതീതമാകുന്നു. മാറിയചുറ്റുപാടിലും പ്രിയഗുപ്തന്റെ അവബോധത്തെമാത്രം അന്ധവിശ്വാസത്തിന്റെയും തെറ്റിദ്ധാരണയുടെയും ലോകത്തിൽ തളച്ചിടാൻ വിശ്വരൂപന് കഴിഞ്ഞില്ല. പ്രിയഗുപ്തന്റെ സ്വപ്നങ്ങളിൽ തന്നെ ഉണർത്തുന്നതിനു വേണ്ടി കടന്നുവരുന്ന മനുഷ്യരൂപങ്ങളെ അവ്യക്തതയോടെ മാത്രമാണ് അയാൾക്ക് കാണാൻ കഴിയുന്നത്. പ്രതിഷേധത്തെക്കുറിച്ചുള്ള അവ്യക്തതയും ഇതുകൊണ്ട് സൂചിപ്പിക്കപ്പെട്ടു. എങ്കിലും ഇവ ഉന്മേഷം സിരകളിൽ പടർത്തിയിരുന്നു.

അധീശത്വം ആളിയത് കീഴാളവർഗ്ഗത്തെ മാത്രമല്ല തന്റെ സുഖത്തിന് നിദാനമാകുന്നവയെല്ലാം അതിലുൾപ്പെടുന്നു. കുടുംബവ്യവസ്ഥിതി പോലും അത്തരത്തിലുള്ളതാണെന്ന് അയാൾ കരുതി. സ്ത്രീ, പുരുഷന്റെ അധികാരപരിധിയിലേക്ക് വന്നെത്തിയ ഉപഭോഗവസ്തുവായി ചുരുങ്ങി. പുരുഷമേധാവിത്വവും അധീശത്വവും സ്ത്രീയുടെ തനത്സ്വത്വത്തെ അന്വേഷിക്കുന്നതിൽ നിന്ന് അവളെ പിന്തിരിപ്പിച്ചു. വിശ്വരൂപന്റെ ഭാര്യയായ വിശ്വേശ്വരിയുടെ പുറംലോകം ഒരു കിളിവാതിൽ മാത്രമായി അവശേഷിച്ചു. തന്റെ യൗവ്വനത്തിനപ്പുറം ഭാര്യാപദവിയിൽ നിന്നും നേടിയത് ഇരുളടഞ്ഞ ലോകം മാത്രമാണ്.ഇതുപോലെതന്നെ പുറത്ത് കീഴാളവർഗ്ഗം ശരീരത്തിൽ ചേറുമണവും കൈയ്യിൽ തഴമ്പും മാത്രം അവശേഷിപ്പിച്ച് ജീവിതം മാറ്റി വച്ചു. പലവിധകാരണങ്ങൾ ജന്മിവ്യവസ്ഥയുടെ അധികാരരൂപത്തിന് മങ്ങലേല്പിച്ചു. അനുനയത്തിന്റെയും ഭീഷണിയുടെയും സ്വരങ്ങൾ കൊണ്ട് കീഴാളരെ തന്റെ സ്വപ്നങ്ങൾ പടുത്തുയർത്തുന്നതിൽ ഒപ്പം നിർത്തുവാൻ ശ്രമിച്ചു. ആ കാലയളവിൽത്തന്നെ ജന്മിപ്രഭാവത്തെ മറികടക്കും വിധം മകൻ വിശ്വനാഥന്റെ മുതലാളിത്തസംസ്കാരം വളർന്നിരുന്നു. ആന്തരികമായ എല്ലാ ഊർജ്ജവും നഷ്ടപ്പെട്ട ഫ്യൂഡൽവ്യവസ്ഥയും വ്യക്തിമേധാവിത്വപരമായ മുതലാളിത്തവ്യവസ്ഥയും തമ്മിലുള്ള സംഘർഷം വിശ്വരൂപനിലും വിശ്വനാഥനിലും കാണപ്പെട്ടു. അധികാരത്തിന്റെയും സമ്പത്തിന്റെയും പിരിമുറുക്കം അത്തരം വ്യവസ്ഥിതികളെത്തന്നെ ഇല്ലാതാക്കുമെന്ന ബിംബവല്ക്കരണത്തിലേക്കാണ് കഥ സൂചന നൽകുന്നത്. ഇവിടെ വിശ്വരൂപന്റെ കൈത്തോക്കുകൊണ്ടുതന്നെ മകൻ മരണമടയുന്നു. എല്ലാവിധത്തിലും ഒറ്റപ്പെട്ട വിശ്വരൂപൻ മാനവികതയ്ക്കു മുമ്പിൽ അടിപതറുന്നതായി ചിത്രീകരിക്കുന്നു. അജയ്യനെന്നു സ്വയം കരുതിയ അധികാരഭാവം സ്വത്വബോധത്തിന്റെ പ്രകാശത്തിൽ ശേഷിപ്പുകൾ ഇല്ലാതെയാകുന്നു. ഒരിറ്റു രക്തംപോലും കിനിയാതെ വിശ്വരൂപനെ മരണത്തിലാഴ്ത്തിയതും അതിനുതന്നെ. അധ്വാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഇടങ്ങളിലേയ്ക്ക് തന്റെ സഹജരേയും കൂട്ടി പ്രിയഗുപ്തൻ മടങ്ങി. മാനവികതയുടെയും മണ്ണിന്റെ അടങ്ങാത്ത ഗന്ധത്തെയും തേടി സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ആശയങ്ങളാൽ ഉത്തമ്പിച്ചതെന്തോ നഷ്ടപ്പെട്ട ഞങ്ങൾക്ക് തിളങ്ങുന്നതെന്തോ കൈവന്നിരിക്കുന്നു എന്ന അർത്ഥമുണരുന്ന ഗാനവുമായി പ്രിയഗുപ്തൻ മടങ്ങി.

യാഥാർത്ഥ്യത്തിന്റെ സമഗ്രമായ ഒരു കാഴ്ചപ്പാട് ചരിത്രഗാഥയിൽ ചിത്രീകരിക്കപ്പെടുന്നു. മാനവപുരോഗതിക്ക് അടിസ്ഥാനം ഉല്പാദനപ്രവർത്തനങ്ങളും ബുദ്ധിപരമായ പ്രവർത്തനങ്ങളും തമ്മിലുള്ള പരസ്പരബന്ധമാണ് ഈ പരസ്പരാശ്രിതമായ പ്രവർത്തനത്തിന്റെ അഭാവം അധീശത്വത്തിന്റേയും മുതലാളിത്തത്തിന്റേയും കറുത്ത ഇടങ്ങളിലേക്ക് സമൂഹത്തെ കൊണ്ടുചെന്നെത്തിക്കുന്നതായി ഈ കഥ വ്യക്തമാക്കുന്നു. അധീശവർഗ്ഗത്തിന്റെ മേൽക്കോയ്മയെ എതിർപ്പുകളില്ലാതെ ഉൾക്കൊള്ളുവാനും അതിന് കീഴടങ്ങി നിൽക്കുവാനും മർദ്ദിതവിഭാഗത്തെ തയ്യാറാക്കുന്നതെങ്ങനെയെന്നും വ്യക്തമാക്കുന്നു. അധീശത്വംസാമാന്യബോധമായി മാറുന്നതെങ്ങനെയെന്നും സൂചിപ്പിക്കുന്നു. അധ്വാനത്തിന്റെയും ബൗദ്ധികതയുടെയും വെളിച്ചത്തിൽ അധീശത്വത്തിനെതിരെ ഉയർന്നുവന്ന ബോധധാരയെ പ്രിയഗുപ്തനിലൂടെ അവതരിപ്പിക്കുന്നു. മനുഷ്യതൃഷ്ണയുടേയും ഉപഭോഗവ്യവസ്ഥിതിയുടേയും ഭാഗമായി വിശ്വരൂപനും വിശ്വനാഥനും മാറുന്നു. ഗോർക്കിയൻ ദർശനത്തിൽ ജനങ്ങളുടെ മൊത്തത്തിലുള്ള സർഗ്ഗാത്മകശക്തിയാണ് എല്ലാ വിശിഷ്ടകലാസൃഷ്ടിയുടേയും യഥാർത്ഥ ഉറവിടമെന്ന് വ്യക്തമാകുന്നു. ഒരു ജനതയുടെ വർത്തമാനവും ചരിത്രവും ബന്ധപ്പെടുത്തി ജനങ്ങളിൽ നിന്നും ഉയിരാർന്ന ഒരു കലാസൃഷ്ടിയായി എം. സുകുമാരന്റെ ചരിത്രഗാഥ മാറുന്നു. കാലഘട്ടത്തിന്റേതായ വർഗ്ഗസംഘട്ടനങ്ങളുടേയും പരിവർത്തനങ്ങളുടേയും സത്യസന്ധമായ ഒരു സാംസ്കാരികചിത്രം. മാറ്റത്തിന്റേതായ പാതയിലൂടെ മുന്നോട്ടു നീങ്ങുന്ന ജനങ്ങൾക്ക് സാഹിത്യം ആശയും ആവേശവും പകരണമെന്നും ആത്മനർപ്പണമല്ല ആത്മോത്തേജനമാണ് സാഹിത്യത്തിന്റെ ലക്ഷ്യമെന്ന് വിശ്വസിച്ച മാർക്സിസം ഗോർക്കിയുടെ ദർശനങ്ങളിൽ ചരിത്രഗാഥ ആഴ്ന്നു നിൽക്കുന്നു.

**സഹായകഗ്രന്ഥങ്ങൾ**

1. അജയകുമാർ. പി.പി (ഡോ). 2017, സാഹിത്യം, സംസ്കാരം, രാഷ്ട്രീയം: പി. കെ രാജന്റെ തെരഞ്ഞെടുത്ത ലേഖനങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

2. എംഗൽസ് (പരിഭാഷ: ദാമോദരൻ പിള്ള. പി. എൻ), 2017, കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

3. ഗോവിന്ദപ്പിള്ള. പി, 1984, മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം: ഉത്ഭവവും വളർച്ചയും, സംഘപ്രസാധന, തിരുവനന്തപുരം.

4. രവീന്ദ്രൻ(എഡിറ്റർ), 1984, കലാവിമർശനം: മാർക്സിസ്റ്റ് മാനദണ്ഡം, നിള പബ്ലിക്കേഷൻസ്, കൊച്ചി.

5. റൊസെന്താൾ. എം (പരിഭാഷ: കെ.പി.ജി), 2009, കലയും സൗന്ദര്യബോധവും, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

ഷൈല ഹമീദ്
എം.ഇ.എസ് കോളജ് നെടുങ്കണ്ടം



# അനുശാസനങ്ങളാൽ പുറത്താക്കപ്പെട്ട ചരിത്രമുള്ള ചിലർ



മതനിരപേക്ഷത കൊണ്ട് ബലപ്പെടുത്തിയ ഇന്ത്യൻ ജനാധിപത്യം അഗ്നിപരീക്ഷകളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ഭരണഘടനയും മതേതര മൂല്യങ്ങളും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. നിലവിലുള്ള സാമൂഹിക ക്രമങ്ങളെയും അതിലെ വിശ്വാസങ്ങളെയും മുതലെടുത്തുകൊണ്ട് വർഗീയതയെ ഒരു പ്രത്യയശാസ്ത്രമാക്കി വളർത്തിയെടുക്കാൻ ഭരണകൂടങ്ങൾ പോലും ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണ് ഇത്. തനിമയിലേക്കുള്ള തിരിച്ച് പോക്ക് എന്ന ആഹ്വാനമാണ് ഇപ്പോൾ മതങ്ങളും നടത്തിക്കൊണ്ടിരിക്കുന്നത്. മധ്യകാല ഇന്ത്യയിൽ തൻമയത്വത്തോടെ നിലനിന്നിരുന്ന സാംസ്കാരിക സമുച്ചയങ്ങളും മതത്തിന്റെ വേലിക്കെട്ടുകൾക്ക് അപ്പുറമുള്ള ജനകീയ ഇഴുകിച്ചേരലുകളും ക്ഷയിച്ചിരിക്കുന്നു.

പ്രശസ്ത ചിന്തകനായ ജെയിംസ് മിൽ (ബ്രിട്ടീഷ് ഇന്ത്യ ചരിത്രത്തിന്റെ രചയിതാവ്) ഇന്ത്യാ ചരിത്രത്തെ മൂന്ന് ഘട്ടങ്ങളായി വേർതിരിച്ചിരിക്കുന്നു. (ഹിന്ദു സംസ്കാരം, മുസ്ലിം സംസ്കാരം, ബ്രിട്ടീഷ് സംസ്കാരം) ഹിന്ദു മതം, ഇസ്ലാം മതം എന്നീ രണ്ട് മത തത്വ ചിന്തകളുടെ അടിസ്ഥാന പ്രമാണങ്ങളിൽ വിശ്വസിക്കുമ്പോഴും ഒറ്റ ജന വിഭാഗത്തിന്റെ സാമൂഹിക സാംസ്കാരിക വ്യവസ്ഥിതികളെ മറ്റൊരു വിഭാഗത്തിന്റെ ചരിത്രത്തിൽ നിന്ന് അടർത്തിയെടുക്കാനോ വേർതിരിച്ച് കാണിക്കാനോ സാധിക്കുകയില്ല. ഇന്ത്യയിലെ ഇസ്ലാമിന്റെ ആവിർഭാവവും വളർച്ചയും എല്ലാം മറ്റു മതങ്ങളിലെ ജനങ്ങളുമായി ഒരു തലത്തിലല്ലെങ്കിൽ മറ്റൊരു തലത്തിൽ ബന്ധപ്പെട്ടിരിക്കുന്നു.

ഒരു രാജ്യത്തിന്റെ സാംസ്കാരിക വികസനത്തിന്റെ അളവുകോലാണ് സ്ത്രീകളുടെ ഉന്നമനം. സ്വാമി വിവേകാനന്ദൻ അഭിപ്രായപ്പെട്ടത് പോലെ There is no chance for the welfare of the world unless the condition of women is improved, it is not possible for a bird to fly on only one wing.

മതവേലിക്കെട്ടുകളുടെ പിന്നാമ്പുറങ്ങളിൽ നിന്ന് ചരിത്രത്തിലേക്ക് എത്തിനോക്കുമ്പോൾ ആചാരങ്ങളുടേയും വിശ്വാസങ്ങളുടേയും പേരിൽ പൊതു ഇടങ്ങളിൽ നിന്ന് വിലക്കപ്പെട്ടവരായിരുന്നു സ്ത്രീകൾ. ഈ


സാഹചര്യത്തിലും ചരിത്രത്തിന്റെ ഏടുകളിൽ തങ്ങളുടെ സാന്നിധ്യം നിരന്തരം അറിയിക്കുന്നതിന് ശ്വാസത്തിലും വിശ്വാസത്തിലും പ്രവർത്തിച്ചവരാണ് സ്ത്രീകൾ. ചിന്തകൾക്ക് ചിതലരിക്കുന്ന ഈ കാലഘട്ടത്തിൽ അതിജീവനം എന്നത് ഒരു വലിയ ചോദ്യ ചിഹ്നമാണ്. പൊതു ഇടങ്ങൾ സംരക്ഷിത കേന്ദ്രങ്ങളാകുന്നതിന് വേണ്ടി സ്ത്രീകൾ ഒന്നടങ്കം മുറവിളി കൂട്ടുന്നു. പ്രതികരിക്കുന്നതും പ്രതിഷേധിക്കുന്നതും ഏറ്റവും വലിയ സാമൂഹിക മലിനീകരണമാണെന്ന ബോധ്യം ഉണ്ടാക്കിയെടുക്കാൻ പുരുഷാധിപത്യം അക്ഷീണം ശ്രമിക്കുന്നു. സദാചാരത്തിന്റെ അതിർവരമ്പുകളാൽ തളച്ചിട്ടപ്പോഴൊക്കെയും ചരിത്രത്തിൽ തങ്ങളുടെ സ്ഥാനം ഉറപ്പിക്കുന്നതിന് പടവെട്ടിയവരാണ് സ്ത്രീ സമൂഹം. അഭിമാനകരമായ ഒരു ഉയർത്തെഴുന്നേൽപ്പ് എല്ലാ മതങ്ങളിലും വിശ്വസിക്കുന്ന സ്ത്രീ സമൂഹം ആഗ്രഹിക്കുന്നുണ്ട്. ജനാധിപത്യത്തിന്റെ ഈറ്റില്ലം എന്നറിയപ്പെടുന്ന ഇന്ത്യയിലായാലും അഫ്ഗാനിസ്ഥാനിലെ കറുത്ത യുഗത്തിൽ ജീവിതം ഹോമിക്കേണ്ടിവരുന്ന സ്ത്രീകളിലായാലും സമാന സാഹചര്യങ്ങൾ തന്നെ നിലനിൽക്കുന്നു എന്ന് പറയേണ്ടിയിരിക്കുന്നു. അസ്വസ്ഥതയുടെ ചോദ്യങ്ങൾ ഉയർന്നു വന്നപ്പോഴെല്ലാം സ്വാതന്ത്ര്യത്തിന്റെ പരിമിത സാധ്യതകൾ പോലും അടച്ച് കളയപ്പെട്ടു എന്നതാണ് യാഥാർത്ഥ്യം.

ഇന്ത്യൻ ജനസംഖ്യയിടെ 14.2 ശതമാനം വരുന്ന ന്യൂനപക്ഷമാണ് മുസ്ലിം സമൂഹം മാറ്റങ്ങൾക്കനുസരിച്ച് മാറാനോ ചിന്തിക്കാനോ വികസന പ്രക്രിയകളിൽ പങ്കാളികളാകാനോ ഈ ന്യൂനപക്ഷത്തിന് കഴിയുന്നില്ല. ഇന്ന് ഏറ്റവും കൂടുതൽ ചൂഷണവും വെല്ലുവിളികളും നേരിടുന്നതും ഈ ന്യൂനപക്ഷ സമുദായത്തിലെ സ്ത്രീകൾ തന്നെയാണ്.

ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിൽ നിലവിൽ വന്ന മുസ്ലിം വ്യക്തി നിയമങ്ങൾ ഒട്ടേറെ അപാകതകൾ നിറഞ്ഞതാണ്. സ്വതന്ത്ര ഇന്ത്യ പിന്തുടർന്ന് വന്ന മുസ്ലിം വ്യക്തിനിയമം ലിംഗനീതിക്കും ലിംഗ സമത്വത്തിനും എതിരാണെന്ന് പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇത്തരക്കാരെയെല്ലാം മുസ്ലിം വിരുദ്ധരായും ശരീഅത്ത് വിരുദ്ധരായും ചരിത്രത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നു. ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണ സഭയില മുസ്ലിം പ്രതിനിധിയായി ഒരു സ്ത്രീ പോലും ഉണ്ടായിരുന്നില്ല എന്നത് ചരിത്രപരമായ യാഥാർത്ഥ്യമാണ്. മുസ്ലിം സ്ത്രീകളെ കൂടി ബാധിക്കുന്ന പ്രശ്നങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തിയതും തീരുമാനങ്ങൾ എടുത്തതുമെല്ലാം മുസ്ലിം പുരുഷൻമാർ തന്നെയാണ് എന്നതും വസ്തുതയാണ്. സ്വാതന്ത്ര്യത്തിന് ശേഷവും വ്യക്തി നിയമങ്ങളിൽ സ്ത്രീയുടെ തുല്യതയ്ക്ക് വേണ്ടി യാതൊരു നടപടികളും ഉണ്ടായില്ല. കോളിളക്കം സൃഷ്ടിച്ച ഷാബാനു ബീഗം കേസിൽ മുസ്ലിം വ്യക്തി നിയമ ബോർഡിന്റെ നിലപാട് മുസ്ലിം സ്ത്രീകളോടുള്ള വെല്ലുവിളിയായിരുന്നു. ജീവനാംശം, മുത്തലാക്ക് ഉൾപ്പെടെയുള്ള വിവിധ കേസുകളിൽ മുസ്ലിം യാഥാസ്ഥിതിക പൗരോഹിത്യ സമൂഹം മതം അപകടത്തിൽ എന്ന പതിവ് വൈകാരികത ഉണർത്തിവിടാനാണ് ശ്രമിച്ചത്.



മതപുരോഹിതൻമാർക്ക് മുന്നിൽ തലതാഴ്ത്തുന്ന സമൂഹമായിട്ടാണ് ഇസ്ലാമിലെ സ്ത്രീകളെ കാണാൻ കഴിയുന്നത്. എല്ലാ മതവിഭാഗങ്ങളിലും സ്ത്രീകൾക്കെതിരെ വിവേചനം നിലനിൽക്കുന്നുണ്ടെങ്കിലും ഇസ്ലാമിൽ അതിന് ശരീഅത്തിന്റെ നിയമപരിരക്ഷ കിട്ടുന്നു. കാലവും ലോകവും മാറുന്നത് കണക്കിലെടുക്കാതെ വ്യക്തി സ്വാതന്ത്ര്യത്തെ മത വിശ്വാസത്തിൽ തളച്ചിട്ടുകൊണ്ട് സ്ത്രീയുടെ തുല്യ നീതിയും അവകാശവും ഗളച്ഛേദം ചെയ്യപ്പെടുന്നു. ഹിജാബ്, ബുർഖ, പർദ്ദ എന്നിവ അടിച്ചേൽപ്പിക്കപ്പെടുന്നതിലൂടെ പ്രാകൃതമായ ഒരു കാലഘട്ടത്തിന്റെ വനാന്തരങ്ങളിലേക്ക് അതിവേഗം നടന്നടുക്കുന്നവരായിരുന്നു ഇസ്ലാമിലെ സ്ത്രീകൾ. ശരീഅത്തിന്റെ പേര് പറഞ്ഞ് മുസ്ലീം സ്ത്രീകളെ ഇരുണ്ട യുഗത്തിലേക്ക് പറഞ്ഞയക്കുന്നത് പുതിയ കാലഘട്ടത്തോട് ചെയ്യുന്ന വഞ്ചനയാണ്. ജെന്നി നോർദ്ബെർഗ് "കാബൂളിലെ പെൺകുട്ടികൾ" എന്ന പുസ്തകത്തിൽ എഴുതിയ



മുഖവുര ഇങ്ങനെയാണ്.

“ മാറ്റം ഇവിടെ നിന്നാണ് ആരംഭിക്കുന്നത്. ഞാൻ തലയിൽ നിന്നും കറുത്ത ശിരോവസ്ത്രം അഴിച്ചെടുത്തു. പുറകിൽ തൂക്കിയിട്ടിരിക്കുന്ന സഞ്ചിയിൽ കുത്തിത്തിരുകി. തലയുടെ പുറകിലായി മുടി പിന്നിയിട്ട് ഉരുട്ടിക്കെട്ടിവച്ചിട്ടുണ്ട്. ഞാൻ താമസിയാതെ വിമാനത്തിൽ കയറി ആകാശത്ത് പറക്കും.... ഞാൻ പുത്തൻമട്ടിൽ വസ്ത്രം ധരിച്ചിരിക്കുന്നു...." സ്വന്തം ജീവനും ഉച്ഛ്വാസ വായുവും നിലനിർത്തുന്നതിന് വേണ്ടി വേഷപ്രച്ഛന്നരാകേണ്ടി വരുന്ന മുസ്ലിം പെൺകുട്ടികൾ. ഞാൻ പ്രകൃതിയിലെ എന്തുമാകാം പക്ഷേ ഒരു പെണ്ണാകാനില്ല, ഒരു അഫ്ഗാൻ പെണ്ണാകാനില്ല എന്ന റോയ കാബൂളിന്റെ (2009) വരികൾ ഈ മത ചട്ടക്കൂടിനുള്ളിലെ സ്ത്രീയുടെ വീർപ്പുമുട്ടലിനെയാണ് വെളിവാക്കുന്നത്.

ബുർഖ, ഹിജാബ് തുടങ്ങിയ വസ്ത്രരീതികൾക്കെതിരെ ഗൾഫ് രാഷ്ട്രങ്ങളിൽ നിന്ന് പോലും പ്രതിഷേധം ആരംഭിച്ചിരിക്കുന്നു. ഇറാനിലെ സ്ത്രീകൾ ഹിജാബ് ഊരിമാറ്റി പൊതു നിരത്തിൽ പ്രതിഷേധിച്ചതും സൗദി അറേബ്യ പുരോഗമന ചിന്താഗതികൾ പ്രഖ്യാപിച്ചതും (സ്ത്രീകളുടെ വസ്ത്രധാരണം, ഡ്രൈവിംഗ് ലൈസൻസ്) ഇത്തരം പ്രതിഷേധങ്ങളുടെ അനന്തരഫലമാണ്. സ്ത്രീകൾക്ക് വിദ്യാഭ്യാസവും കലാജീവിതവും രാഷ്ട്രീയ സമത്വവും അനുവദിച്ച് കൊടുക്കുക എന്നത് അവരുടെ അടിസ്ഥാനപരമായ അവകാശമാണ്. കുടുംബം, സമൂഹം എന്നിവയുടെ നിലനിൽപ്പ് സ്ത്രീ സമൂഹത്തിൽ അധിഷ്ഠിതമാണെന്നിരിക്കേ വിവേചനങ്ങളുടെ അതിർവരമ്പുകളിൽ ഇവരെ തളച്ചിടുന്നത് രാജ്യത്തിന്റെ രാജ്യത്തിന്റെ പുരോഗതിക്ക് തന്നെ വിഘാതം സൃഷ്ടിക്കുന്നതാണ്.

മലാല യൂസഫ് സായ് വിദ്യാഭ്യാസത്തിന് വേണ്ടി താലിബാന്റെ ആക്രമണത്തിന് വിധേയയായ പെൺകുട്ടിയാണ്. ലോകം മുഴുവൻ മലാലയുടെ ധീരമായ ചെറുത്തുനിൽപ്പിനെ പ്രകീർത്തിച്ചു. ഇവിടെയും ഒരു വിഭാഗം മുസ്ലിം പൗരോഹിത്യ സമൂഹം മലാലയെ ഇസ്ലാമിനെതിരായ പ്രചാരകയായും ബ്രിട്ടന്റെയും അമേരിക്കയുടെയും അച്ചാരം വാങ്ങി മതത്തെ തകർക്കാൻ ശ്രമിക്കുന്നവളായും ചിത്രീകരിച്ചു. ഇസ്ലാമിലെ സങ്കുചിത മതബോധം മൂലം സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സ്ത്രീ മുന്നേറ്റം പിന്നോക്കം പോയിട്ടുണ്ട്. ഇസ്ലാം വിശ്വാസിയായ റയ്ഹാന ഒബർമെയർ എന്ന അൾജീരിയൻ സംവിധായിക നേരിടേണ്ടി വന്ന ഭീഷണികൾ ചെറുതല്ല. അവരുടെ സിനിമകൾ നിരോധിക്കപ്പെട്ടു. രാജ്യത്ത് കണ്ടാൽ വധിക്കും എന്ന ഭീഷണിയുണ്ടായി. അവരുടെ വാക്കുകളിലെ ആശങ്ക ശ്രദ്ധിക്കുക. “ എന്റെ സിനിമ ഇസ്ലാം വിരുദ്ധമാണെന്ന വിമർശനം തെറ്റിദ്ധാരണയിൽ നിന്ന് ഉടലെടുത്തതാണ്. ഇസ്ലാമിനെയല്ല എന്റെ സിനിമ വിമർശിക്കുന്നത്. സ്ത്രീകളോടുള്ള സമീപനത്തെയാണ്. ഞാൻ ഇസ്ലാം വിരുദ്ധയല്ല. സ്ത്രീ സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സന്ദേശമാണ് എന്റെ സിനിമ നൽകുന്നത്. ലോകത്ത് എല്ലായിടത്തും ഞാൻ അഭയം തേടിയ ഫ്രാൻസിൽ പോലും എല്ലാ മതങ്ങളിലും സ്ത്രീകൾ അടിച്ചമർത്തൽ അനുഭവിക്കുന്നുണ്ട്. ഇസ്ലാമിലെ നല്ല വശങ്ങളെ അംഗീകരിക്കുന്ന ആളാണ് ഞാൻ ഇതൊന്നും മനസ്സിലാക്കാതെയാണ് എനിക്ക് ചിലർ വധശിക്ഷ വിധിച്ചിരിക്കുന്നത്." ഒരു സ്ത്രീയുടെ ഏറ്റുപറച്ചിൽ ആണത്. ഒരു മതം സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പതാകവാഹകരാകേണ്ട സ്ത്രീകളുടെ ജീവനെടുക്കാൻ വിധിക്കുന്നു. ഇത്തരം ഭീഷണികളെ ചോദ്യം ചെയ്യാൻ പോലും പരിഷ്കൃത സമൂഹത്തിൽ


ആരും തയ്യാറാവുന്നില്ല.

മതപരമായ സങ്കുചിത ബോധത്തെ പിൻതള്ളി സാഹിത്യത്തിന്റെ അഭൗമ സൗകമാര്യത്തിൽ നിന്നുകൊണ്ട് മത ബിംബങ്ങളെ വിമർശിച്ചതിന്റെ പേരിൽ പൗരോഹിത്യം ഫത്‌വ പുറപ്പെടുവിക്കുകയും ബംഗ്ലാദേശിൽ നിന്ന് പാലായനം ചെയ്യേണ്ടിവരികയും ചെയ്ത തസ്ലീമ നസ്റിന്റെ ദുരവസ്ഥ കൂടി ഇതുമായി ചേർത്ത് വായിക്കേണ്ടതുണ്ട്. മതം സ്വതന്ത്ര ചിന്തകളെ അകറ്റി നിർത്തുന്നു. ദി ഹിന്ദു പത്രത്തിന് നൽകിയ അഭിമുഖത്തിൽ അവർ ഇങ്ങനെ അഭിപ്രായപ്പെടുന്നു. "എഴുപതുകളിലും എൺപതുകളിലും ബംഗ്ലാദേശിൽ ജനങ്ങൾക്ക് അഭിപ്രായങ്ങൾ സ്വതന്ത്രമായി പറയാൻ കഴിയുമായിരുന്നു. സ്ത്രീകൾ ഹിജാബ് അല്ലെങ്കിൽ ബുർഖ ധരിച്ചിരുന്നത് ഏറെ വിരളവും. സമൂഹം പിന്നീട് പതിയെ മാറി. എൺപതുകളിലും 90 കളിലും ഞാൻ ഇസ്ലാമിനെക്കുറിച്ച് വിമർശിച്ചു. ഇസ്ലാമിക സമൂഹങ്ങളിലെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ചും എഴുതിയ കാര്യങ്ങളെല്ലാം അക്കാലത്ത് പത്രങ്ങൾ ഏറെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ഇക്കാലത്ത് അത് ചിന്തിക്കാൻ പോലും കഴിയില്ല. അഭിപ്രായ സ്വാതന്ത്ര്യം എന്ന വാക്ക് തീർത്തും അപരിചിതമായി മാറിയിരിക്കുന്നു. ഇസ്ലാമിലെ സ്ത്രീ സ്വാതന്ത്ര്യമെന്നത് കറുത്ത മേൽവസ്ത്രത്താൽ ആവരണം ചെയ്യപ്പെട്ട മനസ്സും ശരീരവുമായി മാറിയിരിക്കുന്നു. ഇത് ബോധപൂർവ്വമായ പൗരോഹിത്യ ഇടപെടലുകളുടെ അനന്തര ഫലമാണ്.

ഭൂരിപക്ഷ വർഗ്ഗീയതയെക്കുറിച്ച് വിലപിക്കുന്നവർ, അതിനെതിരെ ക്രിയാത്മകമായി പ്രതികരിക്കുന്നവർ, ഇതര മതങ്ങളിലെ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നവർ സ്വയം വിമർശനത്തിനോ, ഇസ്ലാം മതത്തിലെ പുഴുക്കുത്തുകൾ എടുത്തുകളയുന്നതിനോ തയ്യാറാവുന്നില്ല. ഇസ്ലാമിക സ്വത്വം സ്ത്രീകളുടെ സാമൂഹിക ജീവിത ചര്യകളിലേക്ക് പൗരോഹിത്യ പ്രസംഗങ്ങളിലൂടെ സ്വർഗ്ഗം ചൂണ്ടിക്കാണിച്ച് ഭയപ്പെടുത്തി അടിച്ചേൽപ്പിക്കുമ്പോൾ അത് ഇസ്ലാമിന്റെ മാനവികത എന്ന് കരുതാനാവില്ല. വർഗ്ഗീയതയ്ക്ക് മുന്നിൽ മാനവികത എന്ന കപട മുഖമണിഞ്ഞവരാണ് ഒട്ടുമിക്ക മുസ്ലീം സംഘടനകളും. ചേകന്നൂർ മൗലവിയെ വധിച്ചതും ജോസഫ് മാഷിന്റെ കൈ വെട്ടിയതും ജാമിദ എന്ന മുസ്ലിം സ്ത്രീ ജുമുഅ നമസ്ക്കാരത്തിന് നേതൃത്വം കൊടുത്തപ്പോൾ അവർക്കെതിരേ ആക്ഷേപങ്ങൾ ചൊരിഞ്ഞതും ഭീഷണിപ്പെടുത്തിയതും മാനവികതയുടെ യഥാർത്ഥമുഖത്തെയാണ് വെളിവാക്കിയത്. അഖില ഹാദിയ ആയപ്പോഴും സമാനമായ സാഹചര്യമാണ് ഉണ്ടായത് എന്നുകൂടി ഓർക്കണം. ജ്യൂഡീഷ്യറിയെപ്പോലും വെല്ലുവിളിച്ചുകൊണ്ട് തെരുവ് യുദ്ധങ്ങൾ അരങ്ങേറിയപ്പോൾ പ്രബുദ്ധ കേരളത്തിന്റെ നിലപാടുകൾ ശബ്ദമില്ലാതെ വിറങ്ങലിച്ച് നിന്നു.

സ്ത്രീ വിരുദ്ധമായ നിലപാടുകളിൽ ഒട്ടുമിക്ക മുസ്ലിം സംഘടനകളും പ്രത്യക്ഷമായോ പരോക്ഷമായോ ഒറ്റക്കെട്ടാണ്. പെൺകുട്ടിയുടെ വിവാഹപ്രായം 18 വയസ്സായി നിജപ്പെടുത്തിയ നിയമം നിലനിൽക്കുമ്പോൾ തന്നെ ചില സംഘടനകൾ വിവാഹ പ്രായം 15 വയസ്സാക്കണമെന്ന് അഭിപ്രായപ്പെട്ടിരുന്നു. മലബാറിലെ വിവിധ പ്രദേശങ്ങളിൽ മുസ്ലീം പെൺകുട്ടികളെ 18 വയസ്സിന് മുൻപ് വിവാഹം കഴിച്ചയക്കുന്ന പതിവ് ഇന്നും നിലനിൽക്കുന്നുണ്ട് എന്ന കാര്യം വിവിധ മാധ്യമ റിപ്പോർട്ടുകളിലൂടെ നാം അറിയുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രാതിനിധ്യത്തെപ്പോലും ഇസ്ലാമിക സംഘടനകൾ ഒറ്റക്കെട്ടായി എതിർത്തിരുന്നു.

നവോത്ഥാന മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന കേരളത്തിൽ കലോൽസവ വേദികളിൽ പോലും മതം അതിന്റെ ഭാഷ സംസാരിക്കുന്നു. കലോൽസവവേദികളിൽ നൃത്തം അവതരിപ്പിച്ച മൻസിയ എന്ന പെൺകുട്ടിക്കുണ്ടായ ദുരനുഭവം മതത്തിലെ നിക്ഷിപ്ത താൽപ്പര്യ





ക്കാരുടെ യാഥാസ്ഥിതികമായ നിലപാടിൽ നിന്നുണ്ടായ വർത്തമാനത്തിന്റെ നീറുന്ന യാഥാർത്ഥ്യമാണ്. സർഗ്ഗവേദികളിൽ നിന്ന് മുസ്ലീം പെൺകുട്ടികൾ പിൻ തിരിയാൻ നിർബന്ധിതരാവുന്നു. മൈക്കിലൂടെ പെൺകിടാങ്ങളുടെ ശബ്ദം നബിദിന ആഘോഷങ്ങളിൽ വിലക്കിയ പൗരോഹിത്യം തട്ടമിടാത്തതിന്, ഫ്ളാഷ്മോബ് കളിച്ചതിന് അഭിനയിച്ചതിന് നിനക്ക് മരിക്കണ്ടെ പെണ്ണേ എന്ന് ആക്രോശിച്ച് സദാചാര കൊലവിളി നടത്തുന്നു. അന്യവൽക്കരിക്കപ്പെട്ട സ്വത്വമായി മുസ്ലീം പെൺമനസ്സുകൾ പരുവപ്പെടുന്നു. പ്രസവിക്കുന്ന ഫാക്ടറികളായി മുസ്ലീം വനിതകളെ പിന്നാമ്പുറങ്ങളിലേക്ക് തള്ളിവിടുന്ന പൗരോഹിത്യ പ്രഖ്യാപനം കേരളമെമ്പാടും മുഴങ്ങിതുടങ്ങിയിരിക്കുന്നു. സാമുദായിക ബോധം വളർത്തിക്കൊണ്ട് വരുന്ന ബോധപൂർവ്വമായ ഒരു ശ്രമം മുൻപെങ്ങുമില്ലാത്ത വിധം തീവ്രമായിരിക്കുന്നു. വർദ്ധിച്ച് വരുന്ന പർദ്ദവൽക്കരണം മതാധിഷ്ഠിതമായ ഒരു സാമൂഹിക ചിന്തയിലേക്കുള്ള ബോധപൂർവ്വമായ സംക്രമിപ്പിക്കലാണ്. മാറ്റങ്ങളെ ഭയക്കുന്ന പൗരോഹിത്യ ശാസനകൾ ഇതിന്റെ ദൃഷ്ടാന്തങ്ങളാണ്.

പൊതു ഇടങ്ങളിലും വിവാഹത്തിലും എന്തിന് ക്യാമ്പസുകളിലും പർദ്ദ, ഹിജാബ് തുടങ്ങിയ വേഷങ്ങൾ പ്രചാരം നേടുന്നു. 80 കളിലും 90 കളിലും മദ്രസ വിദ്യാഭ്യാസത്തിനായി പോയിരുന്ന പെൺകുട്ടികൾ പാവാടയും ഉടുപ്പും തലമുടി മറയ്ക്കുന്ന ഒരു ചെറിയ സ്കാർഫും ധരിച്ചിരുന്നു എങ്കിൽ എന്ന് നാലും അഞ്ചും വയസ്സുള്ള കുഞ്ഞുങ്ങൾ പർദ്ദയിലേക്ക് കുടിയേറിയിരിക്കുന്നു. മുതിർന്നവരിൽ അത് ഒരു ഫാഷൻ തരംഗമായി മാറുന്നു. ഇരുട്ട് എന്ന ഷാഹിന ഇ.കെ.യുടെ ദേശാഭിമാനി വാരികയിൽ പ്രസിദ്ധീകരിച്ച ചെറുകഥ നാം ഇന്ന് ഓർമ്മിക്കേണ്ട പെൺ സ്വത്വബോധത്തെ അടയാളപ്പെടുത്തിയിരിക്കുന്നു. പർദ്ദയിൽ തളച്ചിടപ്പെട്ട പെൺ ഉടലിന്റെ തേങ്ങലുകളിലൂടെ കഥ ഇരുമ്പഴികളുള്ള ജനാല പോലെ കണ്ണഴികളുള്ള ഒറ്റ ചതുരത്തിൽ ഒതുക്കപ്പെട്ട പെൺ മനസ്സുകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ട് പോവുന്നു.

സൗദി അറേബ്യ ഔദ്യോഗികമായി സ്ത്രീകൾക്ക് അനുവദിച്ച വസ്ത്രമാണ് പർദ്ദ. ഒപ്പം പുരുഷൻമാർക്ക് നീണ്ട കുപ്പായവും തലപ്പാവും. എന്നാൽ കേരളത്തിലെത്തിയപ്പോൾ ആ മൂടുപടം സ്ത്രീകളെ മാത്രം ധരിപ്പിച്ച് പുരുഷ പൗരോഹിത്യം സായൂജ്യമടയുന്നു. 80 കളിലെയും 90 കളിലെയും തനത് വേഷവിധാനമായിരുന്ന തട്ടവും കുപ്പായവും ചിറ്റ് കമ്മലുമണിഞ്ഞ ഉമ്മമാരുടെ സ്ഥാനത്ത് പർദ്ദയിട്ട ആധുനികത സ്ത്രീ സ്വത്വത്തെ മൂടിയിരിക്കുന്നു. മലബാറിലെ ബഹുഭാര്യാത്വത്തിന്റെ കണക്കുകൾ കൂടി പരിശോധിച്ചാൽ കാര്യങ്ങൾ കുറച്ചുകൂടി വ്യക്തമാവും. വസ്ത്രധാരണം ഭൂമിശാസ്ത്രപരമായ സവിശേഷതകൾക്കും കാലാവസ്ഥയ്ക്കുമെല്ലാം അനുസൃതമായിരിക്കുന്നതോടൊപ്പം ശാരീരികവും മാനസികവുമായ ആത്മബലത്തെ കൂടി ദൃഢപ്പെടുത്തുന്ന ഒന്നാണ് എന്ന വസ്തുത വസ്തുമൗലികവാദികൾ മറന്നു പോവുന്നു.

ഇസ്ലാമിക സമൂഹം ഭൗതികമായ ഒരു നവീകരണത്തിന് വിധേയമാവേണ്ടിയിരിക്കുന്നു. ഇസ്ലാമിന്റെ പേരിൽ കൂണുപോലെ മുളച്ച് പൊന്തുന്ന പ്രസ്ഥാനങ്ങൾക്ക് പക്ഷേ അതിന് സാധിക്കും എന്ന് തോന്നുന്നില്ല. രാത്രിയുടെ യാമങ്ങളിൽ വ്യാഖ്യാനാത്മക പ്രസംഗങ്ങളിലൂടെ സമൂഹത്തെ ഉദ്ധരിക്കാനാണ് ഇവർ ശ്രമിക്കുന്നത്. എന്നാൽ ഈ ന്യൂനപക്ഷ സമൂഹത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ ഇവരുടെ അധര വ്യായാമങ്ങളിലൂടെ പരിഹരിക്കാവുന്നതല്ല. സ്വർഗ്ഗത്തിന്റെ മനോഹാരിതയേക്കാൾ ഭൗതിക ജീവിതത്തിന്റെ പ്രശ്നങ്ങളിലേക്ക് ഉൾക്കരുത്തോടെ ഇടപെടേണ്ടവർ സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റിനായി അഹോരാത്രം പണിയെടുക്കുന്നവരായി മാറുന്നു. പൗരോഹിത്യം അടിസ്ഥാനപരമായി ഒരു വനിതയ്ക്ക് ആത്മവിശ്വാസം നൽകുന്ന, വെല്ലുവിളികളെ അതിജീവിക്കാൻ പ്രാപ്തയാക്കുന്ന, പ്രതിഭയെ ആദരിക്കുന്ന രീതിശാസ്ത്രത്തെ പിൻപറ്റുന്നില്ല. സ്ത്രീ സ്വാതന്ത്ര്യത്തിന് വേണ്ടി സ്പഷ്ടമായ ഖുർആനിക ദർശനങ്ങൾ ഉണ്ടായിട്ടും പ്രാകൃതമായ സ്ഥാനങ്ങളിൽ സ്ത്രീകളെ നിലനിർത്തുകയും പ്രതിലോമകരമായ ദർശന വ്യാഖ്യാനങ്ങളിലൂടെ പുനരുദ്ധാന വാദികൾ എന്ന് സ്വയം കരുതുന്നവർ പോലും സ്ത്രീ സ്വത്വത്തെ നിരാകരിക്കുകയും ചെയ്യുന്നു.

മാറ്റപ്പെടുക എന്നതിന്റെ പ്രകൃതിപരമായ ദർശനത്തെ മനസ്സിലാക്കാൻ, ഒരു ചിട്ടയായ ജീവിത വ്യവസ്ഥയായി മതാനുശാസനങ്ങളെ ഉൾക്കൊള്ളാൻ, കാലാനുസൃതമായി ജീവിത സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ ഇസ്ലാമിക ജീവിത രീതി പരിഷ്ക്കരിക്കപ്പെടേണ്ടതുണ്ട്. കൊടുക്കൽ വാങ്ങലുകൾ ആണ് ലോകം. പങ്കുവയ്ക്കലുകളുടേതാണ് ചരിത്രം. ചരിത്രത്തിൽ നിന്ന് പുറന്തള്ളപ്പെടാതിരിക്കാൻ വേണ്ടിയെങ്കിലും മാറ്റങ്ങളെ സ്വീകരിക്കാൻ തയ്യാറാവേണ്ടതുണ്ട്. കുറഞ്ഞപക്ഷം സ്വയം പുറന്തള്ളപ്പെടാതിരിക്കാൻ വേണ്ടി എങ്കിലും.



# Femvertising: Agendas and Identities


**Dr. Swapna Gopinath**
SN College, Chempazhanthy




When a young energetic actor Parvathy dared to speak about misogyny in Malayalam cinema, it triggered a chain reaction, resulting in heated debates, the crux was of course feminism. The incident exposed the deep seated misogyny in Kerala society that waves of modernity or even globalization had not dared to challenge. Discourses around feminism in Kerala have remained on the fringes despite the high indices of social development often hailed by the rest of the world as unique and exemplary. Women's position is still paradoxical – with large number of educated women joining the labour power and comparatively better prospects for the girl child with regards to education and opportunities along with misogyny and domestic abuse existing side by side. Feminism is largely misunderstood and stereotypes of feminists are the upperclass, upper caste women,



pretentious and hypocritical, in cultural narratives for the past decades. The archetype of the respectable Malayalee women has been repeatedly reinforced into the Malayalee psyche as the home maker, willing to sacrifice for the family, the woman proud to believe in the rights and privileges of her husband.

Feminism in post-globalised India faces several challenges, the intersectionality of third world feminisms along with the rapidly transforming social structures adding to the problems. The caste and class hierarchies prevalent in Indian society create a multitude of identities that complicates the cause for feminism further. Feminism prior to neoliberalism, functioned as a collective voice, addressing injustices and oppression with a demand for change and redressal. The collective force of the community emphasized the desire for change, and Marxist feminism addressed issues of women in the world of economic production as well, reinforcing the solidarity of the female workforce. With postmodernity, identity politics began to get highlighted. It was no more the prerogative of the collective to assert its identity, but it now rested upon the individual, to shape her identity within the social discourse. Neoliberal capitalism reinforced this shift, with individual occupying centrality and identity emerging as an interesting political preposition. "Collective activist politics is increasingly replaced by individualistic choices and self-rule. Here freedom gets translated as the agency of the individual to consume products" (Postfeminism 240).

Feminism as an ideological structure has empowered women in various ways, enabling women to express dissent and resist oppression in various ways. Its pervading presence in the social fabric has had its impact on societies across the world. This has also resulted in its commodification in the neoliberal capitalistic society. Capitalizing on its visibility, corporate industry employs the concept of feminism, after discarding its fundamental values, to market their products. In a mediated society, feminism is another effective vehicle to sell the values of a consumer society. An advertisement for a jewelry shop waxes eloquently about the freedom of choice that the bride-to-be enjoys. The girl is to be married to a boy of her parents' choice but she has been 'given' the power to choose the jewelry shop.

Marxist feminists have been wary about identity politics. Angela McRobbie and Rosalind Gill are two names to be mentioned in this context. Their critique of the shift in feminism towards postfeminism seems very relevant in the age of mass media. Angela Mcrobbie in her essay discusses the shift towards postfeminism with its emphasis on the creation of an ideal female subject, the new woman who is gender aware but withholds criticism of the social structure in return for her freedom. There is also a complicity when it comes to dominant commercially produced sexual identities. She perceives a distinct shift from emancipatory politics to individualization. The shift is from modernity which emphasised on welfare state and a set of institutions like education that led man to the next phase of modernity where man is dis-embedded from community and abandoned to his individual self. The highly individuated being is responsible for his success as well as failures. The power of structure fades while the agency of the individual being is increased in magnitude. The burden of self-management often drives the woman to tradition. Through the language of personal choice, women are re-regulated and postfeminist anxieties are ignored.

Rosalind Gill outlined the distinct features of postfeminism and shared her concerns in her works. She opined that postfeminism has a preoccupation with the body in order to define femininity. There is a distinct shift from sex object to sexual object. Hegemonic powers work not through the external male judging gaze but through internalized self-policing narcissistic gaze. Women are allowed agency and self so long as they construct an identity closely

similar to the one constructed by society. By employing 'a grammar of individualism' postfeminism places its emphasis on personal empowerment and self determination, denying any space for political interventions on women's issues. Gill uses Robert Goldman's notion's of commodity feminism (1992) where advertisers appropriate tropes of feminism and sell it back to women, devoid of political content. She also highlighted the 'makeover paradigm' which refused to shed the earlier notions of femininity, but packaged them in new attractive garbs, by neoliberal marketing tools, commodifying feminism, with advertising as its vehicle of expression, through the visual spectacles that populate the television screens of the populace.



Postfeminism repeatedly addresses the concept of identity in the context of feminism. When feminism is defined as asserting/establishing one's identity, it reduces the potentiality of feminism, as a game changer in social structures. Feminism thus becomes highly individualized, focusing on the individual's freedom to choose, the individual's responsibility to shape her identity. Here, neoliberal market slyly shifts focus to the concept of identity and the role of consumer products and consumption patterns in establishing identities. So we have advertisements of strong empowered women using particular products, thus shifting the identity of the model to that of the product. Thus we have celebrity endorsements, with women selling products as cherished values. Be yourself campaign reiterates the concept of choice in shaping one's identity, placing the responsibility of empowering oneself squarely on the woman. Similarly, Vivo's hashtag Be bold for change asserts the concept of the individual self as the powerful entity capable of making choices and change is all about a woman's identity. Dove went a step further with their beauty product bottled in plastic containers shaped in six ways, based on the different body structures of women. This went viral, yet remained deeply problematic, since identity built around body images is entrenched in the patriarchal norms that feminism has been constantly challenging.

When products are marketed building narratives around the visibility of feminist centred ideas, capitalizing on its popularity to sell products that serve to reinforce the existing hegemonies, then femvertising becomes problematic. Feminism, in the postglobal scenario, thus becomes another tool for neoliberal capitalist structures to manipulate. Adopting clichés are of course, an easy ploy, but in the context of femvertising, this method merely serves to reinforce the status quo in relation to gender relationships. Oriflame's superwoman campaign delineates a woman as a smart efficient home maker and entrepreneur, safely occupying the space of socially accepted woman, within the family, her identity being validated by her husband and his family. While hashtag Cook for Her works around the stereotype of a woman's place in the kitchen, Datsun's hashtag Driven by Her empowers the woman by assigning her the role of the driver but agency still rests with her husband. Though neoliberalism offers more freedom and choice and agency, women have found more constricted norms built often constricting their choices. Misrepresentations are no longer the concern faced by women activists and academia.

"Postfeminism emerges from the intersections and hybridisation of mainstream media, consumer culture, neoliberal policy, postmodern theory and feminism"(Postfeminism 240). The rapidly transforming social discourses demand restructuring of ideological patterns and feminism has responded to it as well. Though the cause of women's equality finds voices in these visual representations, in the form of advertisements, they fail to perceive the deeper contexts of feminism and the ideological constructs that have shaped the movement over time and across nations.

References

Gill, Rosalind. "Postfeminist Media Culture: Elements of a Sensibility". European Journal of Cultural Studies. 10.2 (May 2007). Sage Publishing. Web.

MacRobbie, Angela. "Postfeminism and Popular Culture". Feminist Media Studies. 4.3 (2004). Routledge. Web.

Stephanie G and Benjamin A B. Postfeminism: Cultural Texts and Theories. Edinburgh: Edinburgh UP, 2009. Print.



# Gender and the Culture of Celeberation:A Critique of CampusFilms in Malayalam.

**Shyma P.**
SN College, Chempazhanthy

The politicized post Mandal campus, especially so in the aftermath of the institutional (casteist) murder of Rohith Vemula, a Ph.d scholar of Hyderabad Central University (on 17th Jan 2016), is an academic space that has not yet found visibility in Malayalam cinema.The concept of campus that has altered in a drastic way post Rohith Vemula is a space that is never found in cinema, the recent campus film Anandam(2016) in no way being an exception. The campuses of our films are still romanticized realms of patriarchal fantasies and casteist assertions. This paper tries to contextualize campus based popular films in Malayalam and look at how the filmic academic space silences the violences of casteism, sexism and communalism.

Campuses, especially post Mandal, have been witness to various kinds of political and creative deliberations by college/campus students. This has ranged from protests against various forms of saffronization, caste and gender discrimination and moral policing. Films, have also shown an interest in campuses, more so since the 1980s. The term campus film foregroundsa college campus as centralto the narrative. Although there have been films like Ningalenne Communistakki/You Made Me A Communist (Thoppil Bhasi, 1970), Sharapancharam(Hariharan, 1979) etc in the 1970s, where campus makes a minimal presence, it became more visible as an integral part of the narrative from the 1980s. Several films released during this period like Sarvakalasala (Venu Nagavally, 1987), Cheppu (Priyadarshan, 1987), Chillu (Lenin Rajendran, 1982), Shalini Ente Koottukaari (Mohan, 1980), Chaamaram(Bharathan, 1980), Amritham Gamaya(T. Hariharan, 1987) etc legitimized the campus, as a subject and space worthy for serious cinematic treatment.

Malayalam cinema, which hithertho had constructed its socially realistic tradition through the focus on the adult world, of fathers, mothers, husbands and wives and left politicians shifted slightly to accommodate the world and culture of the campus and its youth. However, the youth culture that gets constructed through these films is one that conforms to the mainstream culture and any attempt at digression from the parent culture is dealt with suspicion. The youth culture in these films gets constructed as one that is immature or dangerous, good enough only for nostalgia rather than integral to the political and social formation of an individual. The proliferation of voices and political heterogeneity of youth culture are streamlined into the dominant narratives of heterosexuality, apolitical middle class youth or a savarna left politics in these films.

Niram to Premam: Is Youth Culture Only About "Adichupoli?"

The category of "youth culture" can be traced back to theorists associated with and influenced by the Centre for Contemporary Cultural Studies who emphasized its counter hegemonic and "generational" qualities. Proliferation of media like film, television, popular music, the Internet, and social networking sites, whats app, in their everyday lives, impart the youth new means of political mobilizations. It helps them localize global knowledge and globalize local wisdoms. Instances of online petitions against the derecognition of Ambedkar Periyar Society, IIT, Madras, a community committed to the dialogic interventions of caste in history, politics and culture, pressurizing the authorities to reconsider their decisions are not unwarranted. Youth culture facilitates an engaging alternative in politics, education, the arts and social relations. However, this is a dimension that doesn't make it to the youth in campus films.

The post 1990s films are characterized by imaginations of youth culture for which "Adichupoli" is the buzz word."Adichupoli", roughly translatable as "fun -making" is a term that recurs in films based on the campus. Films like Niram (Kamal, 1999), Chocolate(Shafi, 2007), Cheppu etc, to the recent Premam(Alphonse Putharen, 2015) visualize this term onscreen in various ways. The youth in these films are shown as the most vulnerable to consumerism, and for whom, the college is a space to exhibit cultural or political superiority. Cheppu, Niram and Chocolate have students coming from affluent backgrounds and becoming the heroes, heroines and decision makers of the college. The sons of influential politicians determine the fate of other students and teachers in Cheppu. Sona and Aby in Niram, children of elite Syrian Christian families, are envied by all in college. Chocolate once again have Ann and Shyam of affluent backgrounds, becoming the stars of the college. Nammal (Kamal, 2002), meanwhile is about two orphans from the slums passing off as NRI kids in the campus so as to get acceptability.

These films construct the campus as a space of fun, playful pranks, revenge of rich prodigees, devoid of





any academic or political dialogues of any sort. The campuses in these films areonly footboards for a secure future, either in family or politics. The campus in Niram and Chocolateensures heterosexual couples for the patriarchal society. Classmates (Lal Jose, 2006) ensures a political future for Satheeshan Kanjhikuzhi. The campus that appears briefly in Premam, is not very different although the George David cannot boast of a modest ancestry. Campus, for George and his friends is a space for "adichupoli," ragging, exhibition of masculinity, love etc.

**The politically unconscious Youth in Campus Films**

The post Mandal campuses in India have been witness to various kinds of political and creative deliberations by college/campus students. This has ranged from protests against various forms of saffronization, caste and gender discrimination and moral policing. The Asura Week (2013)organized by students of EFLU, Hyderabad where students painted themselves as 'Shoorpanaka', 'Ravana' 'Tataki', etc, to protest the demonization of non-Brahminical characters in Hindu mythology, the Beef festival organized by lower caste Dalit student organizations at Osmania University in Hyderabad in 2012India to question "food facism" in hostels, the protest graffiti against the selection of a BJP candidate in FTII, Pune etc, are instances of a politically aware youth for whom the campus is not just a space for a portent nostalgia. FTII has a history of student protest that goes back to the 1970s, with agitations against studentsnot being included in the diploma films made by the direction pupils,the relevance of its syllabus, the expertise of its faculty, living conditions in its hostelsetc(http://scroll.in/article/733880/ftii-students-boycott-classes-to-protest-bjp-man-being-appointed-chairperson).

Films like Sarvakalasala and Cheppu typecast students who conform to the status quo in several ways. Cheppu quite unambiguously states that politics shouldn't be encouraged in campuses. The film shows the students as a group who are frightened of the elite few who dictate the rules of the campus. They watch muted as the students and teachers get killed at the hands of the goon turned students. Meanwhile the much celebrated campus film Sarvakalasa also finds students as voiceless and lacking agency. The arrest of Lal, the icon of the college, doesn't provoke any movement on the part of the students, not until the management pardons him. Thalasthanam(Shaji Kailas, 1992) kills away the student Unnikrishnan who raises his voice against the totalitarian decisions of the party. Any kind of deviation from the norm is rendered mute.

**Premam in Films and Outside Films**

Although Premam happens amidst a burgeoning youth culture vociferous about Kisses of Love, Queer Prides, Sloganeering in sanitary napkins etc, the film ensures that the love with an aged Tamil teacher doesn't work, thereby help maintaining the endogamous, market elder male -younger female marriage market. Premam, in no uncertain ways, comes in the line of film campuses which have been the space for Platonic love idol/ideals. Tumor devours Shalini, whose friendship with her female friend might cross the borders of normativity in Shalini Ente Koottukari (Mohan, 1980). Indu, who dares to love a student of her class is punished by his unexpected death in Chamaram(John Paul Puthusery, 1980), just before marriage. Campus love is something that is expected to end up in marriage, reinforcing the sanctity of "one man/woman in a lifetime" tale. The marriage of the middle aged Saradamani and Jayadevan whowere in love since their youth but couldn't marry due to personal liabilities, and the reuniting of the one time lovers Lal and Gayathriin Sarvakalashalais typical in the way in love is idealized. Chillu ends with the woman vowing to remain single in life because her one time lover gets married to another girl. Niram once again states that there cannot be friendship between a male and female and has to be sealed in marriage. The endogamous relations in these films are replaced by interreligious alliances in the films post 2000s, where the benevolent Nair male [Thattathin Marayath; Vineeth Sreenivasn,


2012], through his relationships with orthodox Muslim communities reforms them and makes them think about the need to be modern and secular. While the Muslim woman who is ready to remove her marks of religiosity like Purdah (Thattathin Marayath)is invited to be part of the Nair (Indian) family, the Muslim woman who sticks to her religious beliefs (Classmates) is made the villain. Thus, the morality and normalcy dictated by a casteist, heterosexual adult world is reinstated.

**The Brahmin martyrs in Campus Films.**

Many of these films cast an upper caste, largely Brahmin community as being at the receiving end of several kinds of violences that happen in the campus. Amritham Gamayahas a student, from the Illayath community, with chronic heart disease getting killed amidst ragging. The guilt of the death haunts Das, the Nair male, for ever and in penance, he takes up the responsibility of the whole family. Chinthamani Kolacase (Shaji Kailas, 2006) is another such film that has Lal Krishna Viradiyar accounting for the murder of Chinthamani, the adopted daughter of Viramani Varrior. Post 1990s the culprits responsible for the death of Brahmins largely belong to other backward caste and religious communities. Surya Gayathri(Anil 1992) has a group of such students belonging to Christian, Muslim and backward caste communities, ragging a student belonging to the Iyyer community leading to his death. Classmates, holds Sukumaran, from the backward caste community, as responsible for the death of Murali, who belong to the Iyyer community.Brahminism, which is conveniently left aside in Malayalam cinema, exposes itself through the characterization of villains.

Quite contrary to this construction of villainy, academic spaces have witnessed the suicides of several Dalit students. Senthil Kumar, a Dalit research scholar of the University of Hyderabad, who was found dead inside his hostel room on 25th February 2008, P. Raju, the dalit student who killed himself on 19th March 2013, at the University of Hyderabad, Rejani S. Anand, a Malayali student of Institute of Human Resource Development (IHRD) Engineering College at Adoor in south Kerala who committed suicide on 22nd July 2004, are only some instances of the harrowing casteism that campuses bestow on its non Brahminical students. M.B. Manoj in his memories of Maharajas campus lige has talked about the discriminations that Dalits had to face from others, which includes the SFI. (M.B. Manoj. "Underground." Campus Ormakalude Pusthakam. Bins M. Mathew. Kottayam: DC Books, 2007. 240-245). However in our films the protectors of students are always from the left cadre.

A film like For the People (Jayaraj, 2004) portrays a rebellious youth, represented by four angry engineering students who cannot stand the corruption in the society, whose fathers belong to the communist party. The youth of campus films is one that owes its affilaitions to mainstream communist party. Any other modes of political expression are dealt with skepticism. Through the construction of students belonging to non Brahminical castes and religions as the villains and culprits and the upper castes as their victim, Malayalam campus films clarify its stand against caste (reservations).



The youth culture in campus films is streamlined to conform to the norms of a consumerist, casteist patriarchy. Although the middle class nature of the youth culture needs to be contested, the fact that politicized youth culture in itself remains unaddressed and absent in the campus films in Malayalam films, marks its skepticism to difference and heterogeneity. Youth culture, unless it subscribes to the mainstream culture, is made out to be either immature or as dangerous and threatening for the comfortable majority of middle class society.



# കാവ്യാനുഭവങ്ങളുടെ മൂന്നാംകര

**ഡോ.മിനി ആലീസ്**
യു.സി. കോളേജ്, ആലുവ



ഫിലിപ്പീൻസിലെ സിലിമൺ യൂണിവേഴ്സിറ്റിയിലെ ഫെലോഷിപ്പ് കാലത്ത് ഞാൻ പരിചയപ്പെട്ട പ്രസന്ന വ്യക്തിത്വമുള്ള ട്രാൻസ്ജെന്റർ സുഹൃത്തുക്കൾ ഒരു വ്യക്തിയുടെ പെരുമാറ്റരീതികളെ സ്വാധീനിക്കുന്നതിൽ സാമൂഹ്യസാഹചര്യങ്ങൾക്കുള്ള വലുതായ പങ്കിനെ പ്രകടമാക്കുന്നതായിരുന്നു. ഡ്യൂമഗട്ടയെന്ന കടൽത്തീരനഗരിയിലെ മോസസ് അറ്റേഗയുൾപ്പെടെയുള്ള എന്റെ ട്രാൻസ്ജെന്റർ സുഹൃത്തുക്കൾക്ക്, ഈ കുറിപ്പ് സമർപ്പിക്കുന്നു.

എഴുത്തിന്റെ ലിംഗരാഷ്ട്രീയത്തെക്കുറിച്ച് നാളിതുവരെ മലയാളത്തിൽ നടന്ന ആലോചനകൾക്കുമേൽ വലുതായ വിള്ളൽ വീഴ്ത്തിക്കൊണ്ടാണ് വിജയരാജ മല്ലികയുടെ 'ദൈവത്തിന്റെ മകൾ' എന്ന കവിതാ സമാഹാരം 2018 ഫെബ്രുവരിയിൽ പ്രകാശിതമാകുന്നത്. മലയാളത്തിലെ ആദ്യത്തെ ട്രാൻസ്ജെന്റർ കവി എന്ന വിശേഷണം പുസ്തകത്തിന്റെ പുറം ചട്ടയിൽ കവിയുടെ പേരിനോട് ചേർത്തു കൊടുത്തിട്ടുണ്ട്. ആൺ/പെൺ ദ്വന്ദ്വത്തിനപ്പുറമുള്ള ലിംഗസ്വത്വത്തെ മൂടി വയ്ക്കുകയോ, ഗുപ്തമായി നിലനിർത്തുകയോ, സമൂഹത്തിന്റെ സമ്മർദ്ദത്തിനു വിധേയമായി പരുവപ്പെടുത്തിയെടുക്കുകയോ ചെയ്യുന്ന കേരളീയാന്തരീക്ഷത്തിൽ മലയാള കവിതാചരിത്രത്തിന് പുതിയൊരു ഏട് സൃഷ്ടിച്ചുകൊണ്ടാണീ സമാഹാരം പുറത്തിറങ്ങിയത്.

'ദൈവത്തിന്റെ മകൾ' എന്ന സമാഹാരശീർഷകം ഭാഷ, മതം, കുടുംബം ഇടങ്ങിയവ ഉൾക്കൊള്ളുന്ന വ്യവസ്ഥാപിത നിലപാടുകളെ പുനർനിർമ്മിക്കുന്നതാണ്. ആൺ/പെൺ ദ്വന്ദ്വത്തിന്റെ സീമകൾക്കപ്പുറത്തൊരു ലിംഗസ്വത്വത്തെ അംഗീകരിക്കാത്ത കുടുംബസാഹചര്യത്തോടുള്ള പ്രതികരണമായാണ് ദൈവത്തിന്റെ മകളായി ഒരു ട്രാൻസ്ജെന്റർ പിറക്കുന്നത്. കുടുംബത്തിനകത്ത് അച്ഛന്റെയോ അമ്മയുടെയോ  മകളായി ഇടം ലഭിക്കാതെ പോകുമ്പോൾ അവൾ ദൈവത്തിന്റെ മകളാകുന്നു. മുഖ്യധാരാഭാഷയുടെ അതിർവരമ്പുകൾക്കുള്ളിൽ ട്രാൻസ്ജെന്റർ അവസ്ഥയെ കുറിക്കുവാൻ ഉചിതമായ പദമില്ലാതെ വരുമ്പോൾ ദൈവത്തിന്റെ മകളെന്ന പ്രയോഗം പ്രസക്തമാകുന്നു. സ്ത്രീലിംഗത്തിന്റെയും പുല്ലിംഗത്തിന്റെയും അതിർവരമ്പുകളെ ഉല്ലംഘിച്ചുകൊണ്ട് ദൈവത്തിന്റെ മകൾ തന്റെ ലിംഗസ്വത്വത്തെ പ്രശ്നവല്ക്കരിക്കുന്നു.

ദൈവത്തിന്റെ മകളിൽ 'ഭഗ്നകാമാങ്കിത' എന്നൊരു കവിതയുണ്ട്. മലയാള ഭാഷയോടും ഭാഷാസ്നേഹികളോടുമുള്ള നിരവധി ചോദ്യങ്ങളാണ് ഈ കവിതയിലുള്ളത്. മൂന്നാം ലിംഗവും ഭിന്നലിംഗവുമാക്കി മാറ്റിനിർത്തിയപ്പോൾ ട്രാൻജെന്ററ

കളുടെ മനസ്സിനെ തിരിച്ചറിയുവാൻ മലയാളിക്കോ മലയാളത്തിനോ സാധിച്ചില്ല. 'പകരപ്പദ'മെന്ന കവിതയും മുഖ്യധാരാഭാഷയുടെ രാഷ്ട്രീയത്തെ തിരിച്ചറിയുന്നുണ്ട്. വിമതത്വം ഭിന്നതമാക്കി പരിഹസിക്കുകയും അനാദരിക്കുകയും ചെയ്യുന്ന സമൂഹത്തോട് 'ഞങ്ങൾ ആവശ്യത്തിനായി പൊരുതുന്നവരാണെന്ന്' ഈ കവിത പ്രഖ്യാപിക്കുന്നു. ഇടം നേടിയെടുക്കാനുള്ള ശ്രമത്തിൽ എഴുത്തുകാരി പദങ്ങൾക്കായി തിരയുകയും മുഖ്യധാരാഭാഷ സൃഷ്ടിച്ച പദങ്ങൾ തങ്ങളുടെ അസ്തിത്വത്തെ വ്യാഖ്യാനിക്കാനുതകുന്നില്ലെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. 'കലിംഗ' എന്ന കവിതയിൽ ഭിന്നലിംഗം, മൂന്നാം ലിംഗം, ഇതര ലിംഗം, അന്യലിംഗം, അലിംഗം എന്നു നീളുന്ന വിളിപ്പേരുകൾ നിരത്തി, ഞങ്ങളെ കലിംഗയാക്കൂ എന്നു പറഞ്ഞുകൊണ്ട് 'സദാചാരപ്പനി' ബാധിച്ച സമൂഹത്തിനു നേരേ കൊഞ്ഞനം കുത്തുന്നു. ആമുഖത്തിൽ 'ഞാൻ - സഹജ - ദൈവത്തിന്റെ മകൾ' എന്ന പ്രസ്താവന ഈ സന്ദർഭത്തിൽ പ്രസക്തമാകുന്നു.

ലൈംഗിക രാഷ്ട്രീയം ഈ സമാഹാരത്തിലുടനീളം ശക്തമായ ചോദ്യചിഹ്നങ്ങളുമായി പ്രത്യക്ഷപ്പെടുന്നുണ്ട്. തങ്ങളെ അപമാനിക്കുകയും അവഗണിക്കുകയും ചെയ്യുന്ന സമൂഹത്തോടുള്ള നീറുന്നതും പരിഹാസം നിറഞ്ഞതും കർക്കശമായതുമായ ചോദ്യങ്ങൾ ഈ കവിതകൾ ഉതിർക്കുന്നുണ്ട്. ബസിൽ സ്ത്രീകളുടെ സീറ്റിനായി വാശിപിടിച്ച് ഞാൻ സ്ത്രീയാണെന്ന് ഉച്ചത്തിലലറിയപ്പോൾ ഒരു മീശക്കൊമ്പൻ 'ആണോ? പെണ്ണോ?' എന്ന ചോദ്യമുതിർക്കുന്നു. മറ്റൊരാൾ "മരണാനന്തരമറിയാം ...... കുളിപ്പിക്കാതെ കുട്ടയിൽ വയ്ക്കില്ലല്ലോ" എന്നു പ്രഖ്യാപിച്ചുകൊണ്ട് പരിഹസിച്ചതിനെ കണ്ണീരിന്റെ നനവോടെയാണ് ഈ കവിതയിലെഴുതുന്നത്. 'വിരണ്ടോടിയ പോത്ത്' എന്ന കവിതയിൽ 'മൂക്കിൽ വിധിയിട്ട കയറിന്റെ വേദനയുമായി പായുന്നവൾക്കു പിന്നാലെ രക്തം മണക്കുന്ന കത്തിയുമായി പിന്തുടരുന്ന സദാചാരവെറിപിടിച്ച സമൂഹമുണ്ട്. വ്യവസ്ഥാപിത വിവാഹത്തിലകപ്പെടുന്ന സ്വവർഗ്ഗാനുരാഗിയുടെ ആത്മഹത്യയാണ് 'എട്ടുകാലി'യെന്ന കവിതയുടെ പ്രമേയം. 'ട്ട' എന്ന അക്ഷരത്തിന്റെ ആവർത്തനത്തിലൂടെ വ്യവസ്ഥകൾക്കുള്ളിൽ ചുരുക്കിയിട്ടും ചുരുങ്ങാതെ പോകുന്ന ട്രാൻസ്ജെന്റർ, ബൈസെക്ഷ്വൽ, ലെസ്ബിയൻ, ഗേ അവസ്ഥകളെ ദൗരന്തിക ഫലിതത്തിലൂടെ ആവിഷ്കരിക്കുന്നു.




ഉടലെഴുത്തിന്റെ രാഷ്ട്രീയം 'സഹജ മൊഴി'കളിൽ ശക്തമായി കടന്നു വരുന്നുണ്ട്. ഉടലവതരണത്തിലെ വ്യവസ്ഥാപിത തത്ത്വങ്ങളെ തകർക്കുകയും പലമയുടെ പാഠത്തെ ആവിഷ്കരിക്കുകയും ചെയ്യുന്ന നിരവധി കവിതകളുണ്ട്. "യോനിയില്ലാത്ത പെണ്ണിനാണോ കല്യാണം" (പക്ഷേ) എന്നും "യോനിയില്ലാ പെണ്ണിനു മംഗല്യയോഗമില്ലാത്തൊരീ യാഗഭൂവിൽ" (ജന്മസാഫല്യം) എന്നുമെഴുതിക്കൊണ്ട് ശരീരത്തെ സംബന്ധിച്ച ധാരണകൾക്കുനേരെ കൊഞ്ഞനം കുത്തുന്നു. "ഉടുപ്പ് പൊക്കി നോക്കിയിട്ടല്ലല്ലോ പഴപ്പും തടിപ്പും പൂപ്പലും വിരുന്നു വരാറെ"ന്ന് 'മറപ്പുര'യിലെഴുതുമ്പോഴും നമ്മുടെ യാഥാസ്ഥിതിക സങ്കല്പങ്ങളിൽ അറപ്പും വെറുപ്പും സൃഷ്ടിച്ചുകൊണ്ട് സഹജ പൊട്ടിച്ചിരിക്കുന്നു.

പുരാണ കഥകളുടെ പുനർവായനകളിലൂടെ ട്രാൻസ്ജെന്റർ അസ്തിത്വത്തെ വ്യത്യസ്തനിലയിൽ വ്യാഖ്യാനിക്കുന്ന കവിതകളുണ്ട്. 'ശിഖണ്ഡി' എന്ന കവിതയിൽ നിന്റെ ബാല്യവും കൗമാരവും യൗവനവും അനുഭവിക്കുന്ന ഞങ്ങൾ ഭാഗ്യഹീനരാണെന്നു വിളിച്ചു പറയുന്നുണ്ട്. 'കുന്തി'യെന്ന കവിതയിൽ 'കുന്തിയെപോലെ തപസ്സിരുന്നിട്ടും സൂര്യതാപമേറ്റു വാടുക' മാത്രമാണുണ്ടായതെന്നു പരിഹാസ സ്വരത്തിൽ മൊഴിയുന്നു. "ആറിൻ ഗർഭപാത്രത്തിലെ പിഞ്ചു മണൽ ഭ്രൂണങ്ങളെച്ചിദ്രം ചെയ്യുവാനെന്തിത്ര സാഹസം നരൻ കാട്ടുന്നു" എന്നെഴുതിക്കൊണ്ട് മനുഷ്യന്റെ ആർത്തികളെ 'കുന്തി'യിൽ പരിഹസിക്കുന്നുണ്ട്. "പായസം മോന്തി പ്രമേഹവും കൂടി" എന്ന വരികളിൽ പായസം ഭക്ഷിച്ച് ഗർഭം ധരിച്ച ദശരഥ പത്നിമാരുടെ പുരാവൃത്തത്തെ പരിഹാസത്തിന്റെ മേമ്പൊടിയോടെ അവതരിപ്പിക്കുന്നു.

ട്രാൻസ്ജെന്ററുകൾ കേരളീയ സമൂഹത്തിൽ നേരിടുന്ന അവഗണനയുടെയും അരക്ഷിതത്വത്തിന്റെയും കഥകൾ ഈ സമാഹാരത്തിലുടനീളം പ്രത്യക്ഷമാകുന്നു. "തെരുവിന്റെ തിളയ്ക്കുന്ന ചട്ടിയിലേയ്ക്ക് വലിച്ചെറിയപ്പെട്ടവർ ഞങ്ങൾക്കെന്താഘോഷം" എന്നും "ആദ്യമറിയേണ്ടവർ മൗനികളാകവേ അനാഥയായവൾ" എന്നും 'വ്യാപ്തി' എന്ന കവിതയിലെഴുതുമ്പോൾ സമൂഹത്തിന്റെ അതിർവരമ്പുകൾക്കു പുറത്തു നിൽക്കുന്നവരുടെ അരക്ഷിതത്വമാണ് ആവിഷ്കരിക്കുന്നത്. ഇരുമുടിക്കെട്ടുമായി മലയേറി വരുമ്പോൾ അരവണയും ഉണ്ണിയപ്പവും തന്നില്ലെങ്കിലും ആട്ടിപ്പായിക്കാതിരുന്നാൽ മതി എന്നു 'രക്തം ചിന്താത്ത പൗർണ്ണമികൾ' എന്ന കവിതയിലെഴുതുമ്പോൾ മതത്തിന്റെ വിലക്കുകൾക്ക് നേരെയുള്ള പ്രതികരണമാണ് ആവിഷ്കരിക്കുന്നത്. 'പേക്കിനാവെന്ന' കവിത രാഗവും മോഹവും പേക്കിനാവായി മാറിയ അനുഭവമാണെഴുതുന്നത്. പ്രണയവും വിവാഹവും മാതൃത്വവും അന്യമാകുന്ന ട്രാൻസ്ജെന്റർ അവസ്ഥകളുടെ അവതരണം ഒളിഞ്ഞും തെളിഞ്ഞും ഈ കവിതകളിൽ പ്രത്യക്ഷമാകുന്നു.

ട്രാൻസ്ജെന്റർ സമൂഹം നേരിടുന്ന നീതിനിഷേധത്തിനു നേരെയുള്ള അക്ഷരകലാപമാണ് 'ദൈവത്തിന്റെ മകൾ'. 'സഹജ' എന്ന സ്വന്തം സമൂഹത്തിനു പുനർനാമകരണം ചെയ്തുകൊണ്ട് തങ്ങളുടെ സഹജാവസ്ഥ അവർ ഉച്ചത്തിൽ പ്രസ്താവിക്കുന്നു. "രക്തവും മജ്ജയും ഉള്ളവർ ഞങ്ങൾ മനുഷ്യർ, മനുഷ്യർ മനുഷ്യർ തന്നെ" എന്നു മൊഴിഞ്ഞുകൊണ്ട് കേരളീയ സമൂഹത്തിന്റെ കണ്ണാടിക്കാഴ്ചകളിലെ വർണ്ണപടലങ്ങളെ ഉരിഞ്ഞുമാറ്റിക്കൊണ്ടവർ കടന്നു വരുന്നു. കൈനീട്ടി സ്വീകരിക്കുവാൻ ജനാധിപത്യ സമൂഹമേ തയ്യാറാവുക.



# കടത്തനാടൻ കളരിവിളക്കിന്റെ പെൺപ്രഭ

ഡോ.അനില ഒ
പയ്യന്നൂർ കോളേജ്



തച്ചോളി ഒതേനന്റെ ജന്മഭൂമിയായ കടത്തനാട്ടും പരിസര പ്രദേശങ്ങളിലും കളരിയഭ്യാസം ഒരു ആയോധനമുറയല്ല, ജീവതശൈലി തന്നെയാണ്. ഉണ്ണിയാർച്ചയും കുങ്കിയും കൊടുമല കുഞ്ഞിക്കുങ്കിയും, മതിലേരിക്കന്നി വടക്കൻ പാട്ടിലെ ഉശിരുള്ള പെണ്ണുങ്ങളാണ്. മധ്യകാല കേരളത്തിൽ സ്ത്രീപടയാളികളുണ്ടായിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. സത്രീകൾ രാജ്യസേനയിൽ സേവനമനുഷ്ഠിക്കുന്നത് സമകാലിക ഭാരതത്തിൽ അപൂർവ്വമല്ല. എന്നാൽ 2016-ൽ രാഷ്ട്രം പത്മശ്രീ നൽകി ആദരിച്ച മീനാക്ഷിഗുരുക്കൾ വർത്തമാനഭാരതത്തിലെ അപൂർവ്വതയാണ്. കടത്തനാടൻ കളരിപാരമ്പര്യത്തിലെ പ്രൗഢവ്യക്തിത്വവുമാണ്.

ബാല്യകാലത്ത് സ്വായത്തമാക്കിയ ആയോധനകലയെ ഏഴ് പതിറ്റാണ്ട് കാലം പ്രതിഫലേച്ഛയില്ലാതെ അവർ ഉപാസിച്ചു കൊണ്ടേയിരിക്കുന്നു. കരുതിയുറപ്പിച്ച ദീർഘവീക്ഷണത്തോടുകൂടിയേ ആയിരിക്കില്ല മാതാപിതാക്കളായ പരവന്റവിട ദാമുവും മാളുവും മകളെ നൃത്തവും കളരിയും ഒരുമിച്ച് അഭ്യസിപ്പിക്കാൻ തുടങ്ങിയത്.

എങ്കിലും മീനാക്ഷി ഈ രണ്ടു മെയ്‌വഴക്കങ്ങളിലും തിളങ്ങി വന്നു. നൃത്തത്തിലും കായിക മൽസരങ്ങളിലും ഒരേപോലെ അതീവതാൽപര്യം കാണിച്ച ഈ ബാലികയ്ക്ക് മികച്ച തുടക്കവും പ്രോൽസാഹനവുമായി മാറിയത് വടകര കളമുള്ളതിൽ യു.പി. സ്കൂളിന്റെ അങ്കണവും അന്തരീക്ഷവുമായിരുന്നു. അവിടുത്തെ ഗുരുക്കന്മാരായ വി.ടി.കുമാരൻ, എൻ.എം. ദാമു, കല്യാണി, കണ്ണൻ എന്നിവർ അരുമശിഷ്യയുടെ അഭിരുചിക്ക് പൂർണപിന്തുണ നൽകി. എന്നാൽ മീനാക്ഷിയുടെ കർമ്മമേഖല നിർണയിക്കപ്പെട്ടത് പി.പി. രാഘവൻ മാസ്റ്റർ എന്ന രാഘൂട്ടി ഗുരുക്കളുടെ കടത്തനാടൻ കളരിയിലായിരുന്നു. 1940 കളിൽ മീനാക്ഷി ഗുരുക്കളുടെ ബാല്യകാലത്ത് പെൺകുട്ടികൾ 13 വയസ്സുവരെ മാത്രമേ കളരി അഭ്യസിക്കാറുണ്ടായിരുന്നുള്ളൂ. ശിഷ്യയുടെ പാടവം കണ്ടറിഞ്ഞ രാഘൂട്ടിഗുരുക്കൾ അവളെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റി. അതോടെ മീനാക്ഷി എന്ന പെൺകുട്ടിയുടെ കളരിമുറജാതകം കർമ്മയോഗമായി പരിഷ്കരിക്കപ്പെടുകയും ചെയ്തു. പതിനാറ് വയസ്സിലായിരുന്നു ഈ ജീവിതവേഷപ്പകർച്ച. ഇതേപ്പറ്റിയുള്ള ഓർമകൾ പങ്കുവെച്ചു കൊണ്ടാണ് മീനാക്ഷിഗുരുക്കൾ സംഭാഷണം തുടങ്ങിയത്.



**@ പതിനാറ് വയസ്സിൽ കല്യാണത്തെക്കുറിച്ച് കേട്ടപ്പൊഴുണ്ടായ മാനസികാവസ്ഥ എന്തായിരുന്നു.**

= മാഷ് കല്യാണം ആലോചിച്ച് വീട്ടിൽ വന്നു. അച്ഛനോട് സംസാരിച്ചു. ആദ്യം എനിക്ക് ഭയമാണ് തോന്നിയത്. അന്നത്തെക്കാലത്ത് സമ്മതം ചോദിക്കുന്ന പതിവൊന്നും ഉണ്ടായിരുന്നില്ല. ആരെയാണോ കല്യാണം കഴിക്കാൻ പറയുന്നത് അവരെ അനുസരിക്കുക.

**@ പാരമ്പര്യമായി കളരിയും കലയുമായി എന്തെങ്കിലും ബന്ധം ഉള്ള ആളായിരുന്നോ അച്ഛൻ**

= പ്രത്യക്ഷബന്ധമൊന്നുമില്ല. വീടിനടുത്തായിരുന്നു ഡാൻസ് സ്കൂൾ. അതിനടുത്ത് തന്നെ കളരിയുണ്ടെന്നറിഞ്ഞ് കളരിയിലും ചേർത്തു. നൃത്തപഠനം കളരിയഭ്യസനത്തിന് തടസ്സമാകുന്നു എന്ന് തോന്നിയതു കൊണ്ട് നൃത്തപഠനം ഉപേക്ഷിക്കാൻ ഗുരുക്കൾ പറഞ്ഞു. അങ്ങനെ കളരിയിൽ മാത്രം ശ്രദ്ധ ചെലുത്തി.

**@ നൃത്തം, കളരി അഭ്യസനത്തിൽ സമാനതകൾ എന്തെങ്കിലും ഉണ്ടോ**

= നൃത്തം ഒരു ഒഴുക്കാണ്. കളരിക്ക് വേഗതയാണ് ആവശ്യം. പഠിച്ചെടുക്കാൻ ബുദ്ധിമുട്ടുള്ളതുമാണ്. നൃത്തത്തെക്കാൾ ക്ഷമയും ശ്രദ്ധയും ആവശ്യമാണ്. എങ്കിലും താൽപര്യമുള്ള ആർക്കും വഴങ്ങും.

**@ നിരവധി യാത്രകൾ, വിവിധ ദേശങ്ങൾ, വ്യത്യസ്തരായ മനുഷ്യർ .....**

**ഗുരുക്കളുടെ അനുഭവങ്ങൾ എങ്ങിനെയായിരുന്നു**

= പല സംസ്ഥാനങ്ങളിലും വിവിധ രാജ്യങ്ങളിലും പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. പോയ സ്ഥലങ്ങളിലെല്ലാം നല്ല സ്വീകരണമാണ് ലഭിച്ചിട്ടുള്ളത്. ഭാഷ ഒരു പ്രശ്നമാണ് എന്ന് തോന്നിയിട്ടേ ഇല്ല. ഞാൻ പറയുന്നത് അവർക്കും അവർ പറയുന്നത് എനിക്കും മനസ്സിലാവാറുണ്ട്. മമ്മൂട്ടി, സുരേഷ് ഗോപി, കത്രീന കൈഫ്, കങ്കണ സെൻ അക്ഷയ്കുമാർ എന്നിവരുമായി നല്ല സൗഹൃദം ഉണ്ട്. അനൂപ്ചന്ദ്രൻ കളരിയിലെ സ്ഥിരം സന്ദർശകനാണ്. പ്രധാനമന്ത്രി സംസാരിച്ചത് സന്തോഷകരമായ അനുഭവമാണ്.

**@ വിദേശികളുടെ കളരി അഭ്യസന രീതികളെക്കുറിച്ച്**

= നമ്മുടെ നാട്ടുകാരേക്കാൾ ഗൗരവപരമായ സമീപനമാണ് അവർക്കുള്ളത്. എളുപ്പത്തിൽ അവർ കളരി പഠിച്ചെടുക്കുന്നു. ഒരു തവണ ദുബായിൽ പോയപ്പോൾ ഒരു വിദേശി എന്റെ ഫോട്ടോ വെച്ച് കളരി പഠിപ്പിക്കുന്നത് കാണാൻ സാധിച്ചു. അവർ പണം സമ്പാദിക്കുകയും ചെയ്യുന്നുണ്ട്.

**@ മാഷുടെ കീഴിലുള്ള കളരി അഭ്യസനരീതികൾ എങ്ങിനെയായിരുന്നു**

= മാഷ് വളരെ കർക്കശക്കാരനായിരുന്നു. ദൂരെ നിന്ന് വരുന്നത് കാണുമ്പോഴേ എല്ലാവരും നിശ്ശബ്ദരായിരിക്കും. ഒരു കാര്യം പറഞ്ഞാൽ ആരും മറുത്തൊന്നും പറയാറില്ല. പരിശീലനത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. മൂന്നു കൊല്ലം മെയ്പ്പയറ്റ് കഴിഞ്ഞാലേ അടുത്തത് പഠിപ്പിക്കുകയുള്ളൂ. പ്രശസ്തിയോ പണമോ അദ്ദേഹം ആഗ്രഹിച്ചിട്ടില്ല. ഫോട്ടോ എടുക്കുന്നതിലും മാധ്യമങ്ങളിൽ വരുന്നതിലുമൊന്നും മതിപ്പ് കാട്ടിയിരുന്നില്ല. നമ്മുടെ ദേശക്കാരും കുടുംബക്കാരും മാത്രം മതി എന്ന് പറയും. ആരെങ്കിലും പരിക്ക് പറ്റി വന്നാൽ സമയമോ സന്ദർഭമോ നോക്കാതെ ശുശ്രൂഷ നൽകിയേ വിട്ടിരുന്നുള്ളൂ.

**@ ഇപ്പൊഴത്തെ കളരി പഠനത്തെക്കുറിച്ച് വിവരിക്കാമോ**

= ഇപ്പോൾ കുട്ടികളും മുതിർന്നവരും എല്ലാവരും ഉണ്ട്. ശിഷ്യന്മാരും മക്കളും പേരക്കുട്ടികളുമായി കളരി സജീവമാണ്. പുതിയ തലമുറയ്ക്ക് എല്ലാവിധത്തിലുമുള്ള അഭ്യസനരീതികൾ വേഗം പഠിക്കണം. ഒന്ന് പഠിപ്പിക്കുന്നതിനു മുൻപെ അടുത്ത അടവ് പഠിപ്പിക്കാൻ അവർ ആവശ്യപ്പെടും. പിന്നെ കുറച്ച് മാത്രം പഠിച്ച് പോകുന്നവരുമുണ്ട്. ഞാനും കുടിച്ച പാൽക്കഞ്ഞി എന്നു പറയുന്നവരെപ്പോലെയാണവർ. കളരിയിൽ താൽപര്യമുള്ളവരെയും വഴങ്ങുന്നവരെയും കണ്ടാൽത്തന്നെ തിരിച്ചറിയാനാവും. അവർ കളരിയിൽ സ്ഥിരമാകുന്നവരുമായിരിക്കും.


**@ പെൺകുട്ടിക്ക് മാത്രമായി ചലനക്രമീകരണങ്ങൾ ചിട്ടപ്പെടുത്തിട്ടുണ്ടോ**

= ഇല്ല. എല്ലാം ഒരുപോലെയാണ്. പഠിച്ചെടുത്താൽ എല്ലാം പെൺകുട്ടികൾക്ക് വഴങ്ങുന്നതും പ്രയോഗിക്കാവുന്നവയുമാണ്.

**@ ഏഴാം വയസ്സിൽ കണ്ട സ്ത്രീകളെപ്പോലെത്തന്നെയാണോ 75-ാം വയസ്സിൽ ഇപ്പോൾ കണ്ടുമുട്ടുന്ന സ്ത്രീകളും.**

= അക്കാലത്ത് കളരിയിൽ ആയാൽപ്പോലും പെൺകുട്ടികൾക്ക് ചെറിയ നാണമൊക്കെ ഉണ്ടാകുമായിരുന്നു. മാഷ് പറഞ്ഞുകൊടുക്കുമായിരുന്നു അങ്ങിനെ മടിച്ചു നിൽക്കേണ്ട കാര്യമില്ലെന്ന്. ഇന്ന് നിയന്ത്രിക്കാൻ കുറച്ച് ബുദ്ധിമുട്ടുണ്ട്. മുൻപ് എവിടെയെങ്കിലും പോകുന്ന





മെങ്കിൽ കൂടെ ആള് വേണം. ഇന്ന് ഒറ്റയ്ക്ക് പെൺകുട്ടികൾ എവിടെയും യാത്ര ചെയ്യും.

**@ അടക്കം, ഒതുക്കം എന്നിവ ഉത്തമ സ്ത്രീയുടെ ലക്ഷണവും അലങ്കാരവുമായി കരുതുന്ന കാലത്താണ് മീനാക്ഷി ഗുരുക്കളുടെ കളരി അഭ്യസനം. ഏതെങ്കിലും സന്ദർഭത്തിൽ പരിഹാസമോ പഴിപറച്ചിലോ കേൾക്കേണ്ടി വന്നിട്ടുണ്ടോ**

= നല്ല പ്രോൽസാഹനമല്ലാതെ മറ്റൊരു അനുഭവവും ഉണ്ടായിട്ടില്ല. മോശമായ ഒന്നും കേൾക്കേണ്ടി വന്നിട്ടില്ല.

**@ മാഷ്ടെ പ്രോൽസാഹനം ഏതൊക്കെ രീതിയിൽ അനുഭവിച്ചിട്ടുണ്ട്**

= പാചകം ഉൾപ്പെടെ എല്ലാക്കാര്യത്തിലും സഹായിക്കുമായിരുന്നു. എല്ലാ കാര്യങ്ങളും സംസാരിക്കുകയും ഞാൻ പറയുന്നത് ക്ഷമയോടെ കേട്ടതിനു ശേഷം സ്വീകരിക്കാൻ പറ്റുന്നതാണെങ്കിൽ സ്വീകരിക്കും, ഇല്ലെങ്കിൽ വിട്ടുകളയാൻ പറയും. കുടുംബക്കാരും പ്രോൽസാഹിപ്പിക്കുമായിരുന്നു. മാഷുടെ ഒരു പെങ്ങൾ എന്റെ കൂടെ കളരിയിൽ ഉണ്ടായിരുന്നു. അനുജൻമാരും കളരിയിൽ ഉണ്ട്.

**@ സ്വന്തം അനിഷ്ടങ്ങൾ പ്രകടിപ്പിക്കാറുണ്ടോ**

= നോട്ടത്തിലൂടെ മാത്രം. ഒന്നും പറയില്ല. നോട്ടം കണ്ടാൽ മാഷ്ക്ക് മനസ്സിലാകുമായിരുന്നു., നിരസിക്കില്ല. തക്കതായ പരിഹാരം കണ്ടെത്തുകയും ചെയ്യും. മാഷ് തളർന്ന് കിടക്കുമ്പോൾ അദ്ദേഹം തന്നെയാണ് ശിഷ്യരോടും മക്കളോടും എന്നെ കളരിയിലേക്ക് കൂട്ടണമെന്ന് നിർദ്ദേശിച്ചത്. കളരിയിലെ വിളക്ക് കെടാതെ സൂക്ഷിക്കേണ്ടത് നിന്റെ ഉത്തരവാദിത്വമാണെന്ന് പറഞ്ഞു. മാഷ് മരിച്ച് 42-മത്തെ ദിവസം ശിഷ്യരുടെയും മക്കളുടെയും നിർബന്ധത്തിന് വഴങ്ങി കളരിയുടെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുകയായിരുന്നു.

**@ നൃത്തം ഇഷ്ടമാണോ**

= വളരെയധികം ഇഷ്ടമാണ്. ചെറിയ പ്രായത്തിൽ ദാമുമാസ്റ്ററുമൊന്നിച്ച് നൃത്തപരിപാടികൾക്ക് പോകാറുണ്ടായിരുന്നു. കോഴിക്കോട് ഫാറൂഖ് ട്രെയിനിങ് കോളേജിൽ പോയിട്ടുണ്ട്. ഇന്നത്തെ കാലത്ത് ദുബായിയിലേക്ക് പോകുക എന്നൊക്കെ പറയുന്നതിനു സമാനമായിരുന്നു ആ യാത്ര.

സ്വയം എങ്ങിനെ വിലയിരുത്തുന്നു എന്ന ചോദ്യത്തിന് ചിരിച്ചുകൊണ്ട് ' ഞാൻ അന്നും ഇന്നും പാവമാണ് ' എന്നായിരുന്നു ഉത്തരം. നിസ്വാർഥതയും തുറന്ന സമീപനവും മീനാക്ഷിയമ്മയുടെ ശാഠ്യമില്ലാത്ത സ്വത്വത്തിന് മാറ്റ് കൂട്ടുന്നു. ആശയപരിമിതികളോ ചഞ്ചലമായ നിലപാടുകളോ അവരുടെ സംസാരത്തിൽ അനുഭവപ്പെട്ടില്ല. കളരിയിൽ നിന്നും ആർജിച്ചെടുത്ത യഥാർഥ കരുത്ത് ക്ഷമയും സ്നേഹവുമാണെന്ന് തന്റെ ജീവിതം കൊണ്ടുതന്നെ അവർ തെളിയിക്കുന്നുണ്ട്. അനാഥരും സംഘർഷങ്ങൾ അനുഭവിക്കുന്നവരും വിദ്യാസമ്പന്നരുമായ നിരവധി സ്ത്രീകൾ പ്രായഭേദമെന്യേ മീനാക്ഷി ഗുരുക്കളെ തേടിയെത്തുന്നു. ധൈര്യവും ആശ്വാസവും പകർന്നു കിട്ടിയ അവരൊക്കെ മറ്റൊരു മനസ്സുമായി, ആത്മാവുമായി മടങ്ങുന്നു.

പ്രതികരിക്കേണ്ടിടത്ത് സ്ത്രീ മിണ്ടാതിരിക്കേണ്ടതില്ലെന്നും കായികബലം കാണിക്കേണ്ടിടത്ത് ന്യായമാണെങ്കിൽ ആവാമെന്നു തന്നെയാണ് അവരുടെ പക്ഷം. സാഹിത്യവും കലയും ദേശത്തിന്റെ സംസ്കാരത്തെ പ്രതിനിധാനം ചെയ്യാറുണ്ട്. എഴുപത്തിയഞ്ചാം വയസ്സിലും മീനാക്ഷിഗുരുക്കൾ തന്റെ കർമ്മോപാസനയിലൂടെ സ്വന്തം ദേശത്തെ, നൂറ്റാണ്ടുകളായി അതിന്റെ മണ്ണിലലിഞ്ഞു കിടക്കുന്ന സംസ്കാരത്തെ അടയാളപ്പെടുത്തുന്നു.



# വിശ്വാസത്തിന്റെ ഉടൽഭാഷ്യങ്ങൾ


മ്യൂസ് മേരി ജോർജ്
യു.സി. കോളേജ്, ആലുവ




"ഞാനാണ് പ്രപഞ്ചമാതാവ് /പഞ്ച ഭൂതങ്ങൾക്കു നാഥ / കാലത്തിന്റെ പ്രാക്തനസന്താനം / ഉടലിതരമായ എന്തിനും തമ്പുരാട്ടി. / മൃതരുടെ മഹാറാണി / മരണമേയില്ലാത്തവർക്കും റാണി / ആയിരിക്കുന്നതുയും ദേവന്മാർക്കും /ദേവതമാർക്കും വേണ്ടിയുള്ള /ഏക ആൾരൂപം / പരലോകത്തിന്റെ പ്രഭാപൂരിതമായ ഔന്നത്യങ്ങളെയും / കരുത്താൻ കടൽക്കാറ്റുകളെയും / ഇഹലോകത്തിന്റെ നെടുവീർപ്പു/കളുണർത്തുന്ന മൂകതയെയും/ഭരിക്കുന്നത് എന്റെ അംഗചലനങ്ങളാണ്."

ഈജിപ്ഷ്യൻ ധാന്യദേവതയായ ഐസിസിനുള്ള സ്തുതിയാണിത്. നല്ല ഭാര്യയും അമ്മയുമായി കരുതി ഈജിപ്തുകാർ ആരാധിച്ചുപോന്ന ദേവതയാണവർ. ലോകത്തിലെല്ലായിടത്തും ഉർവരതയുടെയും ഉല്പാദനത്തിന്റെയും അധിദേവതമാരായി സ്ത്രീദൈവങ്ങളെയാണ് കരുതിയിരുന്നത്. ഈജിപ്തിലെ ഐസിസും ബാബിലോണിലെ ഇഷ്ടാറും ഗ്രീസിലെ ഗേയയും ഭാരതത്തിലെ ഭൂമിദേവതയും ഇത്തരത്തിലുള്ള ഈശ്വരിമാരാണ്.

ഈ ദേവതമാർ മണ്ണിന്റെ ഫലഭൂയിഷ്ഠതയ്ക്കും സസ്യജന്തുജാലങ്ങളുടെ വളർച്ചയ്ക്കും കാരണമെന്ന് വിശ്വസിക്കപ്പെട്ടിരുന്നു. ലോകത്തെല്ലായിടത്തും ഭൂമി ദേവതയും പ്രധാനകാർഷി

ദേവതമാരും സ്ത്രീയായി കരുതപ്പെട്ടിരുന്നു. ഉർവ്വരതയും പ്രത്യുല്പാദനവും സ്ത്രീയുമായി ബന്ധപ്പെട്ടതാണ്. (നരേന്ദ്രനാഥ് ഭട്ടാചാര്യ, 1975-113).

ശരീരപരമായ മൂല്യങ്ങളാണ് ഇത്തരമൊരു സാമ്യകല്പനയ്ക്ക് അടിസ്ഥാനം. ബീജസ്വീകരണവും ഗർഭധാരണവും ജനനവും സംഭവിക്കുന്ന സ്ത്രീശരീരവും വിത്തിനെ ചെറുചെടിയാക്കിയും മരമാക്കിയും വളർത്തുന്ന മണ്ണും തമ്മിൽ സംസ്കാരത്തിന്റെ ആദ്യപടവുകളിൽത്തന്നെ സാമ്യം കണ്ടെത്തിയിരുന്നു. അതിന്റെ അനന്തരഫലമാണ് സ്ത്രീദേവതമാരായ ധാന്യദേവതമാർ സംസ്കാരത്തിൽ ഉടനീളം ദേശഭേദമെന്യേ അടിസ്ഥാനമാക്കിയ ഈശ്വരസങ്കല്പം അങ്ങനെ പ്രചരിച്ചത്. സിബലെ സിറെസ്, ഇനാന്ന, ഇഷ്ടാർ, ഡിമേറ്റർ ഗയ, ഭൂമിദേവി എന്നിങ്ങനെ ധാന്യദേവതമാർ നിരവധിയാണ്. ദൈവവിശ്വാസപരമായ ഉടൽ ഭാഷ്യത്തിന്റെ ആദ്യപടിയാണിത്.

അഥർവവേദത്തിലെ ഭൂമിസൂക്തം ഭൂമിക്ക് ശരീരപരമായ മൂല്യം കൊടുത്തുകൊണ്ട് നടത്തുന്ന പ്രാർത്ഥനയാണ്. "ഹേ പൃഥ്വി നിന്റെ മധ്യഭാഗത്താൽ (നാഭിയുടെ ഭാഗം) ശരീരം പുഷ്ടിടുത്തുന്ന ഏതൊരു പദാർത്ഥം ഉണ്ടാകുന്നുവോ അതിൽ എന്നെയും പ്രതിഷ്ഠിക്കുക. എന്റെ അമ്മ ഭൂമിയും പിതാവ് മേഘവും ഞങ്ങളെ വിശുദ്ധരായി പരിപോഷിപ്പിക്കട്ടെ (ഡി.ശ്രീമാൻ നമ്പൂതിരി (വിവ. 2004 അഥർവ്വവേദം പന്ത്രണ്ടാം കാണ്ഡം സൂക്തം മുഴുവനും സപ്തമ കാണ്ഡം സൂക്തം 6 മുഴുവനും ഭൂമിസ്തുതിയാണ്. ആദ്യം കൊടുത്തിരിക്കുന്ന ഈജിപ്ഷ്യൻ ദേവതയായ ഐസിസിനു നൽകുന്ന സ്തുതിയും അഥർവ്വവേദത്തിലെ പ്രാർത്ഥനയും ഒരേ വർഗ്ഗത്തിലുൾപ്പെട്ടവയാണ്. ഋഗ്വേദത്തിൽ ഒരമ്മ മകനെ പുതപ്പുകൊണ്ടെന്നപോലെ എറെപുതപ്പിച്ചാലും" എന്ന് ഭൂമിയോടു പ്രാർത്ഥിക്കുന്നിടത്തും ശക്തിസൂക്തത്തിലുമൊക്കെ സ്ത്രീശരീരമൂല്യത്തെ അടിസ്ഥാനമാക്കിയ വിശ്വാസപ്രമാണങ്ങളെ വായിച്ചെടുക്കാനാകുന്ന ഇത്തരം വിശ്വാസരേഖകളിലൊക്കെ സ്ത്രീശരീരത്തിന്റെ ജീവശാസ്ത്രപരമായ സവിശേഷതകളെ അടിസ്ഥാനമാക്കി പരിപാലനം, കരുതൽ, ജീവനെ പുലർത്തൽ തുടങ്ങിയ സാംസ്കാരിക മൂല്യങ്ങളുടെ ഉടമകളായ ഇത്തരം ദേവതാസ്വരൂപങ്ങളോട് പ്രാർത്ഥിക്കുന്നതായി കണ്ടെത്താം.

ശരീരത്തിന് ചില സാംസ്കാരികമൂല്യങ്ങൾ കല്പിക്കുമ്പോഴാണ് ജീവശാസ്ത്രപരമായ സവിശേഷതകൾക്ക് ലൈംഗികവും സാംസ്കാരികവുമായ അർത്ഥമുണ്ടാകുന്നത്. ആശേ ആത്മീയതയ്ക്കു ശരീരസംബന്ധിയായ അർത്ഥങ്ങൾ ലഭിക്കുന്നു. അപ്പോൾ ആത്മീയത ലിംഗനിരപേക്ഷവും നിഷ്പക്ഷവുമായ ഒന്നല്ലാതെയാകുന്നു.

അപരങ്ങളുടെ ദ്വന്ദ്വാത്മകതയിലൂടെ നിലനിൽക്കുന്ന യാഥാസ്ഥിതിക ജ്ഞാനപദ്ധതികളുടെയും ശരീരനിഷേധിയായ ആത്മീയതയുടെയും ബദൽരേഖകളായി ശരീരസംബന്ധിയായ അർത്ഥകല്പനകളോടു കൂടിയ ആത്മീയത വ്യാഖ്യാനിക്കപ്പെടുന്നു.

സ്ത്രൈണആത്മീയതയുടെ മുഖവുരയായി ഇക്കാര്യങ്ങൾ പരിഗണിക്കപ്പെടേണ്ടിയിരിക്കുന്നു. ആൺകോയ്മാപരമായ ആത്മീയവിചാരങ്ങളുടെ നീക്കിയിരുപ്പുകളാണ് ഇന്നത്തെ മതാത്മിക ആത്മീയതകൾക്ക് ആധാരമായിട്ടുള്ളത്. ലോകത്തെ വിട്ടുയർന്നുനിൽക്കുന്ന സ്വർഗ്ഗനരകങ്ങളും ശരീരത്തെ നിഷേധിച്ചുകൊണ്ട് പ്രത്യക്ഷപ്പെടുന്ന ആത്മാവും സ്ത്രീയെ കർതൃത്വസ്ഥാനത്തുനിന്ന് മാറ്റിനിർത്തുന്ന ആരാധനാരീതികളും സ്ത്രൈണ ആത്മീയതാ വ്യവഹാരങ്ങളിൽ വിമർശി



ക്കപ്പെടുന്നു. ആവിഷ്കാരപരമായ സ്ത്രീകർതൃത്വങ്ങൾ വിശ്വാസരംഗത്ത് കണ്ടെത്തുകയും പ്രകടിപ്പിക്കപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുമ്പോൾ അത് ഒരു ബദൽ ജ്ഞാനപദ്ധതിയും അന്യവൽക്കരണത്തിലധിഷ്ഠിതമായ വിശ്വാസജീവിതത്തിന്റെയും പുനർവായനയും ആയിത്തീരുന്നു.

സ്ത്രീവാദപരമായ ആത്മീയതയുടെ നട്ടുവഴികളെ സ്വീകരിച്ചുകൊണ്ടുള്ള ആത്മീയമായ സ്ത്രീകർതൃത്വാന്വേഷണമാണ് സ്ത്രൈണആത്മീയത മുന്നോട്ടുവയ്ക്കുന്നത്. സ്ത്രീശരീരപരമായ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ, ശരീരത്തെ നിഷേധിക്കാത്ത ആത്മീയാന്വേഷണമായും വിശ്വാസപരമായ സ്ത്രീകർതൃത്വങ്ങളായും വിശ്വാസത്തിന്റെ ഉടൽഭാഷ്യങ്ങൾ വളരുന്നു. പോറ്റമ്മമാരും സർവ്വശക്തകളുമായ ദേവതമാരുടെ രൂപപ്പെടലും ആരാധനാവിധികളും എന്നതിൽനിന്നും ആശയത്തിലും ആവിഷ്കാരത്തിലും സംഭവിക്കുന്ന വളർച്ചയാണ് ഇത്തരം ഉടൽഭാഷ്യങ്ങളിൽ കാണാനാവുക.

അതിനാൽത്തന്നെ സ്ത്രീയുടെ ലൈംഗികതയിലും ഭൂമിയുടെ ജൈവികതയിലും കടന്നുകയറ്റം നടത്തുന്ന ആൺകോയ്മയുടെ ആത്മീയതയോടും വികസനസങ്കല്പങ്ങളോടും സാംസ്കാരികമുന്നേറ്റങ്ങളോടുമുള്ള വിമർശനമായി സ്ത്രൈണാത്മീയത വായിക്കപ്പെടുന്നു.

ഇന്ത്യയിലെ ഭക്തകവയിത്രികളുടെ ആവരണങ്ങളിൽ ആത്മീയതയുടെ മുഖ്യധാരയെ തകർക്കുക. ശരീരഭാഷയുടെ ആഘോഷം കാണാനാവും. യാഗം, പൗരോഹിത്യകർതൃകമായ ആരാധനാവിധികൾ എന്നി പകരം ശരീരം കൊണ്ടും ഈശ്വരാനുഭവങ്ങളുടെ സുഗാഥകളാണ് ഭക്തകളായ സ്ത്രീകൾ രചിച്ചത്. അക്കാദേവി, മീരാബായി, ആണ്ടാൾ എന്നിവരുടെ ശരീരവും ആത്മാവും ലയപൂർണ്ണമായി പ്രത്യക്ഷപ്പെടുന്ന പ്രണയഗീതങ്ങൾ മുന്നോട്ടുവയ്ക്കുന്നത് വിശ്വാസത്തിന്റെ പെണ്ണുടൽ ഭാഷ്യങ്ങളാണ്. ചെന്നമല്ലികാർജ്ജുനന്റെ ദീപ്തി ഉടുത്തുനഷ്ടപ്പെട്ട ഇവൾക്ക് വസ്ത്രങ്ങളെന്തിന് എന്ന് അക്കമഹാദേവി ചോദിക്കുന്നു. ഈ കൊങ്കകളെ കൃഷ്ണനല്ല മറ്റാർക്കും കൊടുക്കില്ലെന്നും ഇതിനു വിപരീതം സംഭവിച്ചാൽ തന്റെ തല കഴുത്തിലുണ്ടായെന്നും ആണ്ടാൾ സത്യം ചെയ്യുന്നു. മീരാബായി പ്രേമത്തിന്റെയും ഭക്തിയുടെയും ഗാഥകൾ രചിക്കുന്നു. ഇതെല്ലാം ഇന്ത്യയിൽ നിന്ന് ഉയർന്നുകേട്ട വിശ്വാസ ശരീരഭാഷ്യങ്ങളാണ്. പ്രേമവും രതിയും ഭക്തിയും ചേരുന്ന ആത്മീയാനുഭവം ഇവരുടെ ഗീതങ്ങളിൽ നിന്ന് പ്രകടമാണ്.




പുരുഷാധിപത്യമൂല്യങ്ങൾ മേൽക്കൈ ഭരിക്കുന്ന ഭാരതീയമായ ആത്മീയാന്വേഷണ വഴികളിൽ ഈ സ്ത്രീകൾ സൃഷ്ടിച്ച സ്ത്രൈണ വൈദ്യുതകാന്തികപ്രഭാവം ഇന്നും ശക്തമാണ്. പരിപാലനം, ശുശ്രൂഷ, കരുതൽ, ജീവനെ പരിപോഷിപ്പിക്കൽ തുടങ്ങിയ ശാരീരികമായ മൂല്യങ്ങളോടു കൂടി ലോകത്തെയും ജീവിതത്തെയും സമീപിക്കുന്ന വിശ്വാസങ്ങളാണ് ആത്മീയതയുടെ വ്യാഖ്യാനവഴികളിൽ പ്രധാനം. ഇത് സ്ത്രീയുടെ ജൈവമൂല്യങ്ങളാണെങ്കിലും സ്ത്രീക്കുമാത്രം പ്രായോഗിക്കാനാവുന്നഒന്നായി ഇതിനെ കരുതാൻ വയ്യ. സ്ത്രീക്കും പുരുഷനും ആവിഷ്കരിക്കാവുന്ന ഒന്നാണിത്. മനുഷ്യരെയും പ്രകൃതിയെയും ദൈവത്തേയും അപരസ്വത്വങ്ങളായി കാണാതിരിക്കുക എന്നിടത്ത് ഇത്തരം മൂല്യങ്ങൾ പ്രയോഗിച്ചുതുടങ്ങുന്നു. ജീവനെ പോഷിപ്പിച്ചുകൊണ്ടു നടത്തുന്ന പ്രവർത്തനങ്ങളിലൂടെ ഇത്തരം ആത്മീയാനുഭവങ്ങൾ വളരുന്നു. ഇവടെ പോഷിപ്പിക്കുന്ന മാനസികഭാവങ്ങളിലൂടെ ശരീരത്തെ നിഷേധിക്കാതെ ആത്മീയാവ്യവഹാരങ്ങൾ ഇഹലോകത്തിൽ പരലോകത്തിന്റെ ആഹ്ലാദാനുഭവങ്ങളിലെ വിശ്വാസിയെ നയിക്കുന്നു. തന്റേതല്ലാത്ത അനാഥപ്പെൺകിടാങ്ങളെ പോറ്റിവളർത്തുന്ന ജനകമഹാരാജാവിനെയും കണ്വമഹർഷിയുമൊക്കെ പ്രവർത്തിക്കുന്ന സ്ത്രീശരീരമൂല്യങ്ങൾ ലിംഗാടിസ്ഥാന


ത്തിലല്ലാതെ പ്രായോഗികമായി വന്ന സ്ത്രൈണമൂല്യങ്ങൾക്ക് ഉദാഹരണമാണ്. മാതൃത്വത്തിന്റേതായ സാംസ്കാരികമൂല്യങ്ങൾ ഇവിടെ പുരുഷനിലും പ്രവർത്തിക്കുന്നു. ആൺശരീരത്തിനകത്തുള്ള അമ്മത്തം ഇവിടെ പ്രകടമാണ്.

ബൈബിളിലും ഇതിന് ഉദാഹരണങ്ങൾ ഉണ്ട്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്ന ഒരു സന്ദർഭം സുവിശേഷത്തിലുണ്ട്. ഒരു രാത്രി മുഴുവൻ നീണ്ട മത്സ്യബന്ധനം കൊണ്ട് തളർന്നെത്തുന്ന ശിഷ്യന്മാർക്ക് അപ്പവും കനലിൽ ചുട്ടെടുത്ത മത്സ്യവും ഒരുക്കിയിട്ട് കുഞ്ഞുങ്ങളെ വല്ലതും വന്ന കഴിക്കു എന്നാവശ്യപ്പെടുന്ന ക്രിസ്തുവിൽ വിശപ്പിനെ തിരിച്ചറിയുന്ന അമ്മയെ കണ്ടെത്താം. പക്ഷേ, സ്ഥാപന സ്വഭാവിയായ ക്രിസ്തുമതത്തിന്റെ ഔപചാരികമായ ചട്ടക്കൂട്ടിൽ ഇത്തരം ക്രിസ്തുഭാവങ്ങൾ ദമനം ചെയ്യപ്പെട്ടിരിക്കുന്നു യുദ്ധവിജയിയും ശിക്ഷകനും പരിപാലകനുമായ പിതൃബിംബമായ യഹോവയിൽ നിന്നുള്ള മാറ്റം പുതിയനിയമത്തിലെ ക്രിസ്തു ജീവിതത്തിൽ കാണാം. ഒരു പരദേശിയോ സ്ത്രീയോ നിരക്ഷരനോ ആയി തന്നെ സൃഷ്ടിക്കാത്തതിന് ദൈവത്തെ സ്തുതിച്ചുകൊണ്ട് ഒരുദിനം ആരംഭിക്കുന്ന യാഥാസ്ഥിതിക ജൂതനിൽ നിന്ന് വിപരീതതലത്തിലേക്കുള്ള മാറ്റം യേശുവിലൂടെ സംഭവിക്കുന്നതായി കണ്ടെത്താം. ഉല്പത്തിപുസ്തകത്തിൽ വേദനയോടെ മക്കളെ പ്രസവിക്കുമെന്നത് ഹവ്വയിലൂടെ സ്ത്രീവർഗ്ഗത്തിനു ലഭിക്കുന്ന ശാപമാണ്.എന്നാൽ വേദനയെ ശാപത്തിന്റെ പര്യായമെന്നതിൽ നിന്ന് രക്ഷയുടെ പര്യായമായി കുരിശിലൂടെ പരിവർത്തിക്കപ്പെടുമ്പോൾ സ്ത്രീശരീരം തന്നെ അർത്ഥപരമായി പരിവർത്തിക്കപ്പെടുന്നു. വേദനകളും പീഡകളും രക്തസ്നാതമായ ഉടലുകൊണ്ട് അനുഭവിക്കുന്ന കാൽവരിയിൽ നിന്നാണ് മനുഷ്യരക്ഷ സാധ്യമാകുന്നത്. രക്തപ്രവാഹവും വേദനയും പാപരഹിതനായ പുതുമനുഷ്യന്റെ പിറവിയെ ലക്ഷ്യംവയ്ക്കുന്നു. യുദ്ധങ്ങളിലൂടെ അത്ഭുതങ്ങളിലൂടെയോ അല്ലാതെ സംഭവിക്കുന്ന ഈ മനുഷ്യരക്ഷ ശരീരപരമായ സ്ത്രീമൂല്യത്തിന്റെ ആവിഷ്കാരമാണ്. വേദനയാൽ ലോകത്തെ വീണ്ടെടുത്ത അനുഭവം വിശ്വാസത്തിന് ലഭിക്കുന്ന സ്ത്രീശരീരഭാഷ്യമാണ്.

സ്ത്രീശരീരമൂല്യങ്ങളുടെ ആഘോഷം ക്രിസ്തു ജീവിതത്തിന്റെ നിരവധി ഇടങ്ങളിൽ കാണാം. ഭക്ഷണംവിളമ്പുന്ന ദൈവം പലപ്പോഴും ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നു. പരിപോഷകനായ ദൈവത്തെ ഇവിടെ കാണാം. അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ ഊട്ടുമ്പോഴും ഏഴപ്പവും രണ്ടു മീനുംകൊണ്ട് നാല് പേർക്കു വിളമ്പുമ്പോഴും അപ്പവും മീനും പാചകം ചെയ്ത ശിഷ്യന്മാർക്കുവിളമ്പുമ്പോഴും സ്വന്തം രക്തവും ശരീരവും കുഞ്ഞിനും നൽകുന്ന മാതൃത്വത്തിന്റെ പ്രതീകാത്മകവും ഉദാത്തവുമായ തലം വിവക്ഷിക്കപ്പെടുന്നു. അരയിൽ കച്ചയെടുത്തുകെട്ടി ശിഷ്യന്മാരുടെ കാലുകൾ കഴുകിത്തുടയ്ക്കുമ്പോൾ ആൺകോയ്മയുടെ അധികാര പാഠങ്ങളെ മുഴുവൻ അട്ടിമറിക്കുന്നു. ശുശ്രൂഷയുടെ അങ്ങേയറ്റമായി അധികാരത്തെയും നേതൃത്വത്തെയും വ്യാഖ്യാനിക്കുമ്പോൾ അത് ആൺകോയ്മയുടെ കൃത്യമായ ബദലാണ്. കൂടാതെ നിങ്ങളിൽ അധികാരിയായിരിക്കാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനായിരിക്കണം എന്ന് പഠിപ്പിക്കുക കൂടി ചെയ്യുമ്പോൾ ആ പാഠം പൂർത്തിയാകുന്നു.


ആവിഷ്കാരപരമായ സ്ത്രീകർതൃത്വം സ്ത്രൈണ ആത്മീയതയുടെ ഒരു






പ്രധാന വഴിയായി ഞാൻ കരുതുന്നു.വിധേയയോ, നിശബ്ദശ്രോതാവോ, അനുഷ്ഠാനങ്ങളെ അനുസരിക്കുന്നവളോ ആയി സ്ത്രീയെ കാണുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നിടത്തു നിന്ന് സ്ത്രീകൾ കർത്തൃത്വ നിർമ്മിതി നടത്തുന്ന രംഗങ്ങൾ ബൈബിളിലുണ്ട്. അത് മിശിഹാ രഹസ്യത്തിൽത്തന്നെ തുടങ്ങുന്നു. മറിയം എന്ന കന്യക ഗർഭിണിയാകുന്നിടത്തു നിന്ന് ഇത് തുടങ്ങുന്നു.

മറിയം ഗർഭിണിയായി ജീവിച്ചത് ഈ ഭൂമിയിലാണ്. പുരുഷാധിപത്യം കൊമ്പുകുത്തി നിൽക്കുന്ന യഹൂദസമൂഹത്തിനുള്ളിൽ അവൾ ജീവിച്ചു. അവൾ ശരീരം കൊണ്ട് ദൈവപദ്ധതിയിൽ കർത്തൃത്വം അനുഭവിച്ചു. ഗർഭിണിയായിരിക്കെ അവൾ ഇളയമ്മയും വാർദ്ധക്യത്തിൽ ഗർഭിണിയായവളുമായ എലിസബത്തിനെ കാണാൻ പോകുന്നു. സ്ത്രീ സ്ത്രീ സൗഹാർദ്ദത്തിന്റെ ഏറ്റം മിഴിവുറ്റ ചിത്രമാണ് അവരുടെ കണ്ടുമുട്ടൽ. രണ്ടുപേരും പരസ്പരം പ്രകീർത്തിച്ച് സംസാരിക്കുന്നു. പാട്ടുപാടുന്നു. അതിൽ മറിയത്തിന്റെ ഗീതം (വിശുദ്ധബൈബിൾ ലൂക്കോസിന്റെ സുവിശേഷം) അധികാരരൂപങ്ങളുടെ ബദൽ ഭാഷ്യമാണ്. പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്ന് ഇറക്കി താണവരെ ഉയർത്തി. വിശന്നിരിക്കുന്നവരെ നന്മകളാൽ നിറച്ചു. സമ്പന്നരെ ഒന്നും കൊടുക്കാതെ പറഞ്ഞയച്ചു എന്ന് മറിയം പാടുമ്പോൾ ചരിത്രത്തെയും ദൈവപദ്ധതിയെയും സ്ത്രീയുടെ കർത്തൃത്വപദവിയിൽ നിന്നുകൊണ്ട് വ്യാഖ്യാനിക്കുകയാണ്. സ്ത്രീയുടെ കർത്തൃത്വം ദൈവപുത്രനുമായുള്ള സൗഹാർദ്ദത്തിന്റെയും പിൻചെല്ലലിന്റെയും തലം കൂടിയാണ്. നിരവധി ശിഷ്യകളെ സുവിശേഷത്തിലുടനീളം കാണാം. കൂടെ നടക്കുകയും പഠിക്കുകയും ചെയ്ത ശിഷ്യകൾ ഒരുപുതുകാഴ്ചയാണ്. ആ നടത്തം കരിശിൽ ചുവട്ടിലും അതിനു ശേഷവും തുടർന്നു. ഏത് അധികാരസ്ഥാപനത്തിനെയും ഭയപ്പെടാത്ത പെണ്ണുങ്ങളെ അവിടെ കാണാം. ശീമോന്റെ പൂമേടയിലും കിണറ്റിൻകരയിലും അവർ സധൈര്യം കടന്നുചെല്ലുകയും ഇടപെടുകയും ചെയ്തു. ലോകം മുഴുവൻ തിരസ്കരിച്ചിട്ടും ഭരണകൂടം കുറ്റവാളിയായി വിധിയെഴുതിമർദ്ദിച്ച് അവശനാക്കിയെങ്കിലും പൗരോഹിത്യവർഗ്ഗം വധശിക്ഷ ആവശ്യപ്പെട്ടെങ്കിലും സ്ത്രീകൾ ആ മനുഷ്യപുത്രനെ കൈവിട്ടില്ല. അവർ കരഞ്ഞുകൊണ്ട് അവനെ പിൻചെന്നു. സധൈര്യം കരിശിൻ ചുവട്ടിൽ നിന്നു. ഈ മൂന്നുമറിയാമാരെ സുവിശേഷത്തിൽ കാണാം. കരിശിൽ കിടക്കുന്നവനെ ഉറ്റുനോക്കി നിൽക്കുന്ന ആ അമ്മയും സുഹൃത്തും കൂട്ടുകാരന്റെ അമ്മയും വിശ്വാസത്തിലെ സ്ത്രീകർത്തൃത്വത്തിന്റെ ജ്വലിക്കുന്ന ചിത്രമാണ്. മരിച്ചിട്ടും അവൾ അവനെ ഉപേക്ഷിച്ചില്ല. അതുകൊണ്ടാണ് കല്ലറയിൽ അവനില്ലെന്ന കാര്യം അവൾ ആദ്യം അറിഞ്ഞത്. ഉയിർത്തെഴുന്നേറ്റവൻ ആദ്യം ദർശനം കൊടുത്തതും അവൾക്കാണ്. അവളാണ് അവന്റെ പ്രധാനശിഷ്യൻമാരെ ഉയിർപ്പിന്റെ വാർത്ത അറിയിച്ചത് അവൾ ആദ്യത്തെ പ്രേഷിതയായി. ഇങ്ങനെ സ്ത്രീയനുഭവകർത്തൃത്വത്തിന്റെ നിരവധി രേഖകൾ ഉണ്ട്. ഇവിടെ സ്ത്രീയുടെ വിശ്വാസകർത്തൃത്വത്തിന്റെ മാതൃകകൾ കൊണ്ട് സമ്പന്നമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ സ്ഥാപനവൽക്കരിക്കപ്പെട്ട ചരിത്രം ഇത്തരം സജീവസാക്ഷികളുടെ പരമ്പരയ്ക്കു പിന്നീട് തടയിടുന്നു. മഗ്ദ്ദലക്കാരത്തി മറിയയ്ക്ക് പിന്നീടെന്ത് സംഭവിച്ചു എന്ന ഔദ്യോഗികചരിത്രം പറയുന്നില്ല. ആണുങ്ങളുടെ കർത്തൃത്വം മേൽക്കൈ നേടി. അപ്പോസ്തല പ്രവർത്തികളും ലേഖനങ്ങളും (സെന്റ് പോൾ, സെൻറ് പീറ്റർ ഇതിനു തെളിവാണ്. വിശ്വാസപരമായ കർത്തൃത്വം പ്രകടിപ്പിച്ചവർ ശിക്ഷിക്കപ്പെടുകയോ വിശുദ്ധകളാക്കപ്പെടുകയോ ചെയ്തു. രണ്ടും രണ്ടു തരത്തിൽ കർത്തൃത്വത്തിന്റെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തി. ശിക്ഷ തിരസ്കരണവും വിശുദ്ധപദവി വിഗ്രഹവൽക്കരണവും സാധിച്ചു. രണ്ടാമത് മധ്യസ്ഥപ്രാർത്ഥനകളുടെ ഉപഭോഗപരവും വസ്തുവൽകൃതവുമായ നിലകളെ പോഷിപ്പിച്ചു. സ്ത്രൈണആത്മീയത മുഖാമുഖം നിർത്തേണ്ടതും വിശ്വാസപരമായി കർത്തൃത്വപാഠങ്ങൾ രൂപപ്പെടുത്തേണ്ടതും ഇത്തരം പാഠങ്ങളിലാണ്. സ്വാതന്ത്ര്യവും വ്യാഖ്യാനാത്മകവുമായ ജീവിതത്തിന്റെ വിശ്വാസത്തിന്റെയും ഭാഷ്യങ്ങൾ അവൾ രചിക്കേണ്ടിയിരിക്കുന്നു.




# കായിക ചരിത്രത്തിലെ വീരാംഗനകൾ

ഡോ. സോണി ജോൺ
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട



2011ലെ ഒരു സായാഹ്നത്തിൽ മെൽബണിലെ പ്രാന്തപ്രദേശമായ സെൻറ് ആൽബൻസിലെ വായനശാലയിൽവെച്ച് കണ്ടുമുട്ടിയ ആൻറണിയെന്ന രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കാളിയായ വൃദ്ധനായ ബ്രിട്ടീഷ് പോരാളി പറഞ്ഞ ഒരുകാര്യം ഓർമ്മയിലോടിയെത്തുന്നു. അയാളുടെ ചിരിച്ചുകൊണ്ടു പറഞ്ഞത് ലൈബ്രേറിയയനുമായി തർക്കത്തിലേർപ്പെട്ടുനിൽക്കുന്ന തന്നോളം തന്നെ പ്രായമുള്ള ഒരു വൃദ്ധയെ ചൂണ്ടി കാട്ടിയാണ്. "ആ തർക്കം കണ്ടോ. രണ്ടുലോകയുദ്ധങ്ങളുടെ ഫലമാണത്". അതിൻറെ പൊരുളും അയാൾ തന്നെ തന്നെ വിവരിച്ചു തന്നു. എഴുന്നേറ്റു നിൽക്കാൻ കെൽപ്പുള്ള ആണുങ്ങളൊക്കെ തോക്കെടുത്ത് പടിഞ്ഞാറൻ അതിർത്തിയിലേക്ക് രാജ്യത്തിൻറെ മാനം കാക്കാൻ പോയപ്പോൾ വീടു കാക്കാൻ പെണ്ണുങ്ങൾ മാത്രമായിപ്പോയതിൻറെ അനന്തരഫലമാണത്രേ യൂറോപ്പിലെ വനിതകളുടെ ശാക്തീകരണത്തിനാധാരം. എന്നാൽ ഇന്ന്



വിൽമ റുഡോൾഫ്

കായികരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം സ്ത്രീ ശാക്തീകരണത്തിൽ ചെലുത്തുന്ന സ്വാധീനം മറ്റെന്തിനേക്കാളും വളരെ വലുതാണെന്ന് കായികരംഗത്ത് പ്രവർത്തിക്കുന്ന ഒരാളെന്ന നിലക്ക് നിസംശയം പറയാൻ എനിക്കു കഴിയും. പ്രയോഗിക തലത്തിൽ വെല്ലുവിളികളെ അവതരിപ്പിക്കാനും അതിനെ നേരിടാനുള്ള കഴിവു വളർത്തിയെടുക്കാനും സ്പോർട്സിനോളം കഴിയുന്ന മറ്റൊന്നില്ല.

ലോക കായിക ചരിത്രത്തിൽ തങ്ങളുടേതായ ഇതിഹാസങ്ങൾ രചിച്ച വീരാംഗനകൾ മനുഷ്യരാശിയുടെ സ്മൃതിപഥങ്ങളിൽ ഇന്നും പ്രകാശം പരത്തി നിൽക്കുന്നു. തങ്ങളുടെ കൌമാരത്തിലും യൌവ്വനത്തിലും കഠിനപ്രയത്നത്തിലൂടെ ലോക കായിക വേദികളെ ആവേശമുഖരിതമാക്കിയ ഇവർ തങ്ങളുടെ ധീരോദാത്തവും പ്രോജ്ജ്വലവുമായ പ്രകടനങ്ങളിലൂടെ ലോക സ്ത്രീത്വത്തിനുമാത്രമല്ല ലോകമാനവകായിക പൈതൃകത്തിനും മാന്യതയും ആദരവും നേടികൊടുക്കുന്നതിൽ മഹത്തായ പങ്കു വഹിച്ചിട്ടുണ്ട്. തീർച്ചയായും ഈ ഗണത്തിൽപ്പെടുന്ന വനിതാതാരങ്ങൾ വരും കാലങ്ങളിലും മാനരാശിക്കും ആവേശമാവുമെന്ന കാര്യത്തിൽ സംശയമില്ല.

ഈ ഗണത്തിൽപ്പെട്ട മൂന്നു വീര വനിതകളെക്കുറിച്ചാണ് ഇത്തവണ കളിയും കാര്യവും ചർച്ചചെയ്യുന്നത്.

ഈ മൂന്നുപേരും തങ്ങളുടെ വിപരീത ജീവിത സാഹചര്യങ്ങളോടു പടവെട്ടി കായികരംഗത്തെ വിജയസോപാനത്തിലേറിയവരാണെന്നത് അവരുടെ വിജയത്തിൻെറ മാറ്റുകൂട്ടുന്നു. ഈ ഗണത്തിൽ ആദ്യം ഓർമ്മയിലോടിയെത്തുന്ന പേർ വിൽമ റുഡോൾഫ് എന്ന മഹതിയുടേതാണ്. 1940ൽ അമേരിക്കൻ ഐക്യനാടുകളിലെ ടെന്നസീ സംസ്ഥാനത്ത് ക്ലാർക്ക്സ് വില്ലെ പട്ടണത്തിൻെറ പ്രാന്തപ്രദേശത്തുള്ള സെൻറ് ബെത്‌ലെഹമിൽ ദരിദ്രരായ നീഗ്രോ ദമ്പതികളുടെ മകളായി ജനിച്ച വിൽമ കൊടിയ ദാരിദ്ര്യത്തെയും വർണ്ണ വിവേചനത്തെയും മാത്രമല്ല ഉറച്ചു നടക്കാൻ പോലും അനുവദിക്കാത്ത വണ്ണം ബാല്യത്തിൽ ബാധിച്ച് തളർവാതത്തെയും മറികടന്നാണ് ഓട്ടമത്സരങ്ങളിലെ ലോകജേത്രിയായത്. അമേരിക്കൻ - ഐക്യനാടുകളിൽ തൊലിയുടെ നിറത്തിൻെറ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം സ്കൂളുകളും ആശുപത്രികളും മറ്റു നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ സമൂഹവും സ്വന്തം ആരോഗ്യസ്ഥിതിയും കുടുംബത്തിലെ സാമ്പത്തികാവസ്ഥയും തീർത്ത പരിമിതികളെ തീവ്രമായ അർപ്പണബോധത്തിലൂടെയും കഠിനപ്രയത്നത്തിലൂടെയും മറികടന്ന് ലോക കായികരംഗത്തിൻെറ നെറുകയിൽ എത്തിചേർന്ന വിൽമ റുഡോൾഫ് 1960 ലെ മെക്സിക്കോ ഒളിമ്പിക്സിൽ 4 സ്വർണ്ണമെഡലുകൾ നേടി എക്കാലത്തും മാനരാശിക്കുമുഴുവൻ പ്രചോദനം നൽകാൻ കെൽപ്പുള്ളൊരു ഇതിഹാസം രചിച്ചാണ് വിടകൊണ്ടത്.

ലോക കായികചരിത്രത്തിന് ഒരിക്കലും മറക്കാൻ കഴിയാത്ത പേരാണ് ഓസ്ട്രേലിയൻ ഓട്ടക്കാരി കാതി ഫ്രീമാൻറേത്. 'നഷ്ടപ്പെട്ട തലമുറകളുടെ കഥപറയുന്ന ഒരു ആദിമജനവിഭാഗത്തിൻെറ പ്രതിനിധിയായി സമൂഹവും പരിസ്ഥിതിയും തീർത്ത അവഗണനയും പരിമിതികളും ആയുധമാക്കി 400 മീറ്ററിൽ രണ്ടു തവണ ലോകജേത്രിയും രണ്ടായിരാമാണ്ടിലെ സിഡ്നി ഒളിമ്പിക്സിലെ സ്വർണ്ണമെഡൽ ജേത്രിയുമായ കാതി ഫ്രീമാൻ ഓസ്ട്രേലിയൻ ആദിമജനവിഭാഗത്തിൻെറ മുഖംമൂടിയാണ്. അതു കൊണ്ടുകൂടിയാണ് സിഡ്നി ഒളിമ്പിക്സിലെ കാതിയുടെ വിജയം ഓസ്ട്രേലിയൻ ആദിമവർഗ്ഗത്തിൻെറ മുഴുവൻ വിജയമായി ലോകം ആഘോഷിച്ചത്. ഏറെ മുള്ളുകൾ നിറഞ്ഞതായിരുന്നു കാതിയുടെ വിജയത്തിലേക്കുള്ള വഴി. "വെളുമ്പൻ ഓസ്ട്രേലിയ" ഒരു നയം തന്നെയായി സ്വീകരിച്ചിരുന്ന രാജ്യത്ത് താനും തന്റെ വർഗ്ഗവുമനുഭവിച്ച തീരാവേദനകളെ കാതിതന്നെ പലപ്പോഴായി ലോകത്തോട് പങ്കുവെച്ചിട്ടുണ്ട്. സ്കൂളിൽ പഠിക്കുന്ന കാലഘട്ടത്തിൽ ഓട്ടത്തിൽ മിക്കവാറും ഒന്നാമതെത്തിയിരുന്ന കാതിക്ക് പക്ഷെ പലപ്പോഴും തൻെറ പിറകിലോടിയെത്തിയിരുന്ന വെള്ളക്കാരി പെൺകുട്ടികൾ സമ്മാനങ്ങൾ വാങ്ങുന്നത് നിർനിമേഷയായി നോക്കിനിൽക്കേണ്ടി വന്നിട്ടുണ്ട്. ഒരു ആദിവാസി പെൺകുട്ടിക്കു സമ്മാനം നൽകാൻ സ്കൂളധികാരികൾക്ക് വിമുഖതയായിരുന്നത്രേ. "എനിക്കു സമ്മാനം നൽകാത്തതിൽ ഏറ്റവും നിരാശ അച്ഛനും അമ്മക്കുമായിരുന്നു. എനിക്കാണെങ്കിലോ സമ്മാനം കിട്ടിയില്ലെങ്കിലും ആദ്യം ഓടിയെത്തുന്നതിലും", കാതി പറയുന്നു. ആ ഓട്ടം - കാതി നിർത്തിയത് സ്വന്തം നാട്ടിൽ നടന്ന ഒളിമ്പിക് മത്സരങ്ങളിൽ

വിജയിയായി ലോകം മറന്ന ഇട



ആസ്ട്രേലിയൻ ക്രിക്കറ്റ് മേരെ

ങ്ങിയ തൻറെ വർഗ്ഗത്തെ ലോകകായിക ചരിത്രത്തിൽ എക്കാലത്തേക്കുമായി അടയാളപ്പെടുത്തിയാണ്. കായിക രംഗം വിട്ടതിനുശേഷവും കാതി ഫ്രീമാൻ ഫൌണ്ടേഷനിലൂടെ ആദിവാസികുട്ടികളുടെ ക്ഷേമത്തിനായി അവർ നടത്തുന്ന പ്രവർത്തനങ്ങളും ഏറെ പ്രശംസനീയം തന്നെ.


ലോക കായികചരിത്രത്തിലെ സമാനതകളില്ലാത്ത വ്യക്തിത്വത്തിനുടമയാണ് അന ഫിദേലിയ ക്വിറോട്ട് മോരെ. ക്യൂബൻ വിപ്ലവ നായകൻ ഫിദലിൻറെ എറ്റവും പ്രിയപ്പെട്ട കായികതാരമാണെന്നതോ, പുകൾപെറ്റ ക്യൂബൻ സ്പോർട്ട് സിസ്റ്റത്തിൻറെ എറ്റവും മികച്ച ഉൽപന്നമെന്നതോ ഏറെക്കുറെ ഉറപ്പായ ഒളിമ്പിക് സ്വർണ്ണ മെഡൽ തൻറെ രാജ്യത്തിൻറെ 1984ലെയും 88ലെയും ഒളിമ്പിക് ബഹിഷ്കരണങ്ങൾ മൂലം നഷ്ടമായതോ ഒന്നുമല്ല അവരെ ഏറെ പ്രത്യേകതകളുള്ള കായികതാരമാക്കുന്നത്. തന്റെ കാമുകനായിരുന്ന ലോക ഹൈജമ്പ് റെക്കോഡുകാരൻ സേവിയർ സോട്ടോമയറിൽ നിന്നും ഗർഭം ധരിച്ചിരുന്ന അവർ അതുമായി ഓടിയാണ് 29-ആം വയസ്സിൽ ബാർസിലോണ ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയത്. ആറു മാസത്തിനുശേഷം തൻറെ കായിക ജീവിതത്തിൻറെ ഔന്നിത്യത്തിൽ നിൽക്കുമ്പോൾ ഒരു ജനുവരിയിലെ സായാഹ്നത്തിൽ വീട്ടിലെ സ്റ്റൗ പൊട്ടിത്തെറിച്ചുണ്ടായ അപകടം അവരെ മരണത്തോടു മുഖാമുഖമെത്തിച്ചു. വയറിലും നെഞ്ചിലുമെല്ലാം പൂർണ്ണമായി പൊള്ളലേറ്റ അവർക്ക് ഏതാനും ദിവസങ്ങൾക്കുള്ളിൽ ഗർഭസ്ഥശിശുവിനെ നഷ്ടമായി. തൻറെ പ്രിയതാരത്തെ കാണാൻ അപകടമുണ്ടായ അന്നുരാത്രി തന്നെ ഫിദൽ ആശുപത്രിയിലെത്തി. പൊള്ളലിനു ചികിത്സിക്കുന്ന ഡോക്ടർമാർ അദ്ദേഹത്തിനേറെ പ്രതീക്ഷയൊന്നും നൽകിയില്ല. സ്റ്റെറിലൈസ്ഡ് ഗൌണും മാസ്കുമണിഞ്ഞ് കിടക്കയ്ക്കരികിലെത്തിയ ഫിദലിനോട് വേദന കടിച്ചമർത്തി അവർ പറഞ്ഞു "ഞാൻ ഇനിയും ഓടും". ഒന്നും ഉരിയാടാതെ നിന്ന ഫിദലിൻറെ പ്രതികരണം ആത്മവിശ്വാസം തുളുമ്പുന്ന ഒരു പുഞ്ചിരി മാത്രമായിരുന്നു. സ്കൂളിൽ പഠിക്കുന്ന കാലത്ത് ക്യൂബയിലെ ഏറ്റവും മികച്ച സ്കൂൾ കായികതാ




രമായിരുന്ന ഫിദലിന് അനയെ മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടായി കാണില്ല. തൻറെ പ്രിയങ്കരനായ രാഷ്ട്രീയ നേതാവിൻറെ സാന്നിധ്യം അനക്ക് നൽകിയ ആത്മവിശ്വാസം വളരെ വലുതായിരുന്നു. മുൻ ലോക ട്രിപ്പിൾ ജമ്പ് റെക്കോഡിനുടമയും ത്വക് രോഗ വിദഗ്ധനുമായ പൊഴോ പെരെസ് ദുയിൻസിൻറെ നേതൃത്വത്തിലുള്ള വിദഗ്ധ ഡോക്ടർമാരുടെ സംഘത്തെ ഫിദൽ അനയുടെ ചികിത്സക്കായി നിയോഗിച്ചു. ഒരാഴ്ചക്കുള്ളിൽ ഗ്ലാസ് ചാമ്പറിനു പുറത്തുനിന്ന് തന്നെ വീക്ഷിക്കാനെത്തിയ പരിശീലകനെ തൻറെ തുടകളിൽ കൈതട്ടികാട്ടി തൻറെ കാലുകൾക്ക് ഇപ്പോഴും കുഴപ്പമൊന്നുമില്ലെന്നും താൻ തിരിച്ചുവരുമെന്നും അന സൂചന നൽകി.

- ഒരുമാസത്തെ പരിശ്രമത്തിനൊടുവിൽ അവർ അനയെ നടക്കാനുള്ള പരുവത്തിലാക്കി. രണ്ടാം മാസം ആശുപത്രിയിലെ കോണിപ്പടികൾ കയറിയിറങ്ങിത്തുടങ്ങിയ അനയെ സിന്തറ്റിക് തൊലിയുൾപ്പെടെയുള്ള അവശ്യവസ്തുക്കൾ ലഭ്യമാക്കി ഏറ്റവും മികച്ച ചികിത്സതന്നെ ആ ക്യൂബൻ ഡോക്ടർമാർ നൽകി. മൂന്നു മാസത്തെ ചികിത്സക്കൊടുവിൽ ആശുപത്രി വിട്ട അന മെയ് മൂന്നാംവാരത്തിൽ അപകടം കഴിഞ്ഞു നാലുമാസമാകുമ്പോഴേക്കും ട്രാക്കിലിറങ്ങി പരിശീലനം തുടങ്ങി ലോക സ്പോർട്സ് ചരിത്രത്തിലെ ഏറ്റവും അവിശ്വസനീയമായ മടങ്ങിവരവ് കാഴ്ച്ചവെച്ചു. അപകടം നടന്ന് ആറു മാസങ്ങൾക്കിപ്പുറം നടന്ന സെട്രൽ അമേരിക്കൻ ഗെയിംസിൽ രണ്ടുമിനിറ്റും അഞ്ച് സെക്കൻറുമെടുത്ത് വെള്ളിമെഡൽ നേടി തൻറെ തിരിച്ചുവരവ് അവർ അവിസ്മരണീയമാക്കി. "ഇതെന്റെ ജീവിതത്തിൽ ഞാൻ ദർശിച്ച ഏറ്റവും ഉജ്ജ്വലമായ മനുഷ്യ പ്രകടനങ്ങളിൽ ഒന്നാണ്. ഓട്ടത്തിൽ അവൾക്കു വെള്ളിയേ കിട്ടിയുള്ളൂ എങ്കിലും ധീരതയിൽ അവൾ നേടിയത് സ്വർണ്ണ മെഡൽ തന്നെ' ഫിദലിൻറെ ആ വാക്കുകൾ മാത്രം മതി അനയുടെ പ്രകടനത്തിൻറെ മാറ്റളക്കാൻ. അന പക്ഷേ അവിടെ അവസാനിപ്പിക്കാൻ ഒരുക്കമായിരുന്നില്ല. 1995 ലെ ഗോഥൻബർഗ് ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണം നേടി ലോക ജേത്രിയായി, 1996 ലെ അറ്റ്ലാൻറാ ഒളിമ്പിക്സിൽ വെള്ളിമെഡൽ നേടി, മാത്രമല്ല 1997 ഏഥൻസ് ലോക ചാമ്പ്യൻഷിപ്പിൽ തൻറെ ലോക കിരീടം കൈവിടാതെ കാക്കുകയും ചെയ്തു. എസ് എൽ പ്രസ് എന്ന പ്രശസ്ത കായിക ലേഖകൻ അനയുടെ പ്രകടനത്തെ തുലനം ചെയ്യുന്നത് അവരുടെ രാജ്യത്തിൻറെ അതിജീവനവുമായാണ്. സോവിയറ്റ് യൂണിയൻറെ തകർച്ചയോടെ രോഗശയ്യയിലായ ക്യൂബയുടെ അവിശ്വസനീയമായ അതിജീവനത്തിൻറെ നേർക്കാഴ്ചയായാണ് പ്രസ് അനയുടെ ഉജ്ജ്വല തിരിച്ചുവരവിനെ വിശേഷിപ്പിക്കുന്നത്.

- വിൽമയും കാതിയും അനയും തീർത്ത ധീരതയുടെയും കഠിനദ്ധ്വാനത്തിൻറെയും ഉത്തമ മാതൃകകൾ ലോകത്തിനാകമാനം നൽകുന്ന അതിരുകളില്ലാത്ത ആത്മവിശ്വാസം വാക്കുകൾക്കതീതമാണ്. വരും കാലങ്ങളിലും കഠിനദ്ധ്വാനത്തിലൂടെയും ആത്മവിശ്വാസത്തിലൂടെയും ഭാവി വെല്ലുവിളികളെ അതിജീവിക്കാൻ കെൽപുള്ള പുതിയ തലമുറകളെ - സൃഷ്ടിക്കാൻ ഇവരുടെ മാതൃകകൾ പ്രചോദനമാകും എന്നു പ്രതീക്ഷിക്കാം.



# Sports-A Catalyst in Women Empowerment

**Preethi K.N.**
S.V.R.N.S.S.College, Vazhoor

**ABSTRACT**

Gender inequity varies significantly, in both degree and in the forms it takes, from country to country. Some countries have made significant progress in reducing inequities through targeted actions to change gender norms, legislate and protect human rights, and ensure access to education, health and other services. However, disparities that affect women are widespread in every region of the world and are a significant obstacle to achieving the Millennium Development Goals. Achieving gender equity and empowerment of women requires systematic and sustained attention in all policy areas. Sport is an integral part of the culture of almost every nation. However, its use to promote gender equity and empower girls and women is often overlooked because sport is not universally perceived as a suitable or desirable pursuit for girls and women. Existing

social constructs of masculinity and femininity — or socially accepted ways of expressing what it means to be a man or woman in a particular socio-cultural context — play a key role in determining access, levels of participation, and benefits from sport. Sport programs can enhance the empowerment process by challenging gender norms, reducing restrictions and offering girls and women greater mobility, access to public spaces, and more opportunities for their physical, intellectual and social development. By involving families, community leaders, and boys and men in gender education, changes to gender norms can benefit men and women alike. Sport can also provide girls and women with powerful role models, leadership skills and experience that they can transfer to other domains such as their family life, civic involvement, and advocacy. All of these beneficial effects are self-reinforcing, and may also make sporting opportunities for girls and women more sustainable over time.

## Key words

Gender, Work Participation Rate, Sports, Women Empowerment, Millennium Development Goals, Self Esteem, Gender Norms, Physical and Mental Health, Social Inclusion and Integration.

## Introduction

Women occupied a respectable place and enjoyed high status in the Vedic period. But, with the passage of time their position started degraded at a faster rate. The social evils like Pardha, Child marriage, dowry, discrimination against girl child, Sati and such other practise disadvantageous to women crept into the system. Gender disparity can be seen in every field. Gender is a social construct that outlines the roles, behaviours, activities and attributes that a particular society believes are appropriate to men and women. It is a term used to describe both the principle and practice of fair and equitable allocation of resources to, and opportunities for men and women. The plight of women in India is reflected in the adverse sex ratio (number of females per thousand males) for more than a century given in the table as under.

### Sex ratio in India 1901-2011

| Year | 1901 | 1911 | 1921 | 1931 | 1941 | 1951 | 1961 | 1971 | 1981 | 1991 | 2001 | 2011 |
|---|---|---|---|---|---|---|---|---|---|---|---|---|
| Sex ratio | 972 | 964 | 955 | 950 | 945 | 946 | 941 | 930 | 934 | 927 | 933 | 940 |

Source : Compiled from the Census data

We can see wide disparity in the working participation rate (Proportion of workers to the total population) between male and female

### Workforce participation Rate-India

| | Rural | | Urban | |
|---|---|---|---|---|
| | Female | Male | Female | Male |
| 1972-73 | 31.8 | 54.5 | 13.4 | 50.1 |
| 1993-94 | 32.8 | 55.3 | 15.5 | 52.1 |
| 1999-2000 | 29.9 | 53.1 | 13.9 | 51.8 |
| 2004-05 | 32.7 | 54.6 | 16.6 | 54.9 |
| 2009-10 | 26.1 | 54.7 | 13.8 | 54.3 |

Source: National Sample Survey data

From the above table it can be seen that the female workforce participation Rate-India is showing a declining trend since 1993-94 except between the year 2002 and 2006.

### Work participation rate in Kerala, 2011

| | Rural WPR | Urban WPR |
|---|---|---|
| Male | 53.6 | 51.8 |
| Female | 20.2 | 16.0 |

Source: National Sample Survey data

The above cited facts clearly points out the status of women still need improvements.

Gender equity eliminates discriminatory practices that are barriers to full participation for either gender. Gender equity does not necessarily mean that everyone is treated as equal, or identical manner. In fact, gender equity means changing responses to, and treatment of men and women to ensure that gender is a neutral factor when accessing resources, rights and opportunities.

## Women empowerment through sports

Empowering women and gender equity produces tangible development benefits. These benefits extend beyond women to their families and through their children to the next generation. Women empowerment means to the process through which women gain the confidence, strength and in some context the information and skills needed to make strategic choices to improve their lives. Globally, women are particularly disadvantaged by gender constraints which prevent them fully realising their rights, accessing resources and opportunities.

Sports are an integral part of the culture of almost every nation. However, its use to promote gender equity and empower girls and women is often overlooked because sports are not universally perceived as a suitable or desirable pursuit for girls and women. Existing racial constraints of masculinity and femininity play a key role in determining access, levels of participation and benefits from sports. It is true in all countries that girls and women are less likely than boys and men to participate in Sports and sports continue to be dominated by

males. This is not because girls and women do not wish to participate, but because of :

- Power
- Heavy domestic demands
- Safety concerns
- Inadequate sports and recreational facilities
- Few opportunities for physical education and skill development

Women's sports include amateur and professional competitions in virtually all sports. Female participation in sports rose dramatically in the 20th century, especially in the last quarter, reflecting changes in modern societies that emphasised gender parity. Although the level of participation and performance still varies greatly by country and by sports, women's sports leave broad acceptance thorough out the world. Women and girl athletes have yet to reach parity with men. Women are still only about one-third of interscholastic and intercollegiate athletes receive less than 26% of college sports operating budgets.

Women's development always remained central issue in the development process although there have been various shifts in women's development policy approaches. Based on these shifts Moser has classified women's development approaches into 5 categories. These are termed as welfare to equity, to anti poverty to efficiency to empowerment. This is true to Indian context also.

**Welfare ⟶ Equality ⟶ Efficiency ⟶ Equity ⟶ Empowerment**

Research on sports, gender and development indicates that sports can empower women and girls by:

- Enhancing health and well being
- Fostering self-esteem and empowerment
- Facilitating social inclusion and integration
- Challenging gender norms
- Providing opportunities for leadership and achievement

**1. Enhancing health and well being:**

Through structured sports programmes, girls and women can become more physically active, benefiting their physical and mental health including reduced risk they suffer from chronic diseases, depression and anxiety and engaging in health risk behaviour. In order to reducing risk in connection with sexual and reproductive health sports become a power health information and education platform.

**2. Fostering self esteem and empowerment:**

Sport help to improve self esteem among women by giving opportunities:

- To learn new skills
- To engage in positive relationship
- To acquire achievements
- To engage in volunteer service
- To receive public recognition

**3. Facilitating social inclusion and integration:**

Participation in sports reduces social isolation and exclusion of women and girsl by providing

- Safe places to gather
- Help them to build social networks
- Offer social support

**4. Challenging gender norms:**

Sports enhance the empowerment of women by:





- Challenging gender norms
- Reducing restrictions and offering girls and women greater mobility
- Access to public places
- More opportunities for their physical intellectual and social development
- Enhancing leadership skills and experience

**Kerala Scenario**

Kerala has been different from the rest of the country in terms of the indicators of women's development. Kerala has a favourable sex ratio of 1084, while the all India figure stands at 940 as per the 2011 census. Similarly in terms literacy, life expectancy and mean age at marriage, women in Kerala have a higher score when compared with women in the rest of the country. As per the 2011 census Kerala's female literacy is 92%, while the corresponding figure at the national level is only 65%. Life expectancy of female in Kerala as per the latest estimate is 76.3 years where as 64.2 years is the national level. All these favourable circumstances paved the way for the outstanding achievement of Kerala in terms of women's development.

In the field of sports also Kerala women makes tremendous contributions. Out of 16 Arjuna Award Winners in the state 14 are women. P.T.Usha, often called as the 'Queen of Indian track and field' and nick named as 'Payyoli express' is Kerala's pride. She has been associated with Indian athletics since 1979. She is regarded as one of the greatest athlete India has never produced. Records show an entry of girl athletes in Kerala's school meets beginning in the 80s. Sports became a better career option for the girls of Kerala too. M.D.Valsamma, Shiny Wilson, Anju Boby George, Beenamol, Preeja Sreedharan etc became Kerala's pride through sports. They got social acceptability and increased status in the society. Today, so many women and girls are participating in sports and games in the state. This will help them to improve confidence, economic independence, improved health and above all social acceptance.


In spite of the benefits, the successful implementation of sport programmes aimed at women empowerment involves many challenges and obstacles. Not only do girls and women have limited time available for sport, but there is often little value placed on sports activities for girls by their families, by girls themselves, and by their communities. To overcome these challenges, and to convince key stakeholders about the benefits of sports programmes for women empowerment, evidences to support the benefits must be documented.

## Conclusion

Despite the risks associated with sports and the completed challenges inherent in its use to address gender inequity, sports can be catalyst that liberates girls and women. Sport can lead to a more egalitarian world by unleashing the productive, intellectual and social power of women.

References

1. European Commission: White Paper on Sport.COM, 2007 391, p.7
2. Meier, Marianne, "Gender Equity, Sport and Development". Switzerland: Swiss Academy for Development, 2005
3. Hanna.C, "Challenging the Gender Order"(Keynote speech to the Fourth World Conference on Women and sport,, Kamamoto, Japan, 11-14 May, 2006
4. Houseblas, H and Downs, D "Comparison of Body Image between Athletes and Non-Athletes. A metro-Analytic Review", 2001, Journal of Applied Sport Psychology, 13, PP 326-339.
5. Jaumotte, F, "Labour Force Participation of women: Empirical Evidence on the Role of Policy and other Determinants in OECD countries" OECD Economic Studies, No.37, 2004
6. Sport for development and Peace International Working Group (Governments in Action)
7. UNDP (1990), "Human Development Report 1990", New York, Oxford University press.



# ഇരുപത്തിനാലാമത്തെ വീട്!

**മൈന ഉമൈബാൻ**
എം.ഇ.എസ്. കോളേജ്, മമ്പാട്



ഒരു വീട്ടിൽ നിന്ന് മറ്റൊരു വീട്ടിലേക്ക് മാറുമ്പോൾ വില കൊടുത്തു വാങ്ങിയ കുറേ വീട്ടുസാധനങ്ങൾ മാത്രം മാറുന്നു. പക്ഷേ, ചിലയിടങ്ങളിലെ തണുപ്പ് , ചന്ദന സുഗന്ധവുമായി പറന്ന അട്ടക്കാളപ്പുക, കൂട്ടത്തോടെ പറന്നു നടന്ന വണ്ണാത്തിപ്പൂച്ചികളെന്നു വിളിച്ച തുമ്പികൾ, മുറ്റത്തെ പാഷൻ ഫ്രൂട്ട് വള്ളിയിൽ കൂട്ടുകൂട്ടിയ ഇരട്ടത്തലച്ചി...

നോക്കിയാൽ കാണുന്ന ദൂരത്തെ മരക്കൊമ്പുകളിൽ തൂങ്ങിയ തൂക്കണാം കുരുവിക്കൂട്...

അവയൊന്നും ഞങ്ങൾ പോയിടങ്ങളിലേക്കൊന്നും സ്ഥലംമാറി വന്നില്ലല്ലോ....

തൂക്കണാം കുരുവിക്കൂടിനെ ഓർക്കുമ്പോഴൊക്കെ തലകീഴായി കിടക്കുന്ന  ഒരു കൂടായി തോന്നിയിരുന്നു. കാറ്റത്ത് ആടിയാടി കിടന്നിരുന്നുവെങ്കിലും അതിലെ കിളികളെത്ര സ്വസ്ഥമായിരിക്കുന്നുവെന്നും!

ഇരുപത്തിമൂന്നാമത്തെ വീട്ടിലിരുന്നു കൊണ്ടാണ് വീടുകളെപ്പറ്റി ചിന്തിച്ചത്. സ്വന്തമെന്ന വിചാരമുണ്ടായിരുന്നതും വാടകയ്ക്കുമായ ഇത്രയധികം വീടുകളിൽ താമസിച്ചിരുന്നോ എന്ന അത്ഭുതമുണ്ടായിരുന്നു ആദ്യം. എങ്കിൽ ഓരോ വീട്ടിലും ശരാശരി എത്രനാൾ താമസിച്ചിരിക്കും?

മുമ്പ് അമ്മച്ചിയുടെ ജോലിയും സ്ഥലം മാറ്റവുമാണ് വീടുകളിൽ നിന്ന് വീടുകളിലേക്ക് മാറാൻ കാരണമെങ്കിൽ ഇപ്പോൾ ഞങ്ങളുടെ ജോലിയാണ്!

ഇനിയെങ്കിലും നിർത്തിക്കൂടെ ഈ ഓട്ടം? പലവട്ടം കേട്ടു പഴകിയ ചോദ്യം. അതിജീവനത്തിനുള്ളവ എവിടെയെല്ലാമാണ് ഇരിക്കുന്നതെന്ന് ആർക്ക് നിശ്ചയിക്കാനാകും? മരമായിരുന്നുവെങ്കിൽ ആഴത്തിൽ വേരുകളുറപ്പിച്ച് നിന്നു നോക്കാമായിരുന്നു. ജനിച്ച നാടുവിട്ടു പോകുന്നതിനെപ്പറ്റി സ്വപ്നങ്ങളിൽ പോലുമില്ലായിരുന്നു.  മനുഷ്യന്റെ ജൈവസ്വഭാവത്തിലൊന്ന് സഞ്ചാരമാണ്. അതിജീവനത്തിനു വേണ്ടിയുള്ള പലായനങ്ങൾ...ഗുഹാവാസിയായ മനുഷ്യനിൽ നിന്ന് രൂപത്തിലും ഭാ

വത്തിലും ഒരുപാട് പരിണാമങ്ങൾ സംഭവിച്ചു എങ്കിലും ജീവിതോപാധി തേടിയുള്ള യാത്ര അവസാനിക്കുന്നേയില്ല.

വിശപ്പ് മാറിയാൽ സ്വസ്ഥമായി വിശ്രമിക്കാൻ ഇടം വേണം. അതാണ് വീട്. പക്ഷേ, നമ്മളതിനെ സ്വകാര്യ സ്വത്തിന്റെ പരിധിയിൽ കൊണ്ടു വെച്ചിരിക്കുന്നു! ഗുഹാവാസിയിൽ നിന്നും മനുഷ്യൻ സംസ്കാരത്തിലേക്ക് പരിണമിക്കുമ്പോൾ എന്തെല്ലാം അത്ഭുതങ്ങളാണ്!

എന്റേത് എന്റേത് എന്ന് എത്രവട്ടം പറഞ്ഞാലും ഒന്നും സ്വന്തമേയല്ലെന്ന് അറിയാഞ്ഞിട്ടല്ല. ഭൂമിയിലെ ജീവിതം ഒരു വാടക വീട്ടിലേതെന്നു പോലെ അനിശ്ചിതത്വം നിറഞ്ഞതാണെന്ന് അറിയാഞ്ഞിട്ടുമല്ല. എന്നിട്ടും മനുഷ്യൻ വലിയ വലിയ വീടുകളെ സ്വപ്നം കാണുന്നു. ഞങ്ങളുടെ നാട്ടിൽ ആദ്യമായി നിർമ്മിച്ച രണ്ടു നില കെട്ടിടം അത്ഭുതത്തോടെ നോക്കി നിന്നത് ഇപ്പോഴുമോർക്കുന്നു. ആറിലോ ഏഴിലോ പഠിക്കുമ്പോഴായിരുന്നു അത്. കുടിയേറ്റ ഗ്രാമമായതുകൊണ്ട് മുൻനിർമ്മിതികൾ ഒന്നു രണ്ടു മുനിയറകൾ മാത്രമായിരുന്നു. കൂടുതലും പുല്ലുമേഞ്ഞ വീടുകളായിരുന്നു ചെറുപ്പത്തിൽ കണ്ടിരുന്നത്. അങ്ങിങ്ങ് പനയോലയോ ഓലയോ മേഞ്ഞവയും. ഓടുതന്നെ അപൂർവ്വമായിരുന്നു. പിന്നെ പിന്നെ പുല്ല് ഓടിലേക്കും ആസ്ബറ്റോസ് ഷീറ്റിലേക്കും മാറി. അടുത്ത മാറ്റമായിരുന്നു കോൺക്രീറ്റ് ...

സ്ഥിരമായി ബസ്സിൽ യാത്ര ചെയ്യുന്ന വഴിയിൽ പുതിയൊരു വീട് ഉയർന്നു വന്നു. കൊട്ടാരങ്ങൾക്കു ശേഷം ഞാൻ കണ്ട ഏറ്റവും വലിയ വീടായിരുന്നു അത്. ഓഫീസിൽ വീടുകളെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഈ വീടും സംസാരത്തിലേക്കു കടന്നു വന്നു. 'അതെന്താ വീടാ?' സഹപ്രവർത്തകൻ മുരളി ചോദിച്ചു . ചോദ്യഭാവത്തിൽ നോക്കുമ്പോൾ അവൻ തന്നെ ഉത്തരവും പറഞ്ഞു 'രാക്ഷസ കോട്ടയെന്നു പറയണം' അപ്പോഴാണ് കുഞ്ഞുനാളിൽ കേട്ടു പതിഞ്ഞ കഥകളിലെ രാക്ഷസക്കോട്ടയോട് സാമ്യമുണ്ടല്ലോ ആ വീടിനെന്ന് അറിഞ്ഞത്. എന്തിനായിരിക്കും ഇത്ര വലിയ വീടുകൾ? ആ വീട്ടിലുള്ളവർ സമാധാനത്തോടും സ്വസ്ഥതയോടും സന്തോഷത്തോടും ജീവിക്കുന്നുവോ? അത്ര വലിയ വീടിനോടുള്ള അസൂയയാണോ? ഒരിക്കലും അങ്ങനൊരു വീടു പണിയാൻ സാധ്യമല്ലാത്തവരുടെ പ്രതികരണമാണോ രാക്ഷസക്കോട്ട എന്നത്?

സാധ്യമാകാൻ മാത്രം കഴിവുള്ളവർ പലരും ചുറ്റുപാടിനേയും പ്രകൃതിയേയും സമൂഹത്തേയും ഓർത്ത് സംയമനാരാവുന്നുണ്ട്. അതു മറന്നുകൂടാ... അവസാനിക്കാത്ത സ്വപ്നവുമായി ജീവിക്കുന്ന മനുഷ്യൻ പക്ഷേ പല ജീവിത സാഹചര്യങ്ങളിലൂടെ കടന്നു പോകുന്നു.

സമ്പന്നർ, മധ്യവർഗ്ഗം , പാവപ്പെട്ടവർ ... അതിൽ തന്നെ പിന്നെയും വിഭജനങ്ങൾ... വീടെന്ന സ്വപ്നം എല്ലാവർക്കുമുണ്ട്. പക്ഷേ, വീടു വെയ്ക്കാനുള്ള ഇടവും അതിനു വേണ്ട സാമഗ്രികളും ഭൂമിയിൽ നിന്നു തന്നെ കണ്ടെത്തണം. അത് എല്ലാവർക്കും വേണം. പരിമിത വിഭവങ്ങളെ ഇവിടുള്ളൂ.

പക്ഷേ, സാധ്യമാകുന്നില്ല. നമ്മുടെ വ്യവസ്ഥിതി സമ്മതിക്കുന്നില്ല എന്ന് വേണമെങ്കിൽ ഒറ്റവാക്കിൽ പറയാം. കേരളത്തിൽ വലിയ വലിയ എത്രയോ വീടുകൾ അടഞ്ഞു കിടക്കുന്നു. കൊട്ടാര സദൃശ്യമായ എത്രയോ വീടുകൾ വരുന്നു. പക്ഷേ, അതിലേറെ ദരിദ്രർ , ഇടത്തരക്കാർ വീടില്ലാതെ പ്രയാസപ്പെടുന്നു. വാടക വീടുകൾ അന്വേഷിച്ചു നടന്ന് നടന്ന് കാലു കഴയുന്നു. വായ്പയെടുത്ത് വീടുവെച്ച് കടക്കെണിയിലാകുന്നു.

പണ്ട് വീടുവെയ്ക്കാൻ ഒരുങ്ങുമ്പോൾ എനിക്ക് നിവൃത്തിയില്ലാഞ്ഞിട്ടാണ്. നിന്റെ ഇത്തിരി ഇടം ഞങ്ങൾ എടുക്കുന്നതിൽ വിഷമിക്കരുതേ... ക്ഷമസ്വമേ എന്നു ഭൂമിയോട് പറഞ്ഞുകൊണ്ടാണ് വീടുണ്ടാക്കാൻ ഒരുങ്ങിയിരുന്നതെന്ന് കോഴിക്കോട്ടെ ഏറെ മുതിർന്ന സുഹൃത്ത് രാഘവൻ നായർ ഓർമ്മിപ്പിച്ചു. കല്ലും മണലും മരങ്ങളും വെള്ളവുമെല്ലാം ഇഷ്ടപ്പടിയെടുക്കാമെന്നും എത്രയെടുത്താലും പിന്നെയും പിന്നെയും അവയെല്ലാം ഉണ്ടായിക്കൊള്ളുവെന്നും നാം മനുഷ്യർ കരുതി. പക്ഷേ, സൂക്ഷിച്ചു കൈകാര്യം ചെയ്തില്ലെങ്കിൽ ഇവയെല്ലാം പൂർണ്ണമായും ഇല്ലാതാവുമെന്ന് തിരിച്ചറിയുന്നേയില്ല. അല്ലെങ്കിൽ എനിക്കെടുക്കാം വേറാർക്കും വേണ്ട എന്നു ചിന്തിക്കുന്നു.

കാട്ടിനുള്ളിലെ ചില ആദിവാസി ഗ്രാമങ്ങളിൽ പോയിട്ടുണ്ട്. ഒരാൾക്ക് കഷ്ടി നില്ക്കാവുന്ന പൊക്കത്തിലുള്ള കുടിലുകൾ . ഒറ്റമുറി കുടിലുകൾ... മൂലയിൽ സദാ സമയവും എരിയുന്ന തീക്കൂട്ട്... അവരെ തണുപ്പിൽ നിന്നു രക്ഷിക്കുന്നതും അടുപ്പിലെ ചൂടാണ്. പുതപ്പോ മാറ്റിയുടുക്കാനുള്ള വസ്ത്രങ്ങളോ ഇല്ല. റെയിൽവേ സ്റ്റേഷനുകളോട് ചേർന്ന് നാടോടികളും മറ്റും നീല പ്ലാസ്റ്റിക് ടാർപ്പായകൊണ്ട് കുടിൽ കെട്ടി താമസിക്കുന്നത് പതിവു കാഴ്ചയാണ്. പക്ഷേ, അവരും ഭൂമിയിൽ ജീവിക്കുകയാണ്.

അതേ സമയത്താണ് ആന്റിലിയ പോലുള്ള വീടുകൾ കാണുന്നത്. അതിനെ കടത്തിവെട്ടുന്ന വീടുകൾ നിർമ്മിക്കണമെന്ന് വേറെ ചിലർ വിചാരിക്കുന്നു. ആഗ്രഹങ്ങളങ്ങനെ നീണ്ടുനീണ്ടു പോകുന്നു. വീടു വെയ്ക്കാനൊരുങ്ങുമ്പോൾ പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം ഇന്നു നിയന്ത്രിക്കുന്നുണ്ട്. അപ്പോഴും പ്രയാസപ്പെടുന്നത് ദരിദ്രരാണ്.

1970 ലെ ഭൂപരിഷ്ക്കരണം വിപ്ലവകരമായിരുന്നു എന്നു പറയുമ്പോഴും എത്രമാത്രം ഭൂമിയിൽ കൃഷിയുണ്ടായി എന്നുകൂടി ആലോചിക്കേണ്ടതാണ്. റിയൽ എസ്റ്റേറ്റ് വികസനത്തിനു വേണ്ടിയുള്ള ഊഹക്കച്ചവടമാണ് നമുക്കു ചുറ്റും നടക്കുന്നത്.

ഒരുതരത്തിൽ വീട്ടുകൃഷിയാണ് നടക്കുന്നത്. വീടെന്ന സ്വപ്നത്തിലേക്കു പോകുമ്പോൾ മോഹങ്ങൾ അനിയന്ത്രിതമാകുമ്പോൾ ഒന്ന് കടിഞ്ഞാണിടാം. പ്രകൃതിയെ വല്ലാതെ ചൂഷണം ചെയ്യാതിരിക്കാൻ.. വരും തലമുറയ്ക്ക് വേണ്ടി ഇത്തിരി സൂക്ഷിച്ചു വെയ്ക്കാൻ....

സ്വസ്ഥമായി തലചായ്ക്കാനൊരിടം എന്ന അവസ്ഥയെപ്പറ്റി ചിന്തിച്ചുകൊണ്ട് ഇരുപത്തിനാലാമത്തെ വീട് ഏതായിരിക്കും എന്നും എവിടെയായിരിക്കും എന്നും സങ്കല്പിച്ചുകൊണ്ട് 'സ്വസ്ഥമായിരിക്കാൻ' ശ്രമിക്കുന്നു!

വീട് ശരീരത്തിന് വിശ്രമിക്കാനുള്ളതാണ്. മനസ്സ് ദൂരെയെങ്ങോ അലയുന്നു. ഇരുപത്തിമൂന്നാമത്തെ വീട്ടിലിരുന്ന് പുറത്തേക്കു നോക്കുമ്പോൾ എത്രയെത്ര തുമ്പികളാണ് പാറിപ്പറന്ന് കളിക്കുന്നത്. ഞാൻ മറയൂരിലെ വണ്ണാത്തിപ്പൂച്ചികളുടെ കാലത്തേക്ക് പറക്കുന്നു അപ്പോൾ...

# കളരിപ്പാടത്തുനിന്ന് പാണ്ഡവപുരത്തേക്ക്; തിരിച്ചും



**സോന പി**
പയ്യന്നൂർ കോളേജ്



ആണായാലും പെണ്ണായാലും വ്യക്തിയുടെ സ്വയം നിർണയാവകാശങ്ങളിൽ പലതിനെയും സാന്മാർഗികതയുടെയും സദാചാരത്തിന്റെയും പാരമ്പര്യത്തിന്റെയും പേരു പറഞ്ഞ് വേലികെട്ടിയടച്ച് അമർത്തിവയ്ക്കുന്ന സമൂഹമാണ് നമ്മുടെയൊക്കെ ജീവിതപശ്ചാത്തലം. കാലാകാലമായി പിന്തുടർന്നുപോരുന്ന ഈ പശ്ചാത്തല സംവിധാനം മാറാത്തിടത്തോളം പ്രസക്തമായി നിൽക്കുന്ന കൃതിയാണ് പാണ്ഡവപുരം. അതൃപ്തമായ സ്ത്രൈണ-പുരുഷകാമനകളുടെ സഞ്ചാരത്തെ പിന്തുടർന്ന് നോവലിനെ വായിക്കാനുള്ള ശ്രമമാണ് ഈ ലേഖനത്തിൽ നടത്തുന്നത്.

## ദേവിയുടെ പാണ്ഡവപുരം

കളരിപ്പാടത്തെ കുഞ്ഞിക്കുട്ടന്റെ വധുവായെത്തുന്ന ദേവി, ഗർഭിണിയായ അവളെ സംശയത്തിന്റെ പേരിൽ ഉപേക്ഷിച്ച് കടന്നുകളയുന്ന ഭർത്താവ്, അയാളുടെകുടുംബത്തെയും കുഞ്ഞിനെയും സംരക്ഷിച്ച് കടന്നുപോവുന്ന അവളുടെ ശിഷ്ടജീവിതം-സാധാരണ ഗ്രാമീണ സാഹചര്യത്തിൽ എത്രയെങ്കിലും കണ്ടെത്താനാവുന്ന സ്ത്രീ ജീവിതമാണിത്. സാമ്പ്രദായികസമൂഹം പെണ്ണിന്റെ പരമാവധി ജീവിതനേട്ട മായി കണ്ടത് ദാമ്പത്യവും മാതൃത്വവുമാണ്. ദാമ്പത്യപരാജയത്തിൽപെട്ട സ്ത്രീകൾ അവരുടെ ജീവിതചാരിതാർത്ഥ്യമായി കരുതിയത് കുഞ്ഞുങ്ങളുടെ സംരക്ഷണവും മുഴുവൻ സ്നേഹവും പ്രതീക്ഷകളും അവരിലർപ്പിച്ചുള്ള ജീവിതവുമാണ്. സ്നേഹത്തിന് പലമുഖമാണെന്നിരിക്കെ സാമൂഹികത, ലൈംഗികത എന്നിവയുമായി ബന്ധപ്പെട്ട് ഒരു സ്ത്രീക്ക് പല അവസ്ഥകളുണ്ടെന്നിരിക്കെ മാതൃത്വം എന്ന ഒറ്റ അവസ്ഥ യിലേക്ക് ജീവിതത്തെ ചുരുക്കി ശിഷ്ടകാലം ഒരു ഭർതൃപരിത്യക്തയ്ക്ക് ജീവിക്കാനാവും എന്നതാണ് സമൂഹത്തിന്റെ മൂഢവിശ്വാസം. സാമ്പ്രദായിക സദാചാരബോധത്തിൽ അധിഷ്ഠിതമായ ആ മൂഢവിശ്വാസം അതിശക്തമായി ഭരിക്കുന്ന, അത്തരത്തിൽ സമീകരിക്കപ്പെട്ട ചിന്തകളുള്ള സ്ത്രീകളുള്ളതു കൊണ്ടാണ് നമ്മുടെ പരമ്പരാഗത പുരുഷാധികാര സമൂഹത്തിന് സ്വസ്ഥമായി കിടന്നുറങ്ങാൻ പറ്റിയത്.

തികച്ചും ഗ്രാമീണ പശ്ചാത്തലത്തിൽ സാധാരണമായ കുടുംബസാഹചര്യത്തിൽ ജീവിക്കുന്ന ദേവി പക്ഷേ സമൂഹത്തിന്റെ ഈ വ്യാജനിർമ്മിത സ്വാസ്ഥ്യത്തിനകത്ത് ജീവിക്കാൻ സാധിക്കാത്തവളാണ്. ഗർഭിണിയായിരിക്കെ സംശയത്തിന്റെ പേരിൽ ഭർത്താവ് ഉപേക്ഷിക്കുന്ന ഒരു സ്ത്രീ സമൂഹത്തിന് എപ്പോഴും പലതരത്തിൽ വിശകലനം ചെയ്യാ

നുള്ള നിരാധാരമായ സാധ്യതയാണ്. കുഞ്ഞിക്കുട്ടന് വിവാഹപൂർവ്വമായി താനെ ഒളിച്ചോട്ടത്തിന്റെ ഭൂതകാല ചരിത്രം ഉണ്ടായിട്ടുകൂടി ദേവിയുടെ വീട്ടുകാർ പോലും ദേവിയിലാണ് കുറ്റം ചാർത്തിയത്. തന്നെയെന്തിന് കുഞ്ഞിക്കുട്ടൻ ഉപേക്ഷിച്ചു എന്ന ചോദ്യം ദേവിയിലും പ്രബലമാണ്. യുക്തിക്ക് നിരക്കുന്ന ഒരു ഭൂതകാലത്തെ നിർമ്മിച്ചെടുക്കാനുള്ള ശ്രമമാണ് ഒരു ജാരകഥയിൽ പര്യവസാനിക്കുന്നത്. എന്നാൽ നോവൽ മുന്നോട്ട് പോവുമ്പോൾ ഭർത്താവുപേക്ഷിച്ചതിന് കാരണം ചികഞ്ഞ് ഉണ്ടാക്കാൻ ശ്രമിക്കുന്ന പരിത്യക്തയുടെ വ്യാകുലതയല്ല ദേവിയെ ഭരിക്കുന്നതെന്ന് വ്യക്തമാകും. സാക്ഷാത്കരിക്കപ്പെടാത്ത ലൈംഗികകാമനയുടെ ബഹിർഗമന ശ്രമങ്ങളാണ് പാണ്ഡവപുരം എന്ന നോവലിന്റെ കാതൽ. ഒറ്റയായിപ്പോയ സ്ത്രീയുടെ വിശുദ്ധി സംരക്ഷിക്കുന്നതിന് കാവലാളായി ഒരു സമൂഹം മുഴുവൻ ഉറക്കമൊഴിച്ചിരിക്കുന്ന സദാചാര പശ്ചാത്തലത്തിൽ ഭൗതികമായി അവൾക്കത് അസാധ്യമാണ്. അവളതിനായി സൃഷ്ടിച്ചെടുക്കുന്ന മാനസിക ലോകമാണ് പാണ്ഡവപുരം. വളരെ അടുക്കും ചിട്ടയും ദീക്ഷിച്ച് സൂക്ഷ്മതയോടെ ദേവി നിർമ്മിച്ചെടുക്കുന്ന വിചാരലോകമാണത്.

വിദേശികൾ അധിനിവേശം നടത്തിയ ഇടം, സങ്കരസംസ്കാരം, ഫാക്ടറികൾ, പലയിടങ്ങളിൽ നിന്ന് അവിടെ ജോലി ചെയ്യാനെത്തുന്നവർ, അവർ താമസിക്കുന്ന ക്വാട്ടേഴ്സുകൾ, നാഗരികത മനുഷ്യർക്കിടയിൽ സൃഷ്ടിക്കുന്ന അകലം, അപരിചിതത്വം തുടങ്ങി ഗ്രാമീണസാഹചര്യത്തിൽ സാധ്യമല്ലാത്ത ഒരന്തരീക്ഷം പാണ്ഡവപുരത്തിന് ദേവി കല്പിക്കുന്നു. അവിടെ അവളെ പരിചയമുള്ളവർ മറ്റാരുമില്ല എന്നതാണ് ആ അന്തരീക്ഷനിർമ്മിതിയുടെ ഏറ്റവും പ്രധാന പ്രത്യേകത. ഗ്രാമത്തിൽ അവളുടെ ജീവിതവട്ടത്തെ നിജപ്പെടുത്തിയത് അവളെ നോക്കുന്ന നിരവധി കണ്ണുകളാണ്. റെയിൽവേസ്റ്റേഷനിൽ വച്ച് തെറ്റിദ്ധരിക്കരുത് ടീച്ചർ എന്ന മുഖവുരയോടെ അവളോട് കുശലാന്വേഷണമെന്ന വ്യാജേന ചോദ്യം ചെയ്യൽ നടത്തുന്ന ടിക്കറ്റ് കളക്ടർ അവരിൽ ഒരാൾ മാത്രമാണ്.

കാല്പനികമായ സുന്ദരസ്വപ്നങ്ങളിൽ കാണുന്ന കുതിരപ്പുറത്ത് വരുന്ന സുന്ദരനായ രാജകുമാരനാണ് അവളുടെ മനസിൽ ആദ്യം കടന്നുവരുന്ന ജാരരൂപം. അമാനുഷികമായ ആ രൂപവിശേഷമാണ് നിർദോഷമായി എടുത്തുപറയാൻ പറ്റുന്ന തരത്തിൽ ഒരു സ്ത്രീക്ക് സാധ്യമാവുന്ന പരപുരുഷസ്വപ്നനിർമ്മിതി. തൊട്ടടുത്ത നിമിഷം തന്നെ ഉരുത്തമുഖവും നനുത്ത മീശയും വജ്രകുണ്ഡലവും ചുംബനപ്പാടുള്ള കഴുത്തുമുള്ള ആ ആകാശചാരിയെ റദ്ദ് ചെയ്ത് മണ്ണിൽ നടക്കുന്ന ഞരമ്പ് പിടച്ച നിൽക്കുന്ന കറുത്തകൈകളും സിഗരറ്റ് കറ വീണ വിരലുകളും തുളച്ചു കയറുന്ന കണ്ണുകളുമുള്ള ഒരു മനുഷ്യരൂപത്തിൽ അവൾ ജാരനെ സൃഷ്ടിക്കുന്നു.




താൻ ജീവിക്കുന്ന സമൂഹത്തിൽ നിന്ന് തികച്ചും ഭിന്നമായ സ്വഭാവമുള്ള തനിക്ക് സ്വേച്ഛാചാരിത്വമുള്ള ഒരു ലോകമല്ല ദേവിയുടെ സങ്കല്പലോകം. തന്നെ ഭോഗേച്ഛയോടെ സമീപിക്കുകയും നിരാശനാവുകയും ചെയ്ത ഉണ്ണിമേനോൻ മാഷിനെ അയാളുടെ അതേരൂപത്തിൽ സദാചാരമൂല്യങ്ങളുടെ സംരക്ഷകപരിവേഷമണിയിച്ച് വില്ലൻ വേഷത്തിൽ നിർത്തുന്നുണ്ട്. തനിക്ക് പരിചിതമായ സമൂഹത്തിന്റെ നിഴലിൽ നിന്നല്ലാതെ അതിൽ നിന്ന് വിഭിന്നമായൊരു സ്വപ്നലോകസൃഷ്ടി സാധ്യമാവുന്നില്ലെന്ന പരിമിതി ദേവിയുടെ ഭാവനയ്ക്കുപോലും ഉണ്ട്.

'സങ്കല്പത്തിനും സത്യത്തിനും ഇടയ്ക്കുള്ള നേർത്ത വരമ്പുകൾ ഞാൻ എന്നേ തകർത്തു കളഞ്ഞിരിക്കുന്നു. സത്യത്തെ സങ്കല്പിക്കാനും സങ്കല്പത്തെ സത്യമാക്കാനുമുള്ള ആ അപൂർവ്വമായ കഴിവ് ഇപ്പോൾ എന്ന രസിപ്പിക്കുന്നത് ഉടെയില്ല'- (പുറം 15) ഈ വിശേഷാവസ്ഥയിലാണ് പാണ്ഡവപുരത്തെ അയൽവീട്ടിലെ പിള്ളജനറിവുടെ തീക്ഷ്ണനോട്ടം നോക്കി തന്നെ അസ്വസ്ഥയാക്കിയ ജാരനെ അവൾ അവളുടെ ജീവിതാവസ്ഥയിലേക്ക് ആവാഹിച്ച് വരുത്തുന്നത്. പരിചയം, അവളുടെ ജീവിതത്തിലെ അപൂർണതയെ അല്ലെങ്കിൽ ഇല്ലായ്മയുടെ ഒരു ഒഴിവിടത്തെ കണ്ടെത്തൽ, അതിനെ പൂർത്തീകരിക്കാനുള്ള ശ്രമം - ഇങ്ങനെ ഒരാളുടെ ജീവിതത്തിലേക്ക് പരപുരുഷന് കടന്നുവരാവുന്ന ചിരസാധാരണമായ വഴിയിലൂടെയുള്ള ഒരു കടന്നുവരവുതന്നെയാണ് ജാരനും നടത്തുന്നത്. ദേവിയുടെ ഗ്രാമീണത, പുതിയ സാഹചര്യവുമായി ഇടപെടുമ്പോഴുള്ള അവളുടെ സങ്കോചം, കുഞ്ഞിക്കുട്ടന്റെ സംശയം, മർദ്ദനം തുടങ്ങി പാണ്ഡവപുരത്തെ ജീവിതത്തിൽ പൂർത്തീകരിക്കാനുള്ള ചില ഇല്ലായ്മകൾ ദേവി സങ്കല്പിച്ചെടുക്കുന്നു. ഈ ഒഴിവിടത്തിലേക്കാണ് അവളോട് സഹാനുഭൂതി, സൗഹൃദം, സ്നേഹം എന്നിവ കാട്ടി രക്ഷകപരിവേഷത്തിൽ ജാരൻ കടന്നുവരുന്നത്. കുന്നിൻമുകളിലേക്ക് ഒന്നിച്ചുള്ള സായന്തനസഞ്ചാരം, ജനലിലൂടെയുള്ള നോട്ടം, ഭർത്താവ് രാത്രിയിൽ മർദ്ദിച്ച് വലിക്കുമ്പോൾ രക്ഷകവേഷത്തിലുള്ള സാന്നിധ്യം എന്നീ നിലകളിൽ മാത്രം തന്റെ ജീവിതത്തിൽ ഇടപെട്ട ജാരനെ യഥാർത്ഥത്തിൽ താൻ അനുഭവിക്കുന്ന ലൈംഗികതയുടെ അഭാവത്തിൽ പൂർത്തീകരണത്തിനു വേണ്ടി പാണ്ഡവപുരത്തുനിന്ന് അവൾ കളരിപ്പാടത്തേക്ക് ആവാഹിക്കുന്നു.

പാണ്ഡവപുരത്തെ വീട്ടിലെ ജനൽച്ചില്ലിനപ്പുറം തീക്ഷ്ണമിഴികളുമായി നിന്ന ജാരൻ ദേവിയുടെ വീട്ടിനുള്ളിൽ തികഞ്ഞ മാന്യനാണ്. ലൈംഗികമായ കാമനകളൊന്നും അയാളെ സ്പർശിക്കുന്നതേയില്ല. എനിക്ക് നിങ്ങളെ വെറുതെ വെറുതെ ഇഷ്ടമായിരുന്നു എന്ന കാല്പനികപ്രണയിയുടെ ഭാഷയാണ് അവിടെ അയാൾക്ക്. 'ഡിസംബറിലെ കുളിർന്നുവിറയ്ക്കുന്ന രാവുകളിൽ പാണ്ഡവപുരമാകെ കമ്പിളിപ്പുതപ്പിന്റെ, ഇണയുടെ ചൂടിൽ അഭയം തേടി മടങ്ങുമ്പോൾ കുഞ്ഞിക്കുട്ടൻ ഡ്യൂട്ടിക്ക് പോയ രാവുകളിൽ, നിങ്ങളൊരു ചുവന്ന പുള്ളോവറും ധരിച്ച്

എന്റെ മുറിയിലേക്ക് തന്നെ ഉറ്റുനോക്കിക്കൊണ്ട് ജാലകത്തിനരികിൽ വന്നു നിൽക്കാറില്ലേ? ഏതൊരു ചെറുപ്പക്കാരനെയും ഭ്രാന്തുപിടിപ്പിക്കുന്ന നിമിഷങ്ങളായിരുന്നു അവ. ഞാനൊന്നു കണ്ണുകാട്ടിയാൽ വിരലനക്കിയാൽ നിങ്ങൾ എന്റെ മുറിയിലേക്ക് ഓടിപ്പോരുമായിരുന്നു. എന്റെ ചൂടിൽ ഒതുങ്ങുമായിരുന്നു. പക്ഷെ ഞാനതു ചെയ്തില്ല, കാരണം നിങ്ങളെ ഒരു സുന്ദരിയായ അയൽപക്കക്കാരിയായി മാത്രം കാണാൻ ഞാൻ ഇഷ്ടപ്പെട്ടു'. - (പുറം 52) എന്ന് ഏറ്റവും മാന്യനാം സദാചാരസമൂഹത്തിലെ മാതൃകാപരപുരുഷനുമായി സ്വയം സാക്ഷ്യപ്പെടുത്തുന്ന ഒരു ജാരനാണ് സങ്കൽപ്പലോകത്തു പോലും ദേവിക്ക് സൃഷ്ടിക്കാനാവുന്ന മാതൃക. അത് ഒരേസമയം സമൂഹവിരുദ്ധമായി നീങ്ങാനുള്ള ദേവിയുടെ അധൈര്യത്തെയും പരമ്പരാഗതസമൂഹത്തിൽ കപടസദാചാരമുഖംമൂടി ധരിച്ച ജീവിക്കുന്ന പുരുഷനെക്കുറിച്ച് അവളുടെ ബോധ്യത്തെയും വെളിവാക്കുന്നു. ആ പുരുഷന് അവൻ ഒളിഞ്ഞും തെളിഞ്ഞും സൂചിപ്പിക്കുന്ന രതികാമനയ്ക്കുമുന്നിൽ പതുങ്ങിയും സങ്കോചപ്പെട്ടും വിരണ്ടും ഇരിക്കുന്ന ദേവിയെ കാണാനാണ് ഇഷ്ടം. എനിക്ക് നിന്നോട് ലൈംഗികമോഹമില്ലെന്ന് പ്രഖ്യാപിച്ച് സ്നേഹത്തിന്റെയും കരുതലിന്റെയും വ്യാജം പുതച്ചിരിക്കാനാണിഷ്ടം. അവനും കാമനകളെ സ്വതന്ത്ര്യമായി തുറന്നുവിടുക ഭയമാണ്. ശരീരത്തിലോ കാമനകളിലോ തൊടാതെ പാണ്ഡവപുരത്തുവച്ച് നിങ്ങളെ നോക്കിക്കാണുകമാത്രം ചെയ്യു എന്ന് ആവർത്തിക്കുന്ന ജാരന്റെ "പക്ഷേ......" എന്ന അർദ്ധോക്തിയിൽ നിർത്തിയ സന്ദേഹത്തെ 'നമ്മൾ തമ്മിൽ ഒരിക്കലും ശാരീരികമായി ബന്ധപ്പെട്ടിട്ടില്ലല്ലോ' എന്ന ചോദ്യമാക്കി പൂരിപ്പിക്കുന്നത് ദേവിയാണ്. "ശാരീരികബന്ധം" എന്ന പദം നോവലിൽ ഒരേയൊരു തവണ പ്രയോഗിക്കുന്നത് ദേവി തന്നെ.

പാണ്ഡവപുരത്തെ ഭൂതകാലത്തെ അംഗീകരിക്കുകയും പിഞ്ചുകുഞ്ഞുമായി പാണ്ഡവപുരം വിട്ട ശേഷം ജാരനെ കാത്തിരുന്നെന്ന് സമ്മതിക്കുകയും ചെയ്യുന്ന ദേവിയെ അംഗീകരിക്കാൻ ജാരനായിട്ടു പോലും അയാൾക്ക് ബുദ്ധിമുട്ടാണ്. സദാചാരമൂല്യ സങ്കല്പത്തിന് പുറത്തു കടന്ന് വരുന്ന ദേവി അയാൾക്കും



അനഭിമതതന്നെ. 'അതു ഞാൻ ആരാധിച്ചിരുന്ന ദേവിയുടെ ചിരി അല്ലായിരുന്നു. നീ ഏതോ ചില കറുത്തശക്തികളുടെ പിടിയിൽ അമർന്നിരിക്കുന്നുവെന്ന് എനിക്ക് തോന്നിപ്പോയി. നിന്റെ ആകർഷണശക്തിക്ക് മറ്റേതോ നിറം വീണിരിക്കുന്നു'. (പുറം - 89). ഏറെക്കാലത്തെ ദമിതലൈംഗികതയെ തിരിച്ചറിഞ്ഞ് അതിന്റെ ശമനത്തിന് ലൈംഗികകർതൃത്വം ഏറ്റെടുക്കുന്ന ദേവി അയാൾക്ക് അംഗീകരിക്കാനാവാത്ത സ്ത്രീയാണ്. ഏകപക്ഷീയമായി അയാളിൽ നടത്തുന്ന ലൈംഗികകേളി ദേവിയെയും തൃപ്തിപ്പെടുത്തുന്നില്ല. അവിടെ അവൾ തന്റെ പരാജയം തിരിച്ചറിയുന്നു. 'വർഷങ്ങളായി അമർത്തിയിട്ടിരുന്ന എല്ലാറ്റിനും പൊട്ടിത്തെറിക്കാനായി ഒരു നിമിഷം. അതിനാണല്ലോ നീ കാത്തിരുന്നത്. ഒരു ഭയങ്കരമായ പൊട്ടിത്തെറിക്കുശേഷം എല്ലാം ശമിക്കുമെന്നും മനസിന് അല്പം സ്വസ്ഥത കിട്ടുമെന്നും മോഹിച്ചു. പക്ഷേ അയാളുടെ തണുത്ത കീഴടങ്ങൽ എല്ലാ മോഹങ്ങളെയും ചോർത്തിക്കളഞ്ഞിരിക്കുന്നു.'(പുറം - 140). കീഴടങ്ങലോ കീഴടക്കലോ അല്ലാത്ത രതിയാണ് ദേവി ഇച്ഛിച്ചത്.

ജാരനുമായുള്ള വേഴ്ചയ്ക്ക് ശേഷം സ്വാഭാവികമായും സമൂഹം കാലാകാലമായി അടിച്ചേൽപ്പിച്ച ബോധങ്ങൾ അവളിൽ പ്രവർത്തിച്ചു തുടങ്ങുന്നു. സ്റ്റേഷനിൽ നിന്ന് വണ്ടി കയറാൻ പോവുമ്പോൾ പാളത്തിൽ വീണുപോകുന്നതായും അമ്മയും അയാളും പ്ലാറ്റ്ഫോറത്തിൽ നിന്ന് കൈകൊട്ടിച്ചിരിക്കുന്നതായും രഘു കാണുന്ന സ്വപ്നം ദേവിയെ വീണ്ടും മാതൃത്വത്തിലേക്ക് മാത്രമായി ചുരുക്കുന്നു. 'ഇല്ലാട്ടോ കുട്ടീ അമ്മ ഒരിക്കലും അങ്ങനെ ചെയ്യില്ല എനിക്ക് മോൻ മാത്രമേയുള്ളു. മോനെ കൊണ്ടുപോകാണ്ട് അമ്മ എങ്ങട്ടും പോവ്വല്ല്' (പുറം -142) എന്ന ആശ്വസിപ്പിക്കലിൽ തന്നെ പൂർണമായും അടച്ചിടുന്നു. തന്റെ ലൈംഗികതാല്പര്യങ്ങളെയും അവകാശത്തെയും പൂർണ്ണമായി സാക്ഷാത്ക്കരിക്കാനാവുന്ന ഒരു ഭ്രമലോകസൃഷ്ടി പോലും സാധ്യമാവാത്ത ദേവി വീണ്ടും വന്നുപതിക്കുന്നത് മകനുചുറ്റുമുള്ള ലോകത്തേക്കാണ്. അവൾ അനന്തകാലത്തേക്ക് മറ്റൊരു ജാരനെ കാത്തിരിക്കുക മാത്രം ചെയ്യുന്നു.

## പാണ്ഡവപുരത്തെ മിത്തുകൾ

കളരിപ്പാടത്തെ ദേവിയുടെ ഭൂതകാലം പാണ്ഡവപുരത്തെ ജാരന്മാരുടെ ഉല്പത്തിക്ക് കാരണമായ മിത്തിന്റെ പ്രതിഫലനവും അവളുടെ പാണ്ഡവപുരസങ്കല്പം അതിന്റെ പൂരണവുമാണ്. കൊല്ലത്തിയെ ലൈംഗികമായി തൃപ്തിപ്പെടുത്താൻ ശേഷിയില്ലാത്ത കൊല്ലൻ അവളിൽ നിന്ന് ഒളിച്ചോട്ടം നടത്തുകയാണ്. അയാൾ സ്വന്തം ലൈംഗികതയെ പ്രതിയുള്ള അപകർഷതാബോധം കഠിനമായി അനുഭവിക്കുന്നുണ്ട്. പരസ്ത്രീഗമനങ്ങളിലൂടെ അയാൾ തന്റെ പൗരുഷത്തെ സമൂഹദൃഷ്ടിയിൽ സ്ഥാപിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. കൊല്ലനെ പിടിച്ചു നിർത്താൻ തനിക്ക് കഴിവില്ലെന്ന അപമാനചിന്ത കൊല്ലത്തിയും അനുഭവിക്കുന്നു. ഉപേക്ഷിച്ച് പോവുന്ന പുരുഷന് പിറകിൽ അവനെ ലൈംഗികമായി തൃപ്തിപ്പെടുത്താനാവാത്ത സ്ത്രീയെയാണ് സമൂഹം തേടുന്നതെന്ന ബോധ്യം കൊല്ലത്തിക്കുണ്ട്. അവളാ ബോധ്യത്തിന് വിധേയയാണ്. ജാരന്മാരുടെ കാല്പാടുകൾ ഉണ്ടാക്കി ലൈംഗികമായ അസൂയ സൃഷ്ടിച്ച് ഭർത്താവിനെ തന്നിലേക്ക് തിരിച്ചുകൊണ്ടുവരാനാണ് കൊല്ലത്തി ശ്രമിച്ചത്. ദേവിയും ഭർത്താവിന്റെ ഇറങ്ങിപ്പോക്കിനു പിറകിൽ യുക്തിഭദ്രമായ ഒരു കഥ നിർമ്മിക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ സമൂഹത്തെ ബോധ്യപ്പെടുത്താൻ ഒരു കഥയുണ്ടാക്കി സമാധാനിക്കുന്നതിനേക്കാൾ അവളുടെ ആവശ്യം അമർത്തിവച്ച കാമനകളുടെ ശമനമാണെന്ന് അവൾ തിരിച്ചറിയുന്നു. അവൾ ജാരകഥ നിർമ്മിക്കുന്നത് ഭർത്താവിനെ തിരികെ കൊണ്ടു




വരാനല്ല, തിരിച്ചുവരുന്ന കുഞ്ഞിക്കുട്ടനെ ജാരന്മാരുടെ നിരയ്ക്കുപിറകിൽ കാത്തുനിർത്താനാണ് അവളുടെ തീരുമാനം. തിരസ്ക്കാരത്തെ തിരസ്ക്കാരം കൊണ്ട് നേരിടൽ.

പാണ്ഡവപുരത്തെ ദേവിയെപ്പറ്റിയുള്ള മിത്ത് സ്വാതന്ത്ര്യലൈംഗികത, ബഹുഭർതൃത്വവാഞ്ഛ തുടങ്ങിയവയിലേക്ക് നീളുന്ന ഹേതു ദേവിയുടെ പാണ്ഡവപുരസൃഷ്ടിക്ക് പിന്നിലില്ലെന്ന് സ്പഷ്ടമാക്കുന്നുണ്ട്. ആണത്തത്തെയും കരുത്തിനെയും ആഘോഷിച്ചുകൊണ്ട് കരുത്തുള്ളവനാണ് പെണ്ണ് എന്ന് തമ്മിൽ വാദപ്രതിവാദം നടത്തിയ ഭർത്താക്കന്മാരെ ഉപേക്ഷിച്ച് കുന്നുകയറിപ്പോയവളാണ് പാണ്ഡവപുരത്തെ ദേവി. സ്ത്രീയെ കൗശലപൂർവ്വം വശപ്പെടുത്തുന്ന ജാരന്മാരെ ദഹിപ്പിക്കുന്നവളാണവൾ. ആണത്തം, കരുത്ത് തുടങ്ങിയ പുരുഷ സാധ്യതകളുപയോഗിച്ച് നിർവ്വചിക്കാനാവുന്നതല്ല സ്ത്രൈണരതികാമനകൾ എന്ന് ദേവിയുടെ മിത്തും സ്ഥാപിക്കുന്നു.

## ജാരന്റെ കളരിപ്പാടം


'അഭയാർത്ഥി കോളനിയിലെ ദേവാലയത്തിലെ പ്രാർത്ഥനാമുറിയിലെ ഏഴുനിറങ്ങളിലുള്ള കണ്ണാടിക്കഷണങ്ങൾ പതിച്ചുവച്ച ശരറാന്തൽ വീണുടഞ്ഞിരിക്കണം' (പുറം-7) എന്നു തുടങ്ങുന്നതാണ്. ഒന്നാം അദ്ധ്യായത്തിൽ ദേവി നടത്തുന്ന പാണ്ഡവപുര വർണ്ണന ദേവിയുടെ പാണ്ഡവപുരം അസ്വസ്ഥമായ മനസുകൾക്ക് ആശ്വാസം പകരുന്ന സങ്കല്പമാണ്. ഒമ്പതാം അധ്യായത്തിൽ ജാരൻ അണുകിടവിടാതെ ഇതേ പാണ്ഡവപുരവർണ്ണന നടത്തിയാണ് ആഖ്യാനകർതൃത്വത്തിലേക്ക് കടന്നുവരുന്നത്. അയാൾക്കപ്പോൾ പാണ്ഡവപുരം അമ്പരിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. (പുറം-87) ഇവിടെ നമുക്ക് പാണ്ഡവപുരത്തെ ഒന്ന് തിരിച്ചു വായിക്കേണ്ടതുണ്ട്. സങ്കരസംസ്കാരത്തിന്റെ, ഫാക്ടറികളുടെ, ഒരേതരം കെട്ടിടങ്ങളുടെ പാണ്ഡവപുരത്ത് ഒരു തൊഴിലാളിയായി ജീവിക്കുന്ന പുരുഷൻ. അയാൾ ഏകാകിയാണ്. ലൈംഗികമായ ആവശ്യപൂർത്തീകരണത്തിനുള്ള സാധ്യതകളടച്ച് സാമൂഹികമോ കുടുംബപരമോ ആയ നിസ്സഹായത അയാളെ ചൂഴുന്നുണ്ട്. തന്റെ നിസ്സഹായതയിൽ അയാൾ നിർമ്മിച്ചെടുക്കുന്നതാണ് പാണ്ഡവപുരത്തെ ജാരന്മാരുടെ മിത്ത്. താനടക്കമുള്ള പുരുഷന്മാർ പാണ്ഡവപുരത്ത് വന്നുകയറിയ പരദേശികളുടെ ഭാര്യമാരെ ഭോഗിക്കുന്ന ലോകം ദമിതലൈംഗിക കാമനകളുറങ്ങുന്ന അയാളുടെ സങ്കല്പസൃഷ്ടിയാണ്. ആ സങ്കല്പത്തിനെ വിപുലപ്പെടുത്തി അയാളൊരു കുഞ്ഞിക്കുട്ടനെ, അയാളുടെ മർദ്ദനം ഏറ്റുവാങ്ങുന്ന അശരണയും അബലയുമായ ഭാര്യയെ, കളരിപ്പാടത്തെ എല്ലാം സങ്കല്പിച്ചെടുക്കുന്നു. തീവ്രമായ ലൈംഗികകാമനയെ സ്വതന്ത്രമായി പരസ്യപ്പെടുത്തുന്ന, ലൈംഗികകർതൃത്വമുള്ള ഒരുവളല്ല അയാളുടെ സങ്കല്പത്തിലെ സ്ത്രീ. ജാരൻ ഭോഗിച്ച ആദ്യപെൺകുട്ടി അവളുടെ ദാരിദ്ര്യവും നിസ്സഹായതയുമായി അയാൾക്കുമുന്നിൽ നിന്നവളാണ്. തന്റെ പാതികരുത്തില്ലാത്ത കുഞ്ഞിക്കുട്ടന്റെ (പുറം -89) ഭാര്യയെയാണ് അയാൾ നോട്ടമിടുന്നത്. പുരുഷന്റെ കരുത്തും സ്ത്രീയുടെ അബലതയും അശരണതയുമാണ് അയാളെ സംബന്ധിച്ച് ലൈംഗികത. ദേവിയുടെ പാണ്ഡവപുരനിർമ്മിതിയിലുള്ള അതേ പരിമിതി ജാരന്റെ സങ്കല്പലോകനിർമ്മിതിയിലുമുണ്ട്. കളരിപ്പാടത്ത് രതികാമനകളെ പരസ്യപ്പെടുത്തി അയാളെ കീഴടക്കുന്ന ദേവിയുമായി അയാളുടെ സങ്കല്പം പോലും ഇഴുകിച്ചേരുന്നില്ല. കണ്ടറിഞ്ഞ സമൂഹത്തിന്റെ നിന്ന് അത് സൃഷ്ടിച്ച ആഴത്തിൽ വേരോട്ടമുള്ള ബോധ്യങ്ങളിൽ നിന്ന് പുറത്തുചാടി ലൈംഗികസ്വത്വത്തെ നിസ്സങ്കോചം ആവിഷ്ക്കരിക്കാൻ അയാൾക്കും സാധ്യമാവുന്നില്ല. തീക്ഷ്ണമായ ഭോഗാസക്തിയുള്ള ജാരനെന്ന് സ്വയം കരുതുമ്പോൾ തന്നെ സൗമ്യലാളനകളിൽ അടിയുറച്ച് സ്നേഹം, പരിഗണന എന്നീ സമൂഹസമ്മതിയുള്ള ശീലങ്ങളെ പുറത്തെടുക്കാനേ അയാൾക്കും സാധ്യമാവുന്നുള്ളൂ. ദേവിയെന്ന സ്ത്രീയുടെ ലൈംഗികതയുടെ സ്വഭാവത്തെ തിരിച്ചറിയാനോ



അംഗീകരിക്കാനോ ഉള്ള ബോധ്യം അയാൾ ആർജ്ജിച്ചിട്ടില്ല. 'പാണ്ഡവപുരം എന്നെ മാടി വിളിക്കുകയാണ്. എന്റെ അഭയസ്ഥാനം അവിടെയാണ്. എപ്പോഴും ഞാൻ അവിടെത്തന്നെ തിരിച്ചെത്തുന്നു.' (പുറം - 89) എന്ന് അയാൾ അയാൾക്ക് പരിചിതമായ സാമൂഹ്യഘടനയിലേക്ക് നിഷ്ക്രമിക്കുന്നു.

പാണ്ഡവപുരമെന്ന നോവലിനെ ഇങ്ങനെ കളരിപ്പാടത്തുനിന്ന് പാണ്ഡവപുരത്തേക്കും പാണ്ഡവപുരത്തുനിന്ന് കളരിപ്പാടത്തേക്കും വായിക്കേണ്ടതുണ്ട്. അതിന്റെ രണ്ടറ്റത്ത് വ്യവസ്ഥാപിത സമൂഹത്തിലെ സദാചാരമര്യാദകളുടെ പേരിൽ ബന്ധിതമായ സ്ത്രീയും പുരുഷനുമുണ്ട്. ലൈംഗിക അതൃപ്തിയുള്ള സ്ത്രീയുടെ മാത്രം കഥയല്ല പാണ്ഡവപുരം. അത് സാംാർഗികസമൂഹം അടിച്ചൊതുക്കിയ പുരുഷലൈംഗികതയുടെയും കഥയാണ്. തന്നെക്കാൾ വിദ്യാഭ്യാസവും സാമൂഹ്യബോധവും ഉൾക്കാഴ്ചയുമുള്ള ഒരു സ്ത്രീയെ തിരിച്ചറിയാനോ ഉൾക്കൊള്ളാനോ ആവാതെ നാടുവിട്ടുപോകുന്ന കുഞ്ഞിക്കുട്ടൻ, തന്റെ ലൈംഗികമായ അവകാശങ്ങളുടെ സാക്ഷാത്കാരം തേടി സമൂഹത്തിലിറങ്ങാൻ അധൈര്യപ്പെട്ട് ഭാവനാസഞ്ചാരങ്ങളിൽ മനസുറപ്പിച്ച് അതിലും തോറ്റുപിന്മാറേണ്ടി വരുന്ന ദേവി, സ്ത്രീയെക്കുറിച്ചോ അവളുടെ കാലാകാലമായി നിർണയിച്ചതിനപ്പുറം ബോധ്യങ്ങളില്ലാതെ സ്വന്തം ലൈംഗികവാഞ്ഛയുടെ പൂർത്തീകരണത്തിനൊരുമ്പെട്ടിറങ്ങി പരാജിതനാവുന്ന ജാരൻ എന്ന പുരുഷൻ ഇവരെയൊക്കെ സൃഷ്ടിച്ചെടുക്കുന്ന സാമ്പ്രദായിക സാമൂഹികതയിൽ നിന്ന് നാം ഏറെയൊന്നും മുന്നോട്ടുപോയിട്ടില്ല.

1977-ൽ പുറത്തുവന്ന നോവലിന് 1987-ൽ ഇറങ്ങിയ പതിപ്പിന്റെ ആമുഖമായി നോവൽ ആകെയൊന്ന് മാറ്റിയെഴുതാൻ തീരുമാനിച്ച് പിന്നെ വേണ്ടെന്ന് വച്ചതായി സേതു പറയുന്നുണ്ട്. ഒരു ദശകത്തിനുശേഷം തികച്ചും മറ്റൊരു ചുറ്റുപാടിൽ, മറ്റൊരുമാനസികാവസ്ഥയിൽ നടത്തുന്ന പുനഃസൃഷ്ടി എഴുത്തുകാരന് അല്പം പോലും ആഹ്ലാദം തരുന്നില്ല എന്ന് അദ്ദേഹം എഴുതുന്നു. പാണ്ഡവപുരം എന്ന സങ്കല്പലോകം പണിയുന്ന സ്ത്രീയുടെയും കളരിപ്പാടമെന്ന സങ്കല്പലോകം പണിയുന്ന പുരുഷന്റെയും അതൃപ്തമാനസികലോകം ഇന്നും നിലവിലുണ്ട്. 40 വർഷത്തിനുശേഷം മറ്റൊരു ചുറ്റുപാടിൽ 40 വർഷത്തിനപ്പുറത്തെ അതേ മാനസികാവസ്ഥ പുലർത്തുന്ന സമൂഹത്തിൽ ലൈംഗികത ഉൾപ്പെടെയുള്ള സ്വത്വത്തെ സ്ഥാപിക്കാനോ ആവിഷ്ക്കരിക്കാനോ പറ്റാത്ത അതൃപ്തരായ സ്ത്രീപുരുഷന്മാർ പുതിയ സാങ്കേതികവിദ്യ സൃഷ്ടിച്ചുനൽകിയ പച്ച വെളിച്ചമുള്ള ആകാശവിതാനത്തിൽ പലപാട് പാണ്ഡവപുരങ്ങളെ വരച്ചുകൊണ്ടേയിരിക്കുന്നുണ്ട്.



# ചില്ലു ജാലകം

പകൽക്കിനാക്കൾ തൻ ശുവെള്ള കിരണത്തിൻ
പാഥേയമാകും ചിന്തകൾ ജീവിക്കുമീ ജാലകം
ദൃഢമാം ഉരുക്കല്ല, വെള്ളിയല്ല, തങ്കമല്ല വെറും-
തട്ടിത്തകർന്നുവീഴും ചില്ലിൻ ജാലകം
ദൂരേക്ക് നോക്കുമെൻ മൺമറഞ്ഞൊരോർമ്മകളെ-
തട്ടിയുണർത്തുന്നിതെൻ ചിന്താജാലകം
കിട്ടാത്തൊരാ ഭാഗ്യത്തിൻ നൽ പ്രതീക്ഷകൾ
കനവിലുദിപ്പിക്കുന്നൊരാ ചെറു ജാലകം
അപ്പുറം കടക്കും മലകൾക്കും കളാരവത്താ-
ലൊഴുകും നദിക്കും പാടത്തിനും പറമ്പിനും
നിലക്കാത്ത മണ്ണിൻ ഗന്ധമൊരു കാറ്റായ്, പിന്നെ
നിലാവായി എത്തിലെത്തിക്കും ജാലകം
ആഴത്തിലുദിക്കുന്നില്ല കനവ്, നീളത്തിൽ
പാഞ്ഞൊഴുകുന്നില്ല കാഷ്ഠം
വേഗത്തിൽ പറക്കുന്നില്ല കാറ്റ്, കൊട്ടും
കാറ്റിലടയുന്നില്ലീ ജാലകത്തിൽ ചില്ലുവാതിൽ
ഒരു സ്വപ്നം ബാക്കി നിൽക്കെ,
ഒരു ദുഃഖം പൊന്തി നിൽക്കെ
കൊട്ടിയടക്കുവാൻ വെമ്പൽ കൊള്ളുന്നൊരാ
ജാലകത്തിൽ ചില്ലു കൈകൾ!
കാണാമീ ജാലകത്തിലൂടൊരായിരം, പാഴ്-
കഥകളിലുദിച്ചൊരാ ജന്മങ്ങളെ
കാലത്തെ പോറ്റിയൊരാ മിഴിയിൽ നിറയും
കണ്ണുനീരിൽ വെട്ടിത്തിളക്കവും
അത് ഗാന്ധാരിയല്ല, മറിയമല്ല, ഖദീജയുമല്ല, പിന്നെ-
ആർത്തിയോടടുക്കും മർത്യജന്മമല്ല
സ്ഥിരതയെ തൻ കർമ്മപഥത്തിലേറ്റി മനസ്സാക്ഷിന്നായായ്
സ്ഥിതിചെയ്യും പ്രകൃതീശ്വരി!
ജാലകത്തിന്നിടവഴിയിലൂടൊഴുകി വരുമൊരിളം-
തെന്നലിനിളു പണ്ടത്തെ നറും ഗന്ധമല്ല,
ചീഞ്ഞുനാറും അധാർമ്മിക വിഴുപ്പിന്നുടമയായ്
ചത്തു ജീവിക്കും മർത്യഗന്ധം!
പൊഴിക്കട്ടെയെൻ ജാലകമൊരാശാഗീതം
ഒഴുക്കട്ടെയതിലൂടിത്തിരി സ്നേഹത്തിൻ കുളിർതെന്നൽ
തുറക്കട്ടെയതിൻ അടച്ചൊരാ ചില്ലുകൾ
നൽകട്ടെ ഒരായിരം ജീവിതങ്ങൾ!

ഡോ. റീനമോൾ റെയ്സൺ
മാർത്തോമ കോളേജ്, തിരുവല്ല



# തവെയ്ഫുകളുടെ ജീവിതം - കുറ്റബോധങ്ങളില്ലാതെ

**ഡോ. എൻ. രേണുക**
എൻ.എസ്.എസ്. കോളേജ്
ചേർത്തല



ഒരു സമൂഹം ബഹിഷ്കൃതമാകുമ്പോൾ അതുമായി ബന്ധപ്പെട്ട കലകളും ഓർമകളും ഒന്നാകെയും മാഞ്ഞുപോകും. ഇന്ത്യൻ കലാചരിത്രത്തിൽ അത്തരം ധാരാളം വിസ്മൃതികളുണ്ട്. കലർപ്പുകളും സംക്രമണങ്ങളുമുണ്ട്. കൊട്ടാരനർത്തകികളായി ആടിയും പാടിയും മുഗൾകാലഘട്ടം മുതൽ കലയുടെ അധിപതികളായിരുന്ന 'തവെയ്ഫു'കൾ എന്ന വിഭാഗ് നൃത്തത്തിന്റെയും സംഗീതത്തിന്റെയും പേരിൽ അനുഭവിച്ച സമ്മർദ്ദങ്ങൾ സാംസ്കാരികചരിത്രത്തിന്റെ കൂടി ഭാഗമാണ്. ഉത്തരേന്ത്യൻ സംഗീതപദ്ധതികളെ അഭിവൃദ്ധിപ്പെടുത്തുന്നതിലും സംരക്ഷിക്കുന്നതിലും വലിയ പങ്കുവഹിച്ച ഈ കലാകാരികൾ തരംതാഴ്ത്തപ്പെട്ടുപോയത് വിക്ടോറിയൻ സദാചാരസങ്കല്പങ്ങളുടെ ഇരുമ്പുലക്കകൾ കൊണ്ടാണ്. കഥക്, ഠുമ്രി, ഗസൽ, ദാദ്ര എന്നീ സംഗീതരൂപങ്ങളിലും 'കഥക്' എന്ന നൃത്തരൂപത്തിലും വൈദഗ്ധ്യമുണ്ടായിരുന്ന അവർ അധിനിവേശത്തിന്റെ ഫലമായി സാമൂഹികമായ അവഗണനകൾ അനുഭവിച്ചു. ഭരണമാറ്റങ്ങളുടെയും സാമൂഹിക പരിണാമങ്ങളുടെയും അനന്തരഫലമായി ഇന്ത്യയുടെ പ്രാദേശികസംസ്കാരങ്ങളിലെല്ലാം നൃത്തസംഗീത രൂപങ്ങളുമായി ബന്ധപ്പെട്ടു ജീവിച്ചിരുന്ന കലാകാരികളെ സാമൂഹികമായി ഒറ്റപ്പെടുത്തുന്ന പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു. 'AntiNautch Movement' എന്നറിയപ്പെട്ട പ്രസ്ഥാനം നർത്തകികളെ അധാർമ്മികമായി അപമാനിക്കുന്നതിലും അവരുടെ കലങ്ങളെ ഇല്ലായ്മ ചെയ്യുന്നതിലും വലിയ പങ്കുവഹിച്ചിട്ടുണ്ട്. നർത്തകികൾക്കെതിരായ മൂവ്മെന്റായിരുന്നു ഇത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭവും ഇത്തരം കലാവിരുദ്ധ പ്രവർത്തനങ്ങളുടെ കൂടി കാലമായിരുന്നു. ബ്രിട്ടീഷുകാരും മിഷനറിമാരും അവതരിപ്പിച്ച ഈ ആശയം ഏറ്റെ

ടുത്തത് ഇന്ത്യൻ സാംസ്കാരിക സംഘടനകളായിരുന്നു. ഇതിന്റെ ഫലമായി അനേകം ദേശികലാമാതൃകകൾ മറഞ്ഞുപോയി. തവെയ്ഫുകളും ദേവദാസികളും ഇതിന്റെ ഇരകളായിരുന്നു. സ്വാതന്ത്ര്യാനന്തരം കലയോടൊപ്പം ഒരു സംസ്കാരവും വിചാരണചെയ്യപ്പെട്ടതും ദേശീയവത്കരണത്തിന്റെ ഭാഗമായി വലിയ അതിജീവനസമ്മർദ്ദങ്ങൾക്ക് വിധേയമാക്കപ്പെട്ടതും ഇന്ത്യൻ കലാചരിത്രത്തിന്റെ സങ്കീർണ്ണമായ ഏടുകളാണ്.

മുഗൾകാലഘട്ടത്തിൽ സംഗീതത്തിലും ഉറുദുസാഹിത്യത്തിലും 'മുജറ' എന്ന നൃത്തരൂപത്തിലുമാണ് തവെയ്ഫുകൾ പ്രസിദ്ധരായി ത്തീർന്നത്. പരമ്പരാഗതമായി തവെയ്ഫുകൾ ആയതും പിന്നീട് ആ കുലത്തിലേക്ക് എത്തപ്പെട്ടവരും ഉണ്ടായിരുന്നു. പതിനാറാം നൂറ്റാണ്ടുമുതലുള്ള കേന്ദ്രീകൃത മുഗൾഭരണത്തിന്റെ ഉത്തരേന്ത്യൻ മാതൃകയായിരുന്നു തവെയ്ഫുകളുടെ സംസ്കാരം. മുഗൾസാമ്രാജ്യം അസ്തമിച്ച് തുടങ്ങിയപ്പോഴും കലയുടെ :ലോകത്ത് തവെയ്ഫുകൾ വലിയ സ്വാതന്ത്ര്യവും അധീശത്വവും അനുഭവിച്ചിരുന്നതായാണ് അറിയുന്നത്. ഭൂരിപക്ഷം സ്ത്രീകളും നിരക്ഷരരായിരുന്ന സാഹചര്യങ്ങളിൽപോലും തവെയ്ഫുകൾ ആർജ്ജിച്ചെടുത്ത ഉന്നതമായ കലാസങ്കല്പങ്ങളും എഴുത്തുരീതികളും മറ്റൊരു പഠനമേഖലയാണ്. സ്വതന്ത്രമായ ജീവിതശൈലി, സ്വത്തുടമസ്ഥത എന്നിവ അവരുടെ മുഖമുദ്രയായിരുന്നു. ഔദ്യോഗിക വിദ്യാഭ്യാസവും രാഷ്ട്രീയബോധവും നേടിയിരുന്ന തവെയ്ഫുകൾ സ്ത്രീകൾക്കുമേൽ അടിച്ചേല്പിക്കപ്പെട്ട സ്ഥിരം മുദ്രകളിൽ നിന്ന് കുതറിമാറി. 'വീട്' എന്ന സങ്കല്പത്തിൽ തന്നെ ഭിന്നതകളുണ്ടായിരുന്നു. ഒരു സ്ത്രീയുടെ സർഗാത്മകസ്വാതന്ത്ര്യത്തെ ഇല്ലായ്മ ചെയ്യുന്ന വീട്ടുജോലികൾ അവർ ചെയ്തിരുന്നില്ല. കലയുടെയും രാഷ്ട്രീയത്തിന്റെയും മണ്ഡലങ്ങളിൽ സ്വതന്ത്രമായി വിഹരിച്ചിട്ടും നികുതിദായകർ എന്ന രീതിയിലും പ്രഭുസമാനമായ ജീവിതം നയിച്ചു. യുവാക്കളായ നവാബുമാർ തവെയ്ഫുകളുടെ സമീപം എത്തി ഗസൽ രചനകളുടെ രീതിശാസ്ത്രം മനസ്സിലാക്കുകയും സംഗീതരൂപങ്ങളിലെ ആധികാരികത അനുവർത്തിക്കുകയും ചെയ്തിരുന്നതായി രേഖകളുണ്ട്. പ്രഭുമന്ദിരങ്ങളിലെയും കല്യാണവീടുകളിലെയും മെഹ്ഫിലുകളിൽ അതിഥികളെ കലയുടെ അനുഭൂതി സാന്ദ്രതകളിൽ അകപ്പെടുത്തിയും വിഭ്രമിപ്പിച്ചും ജീവിച്ചിരുന്ന ഇവർ മധ്യകാല ഇന്ത്യൻ ജീവിതത്തിന്റെ സാംസ്കാരിക സ്വത്വത്തെ വെളിപ്പെടുത്തുന്നുണ്ട്.

ഉത്തരേന്ത്യൻ സംസ്കാരത്തെ വൈകാരികമായും സാംസ്കാരികമായും പരിഷ്കരിക്കുന്നതിൽ തവെയ്ഫുകൾക്കു പങ്കുണ്ട്. പരമ്പരാഗത നൃത്തസംഗീതരൂപങ്ങൾ മുതൽ ആധുനിക ഇന്ത്യൻ ചലച്ചിത്രമേഖലയിൽ വരെ തവെയ്ഫുകളുടെ സാംസ്കാരിക ഇടപെടലുകൾ ഉണ്ടായിരുന്നതായി പിന്നീട് കാണുന്നു. അവരുടെ ജീവിതശൈലി, താമസസ്ഥലം എല്ലാം സവിശേഷമായിരുന്നു. തവെയ്ഫുകൾ താമസിച്ചിരുന്ന ഇരുനിലക്കെട്ടിടങ്ങൾ 'ഗീവേമ' എന്നാണ് അറിയപ്പെട്ടിരുന്നത്. അതുമായി ബന്ധപ്പെട്ട് നിരവധി പദങ്ങൾ പിന്നീട് രൂപംകൊള്ളുന്നുണ്ട്. 'Kotha Culture' തവെയ്ഫുകളുടെ സ്ഥലകാലബദ്ധമായ സംസ്കാരത്തെ സമഗ്രമായി പ്രതിനിധീകരിക്കുവാൻ പര്യാപ്തമാണ്. ഒരു കാലഘട്ടത്തിൽ സാംസ്കാരിക രാഷ്ട്രീയവുമായി 'Kotha Culture' തവെയ്ഫുകളുടെ ചരിത്രം ബന്ധപ്പെട്ടിരിക്കുന്നു. 'അനുഭൂതിയുടെ ഘടന' എന്ന സങ്കല്പം ഇവിടെ പ്രസക്തമാണ്. തവെയ്ഫുകൾ ആവിഷ്കരിച്ച കലാമാതൃകകളെക്കാൾ, അനുഭൂതികളെക്കാൾ അവർ ഉന്നയിച്ച ചോദ്യങ്ങളും അതിജീവനശ്രമങ്ങളുമാണ് കാലത്തിനുമുകളിൽ വലിയ സന്ദിഗ്ധതകൾ പടർത്തുന്നത്. ജാതീയത, മനുഷ്യാവകാശങ്ങൾ, ലിംഗഭേദങ്ങൾ, ലൈംഗികത, സദാചാരപദ്ധതികൾ





എന്നിവ ശക്തമായ ഘടകങ്ങളായി ഈ പാരമ്പര്യത്തിനുമേൽ നിലനിൽക്കുന്നുണ്ട്. ഡോക്യുമെന്ററികൾ തവെയ്ഫുകളുടെ തൻമ തന്നെയാണ് അന്വേഷിച്ചത്. തനിക്കും തന്റെ കലത്തിനും മേൽ മുൾവലപോലെ വീണുകിടക്കുന്ന അസന്മാർഗ്ഗിക മുദ്രകളെ മറികടന്ന് കലാകാരിയെന്ന സ്വതന്ത്രാസ്തിത്വം സ്ഥാപിച്ചെടുക്കുവാനും കലയുടെ അതിജീവനത്തിനുവേണ്ടി അവർ നടന്നുതീർത്ത വഴികൾ... സമ്മർദ്ദങ്ങൾ... എന്തുകൊണ്ട് നൂറ്റാണ്ടുകളുടെ ഈടുവെയ്പുകളുള്ള ഒരു കലാസംസ്കാരം പുറന്തള്ളപ്പെട്ടുപോയി? ഡോക്യുമെനററി എടുത്ത ബാബ ദിവാൻ ഇതന്വേഷിക്കുന്നുണ്ട്.

വശ്യവിനോദത്തിനും താത്കാലികാനുഭൂതികൾക്കും ഊന്നൽ നൽകിയതിനാൽ 'സ്ത്രീശരീരം' തലമുറകളുടെ സദാചാരപ്രശ്നമായി ഉയർന്നുനിൽക്കുന്നു.

'Raooslan Bain  The other song' എന്ന ചിത്രത്തിന്റെ സംവിധായിക സാബ ദിവാൻ പറയുന്നുണ്ട് - 'I am exploring the relationship between the atsehetics that the 'tawaif' expressed and her sexual identtiy' ഒരു സംസ്കാരം 'ശരീര'ത്തിന്റെ പേരിൽ സൗന്ദര്യാനുഭൂതികളുടെ അടഞ്ഞ ലോകങ്ങളിൽഅങ്ങനെ തകർന്നടിയുകയാണ്. പിൽക്കാലത്ത് തവെയ്ഫുകളുടെ ജീവിതം ആധാരമാക്കിവന്ന സിനിമകളിലും നാടകങ്ങളിലും ഡോക്യുമെന്ററികളിലുമെല്ലാം ആരാലും അറിയപ്പെടാതെ പ്രഭുമന്ദിരങ്ങളുടെ അകത്തളങ്ങളിൽ ആടിയും പാടിയും തളർന്ന് കടന്നുപോയ കൊട്ടാരനർത്തകികളുടെ ജീവിതമാണ് ചിത്രീകരിക്കപ്പെട്ടത്. ഒരു പ്രതാപകാലത്തിന്റെ അന്ത്യം പ്രതിഫലിക്കുന്ന വിഷാദഗാനം പോലെ അവർ ദുരന്തനായികമാരായി മാറി. പരിഷ്കൃതരും വിദ്യാസമ്പന്നരും കൊളോണിയൽ ആധുനികതയുടെ സൃഷ്ടികളുമായ ഇന്ത്യൻ പൗരസമൂഹം നിരാർദ്രമായി ഉപേക്ഷിച്ചുകളഞ്ഞ സംസ്കാരവും ജീവിതവും സാമൂഹിക പരിണാമഘട്ടത്തിലെ കാതലായ വിഷയമായി. തവെയ്ഫുകളുടെ കല, അവർ ആവിഷ്കരിച്ചതും സംരക്ഷിച്ചതുമായ കലാപ്രസ്ഥാനങ്ങൾ എന്നിവയ്ക്ക് പകരം 'ശരീരം' മാംസ്ഥരികതയോടെ ഉയർന്നു. ലഖ്നൗവിലെ നവാബുമാരുടെ ഇരുനിലമാളികകൾ പ്രലോഭനീയങ്ങളായ വിഹാരരംഗങ്ങളായി മാറി. നൃത്ത-ഗീതാദികളുടെ കേന്ദ്രവുമായി. അധികാരത്തിന്റെയും ഭരണമാറ്റങ്ങളുടെയും ലോകബോധങ്ങളുടെയും ചലനങ്ങൾ അവരുടെ ജീവിതത്തെയും ബാധിച്ചുതുടങ്ങി.

ബ്രിട്ടീഷുകാരുടെ ജീവിതദർശനങ്ങളും രാഷ്ട്രീയനയങ്ങളും മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ സങ്കുചിതമാവുകയായിരുന്നു. ബ്രിട്ടനിലെ 'Social Purtiy Movement' ന്റെ മറ്റൊരു മുഖമാണ് മിഷനറിമാർ ഇന്ത്യയുടെ പ്രാദേശിക സംസ്കൃതികളിൽ നടപ്പാക്കിയത്. സാംസ്കാരിക നവോത്ഥാനം എന്ന പേരിൽ സംസ്കാരത്തിന്റെ പുനർനിർണ്ണയനങ്ങൾ നടന്നു. ശുദ്ധാശുദ്ധസങ്കല്പങ്ങളുടെ പേരിൽ കല വിഭജിതമായി. വിവിധതരം നൃത്തരൂപങ്ങൾ, കലാകാരികൾ, കലങ്ങൾ, വാദ്യങ്ങൾ, പക്കമേളക്കാർ എല്ലാം ഈ പരിണാമഘട്ടങ്ങളുടെ ക്രൂരതകളിലൂടെ കടന്നുപോയി. അഭിരുചികളും ആസ്വാദകസങ്കല്പങ്ങളും നവീകരിക്കപ്പെട്ടു. പുതിയ മധ്യവർഗം രൂപം കൊണ്ടു. അതൊരു സംക്രമണകാലമായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിലെ 'തവെയ്ഫ്' സംസ്കാരത്തിൽ നിന്ന് ഇരുപതാം നൂറ്റാണ്ടിലെ മധ്യവർഗ കലാസമൂഹത്തിലേയ്ക്കുള്ള പരിണാമം. ഔദ്യോഗിക വിദ്യാഭ്യാസം നേടാതെ പരമ്പരാഗതമായി സം



ഗീതോപകരണങ്ങൾ കൈകാര്യം ചെയ്തിരുന്ന സംഗീതജ്ഞർ സമൂഹത്തിന്റെ താഴ്ന്ന ശ്രേണിയിലേക്ക് വീണ്ടും അമർന്നുപോയി. ഔദ്യോഗിക വിദ്യാഭ്യാസം പ്രധാന ഘടകമായി കലയിൽ മാറി. Anti Nautch Movement നേർത്തകിമാർക്കും അവരുടെ കലത്തിനും എതിരായി രൂപംകൊണ്ടു. ഈ പ്രസ്ഥാനം ശക്തമായി ബാധിച്ചത് 'നൃത്ത'ത്തെയായിരുന്നുവെന്ന് പഠനങ്ങൾ പറയുന്നു. 'കഥക്' എന്നും 'മുജറ' എന്നും ഉള്ള രണ്ടു നൃത്തരൂപങ്ങളുടെ ഉറവിടം 'കഥക്' തന്നെയെന്നും ഈ വഴിപിരിയലിനു പുറകിൽ വലിയ സന്ദർഭങ്ങൾ ഉണ്ടെന്നും സൂചനകളുണ്ട്. വിവിധതര് ആഖ്യാനപദ്ധതികളുടെയും ശുദ്ധനൃത്തരൂപങ്ങളുടെയും സങ്കലിതരൂപമായി 'കഥക്' അംഗീകരിക്കപ്പെട്ടപ്പോൾ രതിനിഷ്ഠമായ - ലാസ്യഭാവനകളുടെ പ്രകടനമായി മുജറ ജനകീയമായിത്തീർന്നു. പത്തൊൻപതാം നൂറ്റാണ്ടിലെ സദാചാരനിഷ്ഠമായ സാംസ്കാരിക നവീകരണമാണ് ഇത്തരം വിഭാഗീയതകൾ സൃഷ്ടിച്ച് ഉത്തമം/അധമം തുടങ്ങിയ അപസരങ്ങൾ സൃഷ്ടിച്ചത്. തവൈയ്ഫുകൾക്ക് നിലനിൽക്കാനുള്ള രാഷ്ട്രീയസാഹചര്യങ്ങളല്ല പിന്നീടുണ്ടായത്. ബ്രിട്ടീഷ് അധിനിവേശത്തിൻകീഴൽ അനേകം പ്രവിശ്യകൾ രൂപപ്പെട്ടുവന്നു. ഔദ്യോഗികജ്ഞാനം നടിയ, തവെയ്ഫുകളല്ലാത്ത വരേണ്യമായ വേലാനന്ദത്തിൽ അഭിരമിച്ചുന്ന പുതിയ നർത്തകികൾ ഉയർന്നുവന്നു. ഇതിന് സമാന്തരമായി സിനിമാവ്യവസായം വികസിച്ചപ്പോൾ ശുദ്ധവീഥികളിലൂടെ മുന്നേറിയ 'കഥകി'നെക്കാൾ ലാസ്യമുദ്രപതിഞ്ഞ 'മുജറ' വ്യാപകമായി ഉപയോഗിക്കപ്പെട്ടു. വേശ്യകളുടെ കലയായി പരിഗണിക്കപ്പെട്ടു. നൃത്തം ചെയ്യുന്ന സ്ത്രീ, എന്നുമാത്രം അർത്ഥമുള്ള 'nautch' ശബ്ദം അപകടകരമായ സങ്കല്പമായിത്തന്നെ മുന്നേറിക്കൊണ്ടിരുന്നു. നർത്തകിയെ ഇല്ലായ്മ ചെയ്യുന്ന ആന്റി നാച്ച് മൂവ്മെൻറ് തവെയ്ഫുകളുമായി ബന്ധപ്പെട്ടുനിലക്കുന്ന സാമൂഹികവും കലാത്മകവും സാമ്പത്തികവുമായ തട്ടകങ്ങളെ കൂടി തകർത്തു. ഒരു വ്യവസ്ഥയെ കീഴ്മേൽ മറിച്ചു. വാദ്യക്കാർ, ചമയക്കാർ, തുന്നൽപ്പണിക്കാർ എല്ലാവർക്കും കലവൃത്തികൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായി. വാദ്യങ്ങൾക്കും ഇതു ബാധകമാണ്. 'ഹാർമോണിയം' മുഖ്യവാദ്യമായി ഉയർന്നുവന്നതും 'സാരംഗി' മറഞ്ഞുപോയതും ഇതിന്റെ തുടർച്ചയാണെന്ന് കലാചരിത്രങ്ങൾ പറയുന്നു. തവെയ്ഫുകളുമായി ബന്ധപ്പെട്ട സംഗീതോപകരണങ്ങളാണ് സാരംഗിയും തബലയും തവെയ്ഫുകൾ ഉപയോഗിക്കുന്നതിനാൽ അസന്മാർഗ്ഗികതയുടെ ധ്വനിയായി സാരംഗി ഗണിക്കപ്പെട്ടു. തബലയ്ക്ക് അത്തരം സ്ഥാനഭേദങ്ങൾ സംഭവിച്ചില്ല എന്നും പറയുന്നുണ്ട്. നൃത്തത്തെപ്പോലെ സംഗീതത്തെ ഇത്തരം പ്രതിസ്ഥാനങ്ങൾ കാര്യമായി ബാധിച്ചില്ല എന്നു പറയുന്നുവെങ്കിലും സ്ത്രീകളായ സംഗീതജ്ഞരോട് കടുത്ത അവഗണനകൾ രൂപപ്പെട്ടുവരാം സംഗീതം ഒരു പുരുഷകലയായി ആധിപത്യം നേടുവാനും ആന്റി നോച്ച് മൂവ്മെന്റ് കാരണമായിത്തീർന്നു.

മൊറാൻ സർക്കാർ, വസീറാൻ, ബീഗം ഹസ്റത്ത് മഹൽ, ഉംറാവ് ജാൻ, ഗൗഹർജാൻ, സൊഹറാ ബായ്, അഗർവാലി, മാൽകജാൻ, ജ്ദ്ദൻ ഹെയ്, ബീഗം അക്തർ, ബിനോദിനി ദാസി, ഫാത്ത്മ ബീഗ്, സുബൈദ, റസൂലൻ ബായ്, റോഷനാരാബീഗ്, സറീന ബീഗം എന്നിവർ പ്രജ്ഞാതരായ തവൈയ്ഫുകളുമായി അംഗീകരിക്കപ്പെടുന്നു. തവൈയ്ഫുകളെയും ലൈംഗികതയെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ലോകബോധം വികസിക്കുന്നത് ഒരു പ്രക്രിയയുമായിട്ടാണെങ്കിലും ആൽബർട്ട് രാജകുമാരന്റെ ഇന്ത്യൻ സന്ദർശനവുമായി ഇത്തരം ആക്ഷേപങ്ങൾക്ക് പ്രത്യക്ഷ ബന്ധമുണ്ട്. ആദ്യകാല ബ്രിട്ടീഷ് സോഷ്യൽ നൃത്തങ്ങളിൽ തവൈയ്ഫുകൾ ക്ഷണിക്കപ്പെട്ടിരുന്നു.

എന്നാൽ രാജകുമാരന്റെ സന്ദർശനവേളയിൽ സംഘടിപ്പിക്കപ്പെട്ട ഇന്ത്യൻ നൃത്തം കാണുന്നതിന് ബ്രിട്ടീഷുകാർ അടക്കമുള്ളവർക്ക് വലിയ തിർപ്പുവിലക്കുകൾ ഉണ്ടായി. ക്രിസ്ത്യൻ മിഷനറിമാരിൽ നിന്നുണ്ടായ എതിർപ്പുകൾ ശക്തമായിരുന്നു. ഇന്ത്യൻ നൃത്തത്തിൽ സദാചാരവിരുദ്ധമായ കാര്യങ്ങൾ ഉണ്ടെന്ന് സ്ഥാപിക്കാന അച്ചടിയെയും പ്രസിദ്ധീകരണങ്ങളെയും അവർ ഉപയോഗിച്ചു. Anti Nautch Movement നെ സാധ്യമാക്കിയ അനുകൂലചരിത്രഘട്ടം ഇതായിരുന്നുവെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. മിഷനറി സദാചാരസങ്കല്പങ്ങൾ 'മദ്രാസ് ക്രിസ്ത്യൻ ലിറ്ററേച്ചർ സൊസൈറ്റിയും 'പഞ്ചാബ് പ്യൂരിറ്റി അസോസിയേനും (ലാഹോർ) 'സോഷ്യൽ സർവ്വീസ് ലീഗും (മുംബൈ) ഏറ്റെടുത്ത് പ്രചരിപ്പിച്ചു. ഇന്ത്യൻ നർത്തകികളെ ഇല്ലായ്മ ചെയ്യേണ്ടത് ജന്മദൗത്യമായി സ്വീകരിച്ച മിസ് ഹെലൻ ടെനന്റ് ഇംഗ്ലണ്ടിൽ നിന്നും ഇന്ത്യയിലെത്തി തവെയ്ഫുകൾക്കെതിരെ പ്രവർത്തിച്ചു. നർത്തകിയുടെ പ്രലോഭനീയമായ ശരീരത്തിൽ ജനതയുടെ കറുത്ത ഭാവി കണ്ട കേശവചന്ദ്രസെൻ തവെയ്ഫുകളുടെ ചിരിയിൽ ഇന്ത്യയുടെ മരണവും ദശിച്ചു. കൊളോണിയൽ ആധുനികതയ്ക്കും സാംസ്കാരിക നവോത്ഥാനത്തിനും ശുദ്ധാശുദ്ധികൾ നിറഞ്ഞ മിഥ്യാബോധങ്ങൾ കെട്ടിക്കിടക്കുന്ന ഇരുണ്ട തടവറയായിരുന്നു 'ശരീരം' എന്നുകൂടി കലാചരിത്രങ്ങൾ ഓർമിപ്പിക്കുന്നുണ്ട്. രാഗരഹിതരുടെ സദാചാരസങ്കല്പങ്ങൾക്കടിസ്ഥാനം അമിതമായ ശാരീരികോത്കണ്ഠകളായിരുന്നിരിക്കണം. അപ്പോഴും തവെയ്ഫുകൾ നിർഭയരായിരുന്നു.



# ആയിരത്തൊന്ന് രാവുകൾ


ഡോ. വന്ദന.ബി
എൻ.എസ്.എസ്.വനിതാകോളേജ്
നീറമൺകര




അറബിയിൽ 1001 രാവുകൾ (Alif Layla va Layla) എന്ന പേരിൽ രൂപം കൊണ്ട കഥാപരമ്പരലോക കഥാസാഹിത്യത്തിൽ ഏറ്റവും പ്രിയങ്കരവും പ്രചുരപ്രചാരവും ഉള്ളതാണ്. ബൈബിൾ ഒഴിച്ചു നിർത്തിയാൽ ലോകത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ടിട്ടുള്ളത് 1001 രാവുകളും പഞ്ചതന്ത്രകഥകളുമാണെന്ന് പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. എല്ലാ വിഭാഗം ജനതയുടേയും ഹൃദയത്തെ വശീകരിക്കാൻ അറബികഥകൾക്ക് കഴിഞ്ഞിട്ടുണ്ട്. വിസ്മയാവഹമായ ലോകത്തിന്റെ മാന്ത്രികവശ്യത മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ ഭാവനയേയും അധീനമാക്കി. ഒരേ സമയത്ത് അത് മാന്ത്രികലോകത്തെയും യഥാർത്ഥലോകത്തേയും ആവിഷ്കരിക്കുന്നു. ഒപ്പം ദിവാ സ്വപ്നങ്ങളും സൂക്ഷ്മവികാരലോലമായ കവിതയുടേയും ലോകം കൂടിയാണ്. ഏത് ഊടുവഴിയും രാജവീഥിയും വളരെ അപ്രതീക്ഷിതവും പ്രവചനാതീതവുമായ സാഹസകർമ്മാനുഭവങ്ങളിലേയ്ക്ക് നയിക്കുന്നു. സുന്ദരിമാരുടെ ജീവിതം കൊണ്ട് വിധി പന്താടുന്നു. ഒരു പകലും പിറ്റേന്ന് എങ്ങനെയായിരിക്കുമെന്നതിന്റെ സൂചന കലർന്നതല്ല. ആ ലോകത്തിൽ വാനരന്മാർ നരന്മാരോടു മത്സരിക്കും; അവിടെ കൊട്ടാരങ്ങൾ രത്ന നിർമ്മിതമാണ്.

കഥകളിലെ ലോകം ദൈനംദിന ജീവിതത്തിന്റെ അനിവാര്യതയെ വിസ്മരിക്കുന്നു. ഉത്തരവാദിത്വങ്ങളിൽ നിന്ന് ആനന്ദകരമായ മുക്തിയരുളുന്നു. കഥാകാരന്മാരുടെ സങ്കല്പത്തിലെ കെയ്റോയുടേയും ഡമാസ്കസിന്റേയും കോൺസ്റ്റാന്റിനോപ്പിളിന്റേയും ലോകമാണത്. ഐതിഹാസിക കഥാപുരുഷനായ ഹാരുൺ അൽറഷീദ് കെട്ടു കഥാപ്രസിദ്ധമായ ബാഗ്ദാദിലെ തെരുവീഥികളിൽക്കൂടി നടക്കുന്നു. ചുരുക്കത്തിൽ , 1001 രാവുകളിലേത് ഒരു മായാലോകമാണ്. 1001 രാവുകളിൽ ജീവിതത്തിലെ സൗന്ദര്യവും വശ്യതയും ധീരതയും മാന്ത്രികതയും ആഡംബരങ്ങളും അതോടൊപ്പം

തന്നെ വൈകൃതങ്ങളും ശോച്യാവസ്ഥകളും എല്ലാം അടങ്ങിയിരിക്കുന്നു. അറബി ജനതയുടെ മൂന്നു തൃഷ്ണകളാണ് സമരവും പ്രേമവും സങ്കല്പവിഹാരവും.

1001 രാവുകളിലെ കഥകൾ ഇന്ത്യ, ഗ്രീസ്, പേർഷ്യ, ഈജിപ്ത്, ചൈന തുടങ്ങിയ വിവിധ ജനപദങ്ങളിലെ അറബിസംസ്കാരത്തിലൂടെ, കാവ്യഭാവനയിലൂടെ പുനർജനിച്ചവയാണ്. കഥ ഏതു ദേശത്തേതായാലും അറേബ്യൻജനതയുടെ സംസ്കാരത്തിന് ഇണങ്ങുമാറ് പരിഷ്കരിക്കുവാനും കൂടുതൽ രസകരമാക്കുവാനും കഥാകാരന്മാർ ശ്രദ്ധിച്ചിട്ടുണ്ട്. മധ്യകാലങ്ങൾക്കു മുൻപും പിൻപും ഒപ്പവുമായി മധ്യേഷ്യയിലെ മുസ്ലീം ജനതയുടെ ജീവിതസാഹചര്യങ്ങളിൽ നിന്നും സ്വപ്നങ്ങളിൽ നിന്നും നിറപ്പകിട്ടാർജിച്ചവയാണ് ആ കഥകൾ. ഇന്ത്യൻകഥകളുടെ സ്വാധീനതയാണ് ഈ കഥാപരമ്പരയിൽ ഏറ്റവും കൂടുതലുള്ളതും പ്രകടമായി കാണുന്നതും. ഇന്ത്യയിലേക്കും മധ്യേഷ്യയിലേയും കഥ പറച്ചിലുകാരുടെ നാവിൽക്കൂടിയാണ് അവ സഞ്ചരിച്ചത്. പല ജനതയുടെ കഥകളും, അറബിക്കഥാകാരന്മാരുടെ സ്വതന്ത്രഭാവനാസൃഷ്ടികളും ആ സമാഹാരത്തിൽ ഏകോപിച്ചിരിക്കുന്നു.

1001 രാവുകളിലെ കഥകളെ മൂന്നുവിഭാഗമായി തരംതിരിക്കാം. പക്ഷിമൃഗാദികൾ മാത്രം കഥാപാത്രങ്ങളായിരിക്കുകയും മനുഷ്യരെപ്പോലെ ബുദ്ധിയും ഭാഷയും ഉപയോഗിച്ച് പെരുമാറുകയും ചെയ്യുന്ന തിര്യക്ക്കഥകൾ ആണ് ഒരു വിഭാഗം. ലൗകികജീവിത വിജയത്തിലേക്കുള്ള പ്രായോഗികമാർഗ്ഗങ്ങളേയും നീതിസാരങ്ങളേയും ഊന്നിക്കൊണ്ടുള്ളവയാണ് അത്തരം കഥകൾ. അഭൗമശക്തികളുടെ വ്യാപാരത്തിനു പ്രാധാന്യമുള്ള കഥകളാണ് മറ്റൊരു വിഭാഗം. ചരിത്രത്തോടോ ചരിത്രപുരുഷന്മാരോടോ ബന്ധപ്പെട്ട കഥകളാണ് മൂന്നാമത്തെ വിഭാഗത്തിൽപെടുന്നത്. അവ തികച്ചും ചരിത്രകഥകളാണെന്നു പറയാൻ വയ്യ. പല കഥകളും ഖലീഫമാരെ, വിശേഷിച്ചും ഔദാര്യത്തിനും പാണ്ഡിത്യത്തിനും കലാപ്രേമത്തിനും പ്രശസ്തനായ ഹാരുൺ അൽറഷീദിനെ നടുവിൽ നിർത്തിയിട്ടുള്ളവയാണ്. ഓട്ടോമൻതുർക്കികൾ ഈജിപ്ത് കീഴടക്കിയ കാലങ്ങളിലേക്കു വരെ വ്യാപിക്കുന്നുണ്ട്, ചില കഥകളിലെ



പ്രതിപാദ്യവസ്തു. കെയ്റോവിലെ അലിയുടെ കഥയും അബുഷാമത്തിന്റെ കഥയും 16-ാം നൂറ്റാണ്ടിലേക്കു കടന്നു നിൽക്കുന്നവയാണ്.


പ്രത്യേകം പരാമർശിക്കപ്പെടേണ്ട കഥകളുടെ കൂട്ടത്തിൽ പെട്ടതാണ് സിന്ദ്ബാദിന്റെ സാഹസയാത്രാകഥകൾ. ഡിറ്റക്ടീവ് കഥാസംസ്കാരം കൂടി ഉൾക്കൊള്ളുന്ന ചില തസ്കരവൈഭവകഥകളും കൂട്ടത്തിലുണ്ട്. ദി ലൈല, മിന്നൽ അലി തുടങ്ങിയവരുടെ കൗശലങ്ങൾ രസകരമായി പ്രതിപാദിക്കുന്ന കഥകൾ ശ്രദ്ധേയം. സിന്ദ്ബാദിന്റെ സാഹസയാത്രകളും അലാദീന്റേയും അലിബാബയുടേയും കഥകളുമാണ് 1001 രാവുകളിൽ ഏറ്റവും ലോകപ്രശസ്തിയാർജ്ജിച്ചിട്ടുള്ളവ. പൗരാണിക യവനരുടെ സമുദ്രയാത്രാപാരമ്പര്യവും ഹോമറുടെ ഇതിഹാസവും നാവികരുടെ അനുഭവവിവരങ്ങളും അറേബ്യൻ ഒഡീസിയുടെ സൃഷ്ടിക്കു പ്രേരണ നല്കിയിരിക്കാം. എന്തായാലും കടൽ യാത്രക്കാരുടെ വിവരണങ്ങളിൽ നിന്നു മെനഞ്ഞെടുത്തതാണ് സിന്ദ്ബാദ് എന്ന കഥാപാത്രം.

അറബിക്കഥകളിൽ കേവലസങ്കല്പ സൃഷ്ടിയായ മായാലോകത്തിന്റേയും അതിരുകൾ കൂടിക്കുഴഞ്ഞു കിടക്കുന്നു. എല്ലാ അയഥാർത്ഥലോകങ്ങളുടേയും ഇടയ്ക്കു യഥാർത്ഥലോകം കുടികൊള്ളുന്നു. 1001

രാവുകൾ മധ്യകാലങ്ങളിലെ അറബിജനതയുടെ ജീവിതത്തിന്റേയും സാംസ്കാരിക വ്യാപാരങ്ങളുടേയും സത്ത കൊണ്ടു ചൈതന്യവത്താണ്. മധ്യകാലത്തെ അറേബ്യൻ മുസ്ലീം ജീവിതാദർശത്തിന്റെ സാരം ഈ കഥകളിലടങ്ങിയിട്ടുണ്ട്.

കഥ പറയുന്നവരെ ഇഷ്ടപ്പെടാത്ത ജനങ്ങളില്ല. അവരുടെ പാരമ്പര്യം ഇന്ത്യയിൽ അതിപ്രശസ്തമാണ്. മധ്യേഷ്യയിൽ അങ്ങാടികളിലും ആരാമങ്ങളിലും സത്രങ്ങളിലും ഭോജനാശാലകളിലും ഖലീഫമാരുടെ സദസ്സുകളിലുമെല്ലാം പ്രത്യക്ഷപ്പെടുന്ന ജനപ്രീതി പാത്രങ്ങളാണ് കാഥികന്മാർ. 1001 രാവുകളിലെ കഥകൾ അങ്ങനെ നാനാകഥനപടുക്കളുടെ നാക്കിലൂടെ നാട്ടുനീളെ പ്രചരിച്ചവയും പിൽക്കാലത്തു സമാഹരിക്കപ്പെട്ടവയുമാണ്. നേരിട്ടു ജനങ്ങളോട്ടു കഥ പറയുമ്പോൾ വിരസത ഒട്ടും വരാൻ പാടില്ല. അതാണ് സംഭവങ്ങൾക്കും സാഹസകർമ്മങ്ങൾക്കും ഈ കഥകളിൽ പ്രാധാന്യം കൂടിയതിന്റെ ഒരു കാരണം. കഥയുടെ ശില്പത്തിലോ സംഭവഗതിയിലോ ഏകാഗ്രത പാലിക്കാൻ പലപ്പോഴും കഥാകാരന്മാർ ശ്രദ്ധിക്കാറില്ല. അതുകൊണ്ട് ഘടനാപരമായ ഏകതാനത ചുരുക്കം ചില കഥകളിലേ ഉള്ളൂ. പക്ഷേ സംഭവം ഓരോന്നും നാടകീയമായി അവതരിപ്പിച്ച് മൂർദ്ധന്യത്തിലേക്കും നിർവ്വഹണത്തിലേക്കും നയിക്കുന്നതിലും സരസവർണ്ണനങ്ങൾ കൊണ്ടു കാവ്യാത്മക സൗന്ദര്യം നൽകി ആദ്യന്തം ആകർഷകമാക്കുന്നതിലും അവർ വിജയിച്ചിരിക്കുന്നു. ഓരോ സംഭവവും സാഹചര്യവും ഭംഗിയായി വിവരിക്കുക എന്നതിൽക്കവിഞ്ഞ്, ആദ്യന്തം നാടകീയമായ ഏകാഗ്രത പുലർത്തുന്നതിൽ കഥാകാരന്മാർ വളരെയൊന്നും ശ്രദ്ധിക്കുന്നില്ല. പ്രശസ്തമായ അലാവുദ്ദീന്റെ കഥയിൽ അലാവുദ്ദീന്റെ വിവാഹവും മാന്ത്രികന്റെ പ്രതികാരോദ്യമവും വിളക്കു മാറ്റമാകുന്ന ആകസ്മിക ഭാഗ്യോദയവും ശ്രദ്ധേയമാണ്. മിക്ക കഥകളിലും വിസ്മയകരമായ ഒരു സംഭവത്തെത്തുടർന്നു മറ്റൊന്നിലേക്കു ദ്രുതഗതിയിലുള്ള നീക്കം കാണാം. ഇവയുടെ ബന്ധം പലപ്പോഴും കഥാനായകന്റെ സാന്നിദ്ധ്യം ഒന്നു മാത്രമാകുന്നു. ശ്രോതാക്കളുടെ ജിജ്ഞാസയെ സദാ ഉണർത്തി സജീവമാക്കി നിർത്തുക എന്നതിലാണ് ശ്രദ്ധ. ചുരുക്കം ചില കഥാപാത്രങ്ങളെ മാറ്റി നിർത്തിയാൽ പൊതുവെ പാത്ര സൃഷ്ടിയിൽ മാനസികമായ ഉൾക്കാഴ്ച പ്രദർശിപ്പിക്കുന്നതിൽ കഥാകാരന്മാർക്കു ശ്രദ്ധക്കുറവാണെന്നു കാണാം.

മിക്ക കഥകളിലും ഒരേ തരം കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. സുഹൃദ്ജനങ്ങളാൽ അവസാനം ഉപേക്ഷിക്കപ്പെടുന്ന ധനികപുത്രനായ ധൂർത്തൻ, സ്വേച്ഛാധിപതിയായ സുൽത്താൻ, ദുഷ്ടമാന്ത്രികൻ, സചിവോത്തമൻ, സചിവാധമൻ, കുതന്ത്രക്കാരികൾ, കൗശല ബുദ്ധികൾ, സൽപുത്രന്മാർ-അങ്ങനെ കുറേ ടൈപ്പുകൾ. വിസ്മയകരമായ സാഹസവൃത്തികളിൽ മനുഷ്യഹൃദയത്തിനുള്ള തൃഷ്ണയാണ് ഈ കഥകളുടെ ആകർഷകത്വത്തിനു നിദാനം. കഥ, സർവ്വോപരി കഥയ്ക്കു വേണ്ടിത്തന്നെ. 1001 രാവുകളിലെ കഥകളിൽ സ്ഫുരിക്കുന്ന മുഖ്യഭാവങ്ങൾ ഹാസ്യവും കരുണവുമാണ്. സാഹസവൃത്തികളോട് ബന്ധപ്പെട്ട വീരത്തിനാണ് അടുത്തസ്ഥാനം. പൊതുവെനോക്കിയാൽ മന്ദഹാസം തൊട്ട് അട്ടഹാസം വരെയുള്ള പലതരം ചിരികൾക്ക് അവസരം നൽകുന്ന ഫലിതങ്ങളായ സാഹചര്യങ്ങളും സംഭാഷണ-സംഭവങ്ങളുമാണ് കഥാകൗതുകത്തോടൊപ്പം സഹൃദയരെ ആകർഷിക്കുക.





മധ്യകാലത്തെ അറബിജനതയുടെ വൈജ്ഞാനികസമ്പത്ത് പ്രദർശിപ്പിക്കുന്ന ചില കഥകളും കൂട്ടത്തിലുണ്ട്. 'പണ്ഡിതയായ അടിമപ്പെണ്ണ്', അറ്റുപോയ ശിരസ്സുകൾക്കു പിന്നിലെ ബുദ്ധി' തുടങ്ങിയ കഥകൾ ആ കൂട്ടത്തിൽ പെടുന്നു. നാനാശാസ്ത്ര പണ്ഡിതന്മാരുടെ ചോദ്യങ്ങൾക്കു 'സിമ്പതി' എന്ന അടിമപ്പെണ്ണ് നൽകുന്ന ഉത്തരങ്ങളിൽ നിന്നും മതം, ജ്യോതിശാസ്ത്രം, ഔഷധചികിത്സ, ശരീരശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അറബികൾക്കുണ്ടായിരുന്ന വിജ്ഞാനത്തിന്റെ സാമാന്യരൂപം സിദ്ധിക്കുന്നു. അലിഫ്‌ലൈലാവാലൈലാ എന്ന പേരിലുള്ള കഥാസമുച്ചയത്തിന്റെ ഉത്ഭവചരിത്രാന്വേഷണത്തിന് മൂന്ന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. അറബിജനത തന്നെയാണ് സ്രഷ്ടാക്കൾ എന്നാണ് ഒരു പക്ഷം. കഥകൾ പേഴ്സ്യയിൽ നിന്ന് അറബികൾക്ക് ലഭിച്ചതാണെന്നാണ് മറ്റൊരു പക്ഷം. അറബിക്കഥകളുടെ മൂലം ബാഗ്ദാദിൽത്തന്നെ 11-ാം നൂറ്റാണ്ടിൽ രൂപപ്പെട്ടതാണെന്ന് 'ബ്രിട്ടാനിക്ക'യിൽ അറേബ്യയെക്കുറിച്ചുള്ള ചരിത്രത്തിൽ പറയുന്നു. പേർഷ്യൻ സാഹിത്യത്തിൽ നിന്നാണ് അറബിക്കഥകളുടെ ഉല്പത്തിയെന്നാണ് ഭൂരിഭാഗം പണ്ഡിതഗവേഷകരുടേയും അഭിപ്രായം. ഇന്ത്യൻകഥകളുടെ സ്വാധീനശക്തിയാൽ പേർഷ്യൻ ഭാഷകളിലുണ്ടായ കഥാസമുച്ചയമാണ് അറബിക്കഥകളുടെ മൂലാധാരം. യൂറോപ്യൻ ഭാഷകളിൽ ആദ്യമായി അറബിക്കഥകൾക്കു വിവർത്തനമുണ്ടായതു ഫ്രഞ്ചിലാണ്.

1001 രാവുകളുടെ രചനാകാലം അള 8 ാം നൂറ്റാണ്ടുതൊട്ട് 15 ാം നൂറ്റാണ്ടിന്റെ അവസാനം വരെ വ്യാപിച്ചു കിടക്കുന്നു. അറബിക്കഥകളുടെ കാലം പരിച്ഛേദിച്ചു നിർണ്ണയിക്കുക പ്രയാസമാണ്. കാരണം/ പല കാലങ്ങളിലായി പലരിൽ നിന്നുകേട്ട് പല എഴുത്തുകാർ രേഖപ്പെടുത്തിയ കഥകളാണ് അവ. ഈ കഥകൾ ക്ലാസിക് എന്നതിനേക്കാൾ റൊമാന്റിക് സൃഷ്ടികളാണ്. ഭാഷ സാഹിത്യഭാഷയുടേയും വ്യവഹാരഭാഷയുടേയും കലർപ്പാണ്. ചിലപ്പോൾ വർണ്ണനകൾ വർണ്ണശബളവും ആഡംബരപൂർണ്ണവുമാകും. ഭാഷയേക്കാൾ, വാങ്മയ ചിത്രരചനയിലാണ് ആഡംബരം. സംഭാഷണങ്ങൾ എപ്പോഴും ഓജസ്സുള്ള വാമൊഴിയിലാണ്. പഴമൊഴികളും സാരോശക്തികളും നർമ്മ പ്രധാനമായ ഉപമകളും ശൈലികളും അവയിൽ സുലഭമാണ്. വർണ്ണനകളിൽ പല ഉപമകളും മിക്ക കഥകളിലും ആവർത്തിക്കുന്നതു കാണാം. സുന്ദരിമാരെ ചന്ദ്രനോടും സൂര്യനോടും ഉപമിക്കുന്ന സന്ദർഭങ്ങൾ ധാരാളമുണ്ട്. അറബിക്കഥകളിൽ മിക്കവാറും എല്ലാറ്റിലും സന്ദർഭാനുസാരം ഉദ്ധരിച്ചിട്ടുള്ള കാവ്യശകലങ്ങൾ എല്ലാം ചേർന്നാൽ പതിനായിരം വരികളോളം വരുമെന്നു ഗണിക്കപ്പെട്ടിരിക്കുന്നു.

1001 രാവുകളിലെ തസ്കര കഥകൾക്ക് വിക്രമാദിത്യ ചരിത്രത്തിലെ കാൽക്കള്ളൻ അരക്കള്ളൻ മുക്കാൽക്കള്ളൻ മുഴുക്കള്ളൻ എന്നിവരുടെ കഥകളും പ്രചോദനം നൽകിയിട്ടുണ്ട്. വിഷമപ്രശ്നങ്ങൾ ഉന്നയിക്കുന്ന കഥകളും വൈജ്ഞാനികവും ജീവിതതത്ത്വസംബന്ധികളുമായ ചോദ്യങ്ങളും ഉത്തരങ്ങളും മുഖ്യമാക്കിക്കൊണ്ടുള്ള സരസവും ചിന്താധീനവുമായ കഥകളും ഭാരതത്തിന്റെ സവിശേഷ സൃഷ്ടികളാണ്. ഇന്ത്യയുടെ നാവികചരിത്ര പശ്ചാത്തലത്തിൽ സംസ്കൃതസാഹിത്യത്തിലും ബുദ്ധമതസാഹിത്യത്തിലും ഒട്ടേറെ കപ്പൽ സഞ്ചാരകഥകൾ പിറന്നിട്ടുണ്ട്. റോക്ക് എന്ന പക്ഷിയും തിമിംഗലവും രത്നങ്ങളുടെ താഴ്വരയും പാമ്പുകളും ആനകളും തെങ്ങും കർപ്പൂരവുമെല്ലാം സിന്ദ്ബാദിന്റെ കഥകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ലോകത്തിലെ തിര്യക് കഥകളുടെ ചരിത്രത്തിലും ഭാരതീയരുടെ പാരമ്പര്യത്തിനാണ് ഏറ്റവും പഴക്കം. തത്ത്വോദ്ബോധനത്തിനായി, നർമ്മഭാവനയോടെ, തിര്യക്കുകളെ പാത്രങ്ങളാക്കി സംസാരിപ്പിക്കുന്ന സമ്പ്രദായം വൈദികകാലങ്ങളേക്കാൾ പഴക്കമുള്ളതാണ്. അറബിക്കഥകൾക്കു ലോകത്തിലെ പ്രധാനപ്പെട്ട ഭാഷകളിലെല്ലാം ഒന്നിൽ കൂടുതൽ വിവർത്തനങ്ങളുമുണ്ട്.

# സാംസ്കാരിക പ്രതിരോധം സമകാല പെണ്ണിടങ്ങളിൽ

**ജെസ്സി അലക്സാണ്ടർ**
കാത്തലിക്കേറ്റ് കോളേജ്,
പത്തനംതിട്ട



സ്ത്രീവാദവും സാംസ്കാരികപഠനവും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള അന്വേഷണങ്ങൾ പുതിയ ജ്ഞാനമാതൃകയിൽ പ്രധാനമാണ്. സാമൂഹികസ്ഥാനവും ലിംഗപദവിയും സ്വയം നിർണ്ണയിച്ച സ്ത്രീ, എഴുത്തിലും വ്യവഹാരങ്ങളിലും പുലർത്തുന്ന ജാഗ്രതയാണ് ഇത്തരമൊരു പഠനത്തിന്റെ സാംസ്കാരികസ്വഭാവം. സമകാലപെണ്ണിടങ്ങൾ സാമൂഹികമായും സാംസ്കാരികമായും പുലർത്തുന്ന പ്രതിരോധസ്വഭാവം ശ്രദ്ധേയമാണ്. പുതിയ കാലഘട്ടം സംഘർഷഭരിതമാണെന്ന തിരിച്ചറിവ് പൊതുപരിസരങ്ങളിൽ നിന്ന് സൂക്ഷ്മമായ ഇടങ്ങളിലേക്ക് അനുഭവങ്ങളേയും ആവിഷ്കാരത്തേയും ഇടപെടലുകളേയും ആസ്വാദനത്തേയും സംക്രമിപ്പിക്കാൻ അവരെ ശീലിപ്പിച്ചു. വ്യവസ്ഥാപിതമായ ചരിത്രബോധത്തോടും നീതിബോധത്തോടും സാമൂഹികനിലപാടുകളോടുമുള്ള നിരന്തരകലാപം സമകാലപെണ്ണിടങ്ങളെയെല്ലാം പ്രതിരോധസജ്ജമാക്കുന്നു. തെക്കൻ പാട്ടുകളിലും വടക്കൻ പാട്ടുകളിലും നാടോടിസംസ്കാരത്തിലുമെല്ലാം പ്രതിരോധസജ്ജമായ പെണ്ണിടങ്ങൾ ദൃശ്യമായിരുന്നു. എന്നാൽ നിലനിൽക്കുന്ന സാമൂഹികസാഹചര്യങ്ങളിലേക്കെത്തുമ്പോൾ ഭാഷയും വ്യവഹാരവും മൂർച്ചപ്പെടുത്തിക്കൊണ്ട് പെണ്ണിടങ്ങൾ തീർക്കുന്ന സാംസ്കാരികപ്രതിരോധം ഏറെ പഠനങ്ങൾ അർഹിക്കുന്നുണ്ട്. എഴുത്തിൽ സ്വീകരിക്കുന്ന പ്രമേയവും അതാവിഷ്കരിക്കാൻ ഉപയോഗിക്കുന്ന ഭാഷയും എല്ലാ പരിധികളേയും പൊളിച്ച് സ്വതന്ത്രമായതോടെ ലൈംഗികതയെക്കുറിച്ചും സദാചാരസങ്കല്പത്തെക്കുറിച്ചും കുടുംബസങ്കല്പത്തെക്കുറിച്ചും ലിംഗബോധത്തെക്കുറിച്ചുമുള്ള വ്യക്തമായ കാഴ്ചപ്പാടുകൾ സ്വതന്ത്രമായ ഇടപെടലുകളായി സാഹിത്യത്തിൽ സാധ്യമായി. സാഹിത്യത്തിൽ മാത്രമല്ല മാധ്യമലോകത്തും സാങ്കേതികരംഗങ്ങളിലും തൊഴിലിടങ്ങളിലുമെല്ലാം സ്ത്രീ പ്രതിരോധസജ്ജയാണെന്നത് അവരുടെ വ്യവഹാരയിടങ്ങൾ വ്യക്തമാക്കുന്നു. നിലനിൽപ്പുകൾക്കും വാർപ്പുമാതൃകൾക്കുമെതിരെ ബദലുകൾ രൂപപ്പെടുത്തിക്കൊണ്ടാണ് ഈ പ്രതിരോധസ്വഭാവം കൂടുതൽ തീക്ഷ്ണമാകുന്നത്.

കൊളോണിയൽവിരുദ്ധസമരങ്ങളുടെ തുടർച്ചയും, തനിമയെയും ദേശീയതയെയും കുറിച്ചുള്ള അടിയുറച്ച ധാരണകളുമാണ് ആഫ്രിക്കയെയും ലാറ്റിനമേരിക്കയെയും പോലുള്ള വൈദേശികരാജ്യങ്ങളിൽ സംസ്കാരപഠനങ്ങളുടെ കർതൃത്വത്തെ നിർണ്ണയിച്ചത്. എന്നാൽ, ഒരു വശത്ത് കോളനിവിരുദ്ധ ചിന്താപദ്ധതികളും മറുവശത്ത് അടിയന്തരാവസ്ഥയും കൂടിച്ചേർന്ന സാമൂഹികസാഹചര്യങ്ങളാണ് ഭാരതത്തിൽ സാംസ്കാരികപഠനമാതൃകകളെ രൂപപ്പെടുത്തിയത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷരാഷ്ട്രീയവും പ്രത്യയശാസ്ത്രബോധവുമാണ് സാംസ്കാരികപ്രതിരോധത്തേയും പുനർനിർമ്മിതിയേയും സാധ്യമാക്കിയത്. സാമ്പത്തികബന്ധങ്ങളുടെ പരിവർത്തനത്തെക്കുറിച്ചും വർഗ്ഗഘടനയിൽ സംഭവിക്കേണ്ട മാറ്റങ്ങളെക്കുറിച്ചുമുള്ള അവബോധം പുതിയൊരു സാംസ്കാരികനിർമ്മിതിക്ക് വഴിവച്ചു. ഇടതുപക്ഷചിന്തകരായ സച്ചിദാനന്ദനെയും ബി.രാജീവനെയും പോലെയുള്ളവരുടെ എഴുത്തിൽ പ്രചരിപ്പിക്കപ്പെട്ടിരുന്ന സമാനആശയങ്ങളും ലിറ്റിൽ മാസികകളുടെ പ്രചാരവും സാംസ്കാരികപ്രതിരോധത്തെ കൂടുതൽ

ശക്തമാക്കി. ലൂയി അൽത്തൂസർ, അന്റോണിയോ ഗ്രാംഷി എന്നിവർ അവതരിപ്പിച്ച നവമാർക്സിയൻ ചിന്താപദ്ധതികളും തൊണ്ണൂറുകളോടെ പ്രബലമായ ഘടനാവാദ -ഘടനാവാദാനന്തരചിന്തകളും വി.സി.ശ്രീജൻ, ഇ.വി.രാമകൃഷ്ണൻ, പി.പി.രവീന്ദ്രൻ, വി.സി.ഹാരിസ്, എ.സോമൻ തുടങ്ങിയവരുടെ ആശയങ്ങളും സമകാലസമൂഹവ്യവസ്ഥയിൽ സംസ്കാരപഠനത്തിന്റെ രൂപമാതൃകകളെ കൂടുതൽ നവീകരിച്ചു. അതോടെ കല, മാധ്യമങ്ങൾ, സാഹിത്യം, സിനിമ തുടങ്ങി വിവിധ മേഖലകളിൽ മാറിയ സാംസ്കാരികസ്വഭാവത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രയോഗസാധ്യതകൾക്ക് പ്രചാരം ലഭിച്ചു. സംസ്കാരപഠനത്തിന്റെ ഈ പുതിയസാധ്യതകൾ കേരളത്തിന്റെ സാംസ്കാരികമണ്ഡലത്തിൽ മറച്ചുപിടിക്കപ്പെട്ടതും പാർശ്വവത്ക്കരിക്കപ്പെട്ടതുമായ നിരവധി ഘടകങ്ങളെ പഠനവിധേയമാക്കാൻ സഹായകമായി. സിനിമാ-സാഹിത്യ-മാധ്യമരംഗങ്ങളിൽ സ്വത്വരാഷ്ട്രീയത്തിലൂന്നിയതും സൂക്ഷ്മമായ അനുഭവപരിസരങ്ങൾ പ്രദാനം ചെയ്യുന്നതുമായ വ്യത്യസ്തപഠനമാതൃകകൾ ഇതിന്റെ ഭാഗമായി രൂപപ്പെട്ടു.

നിലനിൽക്കുന്ന സാംസ്കാരികമാതൃകകളെല്ലാം പുരുഷകേന്ദ്രീകൃതമാണെന്ന സമൂഹത്തിന്റെ പൊതുകാഴ്ചപ്പാടിനെ പൊളിച്ചുകൊണ്ട് സ്ത്രീകൾ മാധ്യമരംഗത്തേക്കും സാങ്കേതികരംഗത്തേക്കും സാഹിത്യത്തിലേക്കും സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും വിവിധ ഇടങ്ങളിലേക്കും കടന്നുകയറി തങ്ങളുടെ ഇടം നിർണ്ണയിച്ച വിപ്ലവകരമായ സാമൂഹികപരിവർത്തനത്തിന്റെ കാലമാണിത്. കാലാകാലങ്ങളിൽ സ്ത്രീയെ സാമൂഹികമായും രാഷ്ട്രീയമായും തൊഴിൽപരമായും പ്രതിരോധസജ്ജയാക്കുന്നതിനുവേണ്ടി നിരവധി സ്ത്രീക്കൂട്ടായ്മകളും സ്ത്രീവിമോചനപ്രസ്ഥാനങ്ങളും ഉയർന്നു വന്നിട്ടുണ്ട്. മാനുഷി, പ്രചോദന, ചേതന, ബോധന, പ്രബുദ്ധത, അന്വേഷി, പെമ്പിളൈ ഒരുമൈ, വിമൻ ഇൻ സിനിമ കളക്ടീവ് എന്നിവയെല്ലാം ഇത്തരത്തിലുള്ള സ്ത്രീസംഘടനകളാണ്. സ്ത്രീയുടെ പ്രതികരണങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും സംഘടനാബോധത്തിനും പ്രാധാന്യം നൽകിയ വിമോചനപ്രസ്ഥാനങ്ങളെല്ലാം കാലാകാലങ്ങളിലെ സ്ത്രീ



പ്രതിനിധാനമാതൃകകളാണ്. 1980 കളിൽ കേരളത്തിൽ നക്സലിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് മാനുഷി എന്ന സ്ത്രീവാദസംഘടന രൂപപ്പെട്ടത്. സ്ത്രീവിമോചനം, സ്ത്രീപുരുഷസമത്വം തുടങ്ങിയ ആശയങ്ങളിൽ അടിയുറച്ചാണ് ഈ പ്രസ്ഥാനം നിലനിന്നത്. 1985-86 കാലഘട്ടങ്ങളിൽ തിരുവനന്തപുരം കേന്ദ്രമാക്കി പ്രചോദനയും, തൃശ്ശൂർ കേന്ദ്രമാക്കി ചേതനയും, കോഴിക്കോട് കേന്ദ്രമാക്കി ബോധനയും പയ്യന്നൂർ കേന്ദ്രമാക്കി പ്രബുദ്ധതയും പ്രവർത്തനമാരംഭിച്ചു. 1991 ൽ കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തിച്ചു തുടങ്ങിയ വിമൻസ് കൗൺസിലിംഗ് സെന്ററാണ് അന്വേഷി. സ്ത്രീപ്രശ്നങ്ങൾ തന്നെയാണ് ഇവിടെയും സജീവമായി ചർച്ച ചെയ്യുന്നത്. മറ്റു സംഘടനകളിൽ നിന്ന് വ്യത്യസ്തമായി സ്ത്രീകളുടെ ആത്മപ്രകാശനത്തിനും സർഗ്ഗശേഷിക്കുമായി സംഘടിത എന്ന മാസിക കൂടി അന്വേഷിയുടെ ഭാഗമായി പ്രസിദ്ധീകരിക്കപ്പെട്ടു. കല, സാഹിത്യം, ചരിത്രം, രാഷ്ട്രീയം തുടങ്ങി സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളെക്കുറിച്ച് സ്ത്രീകൾക്കുള്ള അറിവനുഭവങ്ങൾ, സ്വതന്ത്രനിലപാടുകൾ എന്നിവ അവതരിപ്പിക്കാനുള്ള ഇടമായിരുന്നു ഈ മാസിക. പിന്നീട് വന്ന പ്രബലമായ രാഷ്ട്രീയ താല്പര്യങ്ങളും,ജനകീയകൂട്ടായ്മകൾ പ്രാദേശികതലത്തിൽ പോലും സജീവമല്ലാതിരുന്ന അവസ്ഥയും ഈ സ്ത്രീസംഘടനകൾ കാലഹരണപ്പെടുകയോ, സമൂഹമാറ്റത്തിനുള്ള ചാലകശക്തികളായി നിലനിൽക്കാൻ കഴിയാതിരിക്കുകയോ ചെയ്യുന്ന സാമൂഹികസാഹചര്യങ്ങൾക്ക് കാരണമായി. എന്നാൽ നിലനില്ക്കുന്ന എല്ലാ സാമ്പ്രദായികതകൾക്കും, കപടസദാചാരസങ്കല്പങ്ങൾക്കും, രാഷ്ട്രീയ-വർഗ്ഗീയ-മതതാല്പര്യങ്ങൾക്കും എതിരെ പ്രതികരിച്ചുകൊണ്ട് സമകാലസാമൂഹികബോധം പ്രതിരോധസജ്ജമായതിന്റെ സൂചന ഇക്കാലത്ത് രൂപപ്പെട്ട സ്ത്രീക്കൂട്ടായ്മകളിലും സർഗ്ഗാത്മകഇടങ്ങളിലും പ്രകടമാണ്.

മാധ്യമരംഗത്ത് വിശേഷിച്ച് ദൃശ്യമാധ്യമരംഗത്ത് പെൺസ്വത്വത്തിന്റെ പ്രകാശനവും പ്രതിരോധവും ഇക്കാലത്ത് കൂടുതൽ ശ്രദ്ധേയമാണ്. 'ഇത്രയും കാലത്തെ ജീവിതത്തിനിടയിൽ ഞാൻ എന്റെ ശരീരത്തെയും ആന്തരികതയേയും നിരീക്ഷിച്ചറിഞ്ഞ ഒരു കാര്യം പൊതുബോധത്തിന്റെ വ്യവസ്ഥാപിതനേട്ടങ്ങൾക്കോ സങ്കല്പങ്ങൾക്കോ കല്പനകൾക്കോ അടിപ്പെടാത്ത വ്യത്യസ്തയായ ഒരു സ്ത്രീയാണ് ഞാൻ എന്നതാണെ'ന്ന മാധ്യമപ്രവർത്തകയായ ടെൻസിയുടെ വാക്കുകൾ മാധ്യമരംഗത്തെ സ്ത്രീ ഇന്ന് ആർജ്ജവമുള്ളവളും പ്രതിരോധസജ്ജയുമാണ് എന്നതിന് തെളിവാണ്. നായകന്റെയോ പുരുഷകഥാപാത്രങ്ങളുടേയോ നിഴലായി മാത്രം നിന്നിരുന്ന പെണ്ണിടത്തുനിന്നും സിനിമകളിൽ ഭാഷാപരമായും പ്രമേയപരമായും സാങ്കേതികപരമായും നിലനിൽക്കുന്ന സ്ത്രീവിരുദ്ധതയെ ചൂണ്ടിക്കാണിക്കാനും നിശിതമായി




വിമർശിക്കാനും തന്റേടം കാട്ടുന്ന സ്ത്രീകൾ പ്രതിരോധസജ്ജമായ തൊഴിലിടത്തേയും കലാരംഗത്തേയും പ്രതിനിധാനം ചെയ്യുന്നു.

സാങ്കേതികരംഗം, കമ്പ്യൂട്ടർസംസ്കാരം എന്നിവ പുരുഷന് മാത്രം പ്രാപ്യമായതാണ് അല്ലെങ്കിൽ പുരുഷകേന്ദ്രീകൃതമാണെന്ന ചിന്ത സാംസ്കാരികാവബോധത്തിൽ കാലങ്ങളായി കലർന്നു കിടക്കുന്നതാണ്. 'കമ്പ്യൂട്ടർ സംബന്ധമായ ജോലി, കളി എന്നിവ പുരുഷസംസ്കാരമൂല്യങ്ങളുമായി ഉൾച്ചേർന്നുകൊണ്ടാണ് രൂപീകരിക്കപ്പെട്ടതെ'ന്ന കീസ്‌ലെറുടെ നിരീക്ഷണം ഇത് കൂടുതൽ വ്യക്തമാക്കുന്നു. എന്നാൽ സൈബർഫെമിനിസം പോലെയുള്ള പുതിയ പാഠസങ്കല്പങ്ങൾ നിലനിന്നുപോരുന്ന സാംസ്കാരികബോധത്തെ വെല്ലുവിളിക്കുന്നതാണ്. സ്ത്രീകളും സാങ്കേതികരംഗവുമായുള്ള ബന്ധമാണ് സൈബർഫെമിനിസത്തിന്റെ അടിത്തറ. സൈബർലോകവുമായി ബന്ധപ്പെട്ട് സ്ത്രീയുടെ കർത്തൃത്വത്തെയും ലിംഗപദവിയെയും ഈ പാഠസങ്കല്പം പുനർനിർണ്ണയിച്ചു. സാങ്കേതികരംഗത്ത് സ്വയം ശക്തീകരിക്കപ്പെടാനും ഫലപ്രദമായി ഇടപെടാനുമുള്ള സ്ത്രീയുടെ ശേഷിയെ അത് പുനർനിർവ്വചിച്ചു. സ്ത്രീക്ക് സ്വച്ഛമായി വ്യവഹരിക്കാനും അഭിപ്രായ-ആവിഷ്കാരസ്വാതന്ത്ര്യത്തിന് സാധ്യത നൽകുന്നതുമായ ഒരിടമായി സൈബർസ്പെയ്സ് മാറി എന്നതിന് സോഷ്യൽ സൈറ്റുകളിൽ അനുനിമിഷം വർദ്ധിച്ചുവരുന്ന സ്ത്രീസാന്നിധ്യം തെളിവാണ്.

സമകാല സ്ത്രീയെഴുത്തിലേക്കെത്തുമ്പോൾ കാഴ്ചപ്പാടുകളിലെ വ്യത്യാസവും, എഴുത്തിലെ നവീനതയും, പുതിയ അറിവനുഭവങ്ങളുടെ വൈശദ്യവും കൂടുതൽ പ്രതിരോധസജ്ജമായ ഭാഷാ-ആഖ്യാന-ആസ്വാദനത്തെ അനുഭവപ്പെടുത്തുന്നു. സമകാലസാമൂഹികാവസ്ഥകൾ എല്ലായിടത്തും സാധ്യമാക്കിയ പ്രതിരോധ-പ്രതിനിധാന പാഠങ്ങളാണ് സമകാല എഴുത്തിലെ സാംസ്കാരികപരിസരം. 'എഴുത്തിന്റെ കേന്ദ്രബിന്ദു സ്ത്രീയുടെ അനുഭവമായിരിക്കുകയും അതിലെ അപൂർവ്വതകളെ ധീരമായി ആവിഷ്കരിക്കുകയും ചെയ്യുന്നു' എന്നത് പ്രധാനമാണ്. ഉടലിനെക്കുറിച്ചും ഉപഭോഗമാധ്യമസംസ്കൃതിയെക്കുറിച്ചും സമകാലസാമൂഹ്യജീവിതത്തെക്കുറിച്ചും നവസാങ്കേതികരംഗത്തെക്കുറിച്ചും ഇക്കാലത്തെ പെണ്ണെഴുത്തുകാരികൾക്ക് വ്യക്തമായ ധാരണയുണ്ട്. സാമ്പ്രദായിക പെൺപ്രതിനിധാനങ്ങളെ പാടേ ഉപേക്ഷിച്ച് സ്ത്രീയുടെ സവിശേഷബോധം നവീനസമൂഹക്രമത്തിൽ സ്വയം ആവിഷ്കരിക്കുവാൻ നടത്തുന്ന ബോധപൂർവ്വമായ ശ്രമങ്ങൾ പ്രതിരോധം സൃഷ്ടിച്ചുകൊണ്ട് ബദൽമാതൃക രൂപപ്പെടുത്തുന്നു. സ്ത്രീപുരുഷ വ്യത്യാസങ്ങളെയും ലിംഗബോധചിന്തകളെയും ഊട്ടിഉറപ്പിക്കുന്നതും അധികാരപ്രത്യയശാസ്ത്രപരമായി അതിനെ പുനർനിർമ്മിക്കുന്നതുമായ സമൂഹവ്യവസ്ഥകളെ പുറന്തള്ളി സ്ത്രീ അവളുടെ മനസ്സിനെയും, ശരീരത്തെയും, താല്പര്യങ്ങളെയും സാമൂഹികബോധത്തെയും പുനർനിർവ്വചിക്കുവാൻ ശ്രമിക്കുന്നു. സംപ്രീത, ബിന്ദു കൃഷ്ണ, കവിതാ ബാലകൃഷ്ണൻ, ബിലു.സി.നാരായണൻ, ഗിരിജ. പി.പതേക്കര, രാജേശ്വരി തുടങ്ങിയവർ സമകാലകവിതാലോകത്തും എ.പി.ജ്യോതിർമയി, ഷീബ.ഇ.കെ, ഇന്ദുമേനോൻ, കെ.രേഖ എന്നിവർ സമകാലകഥയിലും സാധ്യമാക്കിയ പ്രതിരോധപാഠങ്ങൾ സവിശേഷമാണ്. സ്വയം ആവിഷ്കരിക്കലും, തുറന്നെഴുത്തും, ലിംഗബോധവും, ഭിന്നലൈംഗികതയും, സ്വവർഗ്ഗലൈംഗികതയും, ഭാഷയുടെ പരിചിതമല്ലാത്ത അവതരണവഴികളും ഒക്കെച്ചേർന്ന് പുതിയ സാംസ്കാരികപാഠനിർമ്മിതികളാണ് ഇന്നിന്റെ സർഗ്ഗാത്മകഇടങ്ങൾ കാഴ്ചവയ്ക്കുന്നത്. ഇത്തരം ആവിഷ്കാരങ്ങളിൽ സ്വത്വം, ശരീരം, കാമന, ലിംഗപദവി തുടങ്ങി എല്ലാ തലങ്ങളിലും പരിവർത്തനം സാധ്യമാകുന്നു.

ചുരുക്കത്തിൽ ഭാഷയിലും, സാഹിത്യത്തിലും, കുടുംബത്തിലും, ആധികാരത്തിലും, തൊഴിലിടങ്ങളിലും, സമൂഹത്തിലും സ്ത്രീ പ്രകടിപ്പിക്കുന്ന കർത്തൃത്വപരവും നേതൃത്വപരവുമായ ഉണർവ്വ് തന്നെയാണ് സമകാലസ്ത്രീഇടങ്ങളിലെ സാംസ്കാരികപ്രതിരോധത്തിന്റെ പ്രതിനിധാനതലം.

സഹായകഗ്രന്ഥങ്ങൾ

1. ഉഷാകുമാരി.ജി(2013), ഉടൽ ഒരു നെയ്ത്ത്-സംസ്കാരത്തിന്റെ പുനർവായന എസ്.പി.സി.എസ്, കോട്ടയം

2. നിവേദിത മേനോൻ(2017), അകമേ പൊട്ടിയ കെട്ടുകൾക്കപ്പുറം-ഇന്ത്യൻ ഫെമിനിസത്തിന്റെ വർത്തമാനം, എൻ.ബി.എസ്, കോട്ടയം.

3. എഴുത്ത്, ജനുവരി 2018, പുസ്തകം 3, ലക്കം 3.

4. ഒരുമ, ഏപ്രിൽ-മെയ് 2015, പുസ്തകം 9, ലക്കം 4,5.

5. ഗ്രന്ഥാലോകം, മാർച്ച് 2012, വാല്യം 62, ലക്കം 5.

6. മാതൃഭൂമി, ജനുവരി 2018, പുസ്തകം 95, ലക്കം 46.



# പെൺകരുത്തിന്റെ അക്ഷരദേവത കൃഷ്ണ സോബ്തി


**ഡോ. അന്നാസാലി ഇ.എം.**
മലബാർ ക്രിസ്ത്യൻ കോളേജ്,
കോഴിക്കോട്




സമകാലിക ഇന്ത്യൻ സാഹിത്യത്തിലെ പെൺകരുത്തിന്റെ അക്ഷര ദേവത എന്നു വിശേഷിപ്പിക്കാവുന്ന എഴുത്തുകാരിയാണ് കൃഷ്ണ സോബ്തി. 2017ലെ 53-ാമത് ജ്ഞാനപീഠം പുരസ്കാരം നൽകി സാഹിത്യ ലോകം അവരെ ആദരിച്ചു. നിലനിൽപ്പിനും ആവിഷ്കാരത്തിനും വേണ്ടി പോരാടുന്ന മുഴുവൻ സ്ത്രീകൾക്കുമുള്ള അംഗീകാരം കൂടിയായി കൃഷ്ണ സോബ്തിക്ക് ലഭിച്ച ഈ പുരസ്കാരം വിലയിരുത്തപ്പെടുന്നു. ആവിഷ്കാര സ്വാതന്ത്ര്യത്തിനു നേരെയുള്ള കടന്നാക്രമണങ്ങളിലും, ദളിത് ന്യൂനപക്ഷ വേട്ടക്കെതിരെയും അക്കാദമി പുരസ്കാരങ്ങൾ തിരിച്ചു നൽകി പ്രതിഷേധിച്ച എഴുത്തുകാരിൽ മുൻ നിരയിലായിരുന്നു കൃഷ്ണ സോബ്തി.

ജ്ഞാനപീഠ പുരസ്കാരം ലഭിക്കുന്ന എട്ടാമത്തെ വനിതയാണ് കൃഷ്ണ സോബ്തി. ആശാപൂർണ്ണ ദേവിയാണ് ജ്ഞാനപീഠ പുരസ്കാരം ലഭിച്ച ആദ്യ എഴുത്തുകാരി, 1976 ൽ ബംഗാളി, പ്രഥമ പ്രതിശ്രുതി. 1981 ൽ പഞ്ചാബി എഴുത്തുകാരി അമൃത പ്രീതം 'കാഗജ് തെ ക്യാൻവാസ്', 1982ൽ മഹാദേവി വർമ്മ ഹിന്ദി 'യാമ', 1989 ഖുറാത്തെലെൻ ഹൈദർ ഉർദു, 1996ൽ മഹാശ്വേത ദേവി ബംഗാളി, 2000 ഇന്ദിര ഗോസ്വാമി അസാമി, 2011 പ്രതിഭ റായ്-ഒറിയ എന്നിവരാണ് മറ്റു എഴുത്തു കാരികള് . 1981 വരെ ഒരു പ്രത്യേക കൃതിക്കാണ്

പുരസ്കാരം നൽകിയിരുന്നത്, എന്നാൽ 1982 ന് ശേഷം സമഗ്ര സംഭാവനയ്ക്കാണ് ജ്ഞാനപീഠ പുരസ്കാരം നൽകുന്നത്. ഏറ്റവും കൂടുതൽ ജ്ഞാനപീഠ പുരസ്കാരം നേടിയ ഹിന്ദി ഭാഷയിലെ പതിനൊന്നാമത് പുരസ്കാരമാണ് കൃഷ്ണ സോബ്തിക്ക് ലഭിച്ചത്.

മഹാദേവി വർമ്മയ്ക്ക് ശേഷം സ്ത്രീകളിൽ കൃഷ്ണ സോബ്തിക്കാണ് ഹിന്ദിയിൽ ജ്ഞാനപീഠം ലഭിക്കുന്നത്. ജിന്ദഗി നാമ എന്ന അവരുടെ നോവലിന് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്. 1996ൽ അക്കാദമി ഫെല്ലോഷിപ്പ് നൽകിയും ആദരിച്ചു. എന്നാൽ പത്മഭൂഷൺ ബഹുമതി അവർ നിരസിക്കുകയായിരുന്നു. വ്യാസസമ്മാൻ, ശിരോമണി പുരസ്കാരം, മൈഥിലീ ശർൺ ഗുപ്ത അവാർഡ്, തുടങ്ങി നിരവധി പുരസ്കാരങ്ങൾ അവരെ തേടി എത്തുകയുണ്ടായി. ഹിന്ദി സാഹി ത്യത്തിൽ വേറിട്ട ശൈലിയിലൂടെ കലാപക്കൊടി ഉയർത്തിയ എഴുത്തുകാരി എന്ന നിലയിലാണ് അവർ വിലയിരുത്തപ്പെടുന്നത്.

ഭയരഹിതമായ നിലപാടുകളാണ് അവരെ വേറിട്ട എഴുത്തുകരി എന്ന നിലയിൽ അടയാളപ്പെടുത്തിയത്. മറ്റ് എഴുത്തുകാർ സഞ്ചരിക്കാൻ ഭയക്കുകയും സങ്കോചിക്കുകയും ചെയ്യുന്ന പുതു സങ്കേതങ്ങൾ തുറന്ന് സാഹിത്യത്തെ ആ ദിശയിലൂടെ നയിക്കുകയായിരുന്നു കൃഷ്ണ സോബ്തി. സ്ത്രീയുടെ കരുത്ത് രചനയുടെ ആരംഭം മുതൽ തന്നെ ലോകത്തിനു മുന്നിൽ എത്തിക്കാനുള്ള സർഗ്ഗശേഷിയാണ് അവരെ അവരെ വ്യത്യസ്തയായി നില നിർത്തുന്നത്. സ്ത്രീയുടെ മനോ വ്യാപാരങ്ങളെ നിർഭയമായി വായനക്കാരിലെത്തിക്കാനുള്ള ധീരത അക്കാലത്തെ സാഹിത്യാസ്വാദകരെ വിസ്മയിപ്പിച്ചു.

ഇന്ത്യൻ സാഹിത്യത്തിലെ വേറിട്ട പെൺശബ്ദമായ കൃഷ്ണ സോബ്തി 93 വർഷങ്ങൾക്ക് മുമ്പ് 1924 ഫെബ്രുവരി 18ന് ഇപ്പോൾ പാക്കിസ്ഥന്റെ ഭാഗമായ ഗുജറാത്ത് പ്രവിശ്യയിലാണ് ജനിച്ചത്. ആധുനിക ഹിന്ദി സാഹിത്യത്തിലെ ആദ്യ തലമുറയിലെ മുൻ നിര എഴുത്തുകാരിയായ അവർ 1950ൽ 'ലാമ' എന്ന കഥയിലൂടെയാണ് എഴുത്തു ജീവിതം ആരംഭിക്കുന്നത്. സ്ത്രീയുടെ അവകാശങ്ങൾക്കും, ഉല്യതക്കും




വേണ്ടി തൂലിക ഏന്തിയ എഴുത്തുകാരിയാണ് അവർ. കാലത്തെയും സമൂഹത്തെയുമാണ് അവർ എഴുത്തിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിച്ചത്. കാലാതീതമായ ചിന്തകളെ തന്റെ തൂലികയിലൂടെ. വായനക്കാർക്ക് മുമ്പിൽ അവതരിപ്പക്കയായിരുന്നു. 93 വർഷത്തെ അനുഭവത്തിന്റെ പാരമ്പര്യവും കരുത്തും പെൺജീവിതങ്ങളെ കൂടുതൽ ഉണ്മയോടും ഊർജ്ജത്തോടും കൂടി പോരാടുന്നതിന് പ്രാപ്തരാക്കുകയായിരുന്നു. എട്ട് നോവലുകളും, രണ്ടു നോവല്ലകളും അസംഖ്യം കഥകളും കാലിക പ്രാധാന്യമുള്ള നിരവധി ലേഖനങ്ങളും അവർ വായന ലോകത്തിന് സമ്മാനിക്കുകയുണ്ടായി. സാഹസികതയായിരുന്നു അവരുടെ മുഖമുദ്ര. ഇന്ത്യൻ സാഹിത്യത്തിൽ സ്ത്രീമനസ്സിന്റെ രഹസ്യം തന്റേടത്തോടെ

അവതരിപ്പിച്ച എഴുത്തുകാരിയാണ് കൃഷ്ണ സോബതി. പഞ്ചാബ്, ഷിംല, ഡൽഹി തുടങ്ങിയ പ്രദേശങ്ങളിലെ അസംഖ്യം സ്ത്രീകളുടെ ദുരിത ജീവിതങ്ങൾക്ക് അവർ സാക്ഷിയാവുകയുണ്ടായി. കോളോണിയൽ ഭീകരത അവരുടെ നേരനുഭവമായിരുന്നു.

സ്ത്രീത്വത്തിന്റെ വ്യത്യസ്തങ്ങളായ മുഖങ്ങളാണ് കൃഷ്ണ സോബ്തിയുടെ രചനകളുടെ മുഖ്യ പ്രമേയം. പാരതന്ത്ര്യത്തിൽ നിന്നു മോചനം നേടുന്നതിനുള്ള സ്ത്രീമനസ്സുകളുടെ പിടച്ചിലുകളും, വീടുകളുടെ നാലു ചുമരുകളിൽ നിന്നു പുറത്തു കടക്കുന്നതിനുള്ള തത്രപ്പാടുകളു അതീവ സൂക്ഷ്മതയോടെ അവർണ്ണനീയമായ ചാരുതയോടെ അവർ അവതരിപ്പിച്ചു. ഹിന്ദു, ഉർദു, പഞ്ചാബി എന്നീ ഭാഷകളുടെ സാസ്കാരിക ചിന്തകളെ അത്ഭുതകരമായി തന്റെ രചനക

ളിൽ കണ്ണി ചേർത്തു പരമ്പരാഗത മധ്യവർഗ്ഗ നാഗരിക ജീവിതങ്ങളുടെ ഒഴുക്കിനെ വഴിതിരിച്ച് വിട്ട് ഹിന്ദി കഥാ സാഹിത്യത്തിന് പുതു ജീവൻ സമ്മാനിച്ചു. സമകാലിക ജീവിത പരിസരങ്ങളോട് ശക്തമായി സംവദിക്കുന്ന പ്രമേയങ്ങൾ കൊണ്ട് നോവൽ സാഹിത്യത്തിനു ഒരു ദിശാ ബോധം നൽകി.

സ്വാതന്ത്ര്യനന്തര കഥാ സാഹിത്യം പെണ്ണെഴുത്തുകാരുടെ ഉറച്ച കാൽവെയ്പ്പുകളുടെ കാലത്തിനു സാക്ഷ്യം വഹിച്ചു. ശക്തമായ സാന്നിദ്ധ്യമായിട്ടായിരുന്നു സോബ്തിയുടെ രംഗപ്രവേശം. ബാദലോം കെ ഘേരെ (മേഘങ്ങൾക്കിടയിൽ) എന്ന ആദ്യ സമാഹാരം തന്നെ അതിന്റെ സൂചനയായിരുന്നു. തന്റെ നിലപാടുകളിൽ ഉറച്ചു നിൽക്കുകയും, ജീവിതത്തിന്റെ സ്ഥൂലവും സൂക്ഷ്മവുമായ തലങ്ങൾ രചനക്ക് വിധേയമാക്കുകയും ചെയ്തു. രചനയുടെ ആന്തരികമായ അനിവാര്യതകളെ കഥയിലേക്ക് സന്നിവേശിപ്പിക്കുന്നതിൽ അവർ തെല്ലും സന്ദേഹിച്ചില്ല. അതു കൊണ്ടു തന്നെ സാഹിത്യത്തിലെ പല ധാരകളോടും കലഹിക്കുകയും തന്റെ നിലപാടുകളിൽ ഉറച്ചു നിൽക്കുകയും ചെയ്തു.




തനതു ശൈലിയിൽ പ്രമേയത്തെ പരിചയപ്പെടുത്തുന്ന അവർ സാഹിത്യ ലോകത്തിനു തന്നെ മാതൃകയായിരുന്നു. 1958 ഓർമ്മയുടെ പുത്രി എന്ന ആദ്യ നോവൽ പത്തൊമ്പതാം നൂറ്റാണ്ടിലെ പഞ്ചാബിന്റെ ഗ്രാമ ജീവിതം പരിചയപ്പെടുത്തുന്ന രചനയാണ്. എന്നാൽ 1966ൽ മിത്രോ മർജാനി എന്ന പേരിൽ പ്രസിദ്ധീകരിച്ച നീണ്ടകഥ എന്നു വിശേഷിപ്പിക്കാവുന്ന നോവലിലൂടെ സാഹിത്യ പ്രേമികൾ സോബ്തിയുടെ കഥകളിൽ അനുരക്തരായി. അകറ്റി നിർത്തപ്പെട്ട സാഹിത്യ-ജീവിത മേഖലകളിലൂടെ അവർ സഞ്ചരിച്ചു മറ്റു എഴുത്തുകാർ എഴുതാനും പറയാനും മടിക്കുന്നതായിരുന്നു അവരുടെ പ്രമേയങ്ങൾ. സ്ത്രീകളെ ഭീതിരഹിതമായി ജീവിക്കാൻ പ്രേരിപ്പിക്കുന്ന തായിരുന്നു അവരുടെ കഥാപാത്രങ്ങൾ. ഇന്നത്തെ തുറന്നു പറച്ചിലുകൾ തന്നെ അത്ഭുതപ്പെടുത്തുമ്പോൾ അരനൂറ്റാണ്ടു മുമ്പ് കൃഷ്ണ സോബ്തി അതിനു കാണിച്ച സാഹസികത പ്രശംസനീയം തന്നെ. വിവാഹിതയായ ഒരു സ്ത്രീയുടെ ലൈംഗികതയെ കുറിച്ചുള്ള അന്വേഷണങ്ങൾ വെളിപ്പെടുത്തുന്ന ഈ നോവൽ സാഹിത്യ ലോകത്തെ പ്രകമ്പനം കൊള്ളിച്ചു. സ്ത്രീപക്ഷ രചന ഏറ്റവും ശക്തമായ ഒരു അടയാളമായി മാറുകയായിരുന്നു മിത്രോ മർജാനിയിൽ. പുരുഷാധിപത്യ സമൂഹത്തിനു മുമ്പിൽ ഉയർത്തിയ ശക്തമായ വെല്ലുവിളി ആയിരുന്നു ഈ നോവൽ. 'സ്ത്രീയും പുരുഷനും എന്നെ സംബന്ധിച്ചിടത്തോളം വ്യത്യസ്തരല്ല. ബാഹ്യമായ എല്ലാ വ്യത്യസ്തതകൾക്കുമപ്പുറം അവരുടെ സ്വത്വ ബോധത്തിനു വിസ്മയകരമായ സാമ്യമുണ്ട്. പ്രണയവും, ലൈംഗികതയും മരണവുമെല്ലാം രണ്ടു പേർക്കും ഒരേ തീവ്രതയിൽ തന്നെ ആണ്'. സോബ്തി വിശ്വസിക്കുന്നു.





സൂരജ് മുഖി അന്ധേരെ മെ (ഇരുട്ടിലെ സൂര്യകാന്തിപ്പൂക്കൾ) ബാല്യകാലത്തിലെ തിക്തമായ ജീവിതാനുഭവങ്ങളോട് പൊരുത്തപ്പെടാൻ കഴിയാതെ, സംഘർഷമനുഭവിക്കുന്ന ഒരു സ്ത്രീയുടെ ജീവിതമാണ് അവതരിപ്പിക്കുന്നത്. ഒരു മധ്യവർഗ്ഗ ജീവിതം നയിക്കുന്ന ഒരു സ്ത്രീയുടെ ബാല്യകാലത്തിൽ അവർ അനുഭവിക്കേണ്ടി വന്ന ബലാത്കാരങ്ങൾ അവളുടെ ജീവിതത്തെ എപ്രകാരം ദിശ മാറ്റി വിട്ടു എന്ന് വിവരിക്കുകയാണ്. ഇന്ന് നഗരങ്ങളിലെന്നോ ഗ്രാമങ്ങളിലെന്നോ വ്യത്യാസമില്ലാതെ സ്ത്രീകൾക്കു നേരെ നടക്കുന്ന അതിക്രമങ്ങളുടെ ഒരു നേർക്കാഴ്ചയാണ് ഈ നോവൽ മുന്നോട്ടുവെക്കുന്നത്. ജിന്ദഗീ നാമ എന്ന നോവലിൽ സ്വാതന്ത്ര്യത്തിനു മുമ്പുള്ള ജീവിത യാഥാർത്ഥ്യങ്ങളെ വിശകലനം ചെയ്യുകയാണ് കഥാകാരി. പഞ്ചാബ് ഒരു മെറ്റഫറായി അവതരിപ്പിക്കുകയാണ് ഈ നോവലിൽ. ജിന്ദഗി നാമയിൽ കൃഷ്ണ സോബ്തി വരച്ചുകാണിക്കുന്ന പഞ്ചാബിന്റെ ചരിത്രം ഒരു പക്ഷെ സർക്കാരിന്റെ കണക്കുകളിൽ കണ്ടു കൊള്ളണമെന്നില്ല. പഞ്ചാബിലെ സാധാരണ ജനങ്ങളുടെ ഹൃദയമിടിപ്പുകളെയും അവകാശങ്ങളെയും സമൂഹത്തിനു മുമ്പിൽ തുറന്നു കാട്ടുകയാണ് ഈ നോവൽ. പഞ്ചാബിന്റെ സാമൂഹികവും, സാംസ്കാരികവുമായ ചിത്രങ്ങളും, സ്വാതന്ത്ര്യ സമരത്തിന്റെ മുഴക്കങ്ങളും ഫ്യൂഡലിസത്തിന്റെ ഉയർച്ച താഴ്ചകളും ഗ്രാമീണ ജനതയുടെ ദുരിതങ്ങളും, ചൂഷണ വിധേയരാകുന്ന പാവപ്പെട്ട ജനങ്ങളുമെല്ലാം ജിന്ദഗീ നാമയുടെ നേർക്കാഴ്ചകളാണ്. ഇന്ത്യാവിഭജനത്തിന്റെ മുറിവുകളും രോദനങ്ങളും ഇതിൽ വാങ്മയ ചിത്രങ്ങളായി അവതരിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെ ഒരു നേർക്കാഴ്ചയാണ് ഈ നോവൽ. ഹിന്ദി നോവൽ ചരിത്രത്തിലെ ഒരു നാഴിക്കല്ലായി ഈ നോവൽ വിലയിരുത്തപ്പെടുന്നു.

വിഭജനത്തിനു മുമ്പ് ഇന്ത്യയിലേക്ക് തിരിച്ചു പോന്ന കൃഷ്ണ സോബ്തിയുടെ ബാല്യകാല സ്മരണകളിൽ വിഭജനം സാധാരണ ജനങ്ങളിൽ സൃഷ്ടിച്ച ആശങ്കയും ആകുലതയും, അരക്ഷിത ബോധവും ഉണ്ടായിരുന്നു എന്ന് അവരുടെ രചനകൾ സാക്ഷ്യപ്പെടുത്തുന്നു. 'ഗുജറാത്ത് പാക്കിസ്ഥാൻ മുതൽ ഗുജറാത്ത് ഹിന്ദുസ്ഥാൻ വരെ' എന്ന ആത്മകഥാംശമുള്ള അത്ഭുത നോവൽ അവരുടെ സുദീർഘമായ ജീവിതാനുഭവങ്ങളും, അതിനിടയിലെ രാഷ്ട്രീയ-സാമൂഹ്യ മാറ്റങ്ങളും, ഇന്ത്യാ വിഭജനവും, ഗാന്ധിജിയുടെ ചിന്തകളും, സാധാരണ ജനങ്ങളുടെ ആശങ്കകളും വ്യക്തമാക്കുന്നതു കൂടിയാണ്. സിക്കാ ബദൽ ഗയാ ഹെ എന്ന കഥ രാഷ്ട്ര വിഭജനത്തിന്റെ വേദനകളെയും സ്ത്രീകളും കുട്ടികളുമടക്കം അനുഭവിക്കേണ്ടി വന്ന പീഡനങ്ങളുടെയും നേർച്ചിത്രങ്ങളാണ്.

എഴുത്ത് എന്നത് കൃഷ്ണ സോബ്തിയെ സംബന്ധിച്ചിടത്തോളം കേവലം കലാപരമായ ഒരു ആവിഷ്കാരം മാത്രമല്ല, മറിച്ച് ജനങ്ങളുടെ സങ്കടങ്ങളും ദുഖങ്ങളും വേദനകളുമെല്ലാം അവതരിപ്പിക്കാനുള്ള ഒരു വലിയ ക്യാൻവാസാണ്. കാലത്തെ അതിജീവിച്ച് മനുഷ്യമനസ്സുകളെ കീഴടക്കി, ഒരു പ്രവാചകിയെ പോലെ പെൺകരുത്തിന്റെ ജ്വലിക്കുന്ന അക്ഷര ദീപമായി എന്നും കൃഷ്ണ സോബ്തിയുടെ രചനകൾ നിലനിൽക്കും.



തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജ് ഫിസിക്കൽ എഡ്യുക്കേഷൻ തലവൻ ഡോ. കെ.പി. സജിലാൽ പി.എസ്.സി. മെമ്പർ ആയി നോമിനേറ്റ് ചെയ്യപ്പെട്ടു.




# ലിംഗനീതി ആർക്ക്?

ലിംഗനീതിയെക്കുറിച്ചും സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ചും ഏറെ ഉറന്ന ചർച്ചകൾ ഇന്നു കേരളത്തിൽ നാം കാണുന്നുണ്ട്. അവ മാധ്യമ വിചാരണകളായും നവസാമൂഹ്യമാധ്യമ ചർച്ചകളായും മുഴനീള ലേഖനങ്ങളായും മറ്റും വിവിധങ്ങളായ വിധത്തിൽ നമ്മളിലേക്കെത്തുന്നുണ്ട്. മുത്തലാഖ് നിരോധനമുൾപ്പെടെയുള്ള ഏകീകൃത സിവിൽ കോഡ് നിയമ നിർമ്മാണങ്ങളായും ഇതര ലൈംഗീകരുടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കുള്ള കടന്നുവരവുകളായും സ്ത്രീ നിയമങ്ങളുടെ പുനർവായനകളായും അവ സർക്കാർ തലത്തിലും ചലനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എന്നാൽ ഈ ചലനങ്ങൾ പ്രബുദ്ധകേരളത്തെ എത്രത്തോളം ആഴത്തിൽ സ്വാധീനിക്കുന്നു എന്നത് ശ്രദ്ധയിൽപെടേണ്ടതാണ്. അവിടെയാണ് ലിംഗനീതി ആർക്ക് എന്ന ചോദ്യത്തിനു പ്രസക്തിയേറുന്നത്. തികച്ചും ന്യൂനപക്ഷമായ ഇതരലൈംഗിക വിഭാഗീയർ തീർച്ചയായും നീതിനിഷേധങ്ങളാൽ ശ്രമകരമായ ലിംഗനീതിയെന്നത് സമൂഹത്തിന്റെയും തങ്ങളുടേയും ഒരു അനിവാര്യതയായി കരുതുന്നു. സമൂഹജീവിതം നയിക്കുന്നു എന്നതിനാൽ കരുതുന്നു. എന്നാൽ മഹാഭൂരിപക്ഷം വരുന്ന നമ്മുടെ സ്ത്രീ ജനത വാസ്തവത്തിൽ ലിംഗനീതിയെക്കുറിച്ചോ അനീതികളെക്കുറിച്ചോ ബോധവതികളാണോ? താരതമ്യേന ഉയർന്ന വിദ്യാഭ്യാസ സാംസ്കാരിക പശ്ചാത്താലമുള്ള കേരളത്തിൽ നീതിനിഷേധങ്ങളെക്കുറിച്ച് കേരള സ്ത്രീ ജനതയ്ക്കു ബോധ്യമുണ്ടോ എന്നത് ചിന്തനീയമാണ്. അടുത്തിടെ മാതൃഭൂമി പ്രസിദ്ധീകരിച്ച ഗാർഹിക പീഢന സംബന്ധിയായ സർവ്വേ ഫലം തീർത്തും നിരാശാജനകമാ

**അർച്ചന കെ. എം.**
എസ്. എൻ. കോളേജ്, ആലത്തൂർ



COLLEGE TEACHER | March 2018



യിരുന്നു. സർവ്വേയിൽ പങ്കെടുത്ത 60 ശതമാനത്തിലധികം സ്ത്രീകൾ ഗാർഹിക പീഢനകേസുകളിൽ പ്രതിലോമകരമായ പുരുഷ നിലപാടുകൾ ശരിവെച്ചതായി റിപ്പോർട്ട് ചെയ്തിരുന്നു. രുചികരമായ ഭക്ഷണം പാചകം ചെയ്യാതിരുന്നാലും അനുവാദം ചോദിക്കാതെ പുറത്തുപോയാലും മറ്റും പുരുഷന് ഭാര്യയെ ശിക്ഷിക്കാൻ അവകാശമുണ്ടെന്നാണ് സ്ത്രീകൾ തുറന്നുസമ്മതിച്ചത്. സിനിമാ വ്യവസായ രംഗത്തെ സ്ത്രീ വിരുദ്ധത തുറന്നടിക്കാൻ ധൈര്യം കാണിച്ച നടികൾക്കെതിരെ രൂക്ഷമായ വിമർശനമുയർത്തിയതും സ്ത്രീകളായിരുന്നെന്നു കാണാം. സ്ത്രീപക്ഷ പോരാട്ടങ്ങളെ 'സ്വത്വ' പോരാട്ടങ്ങളായി ചിത്രീകരിച്ച് പരിഹാസച്ചുവ കലർത്തിയ ഹ്രസ്വചിത്രങ്ങളായി നവസാമൂഹ്യമാധ്യമങ്ങൾ നടത്തുന്ന പ്രചാരണങ്ങളിൽ ഏറെ ചിരിച്ചതും സ്ത്രീകളാണെന്നു കാണാം. മാധ്യമങ്ങൾ ഏറെ ആഘോഷിച്ച 'വറുത്ത മീൻ' പ്രശ്നത്തിൽ 'ഒരു വറുത്ത ചാള ലഭിച്ചിരുന്നെങ്കിൽ പ്രശ്നങ്ങളെല്ലാം തീരുമായിരുന്നു' എന്ന് പരിഹസിച്ചതും സ്ത്രീകളാണല്ലോ ! ഇവിടെയെല്ലാം പ്രത്യക്ഷമായ സ്ത്രീവിരുദ്ധത പ്രകടമാക്കിയതെല്ലാം സ്ത്രീകൾ തന്നെയാണ്.

ലിംഗനീതി നിഷേധത്തെക്കുറിച്ച് കേരള സ്ത്രീ സമൂഹം എത്രമാത്രം അജ്ഞരും അരക്ഷിതരുമാണെന്ന വസ്തുത വേദനാജനകമാണ്. പുരുഷ നിലപാടുകളെക്കുറിച്ച് വ്യക്തമായി നിരൂപിക്കാറുള്ള തന്നെക്കുറിച്ച്, സമകാലികയും സതീർത്ഥ്യയുമായ ഒരു സാമൂഹ്യപ്രവർത്തക, താനൊരു പുരുഷ വിദ്വേഷിയാണെന്നു പറഞ്ഞതായി തസ്ലീമ നസ്രീൻ തന്റെ 'സ്ത്രീയേയും പ്രണയത്തേയും കുറിച്ച്' എന്ന പുസ്തകത്തിൽ പറയുന്നുണ്ട് സ്ത്രീ-പുരുഷ സമത്വത്തെക്കുറിച്ച് സംസാരിക്കുന്നവർ വെറും പുരുഷ വിദ്വേഷികളാണെന്ന കാഴ്ച്ചപ്പാടുകൾ എഴുത്തുകാർ പോലും കൊണ്ടു നടക്കുന്നു. ഭർത്താവിന്റെ പേരിനാൽ അറിയപ്പെടുന്ന നെറുകിൽ നെടുനീളെ ചുവന്ന നിറം ചാർത്തിയ സമ്പന്ന സ്ത്രീകൾ, തങ്ങൾ തീർത്തും സ്വതന്ത്രരാണെന്നും എവിടെ നിന്നാണ് സ്ത്രീയ്ക്ക് സ്വാതന്ത്ര്യം വേണ്ടതെന്നും ചോദിക്കുന്നതായി കേൾക്കാറുണ്ട്. നൂറ്റാണ്ടുകളായി അടിമത്തമനുഭവിക്കുന്ന സ്ത്രീ സമൂഹം തടവറക്കമ്പികൾക്കിടയിലൂടെ കാണുന്ന ഒരു നുള്ള് ആകാശം നോക്കി സ്വാതന്ത്ര്യത്തിന്റെ പരകോടിയായി അതിനെ തെറ്റിദ്ധരിക്കുന്നതിൽ തെറ്റില്ല എന്നു തസ്ലീമ നസ്രീൻ പറയുന്നുണ്ട്. ഇവിടെയെല്ലാം തുടരെത്തുടരെ ചർച്ച ചെയ്യപ്പെടുന്ന ലിംഗനീതി നിഷേധത്തിനെതിരെയുള്ള പോരാട്ടങ്ങളും സമത്വാവകാശപോരാട്ടങ്ങളും വെറും ന്യൂനപക്ഷ നിലപാടുകളായി ചുരുങ്ങുകയാണോ എന്ന ജാഗ്രത വേണം. ഇവിടെയെല്ലാം ശീർഷക ചോദ്യം പ്രസക്തമാണ്. മേൽപ്പറഞ്ഞ അജ്ഞതയുടെ അഥവാ തിരിച്ചറിയാനാവാത്ത (?) അസമത്വത്തിന്റെ വെളിച്ചത്തിൽ ചില വസ്തുതകൾ പറയാൻ മുതിരുകയാണിവിടെ.

ഗാർഹിക പീഢനങ്ങളോ സ്ത്രീപീഢനങ്ങളോ ലൈംഗിക ചൂഷണങ്ങളോ ലിംഗനീതിയുടെ അഥവാ സ്ത്രീ പുരുഷ സമത്വത്തിന്റെ പരിധിയിൽ മാത്രം ഒതുങ്ങുന്നവയല്ല. അതുകൊണ്ട് ഇവിടെ അതു ചർച്ച ചെയ്യേണ്ടതില്ല. ലിംഗനീതി നിഷേധങ്ങൾ പലപ്പോഴും കുടുംബമെന്ന യൂണിറ്റിനകത്തുനിന്നുമാണ് തുടങ്ങുന്നത്. കുടുംബങ്ങളിൽ പെൺകുട്ടികൾ കടന്നുപോകുന്ന വൈകാരിക ചൂഷണങ്ങളിലൂടെ എത്ര ആൺകുട്ടികൾ കടന്നു പോകുന്നുണ്ട് ? അടുത്തിടെ ഞങ്ങളുടെ കോളേജിൽ നടന്ന ഒരു ചർച്ചയിൽ പങ്കെടുത്ത വിദ്യാർത്ഥികളോട് ഒരു പത്തു വർഷങ്ങൾക്കുശേഷം നിങ്ങൾ എവിടെയായിരിക്കും എന്ന ചോദ്യത്തിന് പെൺകുട്ടികൾ നൽകിയ മറുപടി തങ്ങൾ വിവാഹിതകളും കുടുംബിനികളും ഏറിപ്പോയാൽ ജോലിക്കാരും മറ്റുമായി 'സെറ്റിൽഡ്' ആയിക്കാണും എന്നാണ്. എന്നാൽ ഭൂരിപക്ഷവും ആൺകുട്ടികൾ പറഞ്ഞ മറുപടി തങ്ങൾ സ്വപ്നങ്ങളുടെ പിറകേ ആയിരിക്കും എന്നായിരുന്നു. ചിലർ വായനയ്ക്കായി വർഷങ്ങൾ മാറ്റിവെയ്ക്കും എന്നു പറഞ്ഞപ്പോൾ മറ്റു ചിലർ ലോകം ചുറ്റാനുള്ള തയ്യാറെടുപ്പിലായിരുന്നു. ഒരുപാടു ചിന്തിപ്പിക്കേണ്ട ഉത്തരങ്ങളാണവ.

മാധ്യമങ്ങളും പുരുഷസമൂഹവും പരിഹസിക്കുന്ന 'ലിപ്സ്റ്റിക് ഫെമിനിസ'ത്തിൽ നിന്നും എത്രയോ ദൂരെയാണ് യഥാർത്ഥ ഫെമിനിസത്തിന്റെ ആശയലോകം.


ആഗോളതലത്തിൽ ലിംഗ അസമത്വവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പെൺഭ്രൂണഹത്യകൾ, പെൺകുഞ്ഞുങ്ങളെ കൊലപ്പെടുത്തൽ, പ്രായപൂർത്തിയാകുന്നതിനു മുൻപുള്ള വിവാഹങ്ങൾ, വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരനിഷേധം,

സ്വത്തവകാശ നിഷേധം തുടങ്ങിയുള്ള അവസ്ഥാവിശേഷങ്ങളിലാണെങ്കിൽ, സാംസ്കാരിക പ്രബുദ്ധമായ കേരളത്തിൽ താരതമ്യേന ഇത്തരം പ്രശ്നങ്ങൾ ഉത്തരേന്ത്യൻ പശ്ചാത്തലത്തിൽ നിന്നും അല്പസ്വല്പം അയവുള്ളതായി കാണാം. എന്നിരിക്കിലും ലോകത്തെവിടെയും എന്നതുപോലെ പുരുഷകേന്ദ്രീകൃത സമൂഹവ്യവസ്ഥയുള്ള കേരളത്തിൽ അനീതിയും അസമത്വവും ഉണ്ടെന്നിരിക്കിലും ഒരു പരിധിവരെ അവ്യക്തമാണ്; ചുരുങ്ങിയ പക്ഷം സ്ത്രീസമൂഹത്തിന്റെ ഇടുങ്ങിയ കാഴ്ച്ചപ്പാടിൽ. ലൈംഗിക അടിച്ചമർത്തലുകളിൽ നിന്നും തൊഴിലവസര സമത്വത്തിൽ നിന്നും സാമ്പത്തിക നിയന്ത്രണങ്ങളിൽനിന്നും സഞ്ചാര സ്വാതന്ത്ര്യ പരിമിതികളിൽ നിന്നും ഒരു വിദ്യാസമ്പന്നയായ സ്ത്രീപോലും ഇന്നും മോചിതയല്ല. പുരുഷൻ 'നൽകുന്ന' (?) സ്വാതന്ത്ര്യമാണ് എല്ലാ സ്ത്രീകളും ഉപയോഗിക്കുന്നത് എന്നാണ് സമൂഹധാരണ. സ്വതന്ത്രരെന്നവകാശപ്പെടുന്ന എത്രയോ സ്ത്രീകൾ തന്റെ ഭർത്താവ് തനിക്ക് ആവശ്യാനുസരണം സ്വാതന്ത്ര്യം 'നൽകാറുണ്ടെ'ന്ന് അഭിമാനത്തോടെ പറയുന്നത് കേൾക്കാനിടയായിട്ടുണ്ട്. എന്നു പറഞ്ഞാൽ തങ്ങളുടെ സ്വാതന്ത്ര്യം പുരുഷന്റെ ഔദാര്യമാണെന്ന് വിശ്വസിക്കുകയാണോ നമ്മൾ ? ! എത്ര ബലഹീനനായ ഒരു പുരുഷൻ പോലും ഇങ്ങനെയൊന്ന് പറഞ്ഞു കേൾക്കാൻ സാധ്യമല്ല. സസൂക്ഷ്മം നിരീക്ഷിച്ചാൽ നിരാശാജനകമായ ഒട്ടനവധി സ്ത്രീ വിരുദ്ധതകൾ ഇന്നും നാം ഒട്ടും കൈമോശം വരാതെ തുടരുന്നതായി കാണാം. കേരളത്തിലെ കർഷക കുടുംബങ്ങളിൽ ഭാര്യയെന്നാൽ ഭൃത്യയെന്നായിരുന്നു അർത്ഥം എന്ന് ചരിത്രഗവേഷകയായ ജെ. ദേവിക തന്റെ 'കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?' എന്ന പുസ്തകത്തിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇന്നത് സുന്ദരിയും വിദ്യാസമ്പന്നയുമായ ഭൃത്യയായി പരിണമിച്ചതൊഴിച്ചാൽ വലിയ അന്തരമൊന്നും ഇല്ലെന്ന് അവർ സമർത്ഥിക്കുന്നു. അന്ന് അടുക്കളയിൽ നിന്ന് അരങ്ങത്തേറിയ സ്ത്രീകൾ ഇന്ന് അരങ്ങിലെ അടുക്കളക്കാരികളായത് നാം അറിഞ്ഞില്ലെന്നാണോ ?

സ്ത്രീ സ്വാതന്ത്ര്യം എന്ന വാക്കിനെ രാത്രിയിൽ പുറത്തിറങ്ങുന്നതിനുള്ള സ്വാതന്ത്ര്യമെന്നോ ഇഷ്ടവസ്ത്രം ധരിക്കുന്നതിനുള്ള സ്വാതന്ത്ര്യമെന്നോ ലൈംഗിക സ്വാതന്ത്ര്യമെന്നോ ചുരുങ്ങിയ തലങ്ങളിൽ തളച്ചിടേണ്ടുന്നതല്ല. മറിച്ച് ഒരു പെൺകുട്ടിയുടെ വളരാനുള്ള സാഹചര്യങ്ങളിലെ അവസരസമത്വം എന്ന വലിയ മാനം അതിന് നൽകേണ്ടുണ്ട്. ചില മതവിഭാഗങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന അവസര അസമത്വങ്ങൾ പ്രതിലോമകരമാണ്. "The Day I Became Woman " എന്ന ഇറാനിയൻ ഹ്രസ്വചിത്രത്തിൽ ഇതിന്റെ ഭീകരത വളരെ സൗമ്യമായി ചലച്ചിത്രകാരൻ നമുക്ക് കാണിച്ച് തരുന്നുണ്ട്. കാല്പനികതകളിൽ അഭിരമിക്കുന്ന നമ്മുടെ സ്ത്രീ സമൂഹത്തിന് ലിംഗപരമായ അനീതിയെന്തെന്ന് അവ്യക്തമാണെന്ന് വ്യക്തം. എന്തുകൊണ്ടാണീ അജ്ഞത അല്ലെങ്കിൽ അവഗണന എന്നറിയേണ്ടതുണ്ട്. പുരുഷ കേന്ദ്രീകൃത സമൂഹ ഘടനയിലെ അധികാര ശാക്തീകരണ പ്രക്രിയയെക്കുറിച്ച് പഠിപ്പിക്കുന്ന ഏത് പാഠ്യപദ്ധതികളാണ് നമുക്കുള്ളത് ? ചരിത്രത്തിലെ ശക്തമായ സ്ത്രീ ഇടപെടലുകളെ കുറിച്ച് പ്രതിപാദിക്കുന്ന ചരിത്രരചനകൾ നമുക്കുണ്ടോ? ഇത്തരത്തിൽ പുരുഷ സമൂഹം അടിച്ചേൽപ്പിക്കുന്ന അജ്ഞത നമുക്ക് തൽക്കാലം വിസ്മരിക്കാം. എന്നാൽ വേറിട്ട അറിവുകൾ നേടാൻ സ്ത്രീ സമൂഹം എന്നും പിറകോട്ടടിക്കുന്നത് കാണാം. മഹാഭൂരിപക്ഷം വരുന്ന സ്ത്രീകളുടെ ലോകവും വളരെ ഇടുങ്ങിയതാണ്. വിദ്യാസമ്പന്നകളെന്നും പരിഷ്കാരികളെന്നും അവകാശപ്പെടാറുള്ള നഗരങ്ങളിലെ പെൺകുട്ടികൾ പോലും ഉപരിപ്ലവങ്ങളായ അലങ്കാര ചിഹ്നങ്ങൾ അഴിച്ചുമാറ്റിയാൽ വിവാഹം, കുടുംബം എന്ന ചട്ടക്കൂടിലേക്ക് ഒതുങ്ങാൻ തയ്യാറെടുക്കുകയാണെന്നത് ഖേദകരമാണ്. തങ്ങൾ ആഘോഷിക്കുന്ന സ്ത്രീപക്ഷ വാദമുഖങ്ങളെല്ലാം പുരുഷകേന്ദ്രീകൃതമായ മുഖ്യധാരാ മാധ്യമങ്ങൾ വരച്ചുകാണിക്കുന്ന ഋജുവായ ചിത്രങ്ങൾ മാത്രമാണ്. സ്ത്രീപക്ഷ മാസികകളെന്നു പറയുന്നവ പാചകക്കുറിപ്പുകളും അടുക്കളമാഹാത്മ്യവും സിനിമാരഹസ്യങ്ങളും മാത്രം സ്ത്രീയുടെ മേഖലകളായി ചുരുക്കി വാർപ്പുമാതൃകകൾ സൃഷ്ടിച്ചെടുക്കുന്ന തിരക്കിലാണ്. വൻഭൂരിപക്ഷം കച്ചവട സിനിമകളും സ്ത്രീയെ കേവലം ശരീരത്തിനും സൗന്ദര്യത്തിനും പുറത്തേക്കു സഞ്ചരിക്കാൻ അനുവദിക്കാറില്ല. ഇത്തരം മുഖ്യധാരാ മാധ്യമ സമ്മർദ്ദം മുഴുവനായും സ്ത്രീയുടെ അടിച്ചമർത്തലുകളെ കേന്ദ്രീകരിച്ചിട്ടുള്ളതാണ്. പ്രബുദ്ധയായ സ്ത്രീ ഒരു ആറ്റംബോംബാണെന്ന് മുൻമുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ് നമ്പൂതിരിപ്പാട് പറഞ്ഞിട്ടുണ്ട്. എങ്കിൽ ഈ പ്രബുദ്ധയെ ഭയക്കുന്ന പുരുഷസമൂഹം വളരെ തന്മയത്വത്തോടെ, ലാഘവത്തോടെ അതിനു തടയിടുന്നതു കാണാൻ നമ്മുടെ കണ്ണുകൾ തുറക്കേണ്ടതുണ്ട്.

തൊഴിൽ സമീപനങ്ങളിലും കുടുംബ സമീപനങ്ങളിലും ഒരു സ്ത്രീ എല്ലായ്പ്പോഴും സുരക്ഷിതത്വം മാത്രം കാംക്ഷിക്കുന്നു. സ്ത്രീയെ എല്ലാക്കാലത്തും ഭരിച്ചത് ഭയമാണ്, ശൈശവത്തിലെ സ്നേഹവാത്സല്യങ്ങൾ





കൊണ്ട സുരക്ഷിതത്വത്തിന്റെ ഇരുമ്പു കവചങ്ങൾ കൊണ്ട് കുടുംബമെന്ന യൂണിറ്റിനുള്ളിൽ നിന്നും പുറത്തുകടക്കാൻ അനുവദിക്കാതെ കാത്തു സംരക്ഷിച്ച് വളർത്തിയെടുത്ത ഭയം. ലിംഗനീതിയ്ക്കായുള്ള പോരാട്ടത്തിൽ ആശയങ്ങളാണ് നമ്മുടെ ഏറ്റവും മൂർച്ചയേറിയ ആയുധം. എന്നാൽ ആശയപരമായി ദരിദ്രമായ, കാൽപനിക സ്വർഗങ്ങളിൽ അഭിരമിക്കുന്ന വിദ്യാസമ്പന്നകളായ ബൂർഷ്വാ അഥവാ മധ്യവർഗ്ഗസ്ത്രീസമൂഹം എങ്ങനെയാണീ ആശയ സമ്പുഷ്ടിയെ സ്വായത്തമാക്കുക ? ഇനിയും ചർച്ച ചെയ്യപ്പെടേണ്ട എക്കാലത്തും പുതുമ ചോരാത്ത വിഷയങ്ങളാണിവ.

ഫെമിനിസം എന്ന ആശയത്തെ ഈ അവസരത്തിൽ ചർച്ച ചെയ്യേണ്ടതുണ്ട്. ഒരു വ്യക്തി ജീവിതം സമ്പൂർണ്ണമാകുന്നത് കുടുംബജീവിതത്തിൽ നിന്നുപരി സാമൂഹ്യജീവിതം കൂടി സാധ്യമാകുമ്പോഴാണ്. സാമൂഹ്യ പ്രശ്നങ്ങളിലും കൂട്ടായ്മകളിലും പങ്കാളിത്തത്തിലൂടെ മാത്രമേ സാമൂഹ്യജീവിതം സാധ്യമാകൂ. സ്വയം കേന്ദ്രീകൃതമായി വളർന്ന വരികയും കുടുംബത്തെ മാത്രം കേന്ദ്രീകരിച്ച് ജീവിക്കുകയും ചെയ്യുന്ന ബൂർഷ്വാ സ്ത്രീ സമൂഹത്തിനും ഇപ്പറഞ്ഞ സാമൂഹ്യജീവിതം അസാധ്യമാണ്. എന്നാൽ വിവിധ തൊഴിൽ മേഖലകളിലുള്ള ഭൂരിഭാഗം സ്ത്രീകളും അത്തരം തൊഴിലിടങ്ങളിലും തങ്ങളുടേതായ ഇടങ്ങളിൽ മാത്രം ഒതുങ്ങാൻ ആഗ്രഹിക്കുന്നവരാണ്. ഇത്തരക്കാരോട് 'ഫെമിനിസം' എന്ന ആശയത്തെക്കുറിച്ച് ചോദിച്ചാൽ വളരെ വൈയക്തികമായ രൂക്ഷ വിമർശനങ്ങളാണ് ലഭിക്കുക പതിവ്. വാക്കുകൾ ജലം പോലെയാണെന്നും അതൊഴിക്കുന്ന പാത്രത്തിന്റെ ആകൃതി പ്രാപിക്കുകയാണ് ചെയ്യുന്നതെന്ന ദർശനം ഓർക്കുകയാണിവിടെ. ഫെമിനിസം എന്ന ആശയത്തെ സമൂഹം ഒരുപാടു തെറ്റിദ്ധരിച്ചിരിക്കുന്നതു വ്യക്തമാണിവിടെ. സ്വതന്ത്രയെന്നും വിദ്യാസമ്പന്നയെന്നും സാമൂഹ്യജീവിതം നയിക്കുന്നവളെന്നും അവകാശപ്പെടുന്ന ഒരു മധ്യവർഗ്ഗ സ്ത്രീയോട് താങ്കൾ ഒരു ഫെമിനിസ്റ്റാണോ എന്ന ചോദിച്ചാൽ 'ഒരിക്കലുമല്ല' എന്ന മറുപടിയാണു ലഭിക്കുകയെന്ന് കാതറീൻ റെഡ്‌ഫേൺ തന്റെ "Reclaiming the Word" എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. എന്നാൽ അവർ ഇക്കൂട്ടർക്ക് നൽകിയ ഒരു ചോദ്യാവലിയെ ആസ്പദമാക്കി നടത്തിയ പഠനത്തിൽ ഇക്കൂട്ടരിൽ 90% പേരും ഫെമിനിസ്റ്റുകളാണെന്ന തെളിയിക്കപ്പെട്ടു. അപ്പോൾ ആശയ സംവേദനത്തിൽ ഉണ്ടായ പിഴവാണ് 'ഫെമിനിസം' എന്ന വാക്കിനെ ഇത്രമേൽ തെറ്റിദ്ധരിപ്പിച്ചതെന്ന നിസ്സംശയം പറയാം. എഴുത്തുകാരനും ചിന്തകനുമായ സി. രവീന്ദ്രൻ തന്റെ നാസ്തികനായ ദൈവത്തിൽ പറഞ്ഞതുപോലെ സ്ത്രൈണ ഗുണ സമ്പന്നതയുള്ള ഏതൊരു മനുഷ്യനും ഫെമിനിസ്റ്റാണ്. ഇത് സ്ത്രീയുടെ മാത്രം വിഷയമല്ല എന്നു ചുരുക്കം.

സമൂഹം പരിഹസിക്കുന്ന ഫെമിനിസം അല്ലെങ്കിൽ സ്ത്രീകൾ നിഷേധിക്കുന്ന ഫെമിനിസം ഒരു 'ലിപ്സ്റ്റിക് ഫെമിനിസം' എന്ന വികലമായ കാഴ്ച്ചപ്പാടാണ്. മദ്ധ്യകാല സിനിമകളിലും മറ്റും പരിഹാസ്യ കഥാപാത്രങ്ങളായി ഫെമിനിസ്റ്റ് സ്ത്രീകളെ മാധ്യമങ്ങൾ അത്തരത്തിലാണ് ചിത്രീകരിച്ചത്. ലിപ്സ്റ്റിക്കും സ്ലീവ്‌ലെസ്സ് ജാക്കറ്റും ! സ്ത്രീ പക്ഷത്തുള്ളവരെല്ലാം യഥാർത്ഥത്തിൽ ഫെമിനിസ്റ്റുകളാണ്. അപ്പോൾ ആരാണ് ഒരു ഫെമിനിസ്റ്റ് എന്നത് ഒരു ഗൗരവമുള്ള ചോദ്യമാണ്. അതിൽ സ്ത്രീ പുരുഷ ഭേദമില്ലെന്നതു കാണാം. ഇന്നും ഈ ആശയം വികലമായ രീതിയിലാണ് പുരുഷാധിപത്യ സമൂഹം വിഭാവനം ചെയ്യുന്നത്. രാത്രി കാലത്തു യാത്ര ചെയ്യാനും ഇഷ്ടവസ്ത്രം ധരിക്കാനുമുള്ള സ്വാതന്ത്ര്യത്തിനുപരി യഥാർത്ഥ ഫെമിനിസം എന്ന ആശയം ലിംഗനീതിയുമായി വളരെ അടുത്തിരിക്കുന്നു. അവസരസമത്വം എന്ന വിപുലമായ ആശയത്തിലാണ് അത് സ്വയം ഊന്നൽ നൽകിയിരിക്കുന്നത്. 2020 - ലേക്കുള്ള യു. എൻ. മുദ്രാവാക്യം ട്വന്റി ട്വന്റി (20 - 20) എന്നതാണ്. പുരുഷനും സ്ത്രീയ്ക്കും തുല്യത എന്നാണ് അതിന് അർത്ഥം കൽപ്പിച്ചിരിക്കുന്നത്. ഏതൊരു വികസ്വര രാഷ്ട്രത്തിന്റെയും അവിഭാജ്യ ഘടകമാണ് സാമൂഹ്യനീതി (Social Justice). സാമൂഹ്യനീതി ഉറപ്പുവരുത്താൻ ലിംഗനീതി അനിവാര്യമാണ്. ചരിത്ര ഗവേഷകയായ യൂറോപ്യൻ എഴുത്തുകാരി ജാൻഗുഡ്‌വിൻ തന്റെ 'പ്രൈസ് ഓഫ് ഓണർ' എന്ന പുസ്തകത്തിൽ പറയുന്നതു പ്രകാരം 'The destiny of any country is the destiny of the women of that country' എന്നാണ്.

മതഭരണകൂടങ്ങളുള്ള രാഷ്ട്രങ്ങളിൽ സ്ത്രീ സമൂഹത്തിനു മേൽ അടിച്ചേൽപ്പിക്കുന്ന നിയന്ത്രണങ്ങൾ അത്തരം രാഷ്ട്രങ്ങളുടെ വളർച്ച മുരടിപ്പിക്കുന്നതു വ്യക്തമാണ്. ഈ യാഥാർത്ഥ്യം നാം ഉൾക്കൊള്ളേണ്ടതുണ്ട്. ലിംഗനീതി ഒരു അനിവാര്യതയാണെന്ന് തിരിച്ചറിയുന്നതിനുപരി അനീതികൾ തിരിച്ചറിയാനും പ്രതിഷേധിക്കാനുമുള്ള ശേഷി സ്ത്രീ സമൂഹം ആർജ്ജിക്കേണ്ടതുണ്ട്. അനീതികൾ തിരിച്ചറിയുകയും ശക്തമായ പ്രതിഷേധസ്വരങ്ങൾ ഉയർത്തുകയും ചെയ്ത ഒട്ടനവധി സ്ത്രീ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ തണലിലാണ് ഇന്നിവ സ്ത്രീ നിൽക്കുന്നതെന്ന വസ്തുത നാം വിസ്മരിക്കരുത്. ഈയൊരു സമരപ്രയാണത്തിൽ പിറകോട്ടടിക്കാതിരിക്കാൻ അനീതികളെ തിരിച്ചറിയാൻ നമ്മുടെ കണ്ണുകൾ തുറക്കേണ്ടിയിരിക്കുന്നു.

# THE KITCHEN SCHOOL



Kitchen is not a work place
It is learning space
Really sacrosanct
Vegetables, onions, eggs and milk
Potatoes, spices, coconut and rice
Sugar and salt and sauce as well
Colours of every hue
And figures of every shape
The freshness of leaves
The light and flame of stove
The heat of the hearth
Air, Space, Water, Matter and Earth
Makes all the things that are
You learn it in person
In the time you spend inside the kitchen.
Dehusking the coconuts, peeling the onions
Chopping the vegetables, squeezing the lemon
Standing by the boiling milk
Adding salt pinch by pinch
The need for patience
A sense of timing
The value of effort
Attention to details fine
You in your heart imbibe
In this room for cooking.
The mustard seeds in oil pops and bursts
The dosa dough turns solid with a hiss
The pressure cooker whistles it steam out
The hard and brown rice in heat over time
Turns soft and fit to eat as you sense with your press
The spice and condiments as they mix
Turn the rawness out to water the mouth
Kitchen teaches the lesson
That Smells, sounds, flavours
Feels and sights we humans need to use
Not to shut the life out
In worlds of thoughts alone
Kitchen teaches us while we spend time there
That whole is more than the sum of its parts
That we need take extra effort for hard nuts to crack
That too much of even good things can turn out bad
That everything has a shelf life
That right things at right time in right measures bring success
Many more lessons doth kitchen unfurl
While you busy yourselves with recipes there.

**Dr. Maya T. Nair**
SVRNSS College, Vazhoor



# പെണ്ണെഴുത്ത്



പുടമുറി
പ്പട്ടുപോലെ
കരിനീല
നിഴൽച്ചേല.

വളപ്പൊട്ട്
ചിതറിയ
മറുപാതി
മഴവില്ല്.

കരിമഷി-
ക്കറുപ്പെഴും
കണ്ണെഴുതും
കടലാഴം.

മുടിവക-
ഞ്ഞിരുവശ-
മിഴചേരും
അഴിമുഖം.

കവിൾപ്പൂവി-
ന്നിതൾച്ചോപ്പിൽ
ചുഴിച്ചുള-
ക്കനൽവാക്ക്.

വലംകണ്ണിൽ
മഷിത്തെയ്യം
ഇടംകണ്ണിൽ
തവിത്തോറ്റം

തിളച്ചാറ്റി-
ക്കുറുക്കിയ
വിയർപ്പാറും
കരിക്കാടി
കവർക്കുന്നോ?
കയ്ക്കുന്നോ?
പഴമ്പാട്ടി-
ന്നടയോനേ...?


**ആര്യാഗോപി**
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്,
കോഴിക്കോട്




## 60 ആറ് പതിറ്റാണ്ട് മുൻപ്





1957ലെ പ്രഥമ കേരള മന്ത്രിസഭയിലെ റവന്യൂ വകുപ്പു മന്ത്രി എന്ന നിലയിൽ ഗൗരിയമ്മയായിരുന്നു ചരിത്രപ്രധാനമായ കേരളകാർഷികപരിഷ്കരണനിയമം (1957), കേരള സർക്കാർ ഭൂമി പതിച്ചുകൊടുക്കൽ നിയമം (1958) എന്നിവ നിയമസഭയിൽ അവതരിപ്പിച്ചതും പാസ്സാക്കിയതും നടപ്പിൽ വരുത്തിയതും. കേരളത്തിന്റെ പിൽക്കാല സാമ്പത്തിക-സാമൂഹ്യ ചരിത്രഗതി നിർണ്ണയിക്കുന്നതിൽ ഈ ബില്ലുകൾ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്. ഗൗരിയമ്മയുടെ ആഭിമുഖ്യത്തിൽ അവതരിപ്പിച്ചതും നടപ്പിലാക്കിയതുമായ മറ്റൊരു പ്രധാന നിയമമായിരുന്നു അഴിമതിനിരോധനബിൽ. 1957 മുതൽ കേരള രാഷ്ട്രീയത്തിൽ സ്ത്രീകളുടെ പങ്കാളിത്തം പരിശോധിച്ചാൽ നേരിയ വർദ്ധനയുണ്ടായിട്ടുണ്ട്. എന്നാൽ പേരിന് കുറച്ച് സ്ത്രീകൾ മത്സരിച്ചിട്ടുണ്ടെങ്കിലും ജയിച്ചവർ വിരലിലെണ്ണാവുന്നവർ മാത്രം. 1957ൽ 9 സ്ത്രീകൾ മത്സരിച്ചപ്പോൾ വിജയിച്ചത് 6 പേർ മാത്രമായിരുന്നു. 1960ൽ 13 വനിതകൾ മത്സരിച്ചപ്പോൾ 7 പേർ ആണ് ജയിച്ചത്.

## സ്റ്റേറ്റ് വനിതാ കമ്മിറ്റി


ഡോ. ബിന എസ്.
(കൺവീനർ)


ഡോ. പി.കെ. കുശലകുമാരി
(ചെയർപേഴ്സൺ)

## യൂണിവേഴ്സിറ്റി കൺവീനർമാർ






ഡോ. ടി.പി. നഫീസാബേബി (കണ്ണൂർ യൂണിവേഴ്സിറ്റി) • ഡോ. ബിന്ദു ആർ. (കാലിക്കറ്റ് യൂണിവേഴ്സിറ്റി) • ഡോ. റാണി ആർ. നായർ (എം.ജി. യൂണിവേഴ്സിറ്റി) • ഡോ. ഷാജിത സലീം (കേരള യൂണിവേഴ്സിറ്റി)

## ജില്ലാ വനിതാ കൺവീനർമാർ














ഡോ. സജീന മുഹമ്മദ് എസ്. (തിരുവനന്തപുരം) • ഗീത സി. (കണ്ണൂർ-കാസർകോട്) • പ്രീതി കെ. പിള്ള (കോട്ടയം-ഇടുക്കി) • രഹന മൊയ്തീൻ കോയ വി.കെ. (കോഴിക്കോട്) • ആനി ജോർജ്ജ് (പത്തനംതിട്ട) • ആതിര നന്ദൻ (മലപ്പുറം). അമ്പിളി സി.ബി. (വയനാട്) • ദേവപ്രിയ ഡി (കൊല്ലം) • ഡോ. എം. സിന്ധു (തൃശ്ശൂർ) • അർച്ചന കെ.എം. (പാലക്കാട്) • ഡോ. റീജ ജോസ് (എറണാകുളം) • പ്രിയ പ്രിയദർശനൻ (ആലപ്പുഴ).

# എ.കെ.പി.സി.ടി.എ. വജ്രജൂബിലി സമ്മേളനം

## 2018 മാർച്ച് 9,10,11 തീയതികളിൽ
## തിരുവനന്തപുരത്ത്

UPHOLD SECULARISM : RESIST NEOLIBERAL INTOLERANCE

60 YEARS

AKPCTA

**60 സെമിനാറുകൾ**

**60 വിദ്യാർത്ഥികൾക്ക് പഠന സഹായം**

**സർഗ്ഗസംഗമം കൊളോക്യം**

**ചരിത്രപ്രദർശനം**

**പി സായിനാഥ്, എൻ റാം**
**തുടങ്ങിയ പ്രമുഖർ പങ്കെടുക്കും**

KERALA PRIVATE
COLLEGE TEACHER
R.No. 36025/81 No.265
ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- MARCH - 2018

# HISTORY REPEATS

## TOP RANK HOLDERS - *Uty. of Kerala, B.Com. April 2017*



Akhila Lal
(I Rank)



Amrutha M.K
(II Rank)



Anju Raj A.
(IV Rank)



Akhil Lal
(VI Rank)

## Ranks in BA (Eng.) 2017



Harsha U. (I)



Aparna Satheesh (III)



Niranjana Devi (VIII)

CLASSES FOR

**B.Com. • B.Com with CA/CS**

**BA(Eng.) • M.Com.**

**Separate First B.Com. batch for Students from Science**

# CHAND ACADEMY

FOR COMMERCE AND PROFESSIONAL COURSES IN COMMERCE

Pattom Ph: 0471-2534164, Mobile: 9387805631, 9895279998, 9946045631

Director: Dr. K.G.C.Nair (Former H.O.D. of Commerce, Mar Ivanios College, TVM)

Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
**Chief Editor : Dr. N.M. Sunny**